MR. PULIYOOR T. P. VELAYUDHAN PILLAI: Sir, I am glad to answer that question. The nature of the dispute is with regard to the title and ownership of an extensive area of very valuable land belonging to Government to which the other party is attempting to lay some claims. The dispute is between Government on one side and Mr. Palamatom Thomas of Kottayam on the other.

PRESIDENT: It was a case in which both the Government and Dr. Thomas consented to have Mr. Ramachandra Rao as arbitrator.

MR. PULIYOOR T. P. VELAYUDHAN PILLAI: That is the information. So my request to Government is to see that scandals are avoided if possible under any circumstance.

PRESIDENT: How does it arise under T. A. to the Registrar of Co-operative Societies.

MR. PULIYOOR T. P. VELAYUDHAN PILLAI: Sir, during his travels as Registrar of Co-operative Societies the present Land Revenue and Income Tax Commissioner who is appointed as the arbitrator of the

[Mr. Puliyoor T. P. Velayudhan Pillai]

said dispute stays with Mr. Thomas instead of travelling in those parts of the State for inspecting the working of the Co-operative Societies and make Societies feel their duties and responsibilities and the effect of his circuit.

To make my position more clear, the Land Revenue and Income Tax Commissioner while on circuit may go to Kottayam and he may be rather inclined to stay with Dr. Thomas in his bungalow without going out for effective inspection works.

PRESIDENT: Why should he stay?

MR. PULIYOOR T. P. VELAYUDHAN PILLAI: That is the information Sir, and it is for the Land Revenue Commissioner to enlighten us with regard to the purpose for which he stays at the Doctor's.

PRESIDENT: Have you verified that information?

MR. PULIYOOR T. P. VELAYUDHAN PILLAI: That is what the information which I was able to gather.

PRESIDENT: Is the honourable member responsible for his statement?

MR. PULIYOOR T. P. VELAYUDHAN PILLAI: Sir, for my moral satisfaction I verified the information and I hold myself responsible for my statement?

PRESIDENT: Very well.

MR. PULIYOOR T. P. VELAYUDHAN PILLAI: So my submission is that it would be better to appoint one of the High Court Judges as arbitrator in the dispute.

PRESIDENT: Order, Order. I can well understand the argument to the effect that the labours of some officer in connection with an arbitration are so engrossing that it may leave him little time to look to other works. But to suggest that some other officer should be appointed comes under a separate discussion on the desirability of relieving the Income Tax Commissioner of the duties of the Registrar of Co-operative Societies.

MR. PULIYOOR T. P. VELAYUDHAN PILLAI: Sir, I will stop there:

PRESIDENT: The honourable member should have stopped much earlier.

MR. PULIYOOR T. P. VELAYUDHAN PILLAI: Sir, another point which I want to mention in this connection is that if he is retained as a full time Land Revenue and Income Tax Commissioner it would have been certainly possible for him to go on circuit at least once to Thiruvella which is my constituency and find out the real necessity for the creation of a Separate Chengannur taluk. Because he has to work in three different capacities he has not yet been able to devote so much attention in matters like this. Sir, it is a very long time since representations have been submitted to Government for the creation of separate Chengannur taluk. At least a separate sub-treasury should be established at Chengannur. Thiruvella is the biggest taluk in the State in point of the number of pakuthies. The present Thiruvalla taluk consist of 27 pakuthies.

PRESIDENT : I find on a perusal of the paper before me that this matter has been dealt with separately. I also find another cut motion regarding Chengannur. I would advise the honourable member to confine himself to the question of overwork for the Land Revenue Commissioner.

MR. PULIYOOR T. P. VELAYUDHAN PILLAI: In principle also Sir, the investing of the duties of two departmental heads with one and the same officer especially with the head of a very big Department is detrimental to the interests of the ryots and to the interests of the Government as well. So, it is high time for the Government to relieve the the present Land Revenue and Income Tax Commissioner of his duties as Registrar of Co-operative Societies. As regards the qualification of the present Land Revenue and Income Tax Commissioner to be the Registrar of Co-operative Societies also I do not wish to mention anything now as I may get an opportunity for doing it when we come to that Department. With these words I move my motion for the unanimous acceptance of the House.

MR. KESAVA PANICKER: Is the Land Revenue Commissioner to hear revenue cases?

MR. T. P. VELAYUDHAN PILLAI: I am not going to answer that question.

MR. S. GOVINDA PILLAI: Sir, I would support the motion before the House. I would like to point out in this connection that the Co-operative Department is an important one, and as such the head of that department should be one who is specially qualified to fill that post. If I am correct, I think the present Financial Secretary was deputed to study the working of the Co-operative movement in other parts of British India before he took charge as Registrar of that department. At this time when the Co-operative Department is passing through a crisis it is better to appoint a person who has got a thorough working knowledge of the movement. Instead of doing that to entrust the head of major department of the State with the work is not conducive to the progress of the movement, or to the efficient working of his own department.

If the Land Revenue Commissioner is sufficiently vigilant he would have to go to all the pakuthies to be in touch with the taxpayers to know definitely what their real needs are and how the tax is collected from them. For this he will get no time so long as he is entrusted with the two fold duties. Sir, the manner in which tax is collected is most deplorable. The proverthicars remain in their offices and expect that the taxpayers should go to them and pay their dues. It is for the proverthicar to go and collect the taxes from house to house. If the Land Revenue Commissioner had sufficient time he could have gone to all the pakuthies and see for himself how the taxes are paid and whether the ryots are really capable of paying all that. With these few words I support the motion before the House.

MR. P. S. MUHAMOD : സർ, മി. വേലായുധൻപിള്ളയുടെ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. ഞാൻ ഇങ്ങനെ അനുകൂലിക്കുന്നതു് റവന്യു വകുപ്പിലെ അധിപനു അതിലെ നിയമങ്ങളെ സംബന്ധിച്ചു വേണ്ട പരിജ്ഞാനമില്ലെന്നുള്ള വിചാരംകൊണ്ടോ അല്ലെങ്കിൽ ഗവണ്മെൻറു താൽപ്പര്യങ്ങളെ സംരക്ഷിക്കുന്നതിൽ അദ്ദേഹം അലസത കാണിക്കുന്നു എന്നുള്ള വിചാരം കൊണ്ടോ അല്ല. ഈ രണ്ടു സംഗതികളിലും അദ്ദേഹം മററുള്ള ഉദ്യോഗസ്ഥന്മാരെപ്പോലെ തന്നെ യോഗ്യതയുള്ളവനും ഗവണ്മെൻറു താൽപ്പര്യങ്ങളെ പരിരക്ഷിക്കുന്നതിൽ ഉൽസാഹമുള്ളവനുമാണെന്നുള്ള വിചാരക്കാരനാണു ഞാൻ. ഇതിനു പുറമെ പരസ്പരസഹായ പ്രസ്ഥാനത്തെപ്പററിയുള്ള പരിജ്ഞാനമൊ, അവയെപ്പററി മനസിലാക്കാനുള്ള കെൽപ്പോ അദ്ദേഹത്തിനില്ലാ എന്നുള്ള വിചാരംകൊണ്ടുമല്ല ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നതു്. അദ്ദേഹത്തിനു ഈ ഡിപ്പാർട്ടുമെൻറല്ല ഇതിനെക്കാൾ വലിയ ഡിപ്പാർട്ടുമെൻറുകൂടി ഭരിക്കത്തക്ക കരുത്തും ശേഷിയും സംഗതികൾ ഗ്രഹിക്കാനുള്ള സാമർത്ഥ്യവുമുണ്ട്. ദിവാൻ പ്രസിഡൻറ് കഴിഞ്ഞ ബഡ്ജററു സമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിൽനിന്നുംമനസിലായതു പരസ്പരസഹായസംഘ പ്രസ്ഥാനത്തിൻെറ നില വളരെ പരിതാപകരമായ വിധത്തിലാണെന്നും അതുകൊണ്ടു് ഒന്നുകിൽ അവയെ അവസാനിപ്പിക്കണം, അല്ലെങ്കിൽ പൂർവാധികം ഭംഗിയാക്കണമെന്നുള്ള ഒരു സൂചനയായിരുന്നു എന്നാണു്.

MR. PADIYARA JOSEPH KUNJU : ഈ ഡിപ്പാർട്ടുമെൻറ് അധഃപതിക്കുവാനുള്ള കാരണം ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷന്മാരുടെ അപ്രാപ്തിയാണൊ?

MR. P. S. MUHAMOD : അതു ഞാൻ പറഞ്ഞുവരുമ്പോൾ മനസിലാകും. അതുകൊണ്ടു് ജനങ്ങൾക്കു് ഈ ഡിപ്പാർട്ടുമെൻറ് പ്രയോജനപ്പെടത്തക്കവിധത്തിൽ പരിഷ്കരിപ്പിച്ചു് മുന്നോട്ടുകൊണ്ടുവരണമെങ്കിൽ ഒരു പ്രത്യേക ഉദ്യോഗസ്ഥൻതന്നെ അതിലേക്കു ഉണ്ടായിരിക്കണം. അതിൻെറ എല്ലാ വിവരങ്ങളേയും നല്ലവണ്ണം പഠിച്ചു് മേലാലെങ്കിലും നല്ല നിലയിൽ കൊണ്ടുവരാൻ വേണ്ട ശ്രമം ചെയ്യത്തക്ക സൗകര്യം ഉണ്ടായിരിക്കണം.

എൻെറ സ്നേഹിതൻ മി. ജോസഫ്കുഞ്ഞു് ഇതിനു മുൻപുണ്ടായിരുന്ന അദ്ധ്യക്ഷന്മാരുടെയൊ അല്ലെങ്കിൽ ഇപ്പോൾ ഇരിക്കുന്ന അദ്ധ്യക്ഷൻെറയൊ അലസതകൊണ്ടല്ലേ ഈ രീതിയിൽ എത്തി

യതു് എന്നു ചോദിച്ചു. ഇതിനുമുൻപിരുന്ന അദ്ധ്യക്ഷന്മാരേയും ഇപ്പോഴത്തെ അദ്ധ്യക്ഷനേയും തമ്മിൽ നോക്കുകയാണെങ്കിൽ രണ്ടുകൂട്ടരും ഇതിനു കുററക്കാരല്ല എന്നു വിശ്വസിക്കുന്നവനാണു് ഞാൻ. പിന്നെ മററു രാജ്യങ്ങളിൽ പരസ്പരസഹായസംഘ പ്രസ്ഥാനത്തിനു വന്ന അപജയം ഇവിടെയും വന്നു എന്നേയുള്ളു. ഈ അപജയത്തിന്റെ കാരണം മനസിലാക്കുകയും അതു പരിഹരിക്കുകയും ചെയ്കയെന്നുള്ളതാണു് ഇവിടെ ആവശ്യം.

ലാൻഡ് റവന്യൂ ഡിപ്പാർട്ടുമെൻറുതന്നെ ഏററവും വലുതായ ഒരു ഡിപ്പാർട്ടുമെൻറാണു്. ജനങ്ങളുടെ അഭിവൃദ്ധിക്കായി പലതും പ്രവർത്തിക്കേണ്ട പല സംഗതികളും റവന്യൂകമ്മീഷണർ എന്ന നിലയിൽ അദ്ദേഹത്തിനിരിക്കേ പരസ്പരസഹായ ഡിപ്പാർട്ടുമെൻറുകൂടി അദ്ദേഹത്തിന്റെ ചുമലിൽവച്ചാൽ അതു് കാര്യക്ഷമമായി ഭരിക്കാൻ അദ്ദേഹത്തിനു നിവൃത്തിയില്ലാതെ വന്നേക്കാം. ആയതുകൊണ്ടു് റവന്യൂ ഡിപ്പാർട്ടുമെൻറിന്റെയും കോവാപ്പറേററിവ് ഡിപ്പാർട്ടുമെൻറിന്റെയും വിജയകരമായ പുരോഗതിക്കുവേണ്ടി ഇവ രണ്ടിനും പ്രത്യേകം പ്രത്യേകം മേലദ്ധ്യക്ഷന്മാരുണ്ടായിരിക്കുകയാണു നല്ലതെന്നുള്ള വിശ്വാസം എനിക്കുള്ളതുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

MR. M. SIVATHANU PILLAI: Sir, I oppose the motion. In opposing it I have two main reasons to mention. Of course I do not for one moment dispute the fact that the Co-operative Department is a big department, and I do not minimise its importance. Yet, this Department at its present stage can be safely entrusted to the charge of the Land Revenue and Income Tax Commissioner. I understand from the speeches of various honourable members who supported the motion that the Land Revenue and Income Tax Commissioner lacks that knowledge in co-operation which is essential to an officer who is to control and guide that department. Sir, I may, in this connection state that the principle and the object of the Co-operative Movement is not new or very difficult to understand. The important principles of the movement can easily be understood by any painstaking officer in one or two months and they can be gathered from any text book on the subject. That does not require any particular technical skill or scientific knowledge. At best what is essentially wanted is that real frame mind for co-operation, and an heart to heart sympathy with the people. If that is guaranteed co-operative principles can be understood and worked up successfully. And we heard yesterday from the Land Revenue and Income Tax Commissioner that except for a couple of hundred societies all the rest numbering about 1,400 deserve to be liquidated at once. That is what he gathered from the working of the societies. Only about a couple of hundred societies which are mostly noncredit societies

[Mr. M. Sivathanu Pillai.]

deserve to exist and all the others are to be liquidated and wound up without delay. In South Travancore also there are societies that deserve to be liquidated. As Land Revenue Commissioner in his tour in South Travancore he has had occasion to visit almost all the societies in the South and I found that it was very easy for him to understand how the Co-operative societies in our rural parts are working, and he was able to distinguish between good and bad societies. Therefore he is in every way fit to be in charge of this Department. Further it saves money for his tour expenses and travelling allowances as it would otherwise cost allowances for two officers, one for the Registrar and the other for the Land Revenue and Income Tax Commissioner. I hope Hon. members will bear this aspect of the question that tax payers money should not be frittered away in unnecessary expenditure.

Here is a very desirable policy of retrenchment. If there is any possibility of a Registrar being appointed at this stage, I will on those grounds oppose it. I am well experienced in co-operative movement. I know that all that is necessary is the creation of co-operative spirit in the minds of the public and not (scientific or technical knowledge) in the officer. Ofcourse the officer has got to be patriotic and sympathetic. If the idea is to safeguard the interests of the public fund, I do not think that this House will support this motion, as it is a matter of avoidable expenditure.

MR. P. KUNJUKRISHNAN : Sir, I wish to make a few observations and it is in the light of the statement made by the Dewan President in the joint session of the Assembly and Council. It was stated by the Dewan President that the idea is to see that the Agricultural Department and the Co-perative Department are worked in such a way as to uplift the agricultural and rural population and if the agricultural and Co-operative sections do not serve these purposes, it is high time that these two sections are removed from the list. I may observe here that if the idea of the mover of this motion is that by taking away the Co-operative Department from the control of the present Land Revenue Commissioner, it is to see that the Co-perative Department is to work in conjenction with the Agricultural Department so that the nationbuilding programme of the Government as envisaged by the Dewan-President is to be brought into effect immediately I am one with the mover. If that is not the view, I may suggest that there is no necessity for taking away this Department from the hands of the Land Revenue Commissioner at present. We know as a matter of fact, Sir, that the problem of the rural population is most vital to the nation, that agriculture has fallen far below expectations and that intensive cultivation is to be resorted to and that cultivation on co-operative basis has to be adopted on account of the piecemeal division of the land in the country and that credit on co-operative basis has to be extended to the peasants so that cultivation may be done on more profitable lines. These are the useful and high schemes that the Government have in view when it has been observed by the Dewan-President, that the Government

mean by improving the Agricultural and Co-operative Departments to rebuild the countryside and relieve the agricultural classes of their present deplorable condition. If that is the view of the mover of this motion, I may very gladly support him. If that is not the idea, if we are going simply to take away the Co-operative Department from the hands of the present Land Revenue Commissioner and entrust it to some other individual and give him a high pay and then do nothing else then certainly it will amount to a waste of the State's money.

Sir, with regard to the present Commissioner, I have not a word against him. He is quite capable of discharging the duties that are now entrusted to him. But still, considering the needs of the country, if you have the good of the people at heart, it is necessary that the Co-operative Department is separated from the Land Revenue Department so that the Co-operative Department along with the Agricultural Department are worked in such a way as to produce the effect that has been envisaged by the Dewan-President in his speech.

MR. THARIATHU KUNJITHOMMEN : സർ, ഈ ഉപക്ഷേപത്തെ എതിർക്കേണ്ടിവന്നതിൽ ഞാൻ നിർവ്യാജം വ്യസനിക്കുന്നു. പരസ്പരസഹായ പ്രസ്ഥാനങ്ങളുടെ സ്ഥിതി വളരെ പരിതാപകരം തന്നെയാണു്. അതിനെ ഉദ്ധരിച്ചു ജനങ്ങൾക്കു പ്രയോജനകരമായ വിധത്തിൽ വളർത്തിക്കൊണ്ടു പോകണമെന്നുള്ള ഉദ്ദേശമായിരിക്കണം ഉപക്ഷേപകർത്താവിനുള്ളതിൽ യാതൊരു സംശയവുമില്ല. എന്നാൽ ഈ ഉദ്ദേശം സഫലപ്പെടുത്തുന്നതിനു ഈ വകുപ്പു് റവന്യൂ വകുപ്പിനോടു് സംഘടിപ്പിച്ചു് ഒരദ്ധ്യക്ഷൻെറ നേതൃത്വത്തിൽ വയ്ക്കുന്നതാണു് ഉത്തമമായ മാർഗ്ഗം. ഓരോ കോവാപ്പറേറിവു് സംഘങ്ങളും പണം കൊടുക്കൽ വാങ്ങൽ ചെന്നവയാണു്. ഈ രാജ്യത്തെ സ്ഥിതിക്കുജനങ്ങൾക്കു തൊഴിൽപരമായ പുരോഗതി ഉണ്ടാകുവാൻ ഈ സംഘങ്ങളിൽ നിന്നും പണം വാങ്ങിച്ചു് പ്രവർത്തിക്കുന്നുണ്ടു്. ഇതിൻെറ ഫലമായി ചില സംഘങ്ങളിൽ ചില അസ്വസ്ഥതയും ഭിന്നിപ്പും ഇന്നുണ്ടു്. ഈ പരിതസ്ഥിതിയിൽ ജനങ്ങളെ യോജിപ്പിച്ചു് അസ്വസ്ഥതയെ പരിഹരിച്ചു് നല്ല വഴിയിൽ തൊഴിൽപരമായ മാർഗ്ഗങ്ങളിൽകൂടി പരസ്പരസഹായ സംഘങ്ങളെ പ്രവർത്തിപ്പിക്കുന്നതിനു പററിയ അദ്ധ്യക്ഷനോടും ഡിപ്പാർട്ടുമെൻറിനോടും ചേർന്നാണു് ഇന്നു ഈ വകുപ്പിരിക്കുന്നതു്. ഇങ്ങിനെചെയ്തതു വളരെ ബുദ്ധിപൂർവ്വമായ ഒരേർപ്പാടാണു്. നേരേമറിച്ചു് ഇതിലേക്കു് പ്രത്യേകം ഒരദ്ധ്യക്ഷനെവെച്ചു ധനവ്യയം ചെയ്യുന്നതു് ബുദ്ധിപൂർവ്വമായ ഒരു നയമല്ല. പരസ്പരസഹായ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനത്തിനു മേലദ്ധ്യക്ഷൻെറ കീഴിൽ ഉപാദ്ധ്യക്ഷന്മാരുണ്ടു്. അതുപോലെ തന്നെ റവന്യൂ ഡിപ്പാർട്ടു

[Mr. Thariathu Kunjithommen]
മെൻറിലും ആഫീസ് ജോലി നിവ്വഹിക്കുന്നതിനു മാനേജരുണ്ട്. ഇതിനുപുറമെ പേഷ്കാർമാർ, തഹശീൽദാർമാർ, ഇവർ അവരവരുടെ അതിർത്തിക്കകത്തുള്ള റവന്യൂ കാര്യങ്ങൾ നടത്തിക്കൊണ്ടുപോകയും ചെയ്യും. മുൻപു റവന്യൂ കമ്മീഷണർ എന്നൊരു ഉദ്യോഗം തന്നെയില്ലായിരുന്നു. അന്നു ദേവസ്വം കാര്യങ്ങൾ അന്വേഷിക്കേണ്ട ഭാരവും റവന്യൂ ഡിപ്പാർട്ടുമെൻറിനുണ്ടായിരുന്നു. ഇന്നാകട്ടെ ദേവസ്വം ജോലി റവന്യൂ ഡിപ്പാർട്ടുമെൻറിനില്ലെന്നു മാത്രമല്ല, അസിസ്റ്റൻറു പേഷ്കാർ എന്ന് ഒരുദ്യോഗം റവന്യൂ ഡിപ്പാർട്ടുമെൻറിൽ ഉണ്ടാവുകയും ചെയ്തു. ഇതിനുപുറമെ മുൻപ് പേഷ്ക്കാരന്മാരായിരുന്ന റവന്യൂമേലദ്ധ്യക്ഷന്മാർ. ഇന്ന് ഒരു റവന്യൂ കമ്മീഷണർ കൂടിയുണ്ട്. ഇങ്ങനെ റവന്യൂ ഡിപ്പാർട്ടുമെൻറിലെ ജോലി പണ്ടത്തെക്കാൾ വളരെ കുറഞ്ഞിട്ടുണ്ട്; ഉദ്യോഗങ്ങൾ കൂടിയിട്ടുമുണ്ട്. ഇതിനു പുറമെ ഇന്നു പണ്ടത്തെക്കാൾ സഞ്ചാരസൗകര്യം വർദ്ധിച്ചിട്ടുണ്ട്. ഈ കാരണങ്ങളെല്ലാംകൊണ്ട് റവന്യൂ കമ്മീഷണർക്കു കോവാപ്പറേററിവ് ഡിപ്പാർട്ടുമെൻറിനെ നയിച്ചുകൊണ്ടുപോകാൻ സൗകര്യമുണ്ടെന്നുകാണാം. ഇന്നത്തെ റവന്യൂ കമ്മീഷണർക്കു അതിനുള്ള വാസനയും വൈഭവവുമുണ്ട്. ഈ കഷികരാജ്യത്തിൻെറ പരിത സ്ഥിതിക്കു കോവാപ്പറേററിവ് ഡിപ്പാർട്ടുമെൻറിനെ നയിക്കാൻ റവന്യൂ ഡിപ്പാർട്ടുമെൻറിലെ മേലദ്ധ്യക്ഷനാണു പററിയ ആൾ......... അദ്ദേഹത്തിൻെറ മേൽനോട്ടത്തിൽ ഇതു നന്നായില്ലെങ്കിൽ ഈ വകുപ്പിനെ അവസാനിപ്പിക്കുകയാണ് നല്ലതു്. അല്ലാതെ പ്രത്യേകം ഒരു അദ്ധ്യക്ഷനെ വച്ചു പണ്ടത്തേപ്പോലെ അസ്വസ്ഥത വർദ്ധിപ്പിക്കേണ്ട എന്നാണു എൻെറ അഭിപ്രായം.

MR. PULIYOOR T. P. VELAYUDHAN PILLAI : ദേവസ്വം വിഭജനത്തിനുശേഷം അസിസ്റ്റൻറു പേഷ്കാരന്മാരുടെ നിയമനംകൊണ്ട് റവന്യൂ കമ്മീഷണർ ഉദ്യോഗം ആവശ്യമില്ലെന്നാണൊ മെംബരുടെ അഭിപ്രായം.

MR. THARIATHU KUNJITHOMMEN : അങ്ങനെയല്ലാ ഞാൻ പറഞ്ഞതു്. ഇന്നു റവന്യൂ ഡിപ്പാർട്ടുമെൻറിൽ ജോലി വളരെ കുറവുണ്ട്. പണ്ട് പേഷ്ക്കാരന്മാർ റവന്യൂ വകുപ്പിലെ കേന്ദ്രമായി സ്ഥിതിചെയ്തിരുന്നു. അന്നു ഐക്യമായ നയം തുടരാൻ നിവത്തിയില്ലായിരുന്നു. ഇന്നു റവന്യൂ കമ്മീഷണർ ഉള്ളതുകൊണ്ട് റവന്യൂ ഡിപ്പാർട്ടുമെൻറിന് ഒരു ക്ലിപ്തിമായ നയം സ്വീകരിക്കാൻ കഴിയും. ഇപ്പോൾ കമ്മീഷണർക്കു ജോലിക്കുറവുണ്ട്. അതിനാൽ കോവാപ്പറേററിവ് വകുപ്പുകൂടി ഭരിക്കാം എന്നേ ഞാൻ പറഞ്ഞുള്ളു.

MR. MAKKAR PILLAI: സർ, പരസ്പരം നന്നാകുന്നതു നല്ലതാണ് പരിശ്രമശീലമുള്ള ആർക്കും നന്നാകാൻ സാധിക്കും. അതിലേക്കുള്ള പരിതസ്ഥിതി ഇവിടെയുണ്ട്. ഈ പരിതസ്ഥിതിയനുസരിച്ച് നന്നാകാൻ തയ്യാറില്ലാത്തവർ എത്ര ശ്രമിച്ചാലും നന്നാവുകയില്ല. എനിക്കു പരസ്പരസഹായസംഘങ്ങളെക്കുറിച്ചു കുറച്ച് അനുഭവം ഉള്ളതുകൊണ്ടാണ് ഞാൻ ഇതു പറയുന്നത്. ഒരു സംഘത്തിലെ പ്രധാന പ്രവർത്തകന്മാർ പ്രസിഡൻറും സെക്രട്ടറിയുമാണ്. ഒരു സംഘം നന്നാകണമെങ്കിൽ പ്രസിഡൻറിനും സെക്രട്ടറിക്കും ഈ സംഘം കൊണ്ട് യാതൊരു കാര്യവും നേടാനില്ലാതിരിക്കണം. അങ്ങനെയുള്ള ഒരു പ്രസിഡൻറും സെക്രട്ടറിയും ഉണ്ടാകണം. സെക്രട്ടറിക്കും പ്രസിഡൻറിനും പണത്തിനു ആവശ്യമാണെങ്കിൽ അവർ വിചാരിച്ചാൽ ആ സംഘത്തെ നന്നാക്കാൻ സാധിക്കയില്ല. അതുകൊണ്ടാണ് ഇന്നു മിക്ക സംഘങ്ങളും ലിക്വിഡേഷൻ പതനത്തിലെത്തിയിട്ടുള്ളത്.

ഇനി പ്രസിഡൻറും സെക്രട്ടറിയും സംഘങ്ങളെ നന്നാക്കണമെന്നു വിചാരിക്കുന്നുവെങ്കിൽ തന്നെ ചില വിഷമങ്ങളുണ്ട്. നല്ല നിലയിൽ നടത്തുന്ന സംഘമാണെങ്കിലും അവരു പ്രയത്നഫലത്തിൽ നല്ലൊരുഭാഗം സെൻട്രൽ ബാങ്കിലൊ താലൂക്ക് ബാങ്കിലോ അടക്കണം. അതു് മടക്കി കിട്ടുകയില്ല. അതുകൊണ്ട് നന്നാകണമെന്നുദ്ദേശമുള്ള സംഘങ്ങൾക്കുപോലും ഇപ്പോൾ നിരാശയാണ്.

MR. N. NARAYANA KURUP: Sir, I wish to make a few observations. I do not complain against the capacity, good intentions or otherwise of the Land Revenue Commissioner, who has inspected about 500 societies within a period of nine months. It is the record inspection made by any officer in any department. Sir, I believe that the institution was started with the good intention of teaching the people, the idea of Co-operation and also the system of Self Government. Hence we see the society is a non official body. Our Government also have spent much for it. Devadas Committee was instituted and a Regulation was also enacted on the strength of that report. A full time officer was put in charge of the office, yet the hon. members complain, the institution has not prospered. If in spite of all these remedial measures, the result is bad, I do not understand how, a better result can be attained by handing over the charge of the Department to an officer like the Land Revenue Commissioner who is overworked. Therefore Sir, if the intention of the Government is to better the Department, it must be separated from the Land Revenue Commissioner.

Sir, I do not agree with my learned friend Mr. Sivathanu Pillai who suggested that we can gain much by the blending of the two offices and that the expenses will de minimised. If it is so, Sir, the Land Revenue Commissioner can be asked to take charge of the

[Mr. N. Narayana Kurup.]

Agricultural Department as well. Thus we can stop both the Co-operative and Agricultural Department, and dispense with the Services of all Subordinates. This will still lessen the cost of administration. The Parvathicars, Thasildars and Peishkars can be entrusted with the works in appropriate places. I wonder how my friend Mr. Sivathanu Pillai who has been advocating for the result of an enterprise, disregarding the cost of it, has erred in this particular matter.

MR. M. SIVATHANU PILLAI: Sir, I am sorry my friend has totally misunderstood me in this position.

MR. N. NARAYANA KURUP: I have understood him correctly, Sir.

PRESIDENT: Apparently there is a difference of opinion.

MR. N. NARAYANA KURUP: As the Co-operative movement was started to teach the system of Self Government and to teach the benefit of Co-peration, the non-official nature shall never be changed by strict rules and Regulation.

MR. M. SIVATHANU PILLAI Sir, am I then to understand the Hon. Member that the people of Travancore have not understood the spirit of Co-operative movement.

MR. N. NARAYANA KURUP: Sir, I don't question his capacity of understanding. If the separation is taking place or not, the recommendation of the Devadar Committee to appoint an advisory Board may be enforced. The recent rigid rules, empowering the Registrar, to cancel the resolutions of the general body, to remove the Committee elected by the general body and to appoint his own nominee for managing the affairs of the society, completely change the non-official character of the societies.

MR. M. SIVATHANU PILLAI: Sir, a point of order.

PRESIDENT: Order order. Two honourable members are standing. It is a matter of well-recognised procedure that the moment a point of order is raised everybody excepting the honourable member who raises the point of order resumes his seat. Mr. Sivathanu Pillai will proceed.

MR. SIVATHANU PILLAI: Sir, may I know whether in the Course of his speech a member can take suggestions from other members who are seated near him and then proceed to lengthen his speech.

PRESIDENT: A point of order has very well defined limitations. It arises if any remark made on the floor of the House is irrelevant or inappropriate or is to be ruled out of discussion. The expediency of an honourable gentleman lengthening his speech taking advantage of another member's suggestion needs hardly to be resolved because the answer is obvious. I trust that point of orders will be raised only when there are point of orders to be raised.

MR. N. NARAYANA KURUP: Sir, I therefore suggest that a separation of the offices should be made and the rigid rules mentioned above shall be cancelled giving the Department its original status and character.

PRESIDENT: Suggestions for the improvement of the Co-operative societies and Legislation are not in order in regard to this motion.

MR. N. NARAYANA KURUP: Sir, if the intention of the Government is to improve the Co-operative Department, the above mentioned rigid rules may be cancelled, giving the societies the character of a non-official body. With these remarks I support the motion.

MR. T. C. KESAVA PILLAI: Sir, in supporting the motion, I have to place a few facts for the consideration of the House. The Land Revenue Department is one of our biggest departments wherein the attention of the Land Revenue Commissioner will have to be concentrated to an increasing extent. He is more or less the personification of all the pattadars of the State and at the same time has sovereign rights in respect of the department. It is also seen from the Dewan-President's speech that the Income Tax Department too has to be supervised by him. He is the appellate authority for deciding assessment in respect of income-tax.

The present Land Revenue Commissioner, even if he is appointed as Chief Engineer, since he is one of our honest officers, will supervise the department very well. But I am sure the present Land Revenue Commissioner cannot tackle both the Land Revenue Department and the Co-operative department successfully. There are thousands of revenue sales being notified every week. The unfortunate pattadars in the different taluks are deprived of their lands. The Tahsildars of the different localities recommend for the sale of the pattadars' lands on account of default in payment of tax. In all revenue matters the Land Revenue Commissioner is almost the final authority. In such a big department as the present one, persons who have conscience should be appointed as the Head of the Department, because he has to approve of the actions of the Tahsildars in respect of sale of lands. There are very big questions to be settled such as the fixing of the boundary limits and other allied matters. Let me ask Government whether any responsible officer has inspected the S ate boundaries between Tinnevelly and Travancore or between the adjoining Provinces.

PRESIDENT: That is going on for all the time.

MR. T. C. KESAVA PILLAI: I myself am the President of a Co-operative Society. It was doing very good work. It has not done any harm to any one. On the recommendation of the Tahsildar, the Land Revenue Commissioner has cancelled the continuance of the Society. I personally represented the matter to the Commissioner and he replied that that order was as a result of a report from one of his subordinates. Since he was an honest officer he agreed with the opinion of his subordinate. It was a matter affecting the Co-operative Hospital in that locality. Without knowing the details and without making local inspection the Commissioner cancelled the society. This is the State of affairs in respect of the Co-operative Department under the guidance of the present Commissioner. If such a big officer as the present Land Revenue Commissioner cannot do well, I would suggest that the supervision of the department may be taken away from him.

[Mr. T. C. Kesava Pillai.]

The Dewan President suggested in his address that some of the minor departments such as the Agricultural, the Industrial, the Forest and Co-operative Departments may be put under a Development Commissioner. I am in entire agreement with that suggestion. The allowance that is being given to the Commissioner for looking into the duties of the Co-operative Department may not be paid any longer if a separate officer is appointed for the Co-operative Department. With these remarks I strongly support the motion.

MR. PADIYARA JOSEPH KUNJU : സർ, ഈ ഉപക്ഷേപത്തെപ്പററി ഒന്നുംതന്നെ സംസാരിക്കണമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. എൻെറ ചില സ്നേഹിതന്മാരുടെ അഭിപ്രായപ്രകടനങ്ങൾ എന്നെ ഈ പ്രസംഗത്തിനു നിർബന്ധിതനാക്കിയതാണ്. ഈ ഡിപ്പാർട്ടുമെൻറിൻെറ പരിതാപകരമായ പരാജയം, ഇതിൻെറ മേലദ്ധ്യക്ഷൻെറ അപ്രാപ്തിയും അലസതയും കൊണ്ടുണ്ടായിട്ടുള്ളതല്ലെന്നും മററെല്ലാ രാജ്യങ്ങളിലുമെന്നപോലെ ഈ പ്രസ്ഥാനം ഇവിടേയും പരാജയപ്പെട്ടു പോയിയെന്നു മാത്രമേയുള്ളുവെന്നും മി. പി. എസ. മഹമ്മദ് ഇപ്പോൾ ഇവിടെ പ്രസ്താവിക്കയുണ്ടായി. എന്നാൽ മററു പല രാജ്യങ്ങളിലും ഈ പ്രസ്ഥാനം — പരസ്പരസഹായസംഘപ്രവർത്തനം — വളരെ വിജയകരമായി നടന്നു വരുന്നുണ്ടെന്നാണ് എൻെറ അറിവ്. ഈ പ്രസ്ഥാനം ഇവിടെ ഇത്രമേൽ പരാജയമടഞ്ഞതു് ഈ വകുപ്പിൻെറ മേലദ്ധ്യക്ഷൻെറ അപ്രാപ്തിയും അയോഗ്യതയും മൂലമാണെന്നാകുന്നു എൻെറ അഭിപ്രായം. ഈ വകുപ്പിൻെറ മേലദ്ധ്യക്ഷനായിരിക്കുന്നതിന് പ്രത്യേക പരിശീലനമൊന്നും ആവശ്യമില്ലെന്നും ഇന്നത്തെ ഡിപ്പാർട്ടുമെൻറു മേധാവി പല സംഘങ്ങളും പരിശോധിക്കുന്നതു് അദ്ദേഹം കണ്ടിട്ടുണ്ടെന്നും പരിശോധന വളരെ കേമമായിരുന്നുവെന്നും എൻെറ ബഹുമാന്യ സ്നേഹിതനായ മി. ശിവതാണുപിള്ള അഭിപ്രായപ്പെട്ടു. ഇങ്ങിനെ മി. ശിവതാണുപിള്ള ഒരഭിപ്രായം പുറപ്പെടുവിച്ചതു് അദ്ദേഹത്തിനു പരസ്പരസഹായസംഘപ്രവർത്തനത്തെപ്പററിയുള്ള പരിപൂർണ്ണമായ അജ്ഞതകൊണ്ടല്ലേ എന്നു ഞാൻ സംശയിക്കുന്നു. പരസ്പരസഹായസംഘവകുപ്പു മേധാവിക്ക് പ്രത്യേക പരിശീലനമൊന്നും ആവശ്യമില്ലെങ്കിൽ ഇന്നു ഫിനാൻഷ്യൽ സെക്രട്ടറിയായിരിക്കുന്ന ആളിനെ മുൻപ് ബ്രിട്ടീഷ് ഇൻഡ്യയിൽ പരിശീലനത്തിനായി ഗവൺമെൻറ് അയച്ചതു് അബദ്ധമായിപ്പോയില്ലേ എന്നാണ് ഞാൻ ഗവൺമെൻറിനോടു ചോദിക്കുന്നതു്,

MR. M. SIVATHANU PILLAI: What I said was, it does not require any technical knowledge.

MR. PADIYARA JOSEPH KUNJU : സർ, ഇത് ഒരു സാങ്കേതികവകുപ്പാണ്. ഇതിന്റെ മേധാവിക്ക് ഈ വകുപ്പിനെപ്പററിയുള്ള സാങ്കേതികപരിജ്ഞാനമുണ്ടായിരിക്കണമെന്നാണ് എന്റെ അഭിപ്രായം. പരസ്പരസഹായസംഘപ്രവർത്തനത്തെപ്പററി യാതൊരുവക ജ്ഞാനവുമില്ലാത്തയാൾ ആ വകുപ്പിന്റെ മേധാവിയായിരുന്നാൽ ആ ഡിപ്പാർട്ടുമെൻറിന്റെ പ്രവൃത്തനങ്ങൾ പരാജയത്തിൽ കലാശിക്കമെന്നുള്ളത് സർവ്വവിദിതമാണ. ഈ ഡിപ്പാർട്ടുമെൻറു ഭരണം പരാജയത്തിൽ കലാശിച്ചതുകൊണ്ടു മാത്രം ഇതിന്റെ മേധാവി അപ്രാപ്തനും അയോഗ്യനുമാണെന്നു തെളിയുന്നു.

MR. THARIATHU KUNJI THOMMEN : അങ്ങിനെയാണെങ്കിൽ കുറെ നാളത്തേക്കുകൂടി അദ്ദേഹത്തിനു ഒരവസരം കൊടുക്കേണ്ടേ?

MR. PADIYARA JOSEPH KUNJU : എന്തിന്? സംഗതികൾ കുറെക്കൂടി വഷളാക്കുന്നതിനൊ? സർ, ഇദ്ദേഹത്തെ പലവിധത്തിലും പലസ്ഥാനങ്ങളിലും ഞാൻ കണ്ടിട്ടുണ്ട്. അദ്ദേഹത്തെ ഒരു അസിസ്റ്റൻറു അക്കൗണ്ടാഫീസരായി ഞാൻ ആദ്യം കണ്ടു പിന്നീടു ഇദ്ദേഹം ഡിവിഷൻ അസിസ്റ്റൻറ് അഥവാ അസിസ്റ്റൻറു പേഷ്കാരായി; പിന്നീട് ദേവികുളം കമ്മീഷണരും അതിനുശേഷം പോർട്ടാഫീസരും ആയി. അതിനുശേഷം ഇദ്ദേഹത്തെ അക്കൗണ്ടാഫീസരായിട്ടാണ് കാണുന്നത്. പിന്നീടു അദ്ദേഹം ഫിനാൻഷ്യൽ സെക്രട്ടറിയായി. അതിനുശേഷം പോലീസുകമ്മീഷണരായി. പിന്നീടു ഭൂനികുതിയും ആദായനികുതിയും വകുപ്പ് മേധാവിയായി. ഇപ്പോൾ ഇതാ അദ്ദേഹം പരസ്പരസഹായസംഘം രജിസ്ട്രാർ കൂടിയായി രൂപാന്തരപ്പെട്ടിരിക്കുന്നു. ഒരുകിൽ ഇദ്ദേഹം വളരെ പ്രാപ്തനും സമർത്ഥനും സർവ്വകാര്യങ്ങളിലും പരിജ്ഞാനമുള്ളയാളും സർവ്വകലാവല്ലഭനും സർവ്വജ്ഞനുമായതുകൊണ്ട് തിരുവിതാംകൂർ പബ്ലിക്കു സർവീസിലെ എല്ലാ വകുപ്പുകൾക്കും ഇദ്ദേഹത്തെക്കൊണ്ടുള്ള പ്രയോജനം ലഭിക്കുന്നതിനായി ഇദ്ദേഹത്തെ ഇങ്ങിനെ മാറി മാറി പ്രതിഷ്ഠിക്കുന്നതായിരിക്കാം. അല്ലെങ്കിൽ ഓരോ ഡിപ്പാർട്ടുമെൻറിലും ഇദ്ദേഹത്തെ നിയമിച്ചശേഷം അവിടെ ഇദ്ദേഹം ശോഭിക്കുന്നില്ലെന്നു കാണുമ്പോൾ മറെറാരു ഡിപ്പാർട്ടുമെൻറിലേക്കു തള്ളി എവിടെയെങ്കിലും ഇദ്ദേഹം വിജയിക്കുമോയെന്ന് ഗവണ്മെൻറു പരീക്ഷിക്കുകയുമാവാം. ഈ രണ്ടു വിധത്തിൽ എങ്ങിനെയായാലും ഈ രണ്ടു ജോലികൾ കൂടി ഒന്നിച്ചു അദ്ദേഹത്തിനു കൊടുക്കുവാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം.

[Mr Padiyara Joseph Kunju.]

അദ്ദേഹം വളരെ പ്രാപ്തനാണെങ്കിൽ സ്വതന്ത്രമായ ആദായം ഗവൺമെന്റിനു കിട്ടിക്കൊണ്ടിരിക്കുന്നതും ഇപ്പോൾ അലങ്കോലപ്പെട്ടു കിടക്കുന്നതുമായ ഭൂനികുതിയും ആദായനികുതിയും വകുപ്പ് ശരിപ്പെടുത്തുന്ന കാര്യത്തിൽ അദ്ദേഹത്തിന്റെ സർവശ്രദ്ധയും പതിക്കത്തക്ക വിധത്തിൽ മററു ജോലികളിൽനിന്നും അദ്ദേഹത്തെ വിമുക്തനാക്കേണ്ടതാണ്. അതല്ലാ അദ്ദേഹം കേവലം അപ്രാപ്തനാണെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായമെങ്കിൽ രണ്ടു ഡിപ്പാർട്ടുമെന്റിന്റെ മേലദ്ധ്യക്ഷസ്ഥാനം ഒന്നിച്ചു വഹിക്കുന്നതിനു അദ്ദേഹത്തെ അനുവദിച്ചു കൂടാത്തതാകുന്നു.

MR. P. S. MUHAMMED : ബ്രിട്ടീഷ് ഇൻഡ്യയിലുള്ള പലരും സഹകരണപ്രസ്ഥാനം അവിടെ പരാജയത്തിലിരിക്കുന്നുവെന്ന് അഭിപ്രായപ്പെട്ടിട്ടുള്ളതായി മെംബർ അറിയാമോ?

MR. PADIYARA JOSEPH KUNJU : തിരുവിതാംകൂറിലെപ്പോലെ ഇങ്ങിനെയുള്ള അപ്രാപ്തന്മാരായ ഡിപ്പാർട്ടുമെന്റു മേധാവികളുള്ള ചില രാജ്യങ്ങളിൽ പരസ്പരസഹായസംഘം പരാജയപ്പെട്ടതായി കേട്ടിട്ടുണ്ട്.

MR. THAMARAPALLIL KOCHUTHOMMEN : കോവാപ്പറേറീവു രജിസ്ട്രാരായി ഒരു പ്രത്യേക ആഫീസർ വേണമെന്നുള്ള ഈ ഉപക്ഷേപത്തോടു ഞാനും യോജിക്കുന്നു. സാധുജനസംരക്ഷണത്തിനായുള്ള ഒരു ഡിപ്പാർട്ടുമെന്റാണ് കൊവാപ്പറേറീവു ഡിപ്പാർട്ടുമെന്റു്. അനേകം സാധുക്കൾക്കു ഉപയോഗമുള്ള ഈ പ്രസ്ഥാനം ഉൾനാടുകളിൽ ധാരാളമായി ഏർപ്പെടുത്തേണ്ടതാണ്. അതിലേക്ക് പ്രത്യേകം ഒരാളിനെ ചുമതലപ്പെടുത്തുന്നപക്ഷം അതിന്റെ പ്രവർത്തനം കൂടുതൽ കാര്യമായി നടക്കും. ലാൻഡ്റവന്യൂ കമ്മീഷണർ എത്ര പ്രാപ്തിയുള്ള ആളായിരുന്നാലും അദ്ദേഹത്തിനു എടുക്കാവുന്നതിൽ കൂടുതൽ ചുമതലപ്പെടുത്തിയാൽ അതു നടത്തിക്കൊണ്ടു പോകുന്നതിനു അദ്ദേഹത്തിനു സാദ്ധ്യമാകയില്ല. സൊസൈററികളിലുള്ള പ്രസിഡൻറന്മാരും സെക്രട്ടറിമാരും ചെയ്യുന്ന അഴിമതികളെ കണ്ടുപിടിക്കുവാൻ പ്രത്യേകം ചില ആളുകൾതന്നെ ഉണ്ടായിരിക്കേണ്ടതാണ്. ഇവിടെ വല്ലതും പരാജയപ്പെട്ടിട്ടുണ്ടെങ്കിൽ അതിലെ മേലദ്ധ്യക്ഷന്മാരുടെ അശ്രദ്ധകൊണ്ടുതന്നെയായിരിക്കും. കോവാപ്പറേറീവു പ്രസ്ഥാനം ഇതുവരെ പരാജയപ്പെട്ടതു് സൊസൈററി പ്രസിഡൻറന്മാരും സെക്രട്ടറിമാരും മററും കാണിക്കുന്ന അഴിമതികൾ കണ്ടുപിടിക്കുകയോ, അവയെ വേണ്ടതരത്തിൽ പരിശോധിക്കയോ ചെ

യ്യാത്ത കുററംകൊണ്ടു മാത്രമാണ്. അതിനാൽ ഈ പ്രസ്ഥാനത്തെ കൂടുതൽ ഉപയോഗപ്രദമാക്കത്തക്ക നിലയിൽ ഇന്നത്തെ ലാൻഡ്റവന്യൂ കമ്മീഷണരെ ഈ ചുമതലയിൽനിന്നും വിടുർത്തേണ്ടതു വളരെ അത്യാവശ്യമായ ഒരു കാര്യമാകുന്നു.

MR. K. R. NARAYANAN: സർ, ഞാൻ ഈ ഉപക്ഷേപം എതിർക്കുന്നു. സഹകരണസംഘപ്രസ്ഥാനം തിരുവിതാംകൂറിൽ ഒരു പരീക്ഷണഘട്ടത്തിലല്ല, ഒരു പരാജയഘട്ടത്തിൽതന്നെ എത്തിയിരിക്കുന്നു എന്നു പറയാം. ഈ പ്രസ്ഥാനം ഇനിയും ഒരു ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷൻെറ കീഴിൽ പ്രത്യേകമായി വച്ചുകൊണ്ടിരിക്കണമെന്നു പറയുന്നതു മരണക്കിടക്കയിൽ കിടന്നു അന്ത്യശ്വാസം വലിക്കുന്നവനു വിവാഹനിശ്ചയം ചെയ്യുന്നതുപോലെയാണ്. ദേവധാർകമ്മിററിറിപ്പോർട്ടിൻപ്രകാരം ഈ പ്രസ്ഥാനം നമ്മെ ഏകദേശം ഫ൦. കോടിരൂപായുടെ കടക്കാരാക്കിത്തീർത്തു എവിടെനിന്നെങ്കിലും വ. ജാമ്യക്കാരെ കൊണ്ടുവന്നു കിട്ടുന്നിടത്തോളം പണം കടം വാങ്ങിക്കുവാൻ മാത്രം ഉപകരിക്കുന്ന ഈ ഡിപ്പാർട്ടുമെൻറു എത്രയും വേഗം നിറുത്തുവാൻ കഴിയുമൊ അത്രയും വേഗം നിറുത്തേണ്ടതാണ്. എൻെറ സ്നേഹിതൻ മി. നാരായണക്കുറുപ്പു പറഞ്ഞു, പരസ്പരസഹായഡിപ്പാർട്ടുമെൻറിൻെറ ഉദ്ദേശം പ്രജായത്തഭരണസംബന്ധമായ ചില പരീക്ഷണങ്ങൾകൂടി നടത്താനാണെന്ന്. അതാണ് ഈ ഡിപ്പാർട്ടുമെൻറിൻെറ ഉദ്ദേശമെങ്കിൽ ഏററവും ലജ്ജാകരമായ വിധത്തിൽ പ്രജായത്തഭരണപരിശീലനം ഈ പ്രസ്ഥാനം അധഃപതിപ്പിച്ചിരിക്കുന്നു. ഇനി ഈ വിഷയത്തെപ്പററി ഒരൊററക്കാര്യം മാത്രമാണ് എനിക്കു പറയുവാനുള്ളതു്. പൂർണ്ണമായി ഡിപ്പാർട്ടുമെൻറു നിറുത്തുന്നതുവരെ ഇതിന് ഒരു ഭരണം വേണം. ലാൻറുറവന്യൂകമ്മീഷണർ അവർകൾക്ക് രണ്ടു ഭരണവുംകൂടി ചുമതലപ്പെട്ടുകൊണ്ടുപോകുവാൻ കഴിയുമൊ എന്നുള്ള കാര്യം ചിന്തിക്കേണ്ടതാണ്. കഴിഞ്ഞ ഒൻപതു മാസക്കാലംകൊണ്ടു ൫ 0 0-ൽ പരം സംഘങ്ങൾ മറെറാരു ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷന്മാരും പരിശോധിച്ചിട്ടില്ലാത്തമാതിരിയിൽ പരിശോധിച്ച അദ്ദേഹത്തിൻെറ അദ്ധ്വാനശീലത്തേയും പരസ്പരസഹായപ്രസ്ഥാനത്തെപ്പററി വേണ്ട ജ്ഞാനം ലഭിക്കുവാനുള്ള ആകാംക്ഷയേയും നാം അഭിനന്ദിക്കേണ്ടതാണ്. ഈ ഡിപ്പാർട്ടുമെൻറിൻെറ ഭരണത്തിനു അത്ര വലിയ സാങ്കേതിക പരിജ്ഞാനമൊന്നും ആവശ്യമുള്ളതായി എനിക്കു തോന്നുന്നില്ല. വേണമെങ്കിൽ അദ്ദേഹത്തിൻെറ കീഴിൽത്തന്നെ സാങ്കേതികപരിശീലനം സിദ്ധിച്ച അനവധി ആളുകൾ ഇപ്പോൾ ജോലിയിലുണ്ട്.

MR. PULIYOOR T. P. VELAYUDHAN PILLAI: ഇപ്രകാരം സാങ്കേതികപരിശീലനം സിദ്ധിച്ചിട്ടുള്ള ആളുകൾ ആരെല്ലാമാണ്?

MR. K. R. NARAYANAN : മി. ജി. ആർ. പിള്ള മുതൽപേർ.

എന്നാൽ, ലാൻഡ്റവന്യൂകമ്മീഷണർ കുറച്ചു പ്രായമായ ആളായതുകൊണ്ട് ഈ രണ്ടു ചുമതലയും അദ്ദേഹത്തിന്റെ തലയിൽ കെട്ടിവയ്ക്കാതെ ഇരുന്നാൽകൊള്ളാമെന്നുള്ള ചിലരുടെ അഭിപ്രായത്തെപ്പറ്റി ഞാൻ ചിന്തിച്ചു. ചുമട്ടുകാരൻ ചുമടു ചുമക്കുവാൻ ജാഗ്രതയായി, സന്തോഷമായി തയാറായിരിക്കുന്ന നിലയ്ക്കു ഇതിനെപ്പറ്റി നാം അത്ര വലിയ ദയാ ചിന്ത കാണിക്കേണ്ട ആവശ്യം ഇല്ലെന്നു എനിക്കു തോന്നുന്നു. ഇവിടെ ആവശ്യമില്ലാത്ത അനവധി ഉദ്യോഗങ്ങളും ഉദ്യോഗസ്ഥന്മാരുമുണ്ട്. ഉദ്യോഗങ്ങൾക്കുവേണ്ടി ആളുകളേയും ആളുകൾക്കുവേണ്ടി ഉദ്യോഗങ്ങളെയും സൃഷ്ടിക്കുന്ന ഒരു ഏർപ്പാടും ഇവിടെ കാണുന്നുണ്ട്. ഇപ്പോഴത്തെ സഹകരണസംഘംവകുപ്പ് ജനസംരക്ഷണവകുപ്പല്ല. ജനസംഹരണവകുപ്പാണ്. കുറച്ചു ഉദ്യോഗസ്ഥന്മാക്കുവേണ്ടി ഈ ഡിപ്പാർട്ടുമെൻറ്, പുണ്യവാളന്മാരെ അടക്കം ചെയ്തിട്ടുള്ളതെങ്കിലും താറുമാറായി കിടക്കുന്ന ശവകുടീരംപോലെ അങ്ങ് നിലകൊള്ളുകയാണ്. അതിനാൽ എത്രയും വേഗം ഈ ഡിപ്പാർട്ടുമെൻറ് അവസാനിപ്പിക്കാമൊ അത്രയും വേഗം അവസാനിപ്പിക്കണമെന്നുള്ള അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപം എതിക്കുന്നു.

MR. PULIYOOR T. P. VELAYUDHAN PILLAI : ആ കാര്യത്തിൽ ഇപ്പോഴത്തെ ലാൻഡ്റവന്യൂകമ്മീഷണർ മിടുക്കനാണെന്നാണൊ മെമ്പറിന്റെ അഭിപ്രായം?

MR. K. R. NARAYANAN : ഈ പ്രസ്ഥാനത്തെ എത്രയും വേഗം അവസാനിപ്പിക്കണമെന്നാണു ഞാൻ പറഞ്ഞത്. ലാൻഡ്റവന്യൂകമ്മീഷണരുടെ കീഴിലുള്ള ഭരണം അതിനായിരിക്കണമെന്നു ഞാൻ പറഞ്ഞില്ല. ആ പ്രശ്നം ഗവണ്മെൻറ് വേണ്ടതുപോലെ ആലോചിക്കേണ്ടതാണ്.

MR. PADIYARA JOSEPH KUNJU : മെമ്പറിന്റെ അഭിപ്രായം ഇൗ മേലദ്ധ്യക്ഷന്റെ കീഴിൽ ഈ ഡിപ്പാർട്ടുമെൻറിരുന്നാലാണ് ഈ പ്രസ്ഥാനത്തെ ഉദ്ധരിക്കുവാൻ കഴിയുന്നത് എന്നാണൊ?

MR. K. R. NARAYANAN : ഞാൻ പറഞ്ഞത് ഈ പ്രസ്ഥാനത്തെ എങ്ങനെയെങ്കിലും അവസാനിപ്പിക്കേണ്ടതു അത്യാവശ്യമാകയാൽ വേറെ ഒരുമേലദ്ധ്യക്ഷനെ നിയമിച്ചു ചെലവുകൾ വർദ്ധിപ്പിക്കുന്നതു അനാവശ്യവും അനാശാസ്യവും എന്നാകുന്നു.

MR. KUMARAN VAIDYAN: ഞാനും ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. പരസ്പരസഹായഡിപ്പാർട്ടുമെൻറിൽ ഇന്നു നടക്കുന്ന അഴിമതികളും കൊള്ളകളും നീക്കുന്നതിലേക്കു മുഴുവൻ സമയവും ജോലിചെയ്യുന്ന ഒരു ഉദ്യോഗസ്ഥനെ നിയമിക്കേണ്ടതു വളരെ അത്യാവശ്യമാണ്. ലാൻറ് റവന്യൂകമ്മീഷണർ ഇതിനു പോരാത്ത ആളാണെന്നു ഞാൻ പറയുന്നില്ല. അദ്ദേഹം ൬൦൦-ൽ ചിലപാനം സംഘങ്ങൾ ഇതിനകം പരിശോധിച്ചു എന്നു പറയുമ്പോൾ അദ്ദേഹം ചെയ്ത ശ്രമം എത്രമാത്രമാണെന്നു ഏവക്കും ഊഹിക്കാം. അദ്ദേഹം വളരെ പ്രാപ്തിയും കാൎയ്യശേഷിയുമുള്ള ഒരാളായിരിക്കാം. എങ്കിലും ഈ രണ്ടുഡിപ്പാർട്ടുമെൻറിനേയും ഒരേ രീതിയിൽ സംരക്ഷിച്ചുകൊണ്ടുപോകുന്നതിനു അദ്ദേഹത്തിനു സാധിക്കുമെന്നു എനിക്കു തോന്നുന്നില്ല. ഒന്നുകിൽ റവന്യൂകമ്മീഷണരായിട്ടോ, അല്ലെങ്കിൽ പരസ്പരസഹായസംഘം രജിസ്ട്രാരായിട്ടോ, ഏതിലെങ്കിലും ഒന്നിൽ, അല്ലാതെ ശോഭിക്കുമെന്നും തോന്നുന്നില്ല. റവന്യൂഡിപ്പാർട്ടുമെൻറിൽതന്നെ അനേകം ജോലികൾ ചെയ്തുതീർക്കുവാൻ അദ്ദേഹത്തിനുണ്ട്. കുടിശിഖജോലികൾ ഏററവും വിപുലമായ തോതിൽ ഇപ്പോഴും അവിടെ അവശേഷിച്ചിട്ടുണ്ട്.

MR. K R. NARAYANAN : ൧൧൧-ലേയും ൧൧൨-ലേയും, അതായതു ഈ രണ്ടു ഡിപ്പാർട്ടുമെൻറിനേയും രണ്ടു ഉദ്യോഗസ്ഥന്മാർ ഭരിച്ചിരുന്ന കാലത്തു് ഉണ്ടായിരുന്ന കുടിശിഖകളെക്കാൾ കൂടുതലായി ഇപ്പോൾ കുടിശിക ഇല്ലെന്നുള്ള വിവരം മെമ്പറിനറിയാമൊ?

MR. KUMARAN VAIDYAN: എനിക്കു നിശ്ചയമില്ല. ഞാൻ അതിനെക്കുറിച്ചു ശരിയായി പഠിച്ചിട്ടില്ല.

റവന്യൂകമ്മീഷണരെ ഞാൻ ഒരിക്കലും കുററംപറയുന്നില്ല. അദ്ദേഹം റവന്യൂ ഡിപ്പാർട്ടുമെൻറിൽ എല്ലാ സമുദായങ്ങൾക്കും ഉദ്യോഗം കൊടുക്കുന്ന വിഷയത്തിൽ തുല്യശ്രദ്ധയോടെ ഭരിക്കുന്ന ഒരാളാണെന്ന് എനിക്കറിയാം. അതുപോലെ പരസ്പരസഹായഡിപ്പാർട്ടുമെൻറിലും അദ്ദേഹം പ്രവൎത്തിക്കുമെന്നും ഞാൻ ആശിക്കുന്നു. ഒരുപക്ഷെ ഈ രണ്ടു ഡിപ്പാർട്ടുമെൻറുകളും അദ്ദേഹം ഭംഗിയാംവണ്ണം ഭരിച്ചുകൊണ്ടുപോകുമെന്നുണ്ടെങ്കിൽ അതു് എല്ലാവക്കും നല്ലതാണ്. എന്നാൽ, പ്രായോഗികമായി അത്ര നടപ്പുള്ള ഒരു കാൎയ്യമാണ് അതു് എന്നു എനിക്കു തോന്നുന്നില്ലാത്തതുകൊണ്ടു മാത്രം ഞാൻ ഇത്രയും പറഞ്ഞതാണ്.

MR. T. T. KESAVAN SASTRI: സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷൻെറ ഭരണകാൎയ്യത്തിൽ എനി

[Mr. T. T. Kesavan Sastri.]

ക്കു എതിരഭിപ്രായമില്ല. ഈ ഉപക്ഷേപം അവതരിപ്പിക്കുവാൻ ഇടയായതു് ഈ വകുപ്പിന്റെ പുരോഗതിയെ കാംക്ഷിച്ചുകൊണ്ടാണെന്നുള്ള അവതാരകന്റെ അഭിപ്രായത്തോടു ഞാൻ യോജിക്കുകയാകുന്നു.

MR. PULIYOOR T. P. VELAYUDAN PILLAI : ആ ഉദ്യോഗസ്ഥനെ സംബന്ധിച്ചു ഞാൻ ഒന്നും പ്രസ്താവിച്ചില്ല.

MR. T. T. KESAVAN SASTRI : സഹകരണപ്രസ്ഥാനം നമ്മുടെ രാജ്യക്ഷേമത്തിനു സർവഥാ ആദരണീയവും അനുകരണീയവുമാണു്. അൻപതിനായിരം രൂപാ സദയം അനുവദിച്ചു് സകല താലൂക്കുകളിലും പകുതികളിലും ഗ്രാമോദ്ധാരണജോലി ആരംഭിക്കുവാൻ ഗവണ്മെന്റു് തീരുമാനിച്ചിട്ടുള്ള സംഗതി ഈ അവസരത്തിൽ അനുസ്മരണീയമാകുന്നു. ജനക്ഷേമത്തെ മുൻനിർത്തി പൊതുവെ നമ്മുടെ പരസ്പരസഹായപ്രസ്ഥാനത്തെ അഭിവൃദ്ധിപ്പെടുത്തുവാനും ഗവണ്മെന്റിനു് അതീവ താൽപര്യം ഉണ്ടെന്നുള്ള വസ്തുത ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞിട്ടുണ്ടു്. ഗവണ്മെന്റിന്റെ പ്രോത്സാഹജനകമായ ശ്രദ്ധയും സഹായവും ഈ പ്രസ്ഥാനത്തിന്റെ ശോഭനമായ അഭിവൃദ്ധിക്കു ആവശ്യമാകുന്നു. ഈ വകുപ്പിന്റെ ഭരണം ലാൻഡ് റവന്യൂകമ്മീഷണർ ഇപ്പോൾ സ്വീകരിച്ചിരിക്കയാണല്ലോ. അദ്ദേഹം കാര്യമായി ശ്രദ്ധിക്കുന്നുമുണ്ടു്. ചുരുങ്ങിയ കാലത്തെ അദ്ദേഹത്തിന്റെ മേൽനോട്ടം പ്രയോജനപ്പെട്ടിട്ടുമുണ്ടു്. എങ്കിലും ഒരു പ്രത്യേക ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ ഈ ഡിപ്പാർട്ടുമെന്റു ഭരിച്ചുകൊണ്ടുപോകാൻ സംഗതിയാകുമെങ്കിൽ നന്നായിരിക്കുമെന്നുള്ളതാണു്. കഴിഞ്ഞ ൻ മാസക്കാലത്തിനിടയിൽ കമ്മീഷണർ ഈ വകുപ്പിന്റെ നടത്തിപ്പിൽ പ്രത്യേകം ശ്രദ്ധിച്ചു അതിലേക്കു കൂടുതൽ സമയം വിനിയോഗിച്ചിട്ടുണ്ടെന്നു കാണുന്നതു സന്തോഷാവഹംതന്നെയാണു്. സഹകരണസംബന്ധമായ കൂടുതൽ പരിജ്ഞാനം സമ്പാദിച്ചിട്ടുള്ള ഒരാളിന്റെ ഭരണത്തിനു് ഈ ഡിപ്പാർട്ടുമെന്റിനെ വിട്ടുകൊടുക്കുന്നതു് ഏതുപ്രകാരത്തിലും ഏറെ നന്നായിരിക്കുമെന്നാണെന്റെ അഭിപ്രായം. ഡിപ്പാർട്ടുമെന്റു മേധാവി എത്ര സമർത്ഥനായിരുന്നാലും ഒരേസമയം രണ്ടു ഭരണം നടത്താനിടയായാൽ അതു അത്ര ശോഭിക്കുമെന്നു തോന്നുന്നില്ല. അതിനാൽ കമ്മീഷണർ ഈ വകുപ്പുംകൂടി ഭരിക്കുന്നതിനെക്കാൾ നല്ലതു ഒരാളിന്റെ ചുമതലയിൽ ആക്കുന്നതു് നിശ്ചയമായും കൂടുതൽ ഉപയോഗപ്രദമായിരിക്കുന്നതാണു്. അതുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

MR. D. FRANCIS: ஸர், நான் இந்த cut motion ஐ எதிர்க்கிறேன். இந்த பரஸ்பர சகாயம் (Co-operative Department), இதைப் போல பொது ஜனங்களுக்கு உபகாரப்படக்கூடிய டிபார்ட்மெண்டு வேறுயில்லை என்று சொல்லலாம். ஏழை ஜனங்களுக்கு இந்த டிபார்ட்மெண்டினால் அநேகம் அனுகூலங்கள் கிடைத்திருக்கின்றன. பணம் சேகரிக்கிறதுக்குள்ள வழிகள் இதில் உண்டு. இவ்வளவு உபகாரப் படக்கூடிய டிபார்ட்மெண்டை நடத்திக்கொண்டுபோக ஒரு பெரிய உத்தியோகஸ்தன் தான் இருக்கவேண்டும். இதன் உபயோகத்தை அறிந்து, இங்கே திவானாயிருந்தவர் ஒருவரை அங்கே—மதராஸில்—இந்த டிபார்ட்மெண்டு ரிஜிஸ்தாராக நியமிக்கப்பட்டார். அங்கே ரெஜிஸ்தாராக இருந்தவர் ஒருவரை இந்த சமஸ்தானத்துக்கு திவானாக நியமிக்கப்பட்டார். பின்னேக்கம் அடைந்துபோன ஜனங்களை மற்ற சமுதாயங்களைப் போலவே முன்னணியில் கொண்டுவருவதற்கு இந்த டிபார்ட்மெண்டு ஏற்றதாயிருக்கிறது. அதனால் குறைந்த சம்பளம் வாங்குகிறவர்களையோ, தாழ்ந்ததரம் உத்தியோகஸ்தர்களையோ இந்த டிபார்ட்மெண்டின் மேலதிகாரியாக நியமிக்கப்படுகிறதில்லை. தற்போது இந்த கோப்பரேட்டிவ் டிபார்ட்மெண்டுக்கு மேலதிகாரியாயிருப்பவர்—Land Revenue Commissioner லாண்டு ரெவினியூ கம்மிஷணர் ரொம்ப நல்லவர், தயவுள்ளவர். அவரை எனக்கு ரொம்ப நன்றாகத் தெரியும். அவர் அநேகம் வேலைகளிலிருந்து பெயர்வாங்கினவர். இவரையே பிரத்தியேகமாகவோ, அல்லது இப்போது இருக்கிறதுபோல கூடி நடத்தவோ ஏற்பாடு செய்யவேண்டும். பெரிய உத்தியோகஸ்தர்கள் பாத்திரம் தாழ்ந்தவர்களை முன்னேற்றத்திற்குள்ள வேலைகளை செய்ய தகுதியுடையவர்களாயிருப்பார்கள். அதனால் தற்போதுள்ள லாண்டு ரெவினியூ கம்மிஷணரையே வைத்து இந்த டிபார்ட்மெண்டை நடத்த ஏற்பாடு செய்யக் கேட்டுக் கொண்டு இந்தப் பிரமேயத்தை எதிர்க்கிறேன்.

MR. N. VELU ACHARI: സർ, ലാൻഡ് റവന്യൂ കമ്മീഷണർക്കു കോവാപ്പറേറ്റീവ് രജിസ്ട്രാരുടെ ഉദ്യോഗംകൂടി ഉണ്ടായിരിക്കാൻ പാടില്ലാ എന്നും അങ്ങിനെ അതു മാററുന്നപക്ഷം കരംപിരിവു സംബന്ധിച്ചുള്ള ജോലികൾക്കു കൂടുതൽ സൌകര്യമുണ്ടായിരിക്കുമെന്നും വിവരിച്ചുകൊണ്ടു അവതരിപ്പിച്ചിരിക്കുന്ന ഈ ഉപക്ഷേപത്തെ പുരസ്കരിച്ച് ഇവിടെ പലരും പ്രസംഗിക്കുകയുണ്ടായി. എന്നാൽ അദ്ദേഹത്തെ അപ്രകാരം നിയമിച്ചതു് കോവാപ്പറേറ്റീവ് ഡിപ്പാർട്ടുമെൻറിനെ ജനങ്ങൾക്കുപകാരപ്രദമായി അഭിവൃദ്ധിപ്പെടുത്താനും മററും കൂടുതൽ സൌകര്യം ഉണ്ടാകുമെന്ന് വിചാരിച്ചുകൊണ്ടായിരിക്കണമെന്ന് ഞാൻ വിചാരിക്കുന്നു. അങ്ങിനെ സൌകര്യം ഉണ്ടാക്കിക്കൊടുക്കുന്നതു് ഉത്തമമായ ഒരു മാർഗ്ഗമാണെന്നു മാത്രമല്ല അതു പ്രായോഗികമായി ശരിയാണെന്നുമാണു എൻെറ അഭിപ്രായം. നേരെ മറിച്ച് ഇവരണ്ടും രണ്ടാക്കി രണ്ടു പേരുടെ കീഴിൽ വച്ചാൽ അതുകൊണ്ടു കൂടുതൽ പണച്ചിലവും കഷ്ടനഷ്ടങ്ങളും ഉണ്ടാകുന്നതിന് ഇടയുണ്ട്. ഇന്ന് സാമ്പത്തികാധഃപതനമാണ്.

[Mr. N. Velu Achari.]

ഈ രാജ്യത്തിന്റെ മുതലിൽ നാലിലൊന്നോ മൂന്നിലൊന്നോ ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിനായി ചെലവാക്കുന്നു എന്നു മുറവിളികൂട്ടിക്കൊണ്ടിരിക്കുമ്പോൾ ഇനിയും പ്രത്യേകം പ്രത്യേകം ഡിപ്പാർട്ടുമെന്റിനു പ്രത്യേകം പ്രത്യേകം ഉദ്യോഗസ്ഥന്മാരെ നിയമിച്ച് കൂടുതൽ ധനവ്യയം ഉണ്ടാക്കുന്നതു് ഒരിക്കലും ആശാസ്യമായിരിക്കയില്ല. ഇതിന്റെ അധികാരം അദ്ദേഹത്തിൽത്തന്നെ നിക്ഷിപ്തമായിരിക്കുന്നതു് ഏററവും ഉചിതമായിരിക്കുമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ എതൃക്കുന്നു. ഇന്നത്തെ കമ്മീഷണർ അവർകൾ സമർത്ഥനും പല ഡിപ്പാർട്ടുമെന്റുകളിലും ഇരുന്നു് നല്ല പരിചയം സിദ്ധിച്ചിട്ടുള്ള ആളും ആയതുകൊണ്ടു അദ്ദേഹത്തിന്റെ സഹായത്തോടുകൂടി അദ്ദേഹത്തിന്റെ സിൽബന്ധികൾ ഈ സംഗതികളെല്ലാം ഭംഗിയായി നടത്തുമെന്നു് നമുക്കു വിശ്വസിക്കാമെന്നുള്ളതാണെന്നു ഞാൻ വിചാരിക്കുന്നു. അതുകൊണ്ടു ഞാൻ ഈ പ്രമേയത്തെ ബലമായി എതിർക്കുന്നു.

MR. C. JEBAMONY NADAR: Sir, I oppose the motion because I am not convinced of the reasonableness of the same. The intention of the mover as made clear from the statement in the motion sheet is "to discuss the desirability of relieving the Land Revenue and Income Tax Commissioner of his duties as the Registrar of Co-operative Societies so as to make his travelling more beneficial to the tax-payers in the State." From that, does it mean that if the officer is relieved of his duties as the Registrar of Co-operative Societies he would do more travelling? Is it the meaning of the statement that we want to relieve him of his travel? I do not see any point in that. He has got the powers of the Land Revenue Commissioner, the Income Tax Commissioner and the Registrar of Co-operative Societies and when he comes to a place, he cannot say "I have come to the place only as the Land Revenue Commissioner" nor could he say "I have come to the place only as the Registrar of Co-operative Societies." When he goes to a particular place, he could attend to all his three functions. But if, some other officer is appointed as the Registrar of Co-operative Societies it would mean that travelling allowance batta and all those will have to be paid to that officer separately. Suppose the Land Revenue and Income Tax Commissioner goes to a particular place on a particular day and the Registrar of Co-operative Societies also goes to the same place on that day that means so much more batta and travelling allowance.

Secondly, I do not know how far the head of a department is a travelling officer. There are ever so many subordinates under him who do the travelling. I think that the functions of the head of the department consist in laying down the policy of that department and in controlling the various activities of that department.

I should also think that in a debate like this personal considerations do not arise. If any principle is sought to be made out by this token cut, it makes no difference who the present incumbent is. We have to consider the question apart from person of the present officer.

So, for these reasons and in view of the statement made by the Dewan-President of the present defunct nature of the Co-operative Department, I oppose the motion.

MR. K. P. KOCHUKORA THARAKAN: ആദ്യകാലംമുതൽതന്നെ ഇവിടത്തെ പരസ്പരസഹായഡിപ്പാർട്ടുമെൻറ് ആവശ്യമില്ലാതെ വച്ചുകൊണ്ടിരിക്കുകയായിരുന്നു. അതിനു ശേഷം ഈ ഡിപ്പാർട്ടുമെൻറിനെ ഇങ്ങിനെ വച്ചുകൊണ്ടിരിക്കുന്നതു് ശരിയല്ലെന്നുകണ്ടിട്ടാണ് മി. ഗോവിന്ദപ്പിള്ളയെ സ്പെഷ്യലായി ട്രെയിനിംഗ് ചെയ്യിച്ചു വരുത്തി ഇതിൻെറ മേലദ്ധ്യക്ഷനാക്കിയതു്. എന്നിട്ടും നിഷ്ഫലമാണെന്നാണ് കണ്ടതു്. എങ്കിലും ഡിപ്പാർട്ടുമെൻറ് ഉണ്ടാക്കിയസ്ഥിതിക്കു് അതിനെ പെട്ടെന്നു കളയണ്ടാ. അവസാനത്തിൽ കളഞ്ഞുകൊള്ളാമെന്നു് നിശ്ചയിച്ചിരുന്നു. അതിലേക്കു വേണ്ടി നിയമിച്ചിരുന്ന ഉദ്യോഗസ്ഥനെ കളയേണ്ടകാലം അതിക്രമിച്ചിരുന്നു. പല സൊസൈററികളിലെ പ്രസിഡണ്ടന്മാരും സിക്രട്ടറിമാരും സാധുക്കളായ കൃഷിക്കാരെ ചൂഷണം ചെയ്താണ് ജീവിച്ചുവരുന്നതു്. മുമ്പു് പ്രത്യേകം ഉദ്യോഗസ്ഥനെ വരുത്തി ഈ ഡിപ്പാർട്ടുമെൻറിലേക്കു് ലയിപ്പിക്കുകയാണ് ചെയ്തിട്ടുള്ളതു്. എന്നാൽ ആ ഭാഗം ഗവണ്മെൻറ് പരസ്യമായി സമ്മതിക്കുകയില്ല. തിരുവിതാംകൂറിൽ ഇതിലേക്കു് പ്രത്യേക ഒരു ഉദ്യോഗസ്ഥൻ ആവശ്യമില്ല. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷനോ ജായിൻറുസ്റ്റാക്കു് രജിസ്ട്രാക്കോ ലാൻറ് റവന്യൂ ഡിപ്പാർട്ടുമെൻറിനോ ഈ ഡിപ്പാർട്ടുമെൻറിൻെറ മേലധികാരം വിട്ടുകൊടുത്താൽ തരക്കേടില്ല. ഇതിലേക്കു് പ്രത്യേകമായി ആരും വേണ്ടെന്നുള്ളതു് മി. ഗോവിന്ദപ്പിള്ളയുടെ ഭരണത്തിനു ശേഷം വെളിപ്പെടുത്തിയിട്ടുള്ളതാണ്. അതുകൊണ്ടു് ഈ ഉപക്ഷേപത്തെ ഞാൻ ശക്തിയായി എതിർക്കുന്നു.

MR. J. E. A. PEREIRA: Sir, on the reasons adduced for the separation of the Co-operative Department one would have naturally to accept the motion, but when my friend, Mr. Sivathanu Pillai questioned the mover as to the cause, the mover said, there was a dispute between the Government and one Mr. X.

PRESIDENT: No, No. The Honourable Member who moved the cut motion said that in addition to his duties, as the Land Revenue Commissioner and the Registrar of Co-operative Societies, certain other duties have been handed over to the Land Revenue Commissioner and he deprecated the multiplication of functions to one individual.

MR. J. E, A. PEREIRA: I distinctly remember the mover saying there is a dispute between the Government and one Mr. X and the matter has been referred to arbitration by the Land Revenue Commissioner and the inference I got, Sir, is the present incumbent may not be able to do it.

MR. PULIYOOR T. P. VELAYUDHAN PILLAI: On a word of personal explanation. That was not my object.

MR. J. E. A. PEREIRA: It has been said that the present incumbent of the Co-operative Department does not possess knowledge of law. I don't think this argument is sustainable because questions of law arise in every Department and the Head of the Department may make a reference to the Crown lawyers, when occasion demands.

MR. PULIYOOR T. P. VELAYUDHAN PILLAI: When a case is argued before Land Revenue Commissioner, does the Member suggest that he must immediately refer the matter to the Advocate-General?

MR. J. E. A. PEREIRA: I was only referring to him as the Director of Co-operative Department. Therefore, that does not arise. By a seemingly innocuous cut motion, I honestly feel, Sir, that an unwarranted and unjustifiable attack has been made on the capacity on one of the noblest straightforward and very able officer. In my opinion, he will not only fit, but also be an ornament to any cabinet or ministry.

MR. M. RAMACHANDRA RAO: Sir, I was appointed as Land Revenue Commissioner about ten months back. It was a few days after I took charge as Land Revenue Commissioner that I was directed by Government to take charge of the Co-operative Department also. I did not feel quite sanguine about it then; but I had to obey the orders of Government. I have been working as the Registrar of Co-operative Societies for about nine months. After having worked for nine months I have come to certain conclusions which I shall place before the House. The co-operative movement is a mass movement and Government have not got to do much except by way of propaganda, guidance and supervision. Any growth and improvement has to come only from the people; Government can only help them.

Secondly, the status of the Registrar of Co-operative Societies should be not that of an officer on Rs. 300. it should be of that of a first grade officer. If you compare the status of the Registrars in other States or in the Provinces of India, you will see that only first grade officers are put in charge of the Co-operative Department. The main reason is that it is only then that that public co-operation, which is very necessary for the success of the movement, will be forthcoming.

Thirdly, the Co-operative Department does not need the help and co-operation of any other department as much as it needs the co-operation of the Land Revenue Department; in fact, there is no department which does not need the help of the Land Revenue Department. For every matter, references have to go to the Peishkar, to the Tahsildar and down to the Proverthicar. At any rate, in the case of the Co-operative Department, it can be asserted more or less that it cannot get on without the help of the Land Revenue Department.

Fourthly, Sir, in Travancore, the Co-operative Department had come to a stage when the Government had to pause in order to see how far the department had progressed. Naturally, the Land Revenue Commissioner being the officer who has most to deal with the public at large, and who has to visit every taluk and every pakuthi in the State to meet the people and to ascertain their wants in all matters connected with their welfare, was given the charge of the Co-operative Department also. I should think these were the reasons which weighed with the Government in making the present arrangement. That is my inference.

81 ***MR. KAVIYOOR K. K. KOCHUKUNJU:** Will the Government be pleased to give out a statement showing the number of application for appointments received from the candidate belonging to Varnava Community (Pathiyan, Vannan, Mannan, Chayakkaran, Pandi vannan, Ettaly, Purathon, Velan, Nariyan, Paravan), the number of applications registered in the respective divisions of the Public service in which these applications have been registered and the number of persons appointed in each of the divisions since the Public Service Commissioner began to make recruitments to the Public Service?

DR. G. D. NOKES: The labour involved in preparing the statement would be incommensurate with the possible benfits derivable therefrom

MR. KAVIYOOR K. K. KOCHUKUNJU: പബ്ളിക്കസർവീസ് കമ്മീഷണരുടെ ആഫീസിൽ അപേക്ഷകൾ ബോധിപ്പിക്കുമ്പോൾ അവരുടെ ജാതി എഴുതുക പതിവില്ലേ?

DR. G. D. NOKES: Yes.

MR. KAVIYOOR K. K. KOCHUKUNJU: ആ സ്ഥിതിക്ക് വർണ്ണവസമുദായത്തിൽനിന്നും നിയമിച്ചിട്ടുള്ളവരുടെ സംഖ്യ എത്രയാണെന്നു് പറയുവാൻ വിഷമമാണെന്നു് പറയാനുള്ള കാരണമെന്താണ്?

DR. G. D. NOKES: Because, for Public Service Recruitment there are 15 recognised communities. If a candidate is a member of one of the sub-divisions of the Varnava community he should write in his application "Other Hindu."

Persons appointed on the recommendation of the Public Service Commissioner.

82 ***MR. THARIATHU KUNJITHOMMEN** (*Muvattupuzha cum Devicolam*): Will the Government be pleased to lay on the table a statement, by caste, showing the number of persons now in service, who were appointed on the recommendation of the Public Service Commissioner during the last twelve months?

MR. M. K. NILAKANTA AIYAR (*Chief Secretary to Government*) : The time and labour involved in collecting the information is out of all proportion to its possible utility.

MR. THARIATHU KUNJITHOMMEN : പബ്ളിക്കസർവീസ് കമ്മീഷണരുടെ പ്രവൃത്തികൾ കാര്യക്ഷമമായിരിക്കുന്നുണ്ടോ എന്നും അദ്ദേഹം ശുപാർശചെയ്തയയ്ക്കുന്ന ആളുകളെല്ലാം ഇപ്പോഴും സർവീസിൽ ഇരിക്കുന്നുണ്ടോയെന്നും മനസ്സിലാക്കുന്നതിനായി അതിനെപ്പററിയുള്ള പട്ടികകൾ ആവശ്യപ്പെടുമ്പോൾ സമയനഷ്ടമാണ് എന്നും മററും പറഞ്ഞാൽ എങ്ങിനെയാണ് ആ വിവരങ്ങൾ മനസ്സിലാക്കേണ്ടതു ?

MR. M. K. NILAKANTA AIYAR : ഈവക നിയമനക്കാര്യങ്ങളെപ്പററി മൂന്നുകൊല്ലത്തിലൊരിക്കൽ റിവ്യൂചെയ്യുന്നതാണെന്ന് ഞാൻ കഴിഞ്ഞ അസംബ്ളിയിൽ പറഞ്ഞിട്ടുണ്ട്. ആ മൂന്നു കൊല്ലം ഇപ്പോൾ കഴിയാറായിരിക്കുന്നു. പബ്ളിക്കസർവീസ് കമ്മീഷണരുടെ നിയമനങ്ങളേയും മററു നിയമനങ്ങളേയും വേണ്ടവിധത്തിൽ പര്യാലോചിച്ച് ഉടൻതന്നെ റിവ്യൂ ചെയ്യുന്നതാണ്.

MR. THARIATHU KUNJITHOMMEN : ഈവക നിയമനങ്ങളുടെ പട്ടിക തയാറാക്കുന്നതു് വലിയ സമയനഷ്ടമുണ്ടാക്കുന്നതാണ്. ൭൫൦൦ പേരുള്ളതിൽ എത്ര സിറിയൻ കത്തോലിക്കർ ഉണ്ടെന്നു പറയാൻ കഴിയുമോ ?

MR. M. K. NILAKANTA AIYAR : അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

MR. THARIATHU KUNJITHOMMEN : ഉദ്യോഗത്തിൽ ഇപ്പോൾ ആരുമില്ലാതിരിക്കെ റക്കമെൻറു ചെയ്തയച്ചിട്ടുണ്ടെന്ന് ലിസ്റ്റിൽ കാണുന്നു. എത്രയാണെന്ന് ശരിയായി പറയാൻ പാടില്ലേ ?

MR. M. K. NILAKANTA AIYAR : ൭൫൦൦ പേരുള്ളതിൽ കത്തോലിക്കർ എത്രപേരുണ്ടെന്നുള്ള വിവരം വേണമെങ്കിൽ അതിലേക്ക് ഒരു സ്റ്റേററുമെൻറ് തയാറാക്കിത്തരാം.

MR. THARIATHU KUNJITHOMMEN : പട്ടിക തയാറാക്കുമ്പോൾ ഇപ്പോൾ സർവീസിൽ എത്രപേർ ഇരിക്കുന്നുണ്ടെന്നുള്ള വിവരവുംകൂടി കാണിച്ചിരുന്നു എന്നു വരികിൽ അതിനെപ്പററി വീണ്ടും ചോദ്യം ചോദിച്ച് സമയം നഷ്ടപ്പെടുത്തേണ്ട ആവശ്യം വരുകയില്ലായിരുന്നു. അതുകൊണ്ട് ദയവുചെയ്ത് മൂന്നുമാസത്തിലൊരിക്കൽ ഉദ്യോഗത്തിലിരിക്കുന്നവരുടെ ഒരു പട്ടികകൂടി പ്രസിദ്ധപ്പെടുത്താൻ ദയവുണ്ടാകുമോ ?

MR. M. K. NILAKANTA AIYAR : റിവ്യൂ ചെയ്യുമ്പോൾ അതിനെപ്പററിയും ഗൌനിക്കുന്നതാണു. ഇപ്പോൾ നിയമിച്ചിട്ടുള്ളവരുടെ പട്ടിക

പബ്ളിക്കസവ്വീസ് കമ്മീഷണരുടെ ആഫീസിൽ ഉണ്ടു്. നിയമിച്ചിട്ടുള്ളവരിൽ വേലവിട്ടു പോകുന്നവരുടെ വിവരം കൂടി രജിസ്റ്ററിൽ ചേർക്കുന്നതിനെപ്പററി ഇപ്പോൾ എഴുത്തുകുത്തുകൾ നടക്കുകയാണു്.

MR. PADIYARA JOSEPH KUNJU : പബ്ളിക്കസവ്വീസ് കമ്മീഷണർക്കു് ശുപാർശചെയ്തയയ്ക്കാൻ അല്ലാതെ സ്ഥിരപ്പെടുത്താൻ അധികാരമുണ്ടോ?

MR. M. K. NILAKANTA AIYAR : ഇല്ല.

MR. PADIYARA JOSEPH KUNJU : ൮൦൩ പേരെ നിയമിച്ചിട്ടുള്ളതിൽ ഇപ്പോൾ എത്രപേരുണ്ടെന്നു പറയാമോ. പബ്ളിക്കസവ്വീസ് കമ്മീഷണർക്കു് സ്ഥിരപ്പെടുത്താൻ അധികാരമില്ലാത്തതുകൊണ്ടു് ആ വിവരം അദ്ദേഹത്തിനറിഞ്ഞുകൂടാ എന്നു പറയുന്നു. എന്നാൽ ആ സംഗതി ഗവമ്മെൻറിനറിയാമല്ലോ ?

MR. M. K. NILAKANTA AIYAR : പല ഡിപ്പാർട്ടുമെൻറു് മേലദ്ധ്യക്ഷന്മാരുമാണു് നിയമനം നടത്തുന്നതു്. അതുകൊണ്ടു് എത്രപേരുണ്ടെന്നുള്ള വിവരം അറിവില്ല.

MR. PADIYARA JOSEPH KUNJU : പബ്ളിക്കസവ്വീസ് കമ്മീഷണർ ശുപാർശചെയ്തയച്ച ആളുകളിൽ ഡിപ്പാർട്ടുമെൻറു് മേലദ്ധ്യക്ഷന്മാർക്കു ഇഷ്ടമുള്ളവരെ സവ്വീസിൽ വച്ചുകൊണ്ടിരിക്കയും അല്ലാത്തവരെ വിടുർത്തി അയയ്ക്കുകയും ചെയ്യുന്നു എന്നുള്ള വിവരം അറിയാമോ ?

MR. M. K. NILAKANTA AIYAR : അറിഞ്ഞുകൂടാ.

MR. PADIYARA JOSEPHKUNJU : നിയമിക്കുന്നതിനുള്ള അധികാരം പലസ്ഥലത്തും ഇരിക്കുന്നതുകൊണ്ടാണോ അതിനെപ്പററി അറിയാൻ വിഷമിക്കുന്നതു്

MR. M. K. NILAKANTA AIYAR : അതെ.

Road from Ranni to Mundakayam.

83 *MR. P. SIVARAMA PILLAI : (*Minachil* cum *Todupuzha*) : Will the Government be pleased to state :

(*a*) whether a road from Ranni to Mundakayam *via* Erumeli is under construction ;

(*b*) if so, what is the length of that road ;

(*c*) how far has the work progressed : and

(*d*) if there is any delay, what is it due to?

MR. S. SESHA AIYAR (*Deputy Chief Engineer*) : (*a*) Yes.

(*b*) 6 7/8 miles.

(*c*) The fourth section from Erumeli to the junction of Cheruvally estate is made cartable. The work is in progress.

(*d*) Opening of 350 feet in the 2nd section is delayed owing to non-acquisition of land.

Road from Erumeli temple to Manimalai River.

84. *MR. P. SIVARAMA PILLAI: Will the Government be pleased to state:

(a) whether there is a road from Erumeli temple to Manimalai river through Korathi and

(b) whether the Government is spending any amount to repair this road?

MR. S. SESHA AIYAR: (a) Yes.

(b) Yes.

MR. P. SIVARAMA PILLAI: May I know the length of this road?

MR. S. SESHA AIYAR: The road running from Erumeli Temple to Manimala River is about a mile.

MR. P. SIVARAMA PILLAI: May I know the amount spent on that-

MR. S. SESHA AIYAR: Sir, the maintenance grant is Rs. 200 per mile.

MR. P. SIVARAMA PILLAI: May I know whether it is cartable?

MR. S. SESHA AIYAR: No, Sir.

Appointments by Heads of Departments.

85. *MR. T. T. KESAVAN SASTRI: Will the Government be pleased to state whether Heads of Departments have been permitted to make appointments of not more than one month's duration?

DR. G. D. NOKES: (a) Yes.

MR. T. T. KESAVAN SASTRI: ഒരു മാസക്കാലത്തെ നിയമനത്തിനുള്ള അപേക്ഷകന്മാരുടെ പേർ പബ്ളിക്ക് സർവീസ് കമ്മീഷണരുടെ ആഫീസിൽ രജിസ്റ്റർ ചെയ്യണമെന്നുണ്ടോ?

DR. G. D. NOKES: Sir, the information is stated in the Public Service Recruitment Rules.

Statement, by caste, of certain officers in the Secretariat.

86. *MR. PADIYARA JOSEPH KUNJU: Will the Government be pleased to lay on the table a statement, by caste, of the Secretaries, Assistant Secretaries and Superintendents now in service in the Huzur Secretariat?

MR. M. K. NILAKANTA AIYAR: The *statement required is laid on the table.

MR. PADIYARA JOSEPH KUNJU: ഇത്രയും ഉദ്യോഗങ്ങൾ ഉണ്ടായിരുന്നിട്ടും ജനസംഖ്യയിലും ധനസ്ഥിതിയിലും വിദ്യാഭ്യാസത്തിലും മറ്റൊരു സമുദായത്തിന്റെയും പിന്നിലല്ലാത്ത കത്തോലിക്ക് സമുദായത്തിൽനിന്നും ഒരാളെപ്പോലും നിയമിച്ചുകാണാത്തതു എന്തുകൊണ്ടാണ്?

*Vide Appendix II. page 416.

MR. M. K. NILAKANTA AIYAR : അതിനുള്ള കാരണം പറയാൻ നിവൃത്തിയില്ല.

MR. PADIYARA JOSEPH KUNJU : അതു രഹസ്യമാണോ?

MR. M. K. NILAKANTA AIYAR : രഹസ്യമല്ല. അതിന്റെ ഹിസ്റ്റാറിക്കലായിട്ടുള്ള കാരണങ്ങളെപ്പറ്റി ഇന്നലെ പറഞ്ഞുകഴിഞ്ഞു.

MR. PADIYARA JOSEPH KUNJU : അതു് എന്താണെന്നു് പറയാമോ?

MR. M. K. NILAKANTA AIYAR : ഈ ഉദ്യോഗങ്ങളെല്ലാം പ്രമോഷൻ കൊണ്ടു വരുന്നതാണു്.

MR. PADIYARA JOSEPH KUNJU : പ്രമോഷൻ കൂടാതെ വെളിയിൽനിന്നും വല്ലവരേയും എടുത്തിട്ടുണ്ടോ?

MR. M. K. NILAKANTA AIYAR : അപൂർവ്വമായി അങ്ങിനെ ഉണ്ടായിരിക്കാം.

MR. PADIYARA JOSEPH KUNJU : അങ്ങനെ അപൂർവ്വമായി എടുത്തിട്ടുള്ളതിൽ കത്തോലിക്കരെ എടുക്കാത്തതു് എന്തുകൊണ്ടാണു്?

MR. M. K. NILAKANTA AIYAR : അതിനു് പ്രത്യേക കാരണങ്ങളൊന്നും ഇല്ല.

MR. THARIATHU KUNJITHOMMEN : അങ്ങിനെ അപൂർവ്വമായി എടുക്കുമ്പോൾ ഹജൂരിൽ പ്രാതിനിധ്യമില്ലാത്തവരെ വേണ്ടേ എടുക്കേണ്ടതു്?

MR. M. K. NILAKANTA AIYAR : ഗവണ്മെന്റിൽനിന്നും അപ്പോഴത്തെ പരിതഃസ്ഥിതികൾ ആലോചിച്ചു് ചെയ്തിട്ടുള്ളതാണു്.

MR. THARIATHU KUNJITHOMMEN : പ്രാതിനിധ്യമില്ലാത്തവരെ സംബന്ധിച്ചിടത്തോളം അതു് അനീതിയല്ലേ?

MR. M. K. NILAKANTA AIYAR : ഡയറക്ടായി റിക്രൂട്ട് ചെയ്തിട്ടുള്ളതു് പ്രധാനമല്ലാത്ത സമുദായക്കാരിൽനിന്നുമാണു്.

Statement, by caste, of the persons appointed in the Huzur Office during the last three years.

87. *MR. THARIATHU KUNJITHOMMEN Will the Government be pleased to lay on the table a statement, by caste, of the persons appointed to posts carrying a pay of above Rs. 100, in the Huzur Office during the last three years?

MR. M. K. NILAKANTA AIYAR : The required * statement is laid on the table.

MR. P. KUNJUKRISHNAN (*Quilon cum Kottarakara*) : May I know the names of the four Ezhavas given in the list?

* *Vide* Appendix III. page 417

MR. M. K. NILAKANTA AIYAR : They are Mr. C. O. Madhavan, Mr. K. N. Govindan, Mr. G. Sekharan and Mr. K. K. Madhavan.

MR. P. KUNJUKRISHNAN : May I know how many of them are now in the Secretariat ?

MR. M. K. NILAKANTA AIYAR : Only two.

MR. THARIATHU KUNJITHOMMEN : മൂന്നു വർഷത്തിനിടയ്ക്കു നടന്ന നിയമനങ്ങളിൽ നൂറു രൂപയ്ക്കു മേൽ ശമ്പളമുള്ള എത്ര സിറിയൻ കത്തോലിക്ക്സ് ഉണ്ടെന്നു പറയാമോ?

MR. M. K. NILAKANTA AIYAR : ഫയലിൽ നോക്കി പറയാം.

MR. THARIATHU KUNJITHOMMEN : നൂറു രൂപയ്ക്കുമേൽ ശമ്പളമുള്ള സിറിയൻ കത്തോലിക്കൻ ഹജ്ജൂരിൽ ആരും ഇല്ലെന്ന് മിനഞ്ഞാന്ന് ആരു പറഞ്ഞു?

MR. M. K. NILAKANTA AIYAR : ഇതു മൂന്നു വർഷത്തിനിടയ്ക്കു നടത്തിയിട്ടുള്ള നിയമനങ്ങളാണ്. ഇവരിൽ ചിലക്ക് പ്രമോഷൻ കൊടുത്തിരിക്കാം. മററു ചിലരുടെ ആക്ററിംഗ് പീര്യേഡ് തീന്നിരിക്കാം.

MR. THARIATHU KUNJITNOMMEN : ഈ ഒരു വർഗ്ഗക്കാർ മാത്രമേ അവിടെയില്ലാതുള്ളോ?

MR. M. K. NILAKANTA AIYAR : ഇപ്പോൾ അങ്ങിനെയില്ല.

MR. THARIATHU KUNJITHOMMEN : ഏതെങ്കിലും ഒരാളെ ഇനിമേലാലെങ്കിലും ഹജ്ജൂരിൽ നിയമിക്കാമോ?

MR. M. K. NILAKANTA AIYAR : ഡയറക്ററ് റിക്രൂട്ടമെൻറിനെപ്പററി ഞാൻ ഇവിടെ പറഞ്ഞുകഴിഞ്ഞു. പ്രമോഷൻ കൊടുത്തും ആക്ററിംഗ പീര്യേഡ തീന്നും ഇരിക്കുന്നതുകൊണ്ടായിരിക്കും ഇപ്പോൾ അവരിൽ ആരേയും കാണാതിരിക്കുന്നത്.

MR. THARIATHU KUNJITHOMMEN : ആരുമില്ലാത്ത സ്ഥിതിക്ക് ഒരു സിറിയൻ കത്തോലിക്കനെയെങ്കിലും നിയമിക്കരുതോ?

MR. M. K. NILAKANTA AIYAR : അതു മേലാലുള്ള ഒരു പോളിസിമാത്രമാണ്.

MR. PADIYARA JOSEPH KUNJU : ഈഴവർ ൪ പേരുടെ പേര് നിശ്ചയമുണ്ടായിരിക്കെ കത്തോലിക്കരുടെ പേരു നിശ്ചയമില്ലാത്തതിന് കാരണമെന്താണ്?

MR. M. K. NILAKANTA AIYAR : ഇന്നലെ ഒരു ചോദ്യത്തിനു ൧൦൦ രൂപയ്ക്കുമേൽ ഈഴവരിൽ ഒരാളുണ്ടെന്നു മറുപടിപറഞ്ഞു. ഇന്നത്തെ ചോദ്യത്തിനു പട്ടിക വന്നപ്പോൾ നാലുപേർ ഉണ്ടെന്നു കണ്ടു. പട്ടിക തെററായിരിക്കുമെന്നു സംശയിച്ചു പേരുകൾ ഗൌനിച്ചതാണ്.

MR. K. P. KOCHUKORA THARAKAN (*Kunnatnad cum Parur*) : ൩ കൊല്ലത്തിനുമുമ്പ് നടത്തിയ നിയമനങ്ങൾ പ്രാതിനിദ്ധ്യമുള്ളവൎക്കു കൂടുതലും പ്രാതിനിദ്ധ്യമില്ലാത്തവൎക്ക് കുറവുമായിട്ടല്ലെ നടത്തിയിട്ടുള്ളത്?

MR. M. K. NILAKANTA AIYAR : ൧൦൦ രൂപയ്ക്കുമേൽ ശമ്പളമുള്ളവരെ പ്രമോഷൻ കൊടുത്തിട്ടാണ് നിയമിക്കുന്നതു്.

Under-graduate clerks and peons in the Huzur Secretariat.

88. * MR. T. T. KESAVAN SASTRI : Will the Government be pleased to lay on the table a statement, by caste, of the Under graduate clerks and peons in the Huzur Secretariat?

MR. M. K. NILAKANTA AIYAR : The statement is laid on the table.

MR. T. T. KESAVAN SASTRI : അണ്ടർഗ്രാഡ്വേററ് ക്ലാൎക്കിന്റെ ആക്റ്റിംഗ് ഒഴിവിൽ പുലയരോ ചേരമരോ വല്ലവരും ആക്റ്റു ചെയ്തിട്ടുണ്ടോ ?

MR. M. K. NILAKANTA AIYAR : ഇല്ല

MR. T. T. KESAVAN SASTRI : അങ്ങിനെ വല്ലവരും ഉണ്ടോ എന്നന്വേഷിക്കാമോ ?

MR. M. K. NILAKANTA AIYAR : അന്വേഷിക്കാം.

MR. T. T. KESAVAN SASTRI : അന്വേഷണത്തിൽ വല്ലവരും ഉണ്ടെന്നു കാണുന്നു എങ്കിൽ അവരെ സ്ഥിരപ്പെടുത്താൻ ദയവുണ്ടാകുമോ ?

MR. M. K. NILAKANTA AIYAR : അതു് മേലാലുള്ള ഒരു നടപടിയാണു്.

MR. N. VELU ACHARI (*Nominated*) : അണ്ടർഗ്രാഡ്വേററു ക്ലാൎക്കന്മാരുടെ കൂട്ടത്തിൽ വിശ്വകൎമ്മ സമുദായത്തിൽനിന്നു ആരെയും കാണുന്നില്ല. അതിനു കാരണമെന്താണ് ?

MR. M. K. NILAKANTA AIYAR : കമ്മാളസമുദായത്തിലുള്ള ഒന്നു രണ്ടു പേൎക്കു തൽക്കാലം ആക്റ്റിംഗ് കൊടുത്തിട്ടുണ്ട്.

MR. TARIATHU KUNJITHOMMAN : ൧൭൦ അണ്ടർഗ്രാഡ്വേററു ക്ലാൎക്കന്മാരുടെ ലിസ്റ്റിലുള്ളതിൽ ഒരു സിറിയൻ കത്തോലിക്കനേ ഉള്ളു എന്നു പറയുന്നു. അദ്ദേഹത്തിന്റെ പേരെന്തെന്നു പറയാമോ ?

MR. M. K. NILAKANTA AIYAR : ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

*Vide Appendix—IV. page 417

MR. TARIATHU KUNJITHOMMAN : ക്ലാക്കന്മാരുടെ കൂട്ടത്തിലല്ല പ്യൂൺസിന്റെ കൂട്ടത്തിലും ആരുമില്ലെന്നാണ് എന്റെ അറിവ്.

MR. M. K. NILAKNNTA AIYAR : അതിനെപ്പററി സാവകാശമായി ലിസ്ററു നോക്കി പറയാം.

MR. P. S. MAHOMED ; മുസ്ലീം സമുദായത്തിൽനിന്നും ഈ ലിസ്റ്റിൽ ആരേയും കാണുന്നില്ല. അത് അവരുടെയിടയിൽ അണ്ടർഗ്രാഡ്വേററ്സ് ഇല്ലാത്തതുകൊണ്ടാണോ ?

MR. M. K. NILAKANTA AIYAR : അതിനെപ്പററിയും ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

MR. N. VELU ACHARI : അക്റ്റിംഗായിട്ട് ഒരാൾ മാത്രമേയുള്ളു. എന്നാൽ രണ്ടു മൂന്നു പേർ ഉണ്ടെന്നു പറയുന്നു. അങ്ങിനെയുണ്ടെങ്കിൽ അവർ ആരെല്ലാമെന്നു പറയാമോ ?

MR. M. K. NILAKANTA AIYAR : ഒന്നു രണ്ടു പേരെ നിയമിച്ചിട്ടുണ്ടായിരുന്നു. അവരുടെ അക്റ്റിംഗ് പിരിയേഡ് വിട്ടുപോയിരിക്കാം.

Re-lining the big Tunnel at Varkala.

89. ***MR. VARKALA K. MADHAVAN** (*Chirayinkil* cum *Nedumangad*): Will the Government be pleased to state:

(*a*) when the work of re-lining the big tunnel at Varkala was started; and

(*b*) when it will be completed?

MR. S SESHA AIYAR: (*a*) In the year 1109 M. E.

(*b*) It is expected to be completed by the end of 1119 M. E.

MR. VARKALA K. MADHAVAN: May I know the reason for the great delay incompleting the work?

MR. S. SESHA AIYAR: There has been no delay, according to our programme

MR. KANNANTHODATHU JANARDHANAN NAIR (*Karunagapally* cum *Kartigapally*): What was the reason that led to the relining?

MR. S. SESHA AIYAR: The original lining got damaged, and had to be redone.

MR. KANNANTHODATHU JANARDHANAN NAIR: May I know whether the whole of the tunnel is being relined now?

MR. S. SESHA AIYAR: No, only portions where the lining was damaged had to be redone.

Appointments to the Backward communities.

90. ***MR. T. T. KESAVAN SASTRI**: Will the Government be pleased to state whether the Public Service Commissioner has given any appointments to any member of the communities such as Vedan, Kanikar or Mala-Arayan who are backward among the Backward communities, and, if so, to whom and what appointment?

DR. G. D. NOKES: No separate statistics are available for the communities referred to.

MR. T. T. KESAVAN SASTRI: പിന്നോക്കസമുദായങ്ങളിൽപ്പെട്ട വേടർ മുതലായ ആളുകളുടെ കാര്യത്തെപ്പററി പബ്ലിക്ക സർവീസ് കമ്മീഷണർ ശ്രദ്ധിക്കുമോ ?

DR. G. D. NOKES: The very backward sub-communities referred to by the member are included under "Other Hindus" and in some of the sub-divisions of Christians. Among sub-communities, preference cannot be given on the ground of relative backwardness.

MR. N. VELU ACHARI: ഏതു സംഗതിയെമാനദണ്ഡമാക്കിയാണ് ബാക്ക്വേഡ് കമ്മ്യൂനിററി എന്ന് വിഭജിച്ചിരിക്കുന്നത് ?

DR. G. D. NOKES: The percentage of literacy.

Appointments made by the Public Service Commissioner.

91. *MR. D. FRANCIS (*Kalkulam* cum *Vilavankod*): Will the Government be pleased to lay on the table statement by caste showing the total number of appointments made by the Public Service Commissioner with names, pay and the date of appointment from the beginning of the department till 1-11-1114, including peons who are receiving a pay of Rs. 7 and above?

DR. G. D. NOKES: The labour involved in collecting the information would be incommensurate with the possible benefits derivable therefrom.

MR. D. FRANCIS: பட்டிகை தராவிட்டால் எங்களுக்கு எப்படி விவரம் தெரிந்துகொள்ள முடியும்.

DR. G. D. NOKES: I am afraid the honourable member cannot get the information now.

SHORT NOTICE QUESTION.

Resolutions in the S. N. D. P. Yogam at Ezhukone.

*MR. KAINIKKARA M. PADMANABHA PILLAI (*Changanachery* cum *Peermade*): Will the Government be pleased to state:

(*a*) whether any assurance has been given to Mr. N. Kumaran, retired High Court Judge, or any other person that in case the S. N. D. P. Yogam passed a ressolution dissociating themselves from the Travancore State Congress, Government will extend to Ezhavas also the special protection now provided for minorities like the Muslims and Latin Catholics in the change recently made in the voting system; and

(*b*) if the answer to part (*a*) is in the negative, whether they will be pleased to repudiate the assertions made by Mr. N. Kumaran in his speech at the S. N. D. P. Union Conference held at Ezhukone on 7-12-1114 that Sir C. P. Ramaswamy Aiyar and the Government of His Highness the Maharaja will extend the special protection as stated in (*a*)?

MR. M. K. NILAKANTA AIYAR: (*a*) No such assurance has been given.

(*b*) In view of the answer to part (*a*), this does not arise.

Appendix I.

Vide Answer to Question No. 78 [281]

Statement showing the recruitments advised by the Public Service Commissioner from the 1st Chingom 1114 up to the end of Edavom 1114.

	Intermediate Division.	*Lower Division.*	*Tota*
Brahmin	31	5	36
Nayar	86	73	159
Kammala	8	35	43
Nadar	3	30	33
Ezhava	28	77	105
Pulaya	1	16	17
Other Hindu	22	49	71
Muslim	10	28	38
Jacobite	18	33	51
Marthomite	24	17	41
Syriac Catholic	16	49	65
Latin Catholic	14	41	55
S. I. U. C.	25	20	45
Other Christian	20	24	44
Total	306	497	803

Appendix II.

Vide Answer to Question No. 86 [673].

Statement, by caste, of the Secretaries, Assistant Secretaries and Superintendents, in the Secretariat including Central Records.

	Secretaries.		*Assistant Secretaries.*		*Superintendents.*	
	Permanent.	*Acting.*	*Permanent.*	*Acting.*	*Permanent.*	*Acting.*
Hindu:						
Brahmin	...	...	0	1	1	1
Nair	2	1	1	1	4	1
Other Hindu	...	...	...	...	...	1
Muslim:	...	...	1	...	...	...
Christian:						
S. I. U. C.	...	...	1	...	...	1

Appendix III.

Vide **Answer to Question No. 87 [12].**

Statement, by caste, of the persons appointed in the Huzur Office during the last three years to posts carrying a pay of above Rs. 100.

Hindu:	
Brahmin	7
Nair	13
Other Hindu	3
Ezhava	4
Muslim:	1
Christian:	
Jacobite	1
Syrian Catholic	2
S. I. U. C.	2

Appendix IV.

Vide **Answer to Question. No. 88 [315]**

Statement by caste, under-graduate clerks and peons in the Huzur Secretariat.

	Under-graduate clerks.		*Peons.*	
	Permanent.	*Acting.*	*Permanent.*	*Acting.*
Hindu:				
Brahmin	15	1	7	
Nair	22	2	58	2
Other Hindus	10	1	2	2
Ezhava	4	1	2	1
Cheramar	...	...	...	1
Kammala	...	...	...	1
Muslim:	...	..	1	1
Christian:				
Jacobite	2	1	1	...
Marthomite	2	...	...	...
Syrian Catholic	...	...	1	...
Other Christian	2	1	7	...

MR. KAINIKKARA M. PADMAMABHA PILLAI: Sir, over 700 questions have been sent up by different members. We are spending only 20 or 25 minutes every day for questions and answers. I would therefore request you, Sir, to issue instructions to the Legislative Department to include more questions and answers in the agenda from tomorrow onwards.

PRESIDENT: I may assure hon'ble members that the answering of questions is being expedited. I shall bear in mind what has fallen from the non-official benches. I have given instructions to the Secretary to include more questions and answers, if possible from tomorrow.

DEMANDS FOR GRANTS—(*Contd*).

DEMAND IV—EDUCATION—(*Contd*).

MR. P. NARAYANA PILLAI (*Mavelikara* cum *Kunnattur*): Sir, at this time of economic depression it has become very difficult for the people to pay the present high rates of fees. The present rates are so high that it is beyond the scope of ordinary people to bear the expenses of education. It should be the concern of the Government to afford ample facilities to all classes of His Highness's subjects, in the matter of education. Except very few individuals, there are no people who do not feel the strain of sending their children to schools and colleges. Unless substantial reduction is made in school fees, a number of students who are desirous of prosecuting their studies will have to discontinue their studies. Even now there are many who do not send their children to the schools on this ground. That is certainly inconsistent with the policy of Government in the matter of education.

Sir, it may be that Government may lose some money if they reduce the fees; but that loss, then should be prepared to incur for the general welfare of the people. The difficulty experienced by the people can be seen from the abnormal increase in the number of fee concession applications in recent years. Considering the present rate of fees, and the general depression, I should think that a reduction of school fees by fifty per cent would not be an unreasonable demand.

MR. N. JOHN JOSEPH (*Nominated*): സർ, ഞാൻ ഈ ഉപക്ഷേപത്തെ ഹാർദ്ദവുമായി പിൻതാങ്ങുന്നു. ധനസ്ഥിതിയുള്ള സമുദായക്കാർ തന്നെ ഫീസിൽ ൫൦ ശതമാനം കുറയ്ക്കണമെന്നു ഗവണ്മെൻറിനെ ഉൽബോധിപ്പിക്കുമ്പോൾ അവശസമുദായക്കാരുടെ കാര്യം എത്രത്തോളം പരിതാപകരമാണെന്നു ഗവണ്മെൻറു നല്ലവണ്ണം ചിന്തിക്കേണ്ടതാണ്. ൧൦൮ മുതൽക്കാണ് സാമ്പത്തികാധഃപതനം രാജ്യത്തു പരക്കെ ബാധിച്ചത്. അതിന് ഇതുവരെയും ഒരു ശമനം ഉണ്ടായിട്ടില്ല. അവശസമുദായക്കാരെക്കുറിച്ചാണെങ്കിൽ ഗവണ്മെൻറ് ഇതിനുമുമ്പുതന്നെ ഫീസ്

സൌജന്യം ഏർപ്പെടുത്തി. അവരുടെ വിദ്യാഭ്യാസവിഷയത്തിൽ സഹായിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ളതിൽ പക്ഷാന്തരമില്ല. അതിലേക്ക് അവർ ആകമാനം ഏററവും നന്ദിയുള്ളവരും രാജഭക്തരും ഗവൺമെൻറിൻെറ പേരിൽ വിശ്വാസമുള്ളവരും ആണെന്നു ഞാൻ ഗവൺമെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

അവശസമുദായക്കാരുടെ ഫീസ് വിഷയത്തിൽ ഗവൺമെൻറുചെയ്യുന്ന നന്മയെ വർണ്ണിക്കത്തക്ക വണ്ണമുള്ള നാവ് എനിക്കില്ല. അത്രത്തോളം വലുതായ സഹായങ്ങളാണ് ഗവൺമെൻറ് ചെയ്യുന്നതെന്നു പറയാതെ തരമില്ല. ക്രിസ്ത്യാനി മിഷനറിമാർ ഈ നാട്ടിൽ വന്നു പല വിദ്യാലയങ്ങളും ഏർപ്പെടുത്തുകയും അവശസമുദായക്കാരെ, ക്രിസ്തുമാർഗ്ഗം സ്വീകരിച്ചവരെയും അല്ലാത്തവരെയും, മററു ഉയന്ന സമുദായക്കാരെയും വിദ്യാഭ്യാസവിഷയത്തിൽ സഹായിക്കയും ഇന്നും സഹായിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു. എന്നുള്ള സംഗതി എല്ലാവക്കും അറിയാവുന്നതാണ്. ക്രിസ്ത്യാനി മിഷനറിമാരുടെ വിദ്യാഭ്യാസപരമായ പ്രവൎത്തനത്തിൽ ഏതെങ്കിലും വിധേയമാകാത്ത അവശസമുദായക്കാർ എന്നല്ല ഉയന്ന സമുദായക്കാർപോലും ഇൻഡ്യയിൽതന്നെയുണ്ടോ എന്നു സംശയമാണ്. അവശസമുദായക്കാരുടെ ഇന്നത്തെ സാക്ഷരത്വം ഫീസ് വർദ്ധിപ്പിക്കത്തക്കവണ്ണമുള്ള സാക്ഷരത്വത്തോടടുത്തല്ല. നിൽക്കുന്നത്.

PRESIDENT: Will the Director of Public Instruction inform the House as to what is now being done, in the matter of school fees, for children belonging to the backward communities?

MR. A. GOPALA MENON (*Director of Public Instruction*): Sir, backward communities are divided into two classes, A and B; full fee concession is allowed in regard to class A, and half fee concession to class B. In class A, the pupils are eligible to enjoy the benefit for two years in the same class; in other words, even if the pupil fails once, he will continue to get the concession. In the Middle School and High School classes, they can fail once in the former and once in the latter, without prejudice to the concession.

PRESIDENT: How do our rates of school fees compare with those in British India and in Cochin?

MR. A. GOPALA MENON In British India, for the High School classes, the rate is the same Rs. 42 per annum only it is Sirkar rupees here. while it is B. Rs there. In the first form, they charge British rupees 18 while here we charge S. Rs. 24 per annum. In the second and third forms, they charge B. Rs. 30 per annum, while we charge only S. Rs. 24 per annum.

[A. Gopala Menon]

In Cochin, they charge fees for the primary classes also, 4 annas for the I class, 6 annas for the II class, 9 annas for the III class and 12 annas for the IV class. For the Preparatory class they charge B. Rs. 18. For the higher classes, the rates are the same as the rates here. Their rates are in British Rupees.

MR. JOHN JOSEPH: അവശസമുദായ ക്രിസ്ത്യാനികളുടെ കാര്യമാണ് ഇനി എനിക്ക് ഇവിടെ പറയുവാനുള്ളതു്. ഫീസ് വർദ്ധിപ്പിക്കത്തക്കവണ്ണം ഗവണ്മെൻറു സ്വീകരിച്ചിരിക്കുന്ന സാക്ഷരത്വത്തിൻെറ തോതു് അവശസമുദായ ക്രിസ്ത്യാനികൾക്കു് ഒട്ടുമില്ലെന്നു ഗവണ്മെൻറു ദയവായി ധരിക്കണം. എഴുതാനും വായിക്കാനും അറിയാവുന്നവർ സമുദായത്തിൽ ഏതാനുംപേർ ഉണ്ടെങ്കിലും ആ സാക്ഷരത്വത്തെ വച്ചുകൊണ്ടു് അവരുടെ ഫീസ് വർദ്ധിപ്പിച്ചിരിക്കുന്നതു് സങ്കടകരമാണ്. അവശസമുദായ ക്രിസ്ത്യാനികൾക്കു ഭൂസ്വത്തില്ല, വോട്ടവകാശമില്ല. കൈവിരലിൽ എണ്ണത്തക്കവണ്ണം ഏതാനും ചിലക്കു ഉദ്യോഗമുണ്ടെന്നു സമ്മതിക്കാം. എന്നാൽ അവക്കു കിട്ടുന്ന തുച്ഛമായ ശമ്പളത്തിൽനിന്നും മിച്ചംഉണ്ടാക്കി കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കത്തക്കവണ്ണമുള്ള ഉദ്യോഗങ്ങളൊന്നും അവക്കില്ല. നാട്ടിൽ പരക്കെ പരന്നുകിടക്കുന്ന സാമ്പത്തികാധഃപതനംകൊണ്ടു് എല്ലാവരും കഷ്ടപ്പെടുമ്പോൾ, ഉൽപ്പന്നങ്ങൾ ഉണ്ടാക്കാൻ ഭൂസ്വത്തില്ലാത്തവരും വ്യവസായത്തിൽ ഏർപ്പെട്ടു ആദായമില്ലാത്തവരും ആയ അധഃകൃത ക്രിസ്ത്യാനികളുടെ വിഷമം എത്രമാത്രമുണ്ടെന്നു ഞാൻ ഇവിടെ എടുത്തുപറയേണ്ട ആവശ്യമില്ല. ഫീസ് കൊടുക്കാൻ നിവൃത്തിയില്ലാതെ അനേകം വിദ്യാർത്ഥികൾ പള്ളിക്കൂടം വിട്ടു പോകുന്നുണ്ടു്. ഇങ്ങനെ അവശസമുദായ ക്രിസ്ത്യാനികൾ പള്ളിക്കൂടം വിട്ടിറങ്ങിപ്പോകുന്നപക്ഷം ഏതാനും ചില വർഷങ്ങൾക്കകം ഈ സമുദായം നിരക്ഷരകുക്ഷികളെക്കൊണ്ടു നിറഞ്ഞ ഒരു സമുദായമായി പര്യവസാനിക്കുമെന്നാണ് എനിക്കു പറയുവാനുള്ളതു്. അതുകൊണ്ടു് ഗവണ്മെൻറു ഈ കാര്യത്തെക്കുറിച്ചു് ആലോചിച്ചു് അവശസമുദായ ക്രിസ്ത്യാനികളുടെ സാക്ഷരത്വം വച്ചിരിക്കുന്ന തോതു് വ്യത്യാസപ്പെടുത്തി അവക്കും സൗജന്യം കിട്ടത്തക്കവണ്ണമാക്കി സഹായിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

രണ്ടാമതായി എനിക്കു പറയുവാനുള്ളതു് തോററുപോകുന്ന കുട്ടികളുടെ ഫീസ് സൗജന്യം എടുക്കുന്നതിനെപ്പററിയാണ്. ഇതിനുമുമ്പു് ഗവണ്മെൻറു് സൗജന്യം നൽകിക്കൊണ്ടുവന്ന ഒരു വിദ്യാർത്ഥി ഒരു ക്ലാ

സ്സിൽ രണ്ടു കൊല്ലം തോററുപോയാൽ ഫീസു കൊടുക്കണമെന്നായിരുന്നു വ്യവസ്ഥ. എന്നാൽ ഇന്നു ഒരു കൊല്ലം തോററുപോയാൽ ഫീസു് സൗജന്യം എടുത്തുകളയുമെന്നാണ് വ്യവസ്ഥ. നല്ല ആഹാരം കഴിച്ചു് സുഖസൗകര്യാദികളിൽ കഴിഞ്ഞുകൂടുന്ന ഉയന്ന സമുദായത്തിലെ കട്ടികാംതന്നെ രണ്ടും മൂന്നും വഷം തോററുപോകുമ്പോഠം ആഹാരത്തിനു നിവൃത്തിയില്ലാതെ പട്ടിണികിടക്കുന്ന അവശസമുദായക്കുട്ടികഠം ഒന്നോ രണ്ടോ കൊല്ലം തോററുപോയെങ്കിൽ അതു് അപൂവ്വമായ ഒരു സംഗതിയായി പരിഗണിക്കേണ്ടതല്ലേ. അതുകൊണ്ടു് എത്ര കൊല്ലം തോററാലും ഫീസു് സൗജന്യം എടുത്തുകളയരുതെന്നുള്ള അഭിപ്രായക്കാരനാണു ഞാൻ എങ്കിലും ഒരു കൊല്ലം ഒരു ക്ലാസ്സിൽ തോററുപോയാൽ ഫീസു് ചുമത്തുന്ന വ്യവസ്ഥ ഭേദപ്പെടുത്തണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ഇന്നത്തേപ്പോലെതന്നെ മേലും തുടന്നുപോകുന്നപക്ഷം അവശക്രസ്ത്യാനികളുടെ വിദ്യാഭ്യാസത്തിനുതന്നെ ഒരു വലിയ പ്രതിബന്ധം നേരിടുന്നതാണെന്നു ഗവണ്മെൻറിനുതന്നെ മനസ്സിലാകുന്നതാണു്. ഇവിടെയുള്ള അവശസമുദായക്കാർ വിദ്യാഭ്യാസത്തിൽ മുന്നോട്ടുവന്നാൽ അവക്കു രാഷ്ട്രീയജ്ഞാനം ഉണ്ടാകുന്നതിനും കഴിഞ്ഞകൊല്ലത്തേപ്പോലെ വിപ്ലവങ്ങഠം ഉണ്ടാകുമ്പോഠം ഞങ്ങളെപ്പോലെയുള്ളവർ അവരോടു കായ്യം പറഞ്ഞു മനസ്സിലാക്കിയാൽ അതു ശ്രദ്ധിച്ചു് രാജഭക്തിയുള്ളവരായികഴിഞ്ഞുകൂടുന്നതിനും സാധിക്കുന്നതാണു്. അതുകൊണ്ടു് അവശസമുദായക്രസ്ത്യാനികളേയും ഹിന്ദുക്കളേയും വിദ്യാഭ്യാസംചെയ്യിച്ചാൽ ഭാവിയിൽ രാജ്യത്തിനും ഗവണ്മെൻറിനും തന്നെ അതൊരു സഹായമായിരിക്കും.

ഗവണ്മെൻറു് അവശസമുദായക്കാരുടെ വിദ്യാഭ്യാസത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കയും അവശസമുദായ ക്രസ്ത്യാനികഠംക്കു് ഫീസു് ഇളച്ചുകൊടുക്കയും, രണ്ടു കൊല്ലം ഒരേ ക്ലാസ്സിൽ തോററുപോകുന്ന കുട്ടികളോടുമാത്രം ഫീസു് വാങ്ങിക്കയും ചെയ്യണമെന്നു് അഭ്യത്ഥിച്ചുകൊണ്ടു് ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

MR. KAVIYOOR K. K. KOCHUKUNJU: സർ, ഞാൻ ഈ ഉപക്ഷേപത്തെ ഹാർദ്ദമായി പിൻതാങ്ങുന്നു. ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നതു് ഈ രാജ്യത്തെ പിന്നോക്ക സമുദായങ്ങളിലെ വിദ്യാത്ഥികഠംക്കു നേരിട്ടുകൊണ്ടിരിക്കുന്ന ഭീമമായ അവശതകളെ ബഹുമാനപ്പെട്ട ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും സംപൂജ്യനായ എഡ്യൂക്കേഷൻ ഡയറക്ടരെ അനുസ്മരിപ്പിക്കുന്നതിനും കൂടിയാകുന്നു.

[Mr. Kaviyur K. K. Kochukunju.]

ഫീസ് സൗജന്യം അനുഭവിച്ചുപോരുന്ന പിന്നോക്ക സമുദായങ്ങളിലെ വിദ്യാർത്ഥികൾ ഒരു വർഷം തോററാൽ ഫീസ് മുഴുവൻ കൊടുക്കണമെന്ന വ്യവസ്ഥ നിലവിലിരിക്കുന്നിടത്തോളം കാലം അവരിൽ ഭൂരിപക്ഷം വിദ്യാർത്ഥികളും ഒന്നും അല്ലാത്ത സ്ഥാനങ്ങളിൽ വച്ചു പഠിത്തം ഹൃദയവേദനയോടുകൂടി ഉപേക്ഷിച്ച് ഒന്നിനും കൊള്ളാത്തവരായി ജീവിക്കേണ്ടിവരുമെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസവും സംസ്കാരവും ഉള്ള ഉയർന്ന സമുദായങ്ങളിൽപെട്ടവരുടെ സന്താനങ്ങളും, വിദ്യാഭ്യാസത്തിന്റെ ഗന്ധം ലവലേശം ലഭിച്ചിട്ടില്ലാത്ത പിന്നോക്ക സമുദായങ്ങളിലുള്ളവരുടെ സന്താനങ്ങളും എല്ലാക്കാലങ്ങളിലും ഒരുപോലെ വിജയികളായി ഉദ്ദിഷ്ടസ്ഥാനത്ത് എത്തി എന്നുവരുന്നതല്ല. ആഹാരസാധനങ്ങളുടെ ഗുണഗണങ്ങളെ ആശ്രയിച്ചും ബുദ്ധിശക്തിയും മനോവികാസവും പ്രബലപ്പെടുമല്ലോ. ഈ കാര്യം നോക്കിയാലും ബുദ്ധിശക്തിയും ശേഷിയും നോക്കിയാലും പിന്നോക്ക സമുദായത്തിലെ കുട്ടികൾ ഉയർന്ന സമുദായത്തിലെ കുട്ടികളെക്കാൾ അവശരാണ്. കുറഞ്ഞ വിദ്യാഭ്യാസം ആസ്പദിക്കുന്നതിനുപോലും അവർക്ക് സാഹചര്യങ്ങൾ ഇല്ലാതെയാണിരിക്കുന്നത്. വിളക്കെണ്ണയില്ല, എണ്ണയുണ്ടായിരുന്നാൽ വായിക്കാൻ പുസ്തകമില്ല, ഇങ്ങനെ അവർ വളരെ സങ്കടമനുഭവിക്കുന്നുണ്ട്. അതുകൊണ്ട് ഗവൺമെന്റ് ഇവരുടെ വിദ്യാഭ്യാസവിഷയത്തിൽ കൂടുതൽ സൗകര്യങ്ങൾ നൽകുവാൻ ദയവുണ്ടാകണം. ഒരു കൊല്ലം ഒരു ക്ലാസ്സിൽ തോററുപോയാൽ മുഴുവൻ ഫീസും കൊടുക്കണം എന്നുള്ള വ്യവസ്ഥ അവരുടെ വിദ്യാഭ്യാസപുരോഗതിയെ സാരമായി സ്പർശിക്കുന്നതാണെന്നു ഗവൺമെന്റു പ്രത്യേകം ചിന്തിക്കണം. അതുകൊണ്ട് പിന്നോക്കസമുദായക്കാരെ സംബന്ധിച്ചിടത്തോളം ഒരു കൊല്ലം തോററാൽ ഫീസ് മുഴുവൻ കൊടുക്കണമെന്നുള്ള വ്യവസ്ഥ ഭേദപ്പെടുത്തി രണ്ടു കൊല്ലം തുടർച്ചയായി ഒരു ക്ലാസ്സിൽ തോററുപോയാൽ ഫീസ് കൊടുക്കണം എന്നു കുറെക്കാലത്തേക്കെങ്കിലും വ്യവസ്ഥപ്പെടുത്തിക്കൊടുക്കുന്നതിനു ദയവുണ്ടാകണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ഈ ഘട്ടത്തിൽ ഞാൻ ഉൾപ്പെട്ട വർണ്ണവസമുദായത്തെപ്പററിക്കൂടി രണ്ടു വാക്കു ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ. വർണ്ണസമുദായത്തിലെ വിദ്യാർത്ഥികൾക്കു ഇംഗ്ലീഷു സ്കൂളുകളിൽ പകുതിയും മലയാളം സ്കൂളുകളിൽ മുഴുവനും ഫീസ് കൊടുക്കേണ്ടതായിട്ടാണിരിക്കുന്നത്. അതുതന്നെ പലവിധമായ എഴുത്തുകുത്തുകളുടെ ഫലമായി ലഭിക്കുന്നതാണ്. ഈ സൗ

ജന്ത്യം വർണ്ണവസമുദായത്തിലെ എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ ലഭിക്കുന്നുമില്ല. ഇതു ഞങ്ങളുടെ വിദ്യാഭ്യാസപുരോഗമനത്തെ നാശമായി തടസ്സപ്പെടുത്തിയിട്ടുണ്ട്. സെൻസസ്സ് റിപ്പോർട്ട വച്ചുകൊണ്ടായിരിക്കാം അവശസമുദായക്കാൎക്ക നൽകുന്ന സൗജന്യത്തിൽ ഭേദഗതി വരുത്തിയിട്ടുള്ളതു്. സെൻസസ് റിപ്പോർട്ട് എന്നുവച്ചാൽ എന്താണെന്നോ അതിന്റെ ഭാവിഗുണം എന്താണെന്നോ ചിന്തിക്കുന്നതിനു യാതൊരു കഴിവുമില്ലാത്ത വർണവ സമുദായാംഗങ്ങൾ സെൻസ് എടുക്കുന്നകാലത്തു് പറഞ്ഞുകൊടുക്കുന്ന വിവരങ്ങൾ നിമിത്തം വരുന്ന തകരാറുകൾകൊണ്ടാണ് ഈ ദോഷം സംഭവിച്ചതു്. അതിനാൽ അവരുടെ സ്ഥിതിഗതികളെപ്പറ്റി അന്വേഷിച്ച് വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതു് അധികൃതന്മാരുടെ കടമയാകുന്നു.

വർണസമുദായത്തിൽ നിന്നു കാളേജിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിപോലുമില്ലാ എന്നു പറയുമ്പോൾ ഞങ്ങളുടെ വിദ്യാഭ്യാസത്തിന്റെ നില എന്താണെന്നു ഊഹിക്കാൻ കഴിയുന്നതാണു്. നാളതുവരെയായിട്ട് ബി. എ. പാസ്സാകാൻ വർണവസമുദായത്തിൽ നിന്നും ഒരാൾക്കു മാത്രമെ കഴിഞ്ഞിട്ടുള്ളു. അയാൾക്ക ന്യായമായ പ്രോത്സാഹനം ഇല്ലതാനും. പിന്നോക്കസമുദായത്തെ ഉദ്ധരിക്കാൻ മുന്നോട്ടുവന്നിരിക്കുന്ന ബഹുമാനപ്പെട്ട ഗവണ്മെൻറും രാജ്യത്തെ പൊതുജനങ്ങളും ഞങ്ങൾക്ക വേണ്ട സഹായങ്ങൾ ചെയ്തുതരണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു.

SRIMATI T. NARAYANI AMMA (*Nominated*): Sir, the present economic depression, to put it in the words of one of the previous Financial Secretaries, is unprecedented in its extent, duration and intensity and those whom this depression has hit very hard are the poor ryots who form the bulk of the guardians of our students. Many of them find it extremely difficult to send their sons and daughters to schools. I know very many instances where even promising students had to discontinue their studies. Sir, the authorities of the various educational institutions will be able to tell us the number of instances in which there have been belated payments of fees, in most cases, out of sheer inability. I am sure the number of students in the schools and colleges will be much greater but for this economic depression. Therefore a temporary reduction by 25 % of the school fees will be a step in the right direction and it will be welcomed by all classes of people. I therefore trust that Government will find their way to grant this modest demand.

MR. TARIATHU KUNJITHOMMEN: സർ, ഞാൻ ഈ ഉപക്ഷേപത്തിന്റെ തത്വത്തോടു യോജിക്കുന്നു. ഈ ഉപക്ഷേപത്തെ ഇതേവിധത്തിൽ അനുകൂലിക്കാൻ നിവൃത്തിയില്ല. ഇവിടത്തെ വിദ്യാഭ്യാസച്ചെ

[Mr. Tariathu kunjithommen]

ലവ് അരക്കോടി രൂപവരെ വർദ്ധിച്ചിട്ടുണ്ട്. ഒരു രാജ്യത്തെ നാഗരീകത അവിടത്തെ ജനങ്ങളിൽ അക്ഷരജ്ഞാനം സിദ്ധിച്ചവരുടെ സംഖ്യയെ ആശ്രയിച്ചാണ് സാധാരണ കണക്കാക്കുന്നത്. നമ്മുടെ ഗവൺമെൻറ് പ്രാഥമിക വിദ്യാഭ്യാസം സകലർക്കും ഫീസ് കൂടാതെ സിദ്ധിക്കത്തക്കവണ്ണം വേണ്ട വ്യവസ്ഥകൾ ചെയ്തിട്ടുണ്ട് അതുകൊണ്ട് ഇൻഡ്യയിലെ മറ്റനേകം നാട്ടുരാജ്യങ്ങളെയും ബ്രിട്ടീഷ് പ്രാവിൻസുകളെയും അപേക്ഷിച്ച്, നമ്മുടെ രാജ്യം ലിറ്ററസിയിൽ ഉയർന്നുനിൽക്കുന്നു; കുറെക്കാലംകൊണ്ട് ഇനിയും ഇവിടത്തെ പ്രാഥമികവിദ്യാഭ്യാസത്തിന് കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്നതിനായി പല വിധത്തിലുള്ള ശ്രമങ്ങൾ ഇനിയും ആവശ്യമാണ്. പ്രാഥമിക വിദ്യാഭ്യാസത്തിനു ഫീസേർപ്പെടുത്തിയിട്ടില്ലെന്നു മാത്രമല്ല പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞ് ഉപരിവിദ്യാഭ്യാസത്തിനു പുറപ്പെടുന്നവർ ദരിദ്രന്മാരെന്നു കണ്ടാൽ അവർക്കു ഫീസ് സൗജന്യം അനുവദിച്ചുകൊടുക്കുകയും ചെയ്യുന്നുണ്ട്. ഓരോ സ്കൂളുകളിലും ദരിദ്രന്മാരെന്നു കാണുന്ന ഇത്ര വിദ്യാർത്ഥികൾക്കു ഫീസ് സൌജന്യം കൊടുക്കാമെന്ന് ഒരു വ്യവസ്ഥ വച്ചിട്ടുണ്ട് അതുതന്നെ വളരെ കൂടുതലാക്കേണ്ടതാണ്. എന്റെ ചില മാന്യസ്നേഹിതന്മാർ ഇവിടെ പ്രസ്താവിച്ചതുപോലെ അവശസമുദായത്തിൽപ്പെട്ടവരുടേയും മററു സമുദായത്തിൽപ്പെട്ട ദരിദ്രന്മാരുടെയും കുട്ടികൾക്കു വിദ്യാഭ്യാസം ലഭിക്കുന്നതിനു കൂടുതൽ സൗകര്യം ഉണ്ടാക്കിക്കൊടുക്കേണ്ടതു ഗവൺമെൻറിന്റെ കടമയാകുന്നു. ധനവാനേയും ദരിദ്രനേയും ഫീസ് സൌജന്യവിഷയത്തിൽ ഒന്നുപോലെ ഗണിക്കണമെന്നാണ് ഈ ഉപക്ഷേപത്തിൽനിന്നും വെളിവാകുന്നത്. അത് ഒരിക്കലും ശരിയായിരിക്കയില്ല. പ്രാഥമികവിദ്യാഭ്യാസം പൗരന്മാരുടെ പ്രഥമാവകാശമായി ഗണിച്ച് ഫീസുകൂടാതെ നൽകുന്നതുകൊണ്ട് ഉപരിവിദ്യാഭ്യാസത്തിന് ശക്തിയുള്ളവർ ഫീസ് കൊടുക്കുകതന്നെവേണം അല്ലെങ്കിൽ നമ്മുടെ വിദ്യാഭ്യാസത്തിൻെറ ചെലവ് എവിടെ ചെന്നവസാനിക്കുമെന്ന് നിശ്ചയിക്കാൻ നിവൃത്തിയില്ല. നിർബന്ധവിദ്യാഭ്യാസം വേണമെന്നുള്ള അഭിപ്രായം തുടങ്ങിയിരിക്കയാണ്. അതിലേക്കു പതിനായിരം സ്കൂൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസവകുപ്പിലേക്ക് അൻപതേമുക്കാൽ ലക്ഷം രൂപയോളം ഇപ്പോൾ ചെലവു ചെയ്യുന്നുണ്ട്. സാമാന്യജനങ്ങൾക്കു ഉപയോഗപ്പെടുന്ന നാട്ടുഭാഷാവിദ്യാഭ്യാസത്തെ അപേക്ഷിച്ച് കൂടുതൽ തുക ഉയർന്ന വിദ്യാഭ്യാസത്തിനാണു ചെലവു ചെയ്യുന്നത്. സാമാന്യജനങ്ങൾക്കു ആവശ്യമായതു നാട്ടുഭാഷാവിദ്യാഭ്യാസമാണ്. സാമാന്യജനങ്ങളാണല്ലോ ഇവിടത്തെ നികുതിഭാരം അധികവും വഹിക്കുന്നത്.

അവക്കു സാർവ്വത്രികമായി വേണ്ട വിദ്യാഭ്യാസം സിദ്ധിക്കത്തക്കവണ്ണം ഒരു പദ്ധതി രൂപീകരിക്കേണ്ടിയിരിക്കുന്നു. ഇവിടെ ആകെ നാലായിരം കരകൾ ഉണ്ട്. ഓരോ കരയിലും അഞ്ചു സ്കൂളെങ്കിലും ഇല്ലെങ്കിൽ പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതമാക്കാൻ സാധിക്കയില്ല. അതിനേക്ക് വൻപിച്ച തുക ചെലവിടേണ്ടി വരും. അപ്പോഴാണ് ധനവാന്റെ കുട്ടികൾക്ക് ഫീസ് സൗജന്യം കൊടുക്കണമെന്ന് പറയുന്നത്. ആഹാരം കഴിഞ്ഞവനു പലഹാരം കൊടുക്കണം എന്നു പറയുന്നതുപോലെ ഉള്ള ഒരു നയമാണിത്. ജനങ്ങൾക്കു സാമാന്യവിദ്യാഭ്യാസം നൾകുന്നതിനു വേണ്ടതെല്ലാം ചെയ്തുകഴിഞ്ഞിട്ട് ധനവാന്മാർക്കും ഫീസ് സൗജന്യം കൊടുക്കുന്നതിൽ വിരോധമില്ല. ഇപ്പോൾ ഇവിടെ വേണ്ടത് പ്രാഥമികവിദ്യാഭ്യാസം പ്രചാരപ്പെടുത്തുകയാകുന്നു. അതിനാൽ ധനവാനും ദരിദ്രനും ഒന്നുപോലെ ഉയർന്ന വിദ്യാഭ്യാസത്തിനു ഫീസ് സൗജന്യം കൊടുക്കണമെന്നുള്ള ഉപക്ഷേപത്തെ അനുകൂലിക്കാൻ എനിക്കു നിവൃത്തിയില്ല.

MR. A. K. KUMARAN VAIDYAN (*Kunnatnad cum Perur*) സർ, ബഹുമാനപ്പെട്ട ഗവണ്മെന്റിൽനിന്നും അനുവദിക്കപ്പെട്ടിട്ടുള്ള ഫീസ് സൗജന്യം ധാരാളം മതിയായ ഒന്നാണെന്നാണ് എന്റെ അഭിപ്രായം. അതായത് ഓരോ സ്കൂളുകളിലും ഇത്രയിത്ര കുട്ടികൾക്കു ഫീസ് സൗജന്യം കൊടുക്കണമെന്നുള്ളതാണ് ഗവണ്മെന്റിന്റെ ഇപ്പോഴത്തെ വ്യവസ്ഥ. ഇതു സാധുക്കളെ സഹായിക്കുന്നതിനായി ഗവണ്മെന്റു വച്ചിട്ടുള്ള വ്യവസ്ഥയാണെങ്കിലും ഇതിന്റെ ഫലം അനുഭവിക്കുന്നതു മുഴുവൻ ധനവാന്മാരാകുന്നു. ഒരു കുട്ടിയെ പള്ളിക്കൂടത്തിൽ ചേർക്കുമ്പോൾ ഫീസ് സൗജന്യം കിട്ടുന്നതിനുവേണ്ടി യാതൊരു സ്വത്തുമില്ലാത്ത ഒരാളിനെയാണ് രക്ഷകർത്താവായി വയ്ക്കുന്നത്. ബഹുമാനപ്പെട്ട ഗവണ്മെന്റും ഡയറക്ടർ അവർകളും പരിശോധിച്ചാൽ ഇതിന്റെ വാസ്തവം അറിയാം. മനഃപൂർവ്വമായി അങ്ങിനെ ചെയ്യുന്നവരെ കണ്ടുപിടിച്ച് ശിക്ഷിക്കേണ്ടതാണ്. കുട്ടികൾക്കു ഫീസ് കൊടുക്കാൻ രക്ഷകർത്താവിനു സ്വത്തില്ലാ എന്നു കാണിക്കുന്നതിലേക്കുള്ള ഒരു സർട്ടിഫിക്കറ്റ് എളുപ്പത്തിൽ സമ്പാദിക്കാൻ കഴിയും. എന്നാൽ കുട്ടിയുടെ യഥാർത്ഥരക്ഷകർത്താവ് അനേകായിരം രൂപ ഗവണ്മെന്റിലേക്കു കരം കൊടുക്കുന്ന ഒരു ധനവാനായിരിക്കും. ഇങ്ങനെയുള്ള അക്രമങ്ങളെ കണ്ടുപിടിച്ച് വേണ്ട നടപടികൾ നടത്തിയില്ലെങ്കിൽ സാധുക്കൾക്കു ഈ സൗജന്യം ലഭിക്കാതെപോയേക്കാനിടയുണ്ട്.

MR. T. C. KESAVA PILLAI ഫീസ് സൌജന്യത്തിന് അർഹനാണെന്നുള്ള സർട്ടിഫിക്കററ് അസംബ്ലി മെംബർമാക്ക് കൊടുക്കാൻ അധികാരമുണ്ടോ?

MR A. K. KUMARAN VAIDYAN ഉണ്ടു്. ഞാൻ സർട്ടിഫിക്കററു കൊടുത്തിട്ടുള്ളതു് യാതൊരു സ്വത്തും ഇല്ലാത്ത ആളുകൾക്കു മാത്രമാണു്.

ഇത്രയും പ്രസ്താവിച്ചുകൊണ്ടു് ഈ ഉപക്ഷേപത്തെ ഞാൻ പ്രതികൂലിക്കുന്നു.

MR. T. T. KESAVAN SASTRI സർ, ഈ ഉപക്ഷേപത്തിന്റെ പൂർണ്ണരൂപത്തോടു അനുകൂലിക്കാൻ നിവൃത്തിയില്ലാത്തതിൽ വ്യസനിക്കുന്നു. ഈ ഖണ്ഡനോപക്ഷേപം പാസാക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നതായാൽ ഫീസ് കൊടുത്തു പഠിക്കുവാൻ കഴിവുള്ളവരെക്കൂടി ഇതു് ബാധിക്കുന്നതാണു്. നിർദ്ധനരും അവശസമുദായാംഗങ്ങളും ഫീസ്സാനുകൂല്യത്തിനു അർഹരാണു്. ഇവരെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റു് നൾകുന്ന ഫീസ്സാനുകൂല്യംതന്നെ ഇപ്പോൾ ഒരു വർഷത്തേക്കു മാത്രമാണു്. ഒന്നിലധികം വർഷം നൽകിയിരുന്ന ആനുകൂല്യം നിശേഷം നിറുത്തിയിരിക്കയാണു്. പിന്നോക്കസമുദായക്കാൎക്കു നൽകുന്ന ഫീസ്സാനുകൂല്യം കൊണ്ടുതന്നെ ഒരു ഭീമമായ സംഖ്യ പ്രതിവർഷം ഗവണ്മെന്റിനു ചെലവാകുന്നുണ്ടെന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാകുന്നു. സാധുക്കളെ സംബന്ധിച്ചിടത്തോളം ഈ ആനുകൂല്യം, ഒന്നിൽനിന്നും കുറഞ്ഞു് ഒരു ക്ലാസ്സിൽ രണ്ടു വർഷത്തേക്കെങ്കിലും അനുവദിക്കുന്നതു സമുചിതമായിരിക്കും. ഇതര സമുദായങ്ങളെ സംബന്ധിച്ചും ഗവണ്മെന്റു ഫീസാനുകൂല്യം നൽകിവരുന്നുണ്ടു്. സർ, അഡ്വൈസറി എഡ്യൂക്കേഷൻ ബോർഡ് ഈ വിഷയത്തിൽ ഒരു നല്ല തീരുമാനം ചെയ്തിട്ടുള്ളതാണു്. ജാതിമതാദികൾ നോക്കാതെ നിർദ്ധനരായ വിദ്യാൎത്ഥികൾക്കു യോഗ്യതാനുസരണം പകുതി ഫീസ്സോ, മുഴവൻ ഫീസ്സതന്നെയുമോ ഇളവുചെയ്തുകൊടുക്കാവുന്നതാണെന്നും, അതിലേക്കു വേണ്ട സാക്ഷ്യം ഹാജരാക്കിയാൽ മതിയെന്നുമാണു് പ്രസ്തുത ബോർഡിന്റെ ദയവേറിയ തീരുമാനം. തദനുസരണം പിന്നോക്കസമുദായങ്ങളിൽപ്പെടാത്ത പല വിദ്യാൎത്ഥികൾക്കും ഫീസ്സ് സൌജന്യം കിട്ടുന്നുമുണ്ടു്. അങ്ങനെയിരിക്കെ ധനികന്മാരെക്കൂടി ബാധിക്കുന്ന ഒരുഉപക്ഷേപം ഇവിടെ പാസാക്കി ഫീസ്സ് കുറക്കേണ്ട എന്നാണു ഞാൻ പറയുന്നതു്. സത്യം പറഞ്ഞാൽ ഫീസ്സ് കൊടുത്തു പഠിക്കാൻ കഴിവുള്ളവർ മാത്രവും സൌജന്യങ്ങൾ ലഭിച്ചിട്ടുള്ളവർ മാത്രമാണു് ഇപ്പോൾ സ്കൂളുകളിൽ പോകുന്നതും പഠിക്കുന്നതും. ഒരുവർഷസൌജന്യക്കാരൻ

പരാജിതനായാൽ തുടൎന്നുപഠിക്കാൻ മാൎഗ്ഗമില്ലാതെ പഠനം നിറുത്തി മടങ്ങുകയുമാണ്. ഇവിടെയും ധനവാന്റെ സന്താനത്തിനു മാത്രമേ പഠനവിഷയത്തിൽ ധനവ്യയം ചെയ്തും ഉയൎന്നുപോകാൻ സാധിക്കുന്നുള്ളു. സൗജന്യം ഈ വഴിക്കു അനുവദിച്ചാലും ഇല്ലെങ്കിലും കഴിവുള്ളവർ പഠിക്കുകതന്നെ ചെയ്യും. നിൎദ്ധനരെ സഹായിക്കാനും പ്രത്യേക വ്യവസ്ഥകൾ ഗവൺമെന്റു അംഗീകരിച്ചിട്ടുള്ളതുകൊണ്ടും, സൗജന്യത്തിനു വിധേയരായ അവശസമുദായാംഗങ്ങളും ഉള്ളതുകൊണ്ടും, ഈ ഇനത്തിലും ഒരു ഗണ്യമായ സംഖ്യ ഗവൺമെന്റിനു നഷ്ടമാകാനിടയുള്ളതുകൊണ്ടും, പൊതുവെ കമ്പൽസറി എഡ്യൂക്കേഷൻ നടപ്പിലാക്കുവാൻ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കേണ്ടതായിട്ടുള്ളതുകൊണ്ടും, ഈ ഉപക്ഷേപത്തെ ഇപ്രകാരം ഞാൻ എതിൎക്കുന്നതാകുന്നു. വിദ്യാഭ്യാസവിഷയത്താൽ തിരുവിതാംകൂർ വളരെ ഉന്നതനിലയിലാണ്. എന്നാൽ വിദ്യാവിഹീനരുടെ സംഖ്യയും ഒട്ടുംതന്നെ കുറവല്ല. പൊതുവെ പ്രാഥമിക നിൎബന്ധവിദ്യാഭ്യാസവ്യവസ്ഥകൂടി ഇവിടെ ആവശ്യമായിട്ടാണിരിക്കുന്നത്. സാധുക്കളെ ഗവൺമെന്റു സഹായിച്ചും ധനികർ ഗവൺമെന്റിനെ സഹായിച്ചും വിദ്യാഭ്യാസപന്ഥാവിന് വേണ്ട പ്രോത്സാഹനം ഉണ്ടാകുന്നതായിരിക്കും സൎവ്വോപരി മാന്യമായിട്ടുള്ളത്. വിദ്യാഭ്യാസാധികൃതരുടെ അഭിപ്രായവും തീരുമാനവും ശ്രദ്ധേയമാണല്ലോ. ഇത്രമാത്രമേ ഇതു സംബന്ധിച്ച് എനിക്കു പ്രസ്താവിക്കാനുള്ളു. സർ, ആണറബിൾ മെംബർ പ്രോ-വൈസ് ചാൻസ്ലർ എഡ്യൂക്കേഷൻ ഡയറക്ടരായി ഇരിക്കുമ്പോഴാണ് പൊതുഫീസ് സൌജന്യവ്യവസ്ഥ നിൎദ്ദേശിച്ചിട്ടുള്ളതെന്നും, ഇപ്പോഴത്തെ ബഹുമാനപ്പെട്ട വിദ്യാഭ്യാസഡയറക്ടരും പ്രസ്തുത സൌജന്യസഹായം തുടൎന്നു അനുവദിച്ചുകൊണ്ടിരിക്കുകയാണെന്നും കൂടി, പ്രസ്താവിക്കാൻ എനിക്കു സന്തോഷമുണ്ട്. വിദ്യാഭ്യാസപ്രോത്സാഹനം വേണ്ടവിധം നൽകിക്കൊണ്ടിരിക്കുന്ന ഗവൺമെന്റിനെ സബഹുമാനം അഭിനന്ദിക്കേണ്ടതാണ്. ദരിദ്രരുടെയും സാധുക്കളുടെയും കാൎയ്യം ഒരിക്കൽകൂടി അനുസ്മരിപ്പിച്ചുകൊണ്ട് ഈ ഉപക്ഷേപം ഇതേപടി പാസാക്കുന്നതിലുള്ള എന്റെ എതിരഭിപ്രായത്തെ ഇങ്ങനെ രേഖപ്പെടുത്തുകയാകുന്നു.

MR. P. C. ADICHAN (*Nominated*): സർ, ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ട് രണ്ടുവാക്കു പറയണമെന്നു ഞാൻ വിചാരിക്കുന്നു. അവശസമുദായങ്ങളിലുൾപ്പെട്ടവർ ഒരു കൊല്ലം തോററാൽ ഇപ്പോഴും ഫീസുകൊടുക്കേണ്ടിയിരിക്കുന്നു. അതു് രണ്ടു കൊല്ലംതോററാൽ മാത്രമേ ഫീസു ചുമത്താവൂ എന്നു ഗവൺമെന്റു തീരുമാനപ്പെടുത്താതിരുന്നാൽ

[Mr. P. C. Adichan]

അനവധി ഹരിജനവിദ്യാൎത്ഥികളുടെ കാൎയ്യം വളരെ കഷ്ടത്തിലാകും. വിദ്യാഭ്യാസത്തിൽ ഏററവും പിന്നോക്കം നിൽക്കുന്ന സമുദായം ഏതാണെന്നു നോക്കി അവൎക്കു കൂടുതൽ സൗജന്യം ചെയ്തുകൊടുക്കണം. അവശസമുദായത്തിൽ കുറവ സമുദായം വിദ്യാഭ്യാസത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന ഒന്നാണ്. കുറവ സമുദായത്തിൽ വിദ്യാഭ്യാസ ശതമാനം [illegible] യും പുലയസമുദായത്തിൽ ൪ ം പറയസമുദായം ൬ ശതമാനവുമുണ്ട്. കഴിഞ്ഞയാണ്ടിൽ പള്ളിക്കൂടത്തിൽ പോയിക്കൊണ്ടിരുന്നാൽ തന്നെയും പാസാകാവുന്ന വിദ്യാൎത്ഥികൾ സ്റ്റേററുകാൺഗ്രസിന്റെ തടസംമൂലം പള്ളിക്കൂടത്തിൽ പോകാതവന്നു. അതുപോലെതന്നെ ഫീസ് കൊടുക്കാനുള്ള വിഷമംകൊണ്ടു പല കുട്ടികളും പഠിത്തം നിറുത്തിയിട്ടുണ്ട്. വിദ്യാഭ്യാസത്തിൽ ഒന്നര ശതമാനമുള്ള കുറവ സമുദായത്തിന്റെ സ്ഥിതി വളരെ കഷ്ടതരമാണ്. ഈ കഷ്ടസ്ഥിതിയിൽ നിന്നും ഗവൺമെന്റ് അവരെ രക്ഷിക്കണമെന്നുമാത്രമേ ഞാൻ പറയുന്നുള്ളു.

MR. THAMARAPALLIL KOCHUTHOMMEN (*Thiruvella*) : സർ, ഫീസു കുറക്കണമെന്നുള്ള മി: വേലായുധൻപിള്ളയുടെ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. രക്ഷകൎത്താക്കന്മാരുടെ ധനസ്ഥിതികൊണ്ടല്ല കുട്ടികളെ വിദ്യാഭ്യാസത്തിനായി പള്ളിക്കൂടത്തിലയക്കുന്നതു്. ധനവാനും ദരിദ്രനും ഒന്നുപോലെ ഫീസുസൗജന്യം കൊടുക്കണമെന്നുള്ളതാണ് ഈ ഉപക്ഷേപത്തിന്റെ താല്പൎയ്യം. നമ്മുടെ നാട്ടിൽ വിദ്യാഭ്യാസം സിദ്ധിച്ചവർ ധാരാളമുണ്ട്. സൎക്കാർ ഉദ്യോഗം കിട്ടുന്നമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ല രക്ഷകൎത്താക്കൾ തങ്ങളുടെ കുട്ടികളെ വിദ്യാഭ്യാസത്തിനായി അയക്കേണ്ടിയതു്. വ്യവസായങ്ങളിലേൎപ്പെടുന്നതിനും വിദേശവുമായി വ്യാപാരം നടത്തുന്നതിനും വിദ്യാഭ്യാസം അത്യാവശ്യമാകുന്നു. സാമ്പത്തികനില ഇപ്പോൾ വളരെ മോശമായിരിക്കുന്നതുകൊണ്ടു വിദ്യാഭ്യാസത്തിനുള്ള ഫീസ് കുറക്കണമെന്നു പറയുന്നതിനും അവശസമുദായത്തിനു ഫീസുസൗജന്യം കൊടുക്കണം എന്നു പറയുന്നതിനും തമ്മിൽ യാതൊരു സംബന്ധവുമില്ല. അതുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു.

MR. P. S. MAHOMED: മി. ടി പി വേലായുധൻപിള്ള ഇവിടെ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു പിന്നോക്കം നിൽക്കുന്ന സമുദായപ്രതിനിധികൾ ഈ ഉപക്ഷേപത്തിന്റെ തത്വ

ത്തെ അല്പസ്വല്പം തെററിധരിച്ചതായിട്ട് എനിക്കു തോന്നുന്നു. പിന്നോക്കം നിൽക്കുന്ന സമുദായങ്ങൾക്കു ഗവൺമെൻറിൽനിന്നും അനുവദിച്ചിട്ടുള്ളതായ സൗജന്യങ്ങൾക്കു ഒന്നിനും വിഘാതം വരുത്തണമെന്ന് ഈ ഉപക്ഷേപകർത്താവിന് ഉദ്ദേശമില്ല എന്നാണ് എനിക്കു ആദ്യമായി പ്രസ്താവിക്കാനുള്ളത്. ഫീസിൻെറ ഭാരം ഇപ്പോൾ ജനങ്ങളിൽ വർദ്ധിപ്പിച്ചിരിക്കയാണെന്നുള്ള സംഗതി പ്രസ്താവിക്കാതിരിക്കാൻ നിവൃത്തിയില്ല. ധനവാനായിരുന്നാലും ദരിദ്രനായിരുന്നാലും ഈ ഭാരം വഹിക്കാൻപാടില്ലാത്ത നിലയിലായിത്തീരുകയും ജനങ്ങളെ ഒരു പ്രയാസമേറിയ രംഗത്തിൽ കൊണ്ടുപോകയും ചെയ്തിട്ടുണ്ട്. ആ ഭാരത്തിൽ നിന്നും ഏതെങ്കിലും നിലയിൽ ഒരു ചെറിയ കുറവുവരുത്തുവാൻ എങ്ങിനെ സാധിക്കുമെന്നു ഗവൺമെൻറു കണ്ടുപിടിച്ച് അതു ഫലത്തിൽ വരുത്തണമെന്നുള്ളതിൽ കൂടുതൽ യാതൊന്നുംതന്നെ ഈ മോഷൻകൊണ്ട് പ്രമേയകർത്താവ് ഉദ്ദേശിച്ചിട്ടില്ലാ എന്നു ഞാൻ വിശ്വസിക്കുന്നു. ഫീസായിട്ടും, വിദ്യാർത്ഥികൾക്ക് അവർ വാങ്ങേണ്ടിവരുന്ന പുസ്തകങ്ങളുടെ വിലയായിട്ടും—ഈ രണ്ടിനത്തിൽ അമിതമായ ഒരു ചെലവാണ് വിദ്യാഭ്യാസസംബന്ധമായി ഇന്ന് ജനങ്ങൾക്കു നേരിട്ടുകൊണ്ടിരിക്കുന്നത്. ഒന്നുകിൽ ഫീസിനത്തിലൊ, അല്ലെങ്കിൽ പുസ്തകത്തിൻെറ വിലയിലൊ ഇങ്ങനെ ഏതെങ്കിലും നിലയിൽ കുറവുചെയ്തു ജനങ്ങൾക്ക് ആശ്വാസം നൽകുവാൻ സാധിക്കുമെന്നുവരികിൽ അതു തിരുവിതാംകൂറിലെ എല്ലാ ജനങ്ങൾക്കും സ്വാഗതാർഹമായ ഒരു കാര്യമായിരിക്കും. ഫീസ് കുറവു ചെയ്യുവാൻ ഗവൺമെൻറിനു പ്രയാസമുണ്ടെങ്കിൽ വേറെ ഏതെങ്കിലും വിധത്തിൽ ഇതിൻെറ ഭാരംകുറയ്ക്കുവാനുള്ള മാർഗ്ഗം കണ്ടുപിടിക്കുന്നതും നന്നായിരിക്കും. ഫീസ് സൗജന്യകാര്യത്തിൽ ഗവൺമെൻറിനു ചില വിഷമങ്ങളുണ്ടെന്ന് എനിക്കറിയാം. ഗ്രാൻറ് സ്കൂളുകൾക്ക് കാമ്പെൻസേഷൻ കൊടുക്കേണ്ടിവരും. എന്നിരുന്നാലും ജനങ്ങൾക്ക് പൊതുവെ ആശ്വാസപ്രദമായ ഒരു നടപടിയായി ഇതിനെ പരിഗണിച്ച് ഏതെങ്കിലുംതരത്തിൽ വിദ്യാഭ്യാസംബന്ധമായ ജനങ്ങളുടെ ഈ ഭാരം കുറയ്ക്കുവാൻ ഗവൺമെൻറു ശ്രമിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

MR. KAINIKKARA M. PADMANABHA PILLAI: Sir, I also wish to offer a few remarks on this motion. As a result of the wide-spread economic depression and the ever-growing standard of life, the problem of school fees has become really a difficult problem for the average parent or guardian. That is the reason why similar motions have been repeatedly moved on the floor of this House and the Government requested to make fee concessions. When approaching this subject,

[Mr. Kainikkara M. Padmanabha Pillai.]

various considerations have to be remembered. This motion has not been moved for getting any of those considerations The mover himself pointed out that there will be a loss to the extent of about Rs. 2 lakhs, in the fee income to Government. It is a matter for serious consideration.

MR. PULIYOOR T. P. VELAYUDHAN PILLAI (*Tiruvella*): Sir, a word of personal explanation. It must be less than Rs. 2 lakhs.

MR. KAINIKKARA M. PADMANABHA PILLAI: That is why I said that a loss of *about* 2 lakhs in the fee income will have to be suffered by Government. In the year 1110, the same experiment was tried, and, as a result of that, the Government had to pay a good amount by way of compensation for the loss incurred by private managements. If school fees are reduced, compensation will have to be paid again. It may be paid openly as compensation and, even if Government do not go so far, it will have to be paid indirectly as payment towards grant.

PRESIDENT: Or, in the alternative, the teachers will have to starve.

MR. KAINIKKARA M. PADMANABHA PILLAI: Yes, Sir. Therefore, the financial implication is someahing more than Rs. 2 lakhs Suppose, no compensation is paid or that the maintenance grant is calculated excluding this loss, the result will be certainly painful to the teachers. As was pointed out by the Director yesterday, the average number of pupils studying in a Vernacular Middle School will be 20 or say 25 according to the rules. That means, from these 25 pupils, the average monthly fee income will be about Rs. 37½. A Vernacular Middle School, at the same time, will have to pay for 4 teachers. On an average, each teacher can be paid at the rate of Rs. 9. If compensation is also not paid to private management, then the teacher's pay will go still lower down. Therefore, all these considerations have to be thought of. At the same time, the financial difficulties of the parents are so very severe that we have to come before Government with similar requests. In my opinion, the question has to be gone into more carefully by the Department than it would appear necessary at first sight. First of all, a certain amount of discrimination is necessary between schools themselves, also, a certain discrimination between the guardians. Let us compare the fees that is collected from the different kinds of schools. The fee to be paid in a Vernacular Middle School is half a rupee per month; in a Vernacular High School, it is rupee 1; in the Preparatory class Rs. 1½; in the I, II & III forms, Rs. 2 each and in the High School classes it is Rs. 3½. You find a great disparity between the fee that is to be paid in a Vernacular High School and that of an English Middle School. Sir, a Vernacular High School has to be staffed with L. T.'s and Graduates. It has to provide for a very good library and a laboratory. It has to be fitted almost exactly on a level with an English High School. The maintenance expenditure is in no way below that of an English High School. While the fee to be paid in a

Vernacular High School is only rupee 1, the fee to be paid in an English Middle School is Rs. 2. In other words, the fee to be paid in an English Middle School is just double the amount to be paid in a Vernacular High School. Thus there are certain sections of the schools where the fees can be reduced by even more than 25 per cent Now looking at English High Schools, what do we find?

MR. C. V. CHANDRASEKHARAN (*Pro-Vice-Chancellor*): Is it not a fact, that the lower strata of society, economically speaking, favour Vernacular Schools?

MR. KAINIKKARA M. PADMANABHA PILLAI: I shall come to that. Now, Sir, I personally am against reducing fees in English High Schools. The mover of the motion said that the Colleges are left out. The same principle, I believe must be applied to English High Schools as well, because, English High School classes are clearly the pre-University classes. Fifth and Sixth forms are pre-University classes. If the fees need not be reduced in the Colleges, for the very same reason, fees should not be reduced in High School classes also. Having laid out these preliminaries I will proceed to regroup the classes.

MR. T. P. VELAYUDHAN PILLAI: May I know from the member, is it not possible to extend that logic even to the Preparatory class?

MR. KAINIKKARA M. PADMANABHA PILLAI: No, Sir. If we have logic, we cannot. If we have no logic, then we can. Therefore, to summarise the whole plan, in the Primary School we have no fees, in the Vernacular Middle School we have a small fee; in the English Middle School, an abnormal fe when compared to V. M and V. H. Schools. I would suggest a recasting of classes. If primary education is to give full benefit, you have to make one more class, free of fees. That is to say, the fifth class will have to be transferred to the primary section, so that, you may be assured of a permanent literacy from the pupils who go out of the primary classes. The fourth class standard is too low to assure us a permanent literacy. Therefore the first thing is to push down the V class to the primary section. The second thing is, you have to push down the fourth form from the High School classes to the English Middle School section. It must be accompanied by anamalgamation of the two kinds of Middle Schools. And then it will be time to introduce a uniform system of fees. The first step will be, as I said, to extend the courses of education in a primary school and in an English Middle School, to add the fifth class to the primary section, and the fourth form to the English Middle school section. It is necessary to make primary class education freely accessible to every boy and girl in this country, whether poor or rich. It is equally necessary to make the middle school education accessible to the average guardian in this country. It is necessary to limit the admissions in colleges and therefore there is absolutely no necessity for making any fee concession in High School classes.

Here one pertinent question was raised by Srimathi Narayani Amma. Very brilliant students from among the poor will have to discontinue education on account of their poverty. After studying in a

[Mr. Kainikkara M. Padmanabha Pillai.]

primary school for 5 years, they may find it difficult to pursue higher studies. In such instances, my answer is this. This can be remedied only by a wider application of the rules relating to scholarships and not by fee concessions There should be more scholarships. In fee concession no discrimination is to be exercised. If we find that a boy or girl is brilliant and that boy or girl deserves to go to college, it is the duty, certainly, of the State, not only in the interest of the boy or girl but in its own interest, to help that boy or girl by giving adequate facilities for studies.

PRESIDENT: It will be in the interests of the various communities also.

MR. KAINIKKARA M. PADMANABHA PILLAI: We hope that this question will disappear very soon at least in educational matter. Suppose we give indiscriminate concession to all persons. The result will be as Mr. Kunjitommen observed, the deserving may not get it, while those who do not deserve may get it.

Therefore, my suggestion is let the department go into the question carefully. Let them reorganise the whole fee system, so that, the benefit of the reduction may go to those sections of the schools and guardians that really deserve it. I should not be understood to be opposing the reduction of school fees. While making a reduction in school fees, the department must take particular care that the reduction becomes useful to those persons who are in immediate need of it. Those persons certainly are the poor.

utilisation of fish meal
fish fertilzers
fish powders
preservation of shark fins
study of the sources of aquatic leather,

I would like to bring to the notice of the House one more point. One of our most important problems is that of food. Our population is increasing by leaps and bounds. I remember my esteemed Professor of Economics in His Highness the Maharaja's College, Professor A. Gopala Menon saying that when the population increases by arithmetical progression, the supply of food diminishes by geometrical progression. Although that theory is now being criticised by some experts, there is a good deal of truth in it. Sir, our problem of food will be solved very easily if we develop the industrial side of our fisheries.

I understand that our University has a Marine Biologist. I do not know how far he is qualified for the work. We want an expert from Japan, because Japan is the only country which has succesfully developed

[Mr. K. Narayanaperumal Nadar.]

the industrial side cf fisheries. I do not think any Marine Biologist from Bombay, Calcutta or Madras will be of any use. I should like to know from the Pro-Vice-Chancellor, the qualifications of our Marine Biologist.

With these words I place the motion for the acceptance of the House.

MR. C. V. CHANDRASEKHARAN: I am very grateful to the hon'ble member for having brought to the notice of the House the importance of the University research activities being directed to the conservation and development of fisheries in the State. I can assure the hon'able member that that matter will receive adequate attention in the formulation of the University's programme of activities.

The Professor of Marine Biology and Fisheries has very high qualifications, and has won distinct recognisation as a research worker. His contributions have been frequently published in the well-known scientific journals of India and England. He has given us a very elaborate programme of work. I hope I shall not try the patience of the House if I read out the list of problems which he has set before himself as a long-period programme.

"(1) To investigate methods of preservation and transport facilities through which the present markets can be explanded;

(2) Statistical recording of the quantity of fish landed from day to day at the important fishing centres of the State a study of which is essential for any scheme of transport explansion.

(3) Increasing the resources of fresh-water and lake fisheries by opening hatcheries, sancturies, stocking ponds, etc.

(4) Investigating the desirability of introducing closed seasons as a means of increasing the fish supply of lakes and rivers.

(5) Experimenting on the possibility of introducing better types of fishes such as Catla from other places.

(6) The study of the behaviour of plankton organisms and their relation to the habits of Shoal fishes.

(7) Investigating the various species of fish found in our seas and determination of their relative food value.

(8) The study of the habits and life histories of important marine fishes, their migratory habits, etc.

(9) Studying the economic condition of the fishing community and suggesting methods by which their lot can be improved.

(10) To carry out a survey with the object of developing Chank fisheries, and investigate the possibilities of Pearl fishing.

(11) To study the utility of small fishes for the control of malaria.

(12) Investigations on Shark liver oil, Ininglass and Shagreen."

Some of these items have already been taken up, for instance, the investigation of the utility of Shark Liver Oil, in collaboration with the department of Public Health. I understand that it has yielded very promising results.

After discovering quantities of old pearl-oyster shells in the sands near Cape Comorin, he has taken up the question of investigating pearl fisheries. One stage of investigation is over: and he is waiting for the next season to begin diving operations again.

He has also taken up the question of biological control of malaria, there again, with very promising results. By introducing certain type of fish which feed upon mosquito larvae in pools, tanks, and wells, it may be possible to destroy mosquito larvae altogether.

He has also given us two more schemes for consideration; in fact I am waiting for the budget session to be over to take up the examination of those schemes. One is the question of transporting fish by means of motor refrigerator vans from the coastal areas to the interior The other is an interesting scheme for the co-ordination of the University Department of Fisheries and the Government Department of Fisheries. And then, equally important is the problem of conservation and development of Prawn fisheries in the State. He has found, by investigation, that at present, on account of indiscriminate and wasteful exploitation, our prawn fisheries are gradually declining in value and that certain restrictive and protective measures are necessary in order that prawn fisheries can be conserved and developed. He has made certain very far-reaching proposals in this respect; those proposals will be considered by an expert Committee.

I can assure the hon'able member that the University authorities are convinced, from the periodical reports they receive from the Professor of Marine Biology, that he is working on right lines. The University has high expectations of the results of the work turned out by this Professor. The points which Mr. Narayanaperumal Nadar has mentioned will also be borne in mind and placed before the Professor for consideration.

MR. P. SIVARAMA PILLAI: Is there provision in the University for a course of study in Fisheries?

MR C. V. CHANDRASEKHARAN: No, Sir, there is only a research section at present. Two students are doing research work for the M. Sc. Degree of the Travancore University; they have taken up Travancore fisheries as their subject and are working under the guidance of the Professor of Marine Biology.

MR. P. SIVARAMA PILLAI: Are they starting the course in the near future?

MR. C. V. CHANDRASEKHARAN: Not at present, Sir.

MR. K. NARAYANAPERUMAL NADAR I withdraw the motion.

The motion was, by leave, withdrawn.

Motion No. 243.

To reduce the total allotment of Rs 8,40,000 under Demand V by Rs. 10

MR. P. S. MUHOMED : സർ, യൂനിവേഴ്സിററിക്കായി ചേർത്തിട്ടുള്ള ൮,൪൦,൦൦൦ രൂപയിൽനിന്നും പത്തു രൂപ കുറയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു. ഈ ഉപക്ഷേപത്തിന്റെ ഉദ്ദേശം കാളേജു ക്ലാസ്സുകളിൽ മുസ്ലീം വിദ്യാർത്ഥികൾക്കു അറബി പഠിക്കുന്നതിനുള്ള സൌകര്യം കൊടുക്കണം എന്നു പറയുന്നതിനുവേണ്ടിയാണ്. ഇന്ന് കാളേജുക്ലാസ്സുകളിൽ പഠിക്കുന്ന മുസ്ലീം വിദ്യാർത്ഥികളിൽ പലരും ഫൈഫ്ത്ഫാറം ക്ലാസുകളിൽനിന്നു അറബി എടുത്തു പാസ്സായി വന്നിട്ടുള്ളവരാകുന്നു. ഹിന്ദിയെ സംബന്ധിച്ച് ഒരു ബഹുമാനപ്പെട്ട മെംബർ ഉപക്ഷേപം അവതരിപ്പിച്ചപ്പോൾ അതിന് പ്രൊവൈസ് ചാൻസ്ലർ പറഞ്ഞ മറുപടിയും ദിവാൻ പ്രസിഡൻറ് നൽകിയ വിശദീകരണവും ഞാൻ നല്ലവണ്ണം ശ്രദ്ധിച്ചു. ആ സ്ഥിതിക്കു അറബിപഠനത്തിനുവേണ്ടി ഒരു ഉപക്ഷേപംകൊണ്ടു മുന്നോട്ടു വന്നത് അനൌചിത്യമായിപ്പോകയില്ലേ എന്നു ബഹുമാനപ്പെട്ട മെംബറന്മാർക്കു സംശയം തോന്നിയേക്കാം. എനിക്കു അതിനു പറയാനുള്ളത് ഹിന്ദിയെപ്പോലെ രാഷ്ട്രീയമായ ബന്ധത്തിനുവേണ്ടിയോ മററു രാജ്യക്കാരുമായുള്ള സംസർഗ്ഗത്തിനുവേണ്ടിയോ അല്ലെങ്കിൽ ഉത്തരഇൻഡ്യയിൽ പോയി അവിടെ സ്വാതന്ത്ര്യമായി നടക്കുന്നതിനുവേണ്ടിയോ അവിടെയുള്ള യോഗങ്ങളിൽ സംബന്ധിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയോ ഒരു ലക്സ്വറി എന്ന നിലയിൽ അറബിഭാഷകൂടി പഠിക്കുന്നതിനുവേണ്ട സൌകര്യം ചെയ്യണമെന്നുള്ളതല്ല എന്റെ അപേക്ഷ. തിരുവിതാംകൂറിലെ മുസ്ലീമിങ്ങൾ അവരുടെ ആവിർഭാവകാലംമുതൽക്കുതന്നെ അറബി സംസ്കാരവുമായി വളരെ ബന്ധിച്ചവരാണ്. അവരുടെ ഉത്ഭവം തന്നെ ഇവിടെ അറബികൾ വന്ന് മഹാരാജാവു് തിരുമനസ്സുകൊണ്ടു് അവർക്കു ചെയ്തുകൊടുത്ത സൌകര്യങ്ങളെ മുൻനിറുത്തി ഇവിടെയുള്ള ആളുകളെയും ഇസ്ലാം മതത്തിലേയ്ക്കു ചേർക്കുകയും അതിനുശേഷം അവർ ഇവിടെത്തന്നെ സ്ഥിരവാസമുറപ്പിക്കയും അവരും അവർ മതത്തിൽ ചേർത്ത ആളുകളും തമ്മിൽ പരസ്പരവിവാഹം നടത്തുകയും ചെയ്തതിന്റെ ഫലമായിട്ടാണ് ഇവിടെ മുസ്ലീം സമുദായമുണ്ടായത്. അന്നുമുതൽക്കുതന്നെ ഇവിടെ അറബിക്ക് ഒരു സ്ഥാനംഉണ്ടാകയും മുസ്ലീമിങ്ങളുടെ ഇടയിൽ അതു് സർവ്വസാധാരണമായി പ്രചരിച്ചുവരികയും ചെയ്തു. കാലോചിതമായ വിദ്യാഭ്യാസത്തിൽ ഗവണ്മെൻറു മററു സമുദായങ്ങൾക്ക് നൽകിയ പ്രോത്സാഹനത്തെ സ്വീകരിച്ച് മുസ്ലീമിങ്ങളും മുന്നോട്ടു വരാതിരിക്കുന്നതിനു കാരണം അവരുടെ സംസ്കാരം അറബിഭാഷയിലായിരുന്നതുകൊണ്ടും അറബിഭാഷ വിദ്യാലയങ്ങളിൽ പഠിക്കാൻ അന്നു സൌ

കൎയ്യം ഇല്ലായിരുന്നതുകൊണ്ടും ആയിരുന്നു. അതുകൊണ്ട് അവർ മററു വിദ്യാഭ്യാസത്തെ ഉപേക്ഷിക്കയാണ് ചെയ്തതു്. കാലക്രമേണ മുസ്ലീമിങ്ങളുടെ ഈ അസൌകൎയ്യത്തെക്കുറിച്ച് സമുദായം ചിന്തിക്കുകയും ശ്രീമൂലം തിരുനാൾ മഹാരാജാവ് തിരുമനസ്സുകൊണ്ട് ആലപ്പുഴ എഴുന്നള്ളിയിരുന്നപ്പോൾ അവിടത്തേക്കു സമൎപ്പിച്ച മംഗളപത്രത്തിൽ ഈ സംഗതിയെപ്പററി വിവരിക്കയും ചെയ്തിരുന്നു. തിരുമനസ്സുകൊണ്ട് അരുൾ ചെയ്തപ്രകാരം അന്നത്തെ ദിവാൻജി ഈ സംഗതിയെപ്പററി വേണ്ടവിധത്തിൽ ആലോചിച്ച് അറബി വിദ്യാഭ്യാസം ക്രമപ്പെടുത്തത്തക്കവിധം പള്ളിക്കൂടങ്ങളിൽ വേണ്ട ഏൎപ്പാടുകൾ ചെയ്തു. അന്നുമുതൽ തിരുവിതാംകൂറിലെ മുസ്ലീമിങ്ങളുടെയിടയിൽ വിദ്യാഭ്യാസത്തിൽ അഭിരുചിയുണ്ടാവുകയും അവർ പള്ളിക്കൂടങ്ങളിൽപോയിത്തുടങ്ങുകയും ചെയ്തു.

ഇവിടത്തെ രണ്ടുകാളേജുകളിലും പതിനാലോ പതിനാറോ മുസ്ലീം വിദ്യാൎത്ഥികൾ പഠിക്കുന്നുണ്ട്. അവൎക്കു അറബിഭാഷ പഠിക്കുന്നതിനു വേണ്ട സൌകൎയ്യം കൊടുത്തില്ലെങ്കിൽ താഴെയുള്ള ക്ലാസുകളിൽതന്നെ അറബിഭാഷ പഠിക്കുന്നതിനു അതു ഒരു തടസ്സമായിത്തീരും. അറബിഭാഷ ഞങ്ങളുടെ ഒരു സേക്രട്ട് ഭാഷയാണ്. അതു് ഞങ്ങളുടെ കുട്ടികളെ പഠിപ്പിച്ചില്ലെങ്കിൽ ഇസ്ലാമിക സംസ്കാരം മനസ്സിലാക്കാൻ കഴിയാതെ വന്നുപോകും. അതുകൊണ്ട് അറബിഭാഷ കാളേജിൽ പഠിപ്പിക്കുന്നതിന് വേണ്ട സൌകൎയ്യം ചെയ്തുകൊടുക്കുന്നതു ഗവണ്മെൻറിൻെറ ധൎമ്മമാകുന്നു. അല്ലെങ്കിൽ താഴ്ന്ന ക്ലാസുകളിലുള്ള അറബി പഠിത്തംതന്നെ കാലക്രമേണ അവസാനിപ്പിക്കുവാൻ ഇടവരും. ഇപ്പോൾ അറബി എടുത്തുപഠിച്ച് കാളേജിൽ ചേൎന്ന കുട്ടികൾക്കു് പ്രൈവററായിട്ടുപോലും പഠിക്കുന്നതിനുള്ള സൌകൎയ്യം ഇല്ലാതാണ് വന്നിരിക്കുന്നതു്. പ്രൈവററായിട്ടു പഠിക്കണമെങ്കിൽതന്നെ അഞ്ചു രൂപ ഫീസു കൊടുക്കണം. അതിനുതന്നെ നിവൃത്തിയില്ല. ഏതെങ്കിലും തരത്തിൽ ഈ അഞ്ചുരൂപാ കൊടുക്കാമെന്നുവിചാരിച്ചാലും പഠിക്കുന്നതിനുള്ള സൌകൎയ്യം ഇപ്പോൾ അവൎക്കില്ല. അതിനാൽ ഗവണ്മെൻറു ഈ കാൎയ്യത്തിൽ വേണ്ട സൌകൎയ്യം ചെയ്തുകൊടുക്കണമെന്നപേക്ഷിക്കുന്നു.

MR. C. V. CHANDRASEKHARAN: Sir, until about 20 or 25 years ago, the Muslims in Travancore were extremely backward in education. I think it was in Dewan Mr. Raghaviah's time that a very elaborate enquiry was made into the whole matter of the position of the Muslims in education and from the report that was presented it was seen that the backwardness of the Muslims in primary education and in secondary education was mainly due to the fact that there were no facilities for the study of Arabic. Reciting prayers from the Quoran is absolutly

[Mr. C. V. Chandrasekharan.]

essential for the Muslim boy and girl. Accordingly Government decided that Arabic should be introduced in the primary schools and the secondary schools wherever there was a certain number of Muslim children studying ; and Arabic munshies have been appointed in very large numbers in primary and secondary schools. It seems to me, Sir, that the community should be satisfied with that. Why they want an Arabic Chair in the University when all our instruction is going to be in our mother tongue is rather difficult of comprehension. For a Travancore Muslim, Sir, it is as important that he should be able to read and speak Malayalam as it is for a Nair or an Ezhava or any other Travancorean. Does not Mr. Mahomed feel that a Travancore Muslim should have the same equipment in the manipulation of the mother tongue as other communities? And will not the Muslim students in the colleges suffer by backwardness in this respect?

So far as the colleges are concerned, Sir, this has been an annual problem. Every year there have been a few Muslim students who have taken Arabic in the High School classes and who want Arabic to be introduced in the colleges also. But, unfortunately in no year was the number of such students large enough to justify the appointment of an Arabic lecturer in one of the colleges. Even this year there are only about five or six studends who desired to take Arabic.

MR. P. S. MAHOMED സയൻസ് കാളേജിൽത്തന്നെ പത്തിൽ കൂടുതൽ കുട്ടികൾ ഉണ്ടെന്നാണ് എന്റെ അറിവ്.

MR. C. V. CHANDRASEKHARAN The report that I received from the Principal of the Science College about a month ago is to the effect that the number is only about five or six. There may be only two or three in the Arts College. Are we to provide for one lecturer in the Arts College and for one lecturer in the Science College for a handful of students? The late Nawab Abdul Hakim very generously offered an endowment of Rs. 25,000 to our Travancore University for the promotion of Islamic studies But before the promise could be fulfilled, the old gantleman died and his heirs are extremely unwilling to carry out the promise. It is also a matter for regret, Sir, that while a large number of endowments has come to the Travancore University from all communities, and particularly from Tamilians, not a single Muslim gentleman has made even a small endowment to the University. I suggest, Sir, that Mr. Mahomed should use his undoubted influence among the Muslims of the State and get for the University a small endowment which will enable us to start an Arabic Chair immediately. I am not making that a condition for encouraging Arabic in the University. If and when the problom becomes really acute, I assure Mr. Mahomed that the University will consider and do what is necessary in the matter.

MR. P. S. MAHOMED: Sir, I wish to say a word of personal explanation,

PRESIDENT: Yes.

MR. P. S. MAHOMED : തിരുവിതാംകൂറിലെ മുസ്ലീങ്ങൾ വളരെ സാധുക്കളാണെങ്കിലും പ്രൊവൈസ് ചാൻസലർ സൂചിപ്പിച്ചപ്രകാരം ഇവിടെ നിന്ന് സാധിച്ചില്ലെങ്കിൽ വെളിയിൽപോയി എങ്കിലും പണം പിരിച്ചു എന്തെങ്കിലും ഒരു തുക സംഭാവനചെയ്യാം. എന്നാൽ അതുവരെ അറബി പഠിപ്പിക്കുന്നതിനുള്ള സൌകര്യം കാളേജിൽ ചെയ്തുകൊടുക്കുവാൻ സാധിക്കയില്ലെങ്കിൽ ഇപ്പോൾ ഇവിടെയുള്ള ഞങ്ങളുടെ ഹോസ്റ്റലിൽ ഒരു ട്യൂട്ടറെ എങ്കിലും നിയമിച്ചു അതിനുള്ള സൌകര്യം ഉണ്ടാക്കിക്കൊടുക്കുവാൻ ഗവൺമെൻറിനു കഴിയുകയില്ലെ എന്നാണ് ഞാൻ ചോദിക്കുന്നതു്.

PRESIDENT I think I may inform this honourable House that quite recently a deputation of Muslim gentlemen met me. They were from various places and they have promised to do their utmost to make good the amount of the endowment which was promised by Nawab Abdul Hakim Sahib. It was definitely mentioned to them that if they make a really significant gesture, Government will not be behindhand in dealing with this question of the promotion of Arabic teaching.

It must be remembered that Arabic is probably a more difficult language than even Sanskrit to learn. I am speaking from personal experience, having battled in my early days with Arabic for some time. The study of it would practically be one of the major tasks of a student. The pronunciation is unfamiliar to our pallets and throats and there are certain sounds which are probably unattainable by those individuals who have not been born in the homelands of the Arabic race. Apart from that, its grammar is very complicated and the literature itself is recondite. Now, it is a matter for very careful consideration how far the acquisition of an extremely difficult language like that in addition to other languages and subjects of study would be on the lines indicated for the Travancore University.

Nevertheless, the Government of Travancore realises that for the Muslim community the possession of a working knowledge of Arabic, the ability to recite their prayers in their sacred language, are matters of paramount importance. Having regard to all these things, I believe honourable members should be content with such encouragement as the Government has been giving till now for the promotion of the normal acquisition of the elements of Arabic, being also assured with what I have said that the moment there is a real demand for higher studies in Arabic and the community makes itself the exponent of that desire, Government will not be behindhand in encouraging that desire and those ambitions.

MR. P. S. MAHOMED : I withdraw the motion.

The motion was, by leave of the House, withdrawn.

The question that the Government be granted a sum of Rs. 8,40,000 under Demand V—Travancore University was put and carried.

The grant was made.

DEMAND VI—GENERAL ADMINISTRATION EXCLUDING FINANCIAL SECRETARIAT, ACCOUNTANT GENERAL'S OFFICE AND LEGISLATIVE BODIES— Rs. 3,31,464.

MR. M. K. NILAKANTA AIYAR : Sir, I rise to move for a grant not exceeding Rs. 3,31,464 under Demand VI—General Administration excluding Financial Secretariat, Accountant-General's Office and Legislative Bodies.

PRESIDENT : I have been examining the list of cut motions. I find that they may be divided into three or four categories. The largest number of motions relate to the question of communal representation amongst the various grades and categories of public servants, Assistant Secretaries, Superintendents, clerks and so on. Practically it may be said that 60 per cent. of the total number of cut motions relates to communal representation. Instead of taking each one of these motions separately, I propose, with the leave of the House, that the general question of communal representation may be discussed under any one heading and the desires and the ideas of the House may be ventilated. Then there are certain specific matters like Mr. P. S, Mahomed's motion No. 252 about want of sympathy exhibited on a certain occasion and shorthand mistakes committed by shorthand writers and about the necessity for introducing the name Milad sheriff in the place of Bharawafat, which are what may be called comparatively less important subjects.

Then arises another important subject, the subject of corruption and general defects in the administration. I think it will conduce to the convenience of honourable members to have the first discussion for a certain time. There are two hours available for this Demand. One hour may be devoted to communal representation, 25 to 30 minutes to corruption, and another 30 minutes to general defects in the administration. Does that meet with the general desire of the House ? Otherwise, if I go step by step, what would happen is, in all posibility the discussion on the subject of adequate communal representation among the Assistant Secretaries will take up the whole time and there will be nothing left for any other discussion. It is entirely for the leaders of the various parties and their followers to make up their minds on the matter. I am perfectly prepared to follow the normal course, if they so desire.

MR. KAINIKKARA M. PADMANABHA PILLAI : To our party the suggestion of the Chair is acceptable.

PRESIDENT : As for as possible, I shall call upon the members in the order in which they appear in the motion paper. Those who represent different points of view shall also be given scope, side by side, with the others to speak on the motion.

Motion No. 244.

MR. P. V. MATHAI CHEMPARATHI : Sir, I move the following motion:

"To reduce the allotment of Rs. 80,735 flr Assistant Secretaries by Rs. 10."

My object is to point out the necessity of giving adequate communal representation among Assistant Secretaries. Even though the Government have accepted the principle of communal representation, it has not been properly worked up. When we analyse the appointments, we find that it is adhered more in the breach than in the observance of it. That is the real state of affairs in respect of that matter

PRESIDENT : Since there is a lot of public interest involved in the discussion of this topic, I propose to fix a time limit of 5 minutes each for every member to make his speech so that a fairly large number of members can participate in the discussion.

MR. P. V. MATHAI CHEMPARATHI : I have stated already that this cry of communal representation is based on economical, social and other factors governing every community as well as society. It is just and fair that Government should grant the request of the unrepresented communities in the matter of appointments in the public service. In fact, those who enjoy the privileges may be unwilling to part with them and equally naturally those who do not enjoy such privileges will be trying to get them. So I do not blame any particular community. I want to respect the sentiments of all communities. My submission is that for those communities who are placed in an advantageous situation and who are holding such high position in the service, it will not be impossible to show a liberal mind towards communities who are not properly represented in the public service. The less said about it, the better. For instance, I will merely draw the attention of the House to the number of interpellations that were asked on the floor of this House this morning. Questions Nos. 86 to 88 deal with that question. We cannot understand why there are so few permanent hands from the unrepresented communities in the Public Service. I am sorry to find that no steps have been taken by Government to better the position of unrepresented communities in the public service. In the list of those who draw Rs. 100 and above, there is not one individual who is from the Latin Catholic community. During the last 3 years, nobody has been appointed from that community though they come to nearly 4 lakhs in point of population. The same is the case with regard to Syrian Catholics. All these show that though the principle has been accepted by Government, it has not been properly put into actual practice. With these observations I move the motion for the acceptance of the House.

MR. A. K. KUMARAN VAIDYAN: ഞാൻ ഈ ഉപക്ഷേപത്തെ ശക്തിയായി അനുകൂലിക്കുന്നു. സക്രെട്ടറിയേററിൽ സെക്രട്ടറിമാരായി ഈഴവ സമുദായത്തിൽനിന്ന് യാതൊരാളും ഇല്ലെന്നാണ് എന്റെ അറിവ്. അടുത്തകാലത്തെങ്ങും അവർക്ക് അവിടെ പ്രവേശനം ലഭിക്കുന്നതിനുള്ള മാർഗ്ഗവും കാണുന്നില്ല. താഴ്ന്ന ഗ്രേഡുകളിലുള്ള ഉദ്യോഗങ്ങൾ മിക്കവാറും ചില പ്രബലസമുദായങ്ങളുടെ കൈവശമാണിരിക്കുന്നത്. അതുകൊണ്ട് ഈഴവർമുതലായ അവശ സമുദായാംഗങ്ങൾക്ക് പ്രമോഷൻമൂലമെങ്കിലും അവിടെ പ്രവേശിക്കുവാൻ വളരെ വിഷമമായിരിക്കുന്നു. സെക്രട്ടറിയേററിലെ ഏതു വകുപ്പിലും വളരെ പ്രാതിനിധ്യക്കുറവാണ് ഈഴവസമുദായത്തിനുള്ളത്. എത്രയും വേഗത്തിൽ ആ കുറവിനെ പരിഹരിച്ചുതരണമെന്ന് ഞാൻ ഗവമെന്റിനോട്ട് അപേക്ഷിച്ചുകൊള്ളുന്നു. സമുദായപ്രാതിനിധ്യവാദത്തെപ്പററി ആരെങ്കിലും ഇവിടെ സംസാരിക്കുമ്പോൾ സാധാരണയായി ഗവമെന്റിൽനിന്നു പറയുന്ന മറുപടി അതിനു ശരിയായ പരിഹാരം ചെയ്തുകൊടുക്കാം എന്നാണ്. എന്നാൽ അതിനെപ്പററിയുള്ള വിശ്വാസംതന്നെ ഏറക്കുറെ നശിച്ചുപോകത്തക്കവിധത്തിൽ ഗവമെൻറു കാര്യമായി പിന്നീട് ഒന്നും പ്രവർത്തിക്കുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. വാസ്തവം പറഞ്ഞാൽ, ഈ രാജ്യത്ത് ശരിയായ നീതിതന്നെ നടത്തണമെന്നു ആഗ്രഹമുള്ള ഒരു മന്ത്രിപുംഗവൻ ഉള്ള ഈ സന്ദർഭത്തിൽ ഇങ്ങനെയുള്ള ഒരു സംഗതി ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനിടയായതിൽ എനിക്കു വളരെ മനസ്താപമുണ്ട്. എന്നാൽ പബ്ലിക്ക സർവീസിലുള്ള അവശ സമുദായങ്ങളുടെ പ്രവേശനക്കുറവിനെപ്പററി ചിന്തിക്കുമ്പോൾ ഇതു കൊണ്ടുവരാതേയും നിവർത്തിയില്ല. മുൻപ് ഈഴവർതുടങ്ങിയ സമുദായങ്ങൾക്കു പബ്ലിക്കസർവീസിൽ വേണ്ടിടത്തോളം പ്രാതിനിധ്യം ഇല്ലാതിരുന്നതു അവരിൽ വിദ്യാഭ്യാസയോഗ്യതയുള്ളവർ വേണ്ടത്ര ഉണ്ടാകാതിരുന്നതുകൊണ്ടാണെന്ന് ഗവമെൻറ് ഒരു സമാധാനം പറയുക പതിവായിരുന്നു. എന്നാൽ ഇന്ന്, ഈഴവസമുദായത്തെപ്പററി പറയുകയാണെങ്കിൽ, ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ കുറച്ചു കുറവായിട്ടാണ് കാണുന്നതെങ്കിലും സാമാന്യം എല്ലാ ഉദ്യോഗങ്ങൾക്കും ആവശ്യമുള്ള പരിക്ഷായോഗ്യതയുള്ള ആളുകൾ ഇന്ന് ആ സമുദായത്തിലുണ്ടെന്നു ഗവമെൻറിനു തന്നെ അറിയാം. മറെറാരു സമാധാനമായി ഗവമെൻറു പറയുന്നത് കാര്യക്ഷമതയെപ്പററിയാണ്. കാര്യക്ഷമത ഒരു സമുദായത്തിനുമാത്രമുള്ളതല്ല. കാര്യക്ഷമതയുള്ള ആളുകൾ എല്ലാ സമുദായത്തിലുമുണ്ട്. കാര്യക്ഷമതാവാചകവും മററും പറഞ്ഞ് ഇപ്രകാരം അവശസമുദായങ്ങളുടെ അവകാശങ്ങളെ വിഗണിക്ക

ന്നതിൽ എനിക്കു അതിയായ മനസ്താപമാണുള്ളതു്. ഇപ്പോൾ സമുദായപ്രാതിനിധ്യം ശരിപ്പെടുത്താൻവേണ്ടി ഗവമെന്റിൽനിന്നു ഒരു പബ്ലിക്കുസർവീസ്കമ്മീഷണരെ നിയമിച്ചിട്ടുണ്ടു്. അദ്ദേഹം നടത്തിയ നിയമനങ്ങൾ പരിശോധിച്ചാൽ ഈഴവർ മുതലായ സമുദായങ്ങളിൽനിന്നു വളരെ തുച്ഛമായ അപേക്ഷകന്മാരെ ഉണ്ടായിരുന്നുള്ളു എന്നു തോന്നിപ്പോകും. അനവധി അപേക്ഷകന്മാർ അവിടെ അപേക്ഷകൾ കൊടുത്തിട്ടുണ്ടു്. ആ അപേക്ഷകളെല്ലാം സ്വീകരിച്ചു് കേവലം ഓരോ മെമ്മോമാത്രം കൊടുത്തു് അവരെ തൃപ്തിപ്പെടുത്തിയിരിക്കയാണു്. അതുകൊണ്ടു ഗവമെന്റിൽനിന്നും ഇതിലേക്കു അഡൈ്വസറിബോർഡോ അല്ലെങ്കിൽ ഒരു സ്റ്റാഫ് സെലക്ഷൻ ബോർഡോ വച്ചില്ലെങ്കിൽ ഈ അസമത്വങ്ങൾക്കു യതൊരു പരിഹാരവും ഉണ്ടാകുമെന്നു് എനിക്കു തോന്നുന്നില്ല. അടുത്ത കാലത്തു് സെക്രട്ടറിയേറ്റിൽ വളരെ ഉദ്യോഗങ്ങൾ ഒഴിവു വരുന്നുണ്ടു്. ഇനി വരാനും ഇടയുണ്ടു്. ഒഴിവു വന്നയിടത്തു് ഒരു ഈഴവനേയും നിയമിച്ചിട്ടില്ലെന്നാണു് എന്റെ അറിവു്. അതു് അപേക്ഷകന്മാരുടെ യോഗ്യതക്കുറവുകൊണ്ടാണൊ എന്നു് അറിയുന്നില്ല. റവന്യൂ ദേവസ്വം വിഭജനം കഴിഞ്ഞിട്ടു് ഇപ്പോൾ ഏകദേശം ൨൦ കൊല്ലത്തോളമായി അതിനുശേഷം ഒന്നോ രണ്ടോ പ്രവർത്തികാരന്മാരെ മാത്രമെ നിയമിച്ചിട്ടുള്ളു. അതുപോലെ അക്കൗണ്ടാഫീസിലും സെക്രട്ടറിയേറ്റിലും ഈഴവരെ നിയമിക്കുന്ന കാര്യത്തെപ്പറ്റി ഇവിടെ അസംബ്ലി എന്നു തുടങ്ങിയൊ അന്നുമുതൽ പരാതിപറയുവാൻ തുടങ്ങിയിട്ടുള്ളതാണു്. ഇനി മേലാലെങ്കിലും ഗവമെന്റു ഇക്കാര്യത്തിൽ ശ്രദ്ധാപൂർവം പ്രവർത്തിക്കുമെന്നു വിചാരിക്കുന്നു. ഒരാളിന്റെ കാര്യക്ഷമത അയാൾ ഉദ്യോഗത്തിൽ പ്രവേശിച്ചതിനുശേഷം മാത്രമെ അറിയാൻ സാധിക്കയുള്ളു. അതിനുമുൻപു് അയാളുടെ യോഗ്യതയെപ്പറ്റി അറിയുവാൻ സാധിക്കയില്ല. ഈഴവസമുദായ അംഗങ്ങളുടെ ഈ അസമത്വത്തെ ഗവമെന്റു എത്രയും വേഗം പരിഹരിച്ചുതരുമെന്നു വിശ്വസിച്ചുകൊണ്ടു വിരമിക്കുന്നു.

MR. PADIYARA JOSEPH KUNJU: സർ, ഈ വിഷയത്തെപ്പറ്റി രണ്ടു വാക്കു സംസാരിക്കുന്നതിനായി എഴുനേറ്റപ്പോൾ എന്റെ മനസ്സ് നാനാവിധ വികാരങ്ങളാൽ വ്യഗ്രമായിത്തീരുന്നു. വർഗ്ഗീയചിന്തകൾക്കു—കേവലം വർഗ്ഗീയമായ ചിന്തകൾക്കു്—അതീതനായ ഒരുവനാണു് ഞാനെന്നു ഇതരസമുദായക്കാരും സമ്മതിക്കുമെന്നാണു് എന്റെ വിശ്വാസം. തിരുവിതാംകൂറിലെ പ്രതിനിധിസമിതികളുമായി എനിക്കു പതിനാറുകെ

[Mr Padiyara Joseph Kunin.]

ല്യത്തിൽ കൂടുതൽ പഴക്കമുണ്ടു. ഈ പഴമപരിചയത്തിൽ നിന്നും ഒരു കാൎയ്യം മനസ്സിലാക്കുന്നതിനു എനിക്കു കഴിഞ്ഞിട്ടുണ്ടു്. ഇവിടത്തെ സമുദായപ്രാതിനിധ്യപ്രശ്നത്തിനു ഒരു പ്രതിവിധിയുണ്ടാകുന്നില്ലെങ്കിൽ തിരുവിതാംകൂറിൽ സമാധാനവും സംതൃപ്തിയുമുണ്ടാകുന്നതല്ലെന്നുള്ളതാണു് അക്കാൎയ്യം. ഗവൺമെന്റിന്റെ സത്വരവും സൎവപ്രധാനവുമായ ശ്രദ്ധ പതിയേണ്ട ഒരു കാൎയ്യമാണിതു. ഇവിടെയുണ്ടാകുന്ന സകലവിധ അസ്വസ്ഥതകൾക്കും കാരണം വൎഗ്ഗീയപ്രാതിനിധ്യപ്രശ്നമല്ലാതെ മറ്റൊന്നുമല്ല. പബ്ലിക്കു സൎവീസിൽ ഇപ്പോൾ അനൎഹമായ പ്രാതിനിധ്യം ലഭിച്ചിട്ടുള്ള സമുദായങ്ങൾ കാൎയ്യക്ഷമതാവാദവും പബ്ലിക്കു സൎവീസിൽ ശരിയായി പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങൾ വൎഗ്ഗീയപ്രാതിനിധ്യവാദവുംകൊണ്ടു് ഇറങ്ങിപ്പുറപ്പെട്ടു തമ്മിൽ കടിപിടികൂടി രാഷ്ട്രീയാന്തരീക്ഷം കലുഷിതമാക്കുന്നു. വൎഗ്ഗീയപ്രാതിനിധ്യവിഷയത്തെപ്പററി എന്തെങ്കിലും പ്രസ്താവിക്കുന്നതിനുമുൻപായിത്തന്നെ ചിലരുടെ ചില തെററിദ്ധാരണകൾ ദൂരീകരിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. തിരുവിതാംകൂർ ഗവൺമെന്റോ ഇവിടെയുള്ള ഏതെങ്കിലും പ്രബലസമുദായമൊ എന്തെങ്കിലും അനീതിയൊ അപരാധമൊ ചെയ്തതുകൊണ്ടാണു് പബ്ലിക്കു സൎവീസിലെ പ്രാതിനിധ്യവിഷയകമായി ചില സമുദായങ്ങൾ അസമത അനുഭവിക്കുന്നതെന്നു ഞങ്ങൾ പറയുന്നില്ല. കേവലം ചരിത്രപരമായ കാരണങ്ങൾ കൊണ്ടാണു് ഈ അസമത ഉണ്ടായതെന്നു് ചീഫ് സെക്രട്ടറി പ്രസ്താവിച്ചതു ശരിയാണെന്നു ഞങ്ങളും സമ്മതിക്കുന്നു. എന്നാൽ ഈ അസമത ഇനിയെങ്കിലും പരിഹരിക്കുന്നതിനു ഗവൺമെന്റു ശ്രദ്ധിക്കണമെന്നാണു അസമതാസമുദായാംഗങ്ങൾ ആവശ്യപ്പെടുന്നതു്.

സർ, ഞാനുൾപ്പെട്ട സമുദായത്തെപ്പററി ഒരു കാൎയ്യം പറഞ്ഞുകൊള്ളട്ടെ. ഇൻഡ്യയുടെ ഇതരഭാഗങ്ങളെ അപേക്ഷിച്ചു് തിരുവിതാംകൂറിൽ ക്രൈസ്തവമതത്തിനു കൂടുതൽ അഭിവൃദ്ധിയുണ്ടായിട്ടുണ്ടു്. വിസ്തൃതമായ ഇൻഡ്യാമഹാരാജ്യത്തിലുള്ള ക്രിസ്ത്യാനികളിൽ നാലിലൊന്നോളം ഈ ചെറുരാജ്യമായ തിരുവിതാംകൂറിലാണു അധിവസിക്കുന്നതു്. ഈ രാജ്യത്തെ ക്രിസ്ത്യാനികൾ ധനശക്തി, വിദ്യാഭ്യാസം എന്നിവയിൽ മററേതൊരു സഹോദരസമുദായത്തേയും അതിശയിപ്പിക്കുന്നു. ഈ അഭിവൃദ്ധി ഇവിടെ ക്രിസ്തുമതത്തിനുണ്ടായിട്ടുള്ളതു് തിരുവിതാംകൂർ മഹാരാജക്കന്മാരുടേയും തിരുവിതാംകൂർഗവൺമെന്റിന്റേയും മതസഹിഷ്ണുതയും ക്രിസ്ത്യാനികളോടുണ്ടായിരുന്ന അനുകൂലമനോഭാവവുംകൊണ്ടായിരുന്നുവെന്നുള്ളതു് ഞങ്ങൾ കൃതജ്ഞതാപൂൎവം സ്മരിക്കുന്നു. ഇവിടത്തെ പ്രബലസമുദായ

ങ്ങളും ഞങ്ങളുടെ അഭിവൃദ്ധിയിൽ ഞങ്ങളെ സഹായിച്ചിട്ടുണ്ട്. ആ സഹായഹസ്തം ഇപ്പോഴും ഈ കാര്യത്തിലും ഞങ്ങൾക്ക നൽകണമെന്നാണ് ഞങ്ങളുടെ അഭ്യർത്ഥന. വിശാലഹൃദയരായ നായന്മാർ ഞങ്ങൾക്ക ചെയ്തതന്നിട്ടുള്ള സഹായങ്ങളെ ഞങ്ങൾ കൃതജ്ഞതാപൂർവം സ്മരിക്കുന്നു

സർ, ഇവിടത്തെ പബ്ലിക്ക സർവീസിൽ കത്തോലിക്കർ, മഹമ്മദീയർ, ഈഴവർ മുതലായ ജനവിഭാഗങ്ങൾക്ക അവർ ഇന്നു അർഹിക്കുന്നത്ര പ്രാതിനിധ്യം ലഭിച്ചിട്ടില്ലെന്നുള്ളതു പരിതാപകരമായ ഒരു പരമാത്ഥമാണ്. സർ, അതേപ്പററി ചോദ്യം ചെയ്യുമ്പോൾ അതു ചരിത്രപരമായ കാരണങ്ങളാൽ ഉണ്ടായിട്ടുള്ളതാണെന്ന് ചീഫ് സെക്രട്ടറി മറുപടിപറയും. ആ സമുദായങ്ങൾക്ക പബ്ലിക്ക സർവീസിൽ മുൻപു പ്രാതിനിധ്യം ലഭിക്കാതിരുന്നതിനുള്ള കാരണം ചരിത്രപരമായിട്ടുള്ളതാണെന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ ഇപ്പോൾ അവരെ ധാരാളമായി ഉദ്യോഗങ്ങളിൽ നിയമിച്ച് അവരുടെ അസമത പരിഹരിച്ചുകൊടുക്കാത്തതെന്തുകൊണ്ട്? ൧൧൧൫, ൧൧൧൬, ൧൧൧൭, ൧൧൧൮ ഈ ആണ്ടുകളിൽ നടന്ന നിയമനങ്ങളെ സംബന്ധിച്ചിടത്തോളം ചരിത്രപരമായ എന്തുകാരണങ്ങളാണുള്ളതെന്ന് ഞാൻ ചോദിച്ചുകൊള്ളട്ടെ. അസമതാസമുദായങ്ങളുടെ അവകാശങ്ങളെപ്പററി ഗവണ്മെൻറ നിശ്ചയമായും കൂടുതൽ ശ്രദ്ധ പതിക്കേണ്ടതായിരുന്നു. അതു ഗവണ്മെൻറിൻെറ അക്ഷന്തവ്യമായ ഒരപരാധം തന്നെയാണ്.

സർ, രണ്ടു മൂന്നു ദിവസങ്ങളായി ഇവിടെ ഞങ്ങൾ ഉദ്യോഗനിയമനങ്ങളെ സംബന്ധിച്ച് വർഗ്ഗീയമായ പട്ടിക ആവശ്യപ്പെടുകയും അതേപ്പററി ഉപ ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുമ്പോൾ ഉദ്യോഗസ്ഥസാമാജികന്മാരിൽ പലരും അനുദ്യോഗസ്ഥസാമാജികന്മാരിൽ ചിലരും അങ്ങുതന്നെയും നെററിചുളിക്കുന്നതായി ഞങ്ങൾ കണ്ടിട്ടുണ്ട്. ഗവണ്മെൻറ സമുദായപ്രാതിനിധ്യതത്വം അംഗീകരിച്ചിട്ടുണ്ടെന്നു പറയുന്നുണ്ടെങ്കിലും അത് എത്രത്തോളം പ്രയോഗത്തിൽ വരുത്തുന്നുണ്ടെന്നുള്ളതു് അങ്ങേ ധരിപ്പിക്കുന്നതിനായിട്ടാണ് ഞങ്ങൾ അപ്രകാരം ചെയ്യുന്നത്. അങ്ങയുടെ വിവിധജോലികൾക്കിടയിൽ ഡിപ്പാർട്ടുമെൻറ മേധാവികൾ വർഗ്ഗീയപ്രാതിനിധ്യതത്വമനുസരിച്ച് നിയമനങ്ങൾ നടത്തുന്നുണ്ടോയെന്ന് പരിശോധിക്കുന്നില്ലെന്നു ഞങ്ങൾക്കറിയാം. സ്ഥിതിഗതികൾ എങ്ങിനെയിരിക്കുന്നുവെന്നു അങ്ങേ ശരിക്ക മനസിലാക്കുന്നതിന് ഇപ്രകാരമുള്ള ഉപചോദ്യങ്ങൾ പ്രയോജനീഭവിക്കുന്നതാണ്.

PRESIDENT : That is well understood.

MR. PADIYARA JOSEPH KUNJU : ഈ വിഷയത്തെപ്പററി ഞങ്ങൾ പ്രതിപാദിക്കുമ്പോൾ ഇപ്പോൾ സർവീസിലിരിക്കുന്ന ഇതരമതസ്ഥരെയെല്ലാം പിരിച്ചുവിട്ടിട്ട് അസമത്വസമുദായാംഗങ്ങളെ തൽസ്ഥാനങ്ങളിൽ നിയമിക്കണമെന്നാണോ ഞങ്ങൾ ആവശ്യപ്പെടുന്നതെന്നും കാര്യക്ഷമതയെ അശേഷം പരിഗണിക്കേണ്ട ആവശ്യമില്ലേഎന്നും ചിലർ ഞങ്ങളോടു ചോദിക്കാറുണ്ട്. യോഗ്യതതുല്യമായിരിക്കുമ്പോൾ അസമത്വസമുദായാംഗങ്ങളുടെ അപേക്ഷകർക്ക് പ്രാഥമ്യം നൽകണമെന്നുമാത്രമെ ഞങ്ങൾ ആവശ്യപ്പെടുന്നുള്ളു. അങ്ങനെ ഇപ്പോൾ ചെയ്തുവന്നില്ലെന്ന് ൧൧൧൧, ൧൧൧൨, ൧൧൧൩, ൧൧൧൪ എന്നീആണ്ടുകളിൽ നടന്നതായ നിയമനങ്ങളിൽ നിന്നും വിശദമാകുന്നുണ്ട്. കാര്യക്ഷമതയെന്നുള്ളതു് ഒരു പ്രത്യേകസമുദായത്തിൻെറ സ്വത്തോ കുത്തകയോ അല്ലല്ലോ. കാര്യക്ഷമത എന്ന പദപ്രയോഗംകൊണ്ട് പരീക്ഷായോഗ്യതയെയാണ് ഉദ്ദേശിക്കുന്നതെങ്കിൽ ഇന്ന് അസമത്വമനുഭവിക്കുന്ന സമുദായങ്ങളിൽ മറേറതൊരു സമുദായത്തിലുമുള്ളതുപോലെ യോഗ്യതയുള്ള ആളുകളുണ്ട്.

പബ്ലിക്കുസർവീസിൽ ഇന്ന് വിവിധസമുദായങ്ങൾക്കും ലഭിച്ചിട്ടുള്ള പ്രാതിനിധ്യത്തിൻെറ വിവിധവശങ്ങളെയും പ്രദ്യോതിപ്പിക്കുന്ന ചിലകണക്കുകൾ ഈ സഭയുടെ അറിവിനായി ഞാൻ ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ. ഇതിൽ നിന്നും ഇന്നത്തെ സ്ഥിതിഗതികൾ മനസിലാക്കാവുന്നതാണ് ൧൯൩൧-ലെ കണക്കനുസരിച്ച് അന്ന് ആകെയുണ്ടായിരുന്ന ൧൫൪൩ പ്രധാന ഉദ്യോഗങ്ങളിൽ ഓരോ സമുദായത്തിനും ജനസംഖ്യാനുപാതികം കിട്ടേണ്ടതിൻെറയും ഓരോ സമുദായവും ഇപ്പോൾ യഥാർത്ഥത്തിൽ കരസ്ഥമാക്കിയിട്ടുള്ളതിൻെറയും കൂടുതലായി ഓരോ സമുദായവും കൈവശം വച്ചുകൊണ്ടിരിക്കുന്ന സ്ഥാനങ്ങളുടെയും ഒരു കണക്കാണ് ഇതു.

സമുദായം	ജനസംഖ്യാനുപാതികം കിട്ടേണ്ടതു്	ഇപ്പോൾ കരസ്ഥമാക്കിയിട്ടുള്ളതു്	അധികം കൈവശം വച്ചുകൊണ്ടിരിക്കുന്നതു്.
ബ്രാഹ്മണർ.	൧൯	൪൪൩	൪൨൪
നായന്മാർ	൨൭൧	൩൯൨	൧൪൧
ആംഗ്ലിക്കരും മാർത്തോമ്മാക്കാരും	൬൮	൨൬൮	൨൦൦

ഇങ്ങനെ ഈ മൂന്നു വിഭാഗങ്ങൾക്കും അനർഹമായ വിധത്തിൽ അമിതമായ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ട്. എന്നാൽ ജനസംഖ്യയിലൊ വിദ്യാഭ്യാസത്തിലൊ ധനസ്ഥിതിയിലൊ തിരുവിതാംകൂറിലെ മറെറാരു സമുദായത്തിന്റെയും പിന്നിലല്ലാത്ത കാത്തോലിക്കർക്കു ജനസംഖ്യാനുപാതികം കിട്ടേണ്ടതു ൨൩൧ (ഇരുനൂററിമുപ്പത്തൊന്ന്) സ്ഥാനങ്ങളാണ്. ഇപ്പോൾ കിട്ടിയിട്ടുള്ളത് ൭൧ അതായതു ൧൬൦ സ്ഥാനങ്ങൾ കുറവാണ്. ക്രിസ്ത്യാനികൾക്ക് മൊത്തത്തിൽ ജനസംഖ്യാനുപാതികം ലഭിക്കേണ്ട സ്ഥാനങ്ങൾ ലഭിച്ചിട്ടുണ്ട്. എന്നാൽ കത്തോലിക്കരുടെ തലമുടിയെണ്ണിക്കൊണ്ടു മററു ക്രൈസ്തവവിഭാഗക്കാർ കത്തോലിക്കരുടെ സ്ഥാനങ്ങൾ അപഹരിച്ചെടുത്തുവെന്നു മാത്രമാണ് ഞങ്ങൾ പറയുന്നത്. ആംഗ്ലിക്കരും മാർത്തോമ്മാക്കാരുംകൂടി കൂടുതലായി കൈവശപ്പെടുത്തി വച്ചുകൊണ്ടിരിക്കുന്ന ൨൩൦ സ്ഥാനങ്ങളിൽ നിന്നും ൧൬൦ സ്ഥാനങ്ങൾ കത്തോലിക്കർക്കു കൊടുക്കുമ്പോൾ ക്രിസ്ത്യാനികളുടെ ഇടയിലെ കണക്കു ശരിപ്പെടുന്നതാണു. ഇതിനെ നായർ സമുദായം എന്തിന് എതിർക്കുന്നു. ഇനി നൂറു രൂപയിൽ കൂടുതൽ ശമ്പളമുള്ള ഉദ്യോഗങ്ങളെ തരംതിരിച്ചുകൊണ്ടുള്ള ഒരു പട്ടിക ഞാൻ ഇവിടെ വായിക്കാം.

സമുദായം	ജനസംഖ്യാനുപാതികം കിട്ടേണ്ടത്.	ഇപ്പോൾ കരസ്ഥമാക്കിവച്ചുകൊണ്ടിരിക്കുന്നത്.	വ്യത്യാസം
ബ്രാഹ്മണർ.	൯	൩൨൮	൩൧൯ കൂടുതൽ
നായന്മാർ.	൧൪൯	൨൦൩	൫൪ കൂടുതൽ
വെള്ളാളർ.	൧൨	൨൫	൧൩ കൂടുതൽ
മാർത്തോമ്മാ ക്രിസ്ത്യാനികൾ.	൨൪	൬൧	൩൭ കൂടുതൽ
ആംഗ്ലിക്കർ.	൧൫	൨൪	൯ കൂടുതൽ
മററു പ്രോട്ടസ്റ്റന്റുകാർ.	൨൯	൬൩	൨൪ കൂടുതൽ
യാക്കോബാക്കാർ.	൫൮	൫൨	൬ കുറവ്
ലത്തീൻകത്തോലിക്കർ.	൬൨	൨൩	൩൯ കുറവ്

[Mr Padiyara Joseph Kunju.]

സമുദായം	ജനസംഖ്യാനുപാതികം കിട്ടേണ്ടതു്.	ഇപ്പോഠം കരസ്ഥമാക്കിവച്ചുകൊണ്ടിരിക്കുന്നതു്	വ്യത്യാസം
സുറിയാനികത്തോലിക്കർ.	൬൬	൧൪	൫൨ കുറവു്
ഈഴവർ.	൧൫൦	൧൮	൧൩൨ കുറവു്
മുസ്ലീം.	൫൧	൮	൪൩ കുറവു്

ഇതിനും പുറമേ നൂറുരൂപയും അതിൽ കൂടുതലും ശമ്പളമുള്ള ഉദ്യോഗങ്ങഠം ജനസംഖ്യയിൽ ഒരു ലക്ഷത്തിനു എത്രവീതം ഓരോ സമുദായവും ഇപ്പോഠം കരസ്ഥമാക്കിയിരിക്കുന്നുവെന്നു കാണിക്കുന്നതിനുള്ള ഒരു പട്ടിക ഞാൻ ഇവിടെ വായിക്കാം.

സമുദായം.	ജനസംഖ്യയിൽ ഒരുലക്ഷത്തിന് നൂറുരൂപയും അതിൽ കൂടുതലും ശമ്പളമുള്ള ഉദ്യോഗങ്ങഠം എത്രയുണ്ടെന്നു്
പരദേശബ്രാഹ്മണർ.	൫൦൫
മാർത്തോമ്മാക്രിസ്ത്യാനികഠം.	൯൨
മററുപ്രോട്ടസ്റ്റൻറു ക്രിസ്ത്യാനികഠം	൭൬
വെള്ളാളർ.	൩൫
ആംഗ്ലിക്കൻ ക്രിസ്ത്യാനികഠം.	൨൮
നായന്മാർ.	൨൩
യാക്കോബായക്രിസ്ത്യാനികഠം.	൧൪
ലത്തീൻകത്തോലിക്കർ.	൫
സുറിയാനികത്തോലിക്കർ.	൩.
ഈഴവർ.	൨
മുസ്ലീങ്ങഠം.	൨

നൂറുരൂപയും അതിൽകൂടുതലും ശമ്പളമുള്ള ഉദ്യോഗങ്ങഠം ജനസംഖ്യാനുപാതികം വീതിക്കുന്നതായാൽ ഒരു ലക്ഷം ജനസംഖ്യയുള്ള ഒരു സമുദായത്തിനു പതിനേഴ ഉദ്യോഗങ്ങളാണ് കിട്ടേണ്ടതു്.

PRESIDENT: The honourable member has only four minutes more.

MR. PADIYARA JOSEPH KUNJU : സർ, എനിക്ക് ഈ കണക്കുകൾ വായിക്കുന്നതിനു മാത്രമേ സമയം ലഭിച്ചിട്ടുള്ളു.

PRESIDENT : As I have said the honourable member has exceeded his time. But I shall give him one or two minutes more in consideration of the labour involved in the preparation of such a statement.

MR. PADIYARA JOSEPH KUNJU : സർ, നൂറുരൂപയിൽ കുറഞ്ഞ ശമ്പളമുള്ള ഉദ്യോഗങ്ങളിൽ എത്ര വീതം ഓരോ സമുദായത്തിനും ലഭിച്ചിട്ടുണ്ടെന്നുള്ളത് കാണിക്കുന്ന ഒരു പട്ടിക ഞാൻ ഇവിടെ വായിക്കാം.

സമുദായം	ജനസംഖ്യ	സാക്ഷരർ
ബ്രാഹ്മണർ	൫൪,൩൪൧	൨൬,൪൩൧
നായന്മാർ	൮,൬൮,൪൧൧	൩,൦൮,൨൨൩
വെള്ളാളർ	൬൯,൬൨൭	൨൩,൬൦൬
ഈഴവർ	൮,൬൯,൮൬൩	൧,൮൫,൦൪൭
മുസ്ലീങ്ങൾ	൩,൫൩,൨൭൪	൪൧,൮൦൧

	ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ചവർ	ഇപ്പോഴുള്ള ഉദ്യോഗങ്ങളുടെ എണ്ണം
ബ്രാഹ്മണർ	൮൨൨൬	൨൫൧൦
നായന്മാർ	൧൮,൬൦൬	൧൩,൧൮൧
വെള്ളാളർ	൨൯൧൯	൧൦൨൮
ഈഴവർ	൫൨൦൧	൮൯൪
മുസ്ലീങ്ങൾ	൧൬൦൭	൬൦൧

PRESIDENT : Will the honourable member read the last figures again?

MR. PADIYARA JOSEPH KUNJU :

	ജനസംഖ്യ	സാക്ഷരർ
മുസ്ലീങ്ങൾ	൩,൫൩,൨൭൪	൪൧,൮൦൧
യാക്കോബാക്രിസ്ത്യാനികൾ	൩,൩൭,൭൭൨	൧,൨൨,൮൯൭
മാർത്തോമ്മാക്കാർ	൧,൪൨,൪൮൬	൬൪,൭൮൫
ആംഗ്ലിക്കർ	൮൫,൨൬൧	൨൧,൯൨൬
മററുപ്രോട്ടസ്റ്റൻറുകാർ	൨,൨൮,൭൨൫	൪൩,൫൬൪
ലത്തീൻകത്തോലിക്കർ	൩,൬൦,൨൧൭	൬൨,൩൭൨
സുറിയാനികത്തോലിക്കർ	൪,൪൯,൧൭൩	൧,൫൭,൬൬൧

Mr. Padiyara Joseph Kunju.

	ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ചവർ	ഇപ്പൊഴുള്ള ഉദ്യോഗങ്ങളുടെ എണ്ണം
മുസ്ലീങ്ങൾ	൫,൩൦൧	൩൦൫
യാക്കോബായക്രിസ്ത്യാനികൾ	൮,൨൪൫	൫,൬൦൫
മാർത്തോമ്മാക്കാർ	൩,൬൭൮	൮൯൯
ആംഗ്ലിക്കർ	൬,൪൨൨	൫൨൨
മററുപ്രോട്ടസ്റ്റൻറുകാർ	൬,൯൯൫	൭൯൭
ലത്തീൻകത്തോലിക്കർ	൮,൬[illegible]൭	൪൩൯
സുറിയാനികത്തോലിക്കർ	൧,൮൯൧	൪൫൩

MR. K. R. NARAYANAN (*Vaikom cum Kottayam*) : ഞാൻ ഈ ഉപക്ഷേപം പിൻതാങ്ങുന്നു. കൂടെക്കൂടെ ഈ സംഗതി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നു ദിവാൻ പ്രസിഡൻറു അവർകളുടെ വിലയേറിയ സമയം മിനക്കെടുത്തേണ്ടിവരുന്നതിൽ വളരെ മനസ്താപമുണ്ട്. എന്നാൽ മരണത്തിൻേറയും ജീവിതത്തിൻേറയും മദ്ധ്യേകിടന്നു പിടയുന്നവൻ വേദനപ്പെട്ടുകരയുന്നതു് വെറും സ്വാഭാവികമാണ്. ഞങ്ങളുടെ വാദങ്ങൾ തീവ്രങ്ങളാകുന്നെന്നു് പറയുന്നവർ ആ സാധുവിൻെറ കരച്ചിലിൽ സംഗീതം കേൾക്കുവാൻ ആഗ്രഹിക്കുന്നവരാണ്. പബ്ളിക്കുസർവീസ്സിലുള്ള ഞങ്ങളുടെ നിയമന കാര്യങ്ങളെപ്പററിയും മററും എത്ര പ്രാവശ്യംപറഞ്ഞാലും മതിയാകാത്തനിലയിൽ പരിതാപകരമാണ്. എൻെറ സ്നേഹിതൻ മിസ്റ്റർ ജോസഫ് കുഞ്ഞു് ചിലസമുദായങ്ങളുടെ നില കാണിക്കുവാൻ പലതരത്തിലുള്ള കണക്കുകൾ ഇവിടെ വിശദമായി പ്രസ്താവിച്ചു. എന്നാൽ എൻെറ സമുദായത്തിൻെറ നില പബ്ളിക്കുസർവീസിൽ എങ്ങിനെയിരിക്കുന്നു എന്നുപറയേണ്ടതു എൻെറ ഒരു വലിയ ചുമതലയാണ്. ഗവണ്മെൻറിൻെറ നീതിയും, കാരുണ്യവും ഞങ്ങളുടേമേൽ ഉണ്ടായില്ലെങ്കിൽ ഉയരുവാൻ കഴിയാത്തവണ്ണം ഞങ്ങൾ പാതാളത്തിലാണു. പബ്ളിക്കുസർവ്വീസിൻെറ പൗവ്വർഹൌസ് എന്നു പറയപ്പെടുന്ന സെക്രെട്ടേറിയററിൽ മൂന്നു സിക്രട്ടറിമാരുള്ളതിൽ ഒരൊററ ഈഴവനും ഇല്ല. ഏഴു അസിസ്റ്റൻറു സിക്രട്ടറിമാരുണ്ടു്. മററുള്ളവർക്കു് കണ്ണേറു കൊള്ളാതിരിക്കുന്നതിനുവേണ്ടിയെങ്കിലും ഒരു ഈഴവനുമില്ല. ഒൻപതു സൂപ്രണ്ടന്മാരിൽ ഒററ ഈഴവനുമില്ല. പ്രധാനപ്പെട്ട എല്ലാഡിപ്പാർട്ടുമെൻറുകളുടേയും കേന്ദ്രസ്ഥാനമായ സെക്രട്ടേറിയേററിൽ ഒരു പ്രധാനപ്പെട്ട സമുദായമായ ഈഴവരുടെ നില ഈ സ്ഥിതിയിലാണെ

ങ്കിൽ മററു ഡിപ്പാർട്ടുമെൻറുകളിൽ ഞങ്ങളുടെ നില എന്തായിരിക്കുമെന്ന് ഊഹിക്കാവുന്നതാണ്. നാമമാത്രമായ പ്രാതിനിധ്യം പോലുമില്ലാത്ത ഞങ്ങളുടെ അവകാശവാദങ്ങൾ ഗവൺമെൻറിൻെറ മുമ്പാകെ കൊണ്ടു വരുമ്പോൾ അതു പുഛമായും സമയം കളയാനുള്ള വിദ്യയായും ആർക്കെങ്കിലും തോന്നുന്നു എങ്കിൽ മനസ്താപിക്കയല്ലാതെ ഞങ്ങൾ എന്തുചെയ്യും? ൫൦൦ രൂപാക്കുമേൽ ശമ്പളമുള്ളവർ ൭൧ പേരുണ്ടെന്ന് ബഡ്ജററുപ്രസംഗത്തിൽ ഞാൻ പ്രസ്താവിച്ചല്ലോ? ഈ ൭൧-ൻെറ ആറിലൊരു ഭാഗം ജനസംഖ്യവച്ചുനോക്കിയാൽ ഞങ്ങൾക്കുകിട്ടണം. ഈ ൭൧-ൽ കേവലം ഒരുദ്യോഗം മാത്രമാണു ഞങ്ങൾക്കുള്ളതു. ഞങ്ങളുടെ പ്രാതിനിധ്യക്കുറവ് മനസിലാക്കുന്നതിന് ഒരു വശംകൂടി നമുക്കു പരിശോധിക്കാം. ഇവിടെ മൊത്തത്തിൽ ൨൪,൦൦൦ ഉദ്യോഗങ്ങളുള്ളതിൽ ൧൩,൦൦൦ ഒരു സമുദായത്തിലാണു സ്ഥിതിചെയ്യുന്നതു്. അതു് ഏതു സമുദായമാണെന്നു അന്യസമുദായങ്ങളെ അപേക്ഷിച്ചു എന്തുമാത്രം ക്രൂരതലാണെന്നും എടുത്തും മററും പറഞ്ഞാൽ വർഗീയവിദ്വേഷത്തിൻെറ ഒരുവിത്തുരമായ വരുമെന്നുകരുതി ഞാനതിനുതുനിയുന്നില്ല. ഈ ൧൩,൦൦൦ ഉദ്യോഗം ഒരു സമുദായം മോണോപ്പളിയായി കൈവശം വച്ചുകൊണ്ടിരിക്കുമ്പോൾ ആ സമുദായത്തേക്കാൾ കുറച്ചുകൂടി ജനസംഖ്യയുള്ള ഈഴവർക്ക് ൯൧൩ ഉദ്യോഗങ്ങൾ മാത്രമുള്ളതു എത്ര പരിതാപകരവും സങ്കടകരവുമായ ഒരു നിലയാണെന്ന് ഗവൺമെൻറു ആലോചിക്കേണ്ടതാണ്. ഈ സ്ഥിതിക്ക് ഒരു പരിഹാരം ഉണ്ടാക്കുന്നതിനു വേണ്ടിയാണ് പബ്ളിക്കുസർവീസുകമ്മീഷണരെ നിയമിച്ചിട്ടുള്ളതു്. പബ്ളിക്കുസർവീസുകമ്മിഷണർ ലോവർ ഡിവിഷനിൽ ശരിയായി നിയമനങ്ങൾ നടത്തിയിട്ടുണ്ടു്. എന്നാൽ പ്രാതിനിധ്യം കുറഞ്ഞസമുദായങ്ങളിൽനിന്നും നിയമിച്ചവർ അധികം പേരും സർവീസിലില്ലാ. സർവീസ്റൂൾ ൪൫ പ്രയോഗിക്കുന്ന രീതികൊണ്ടും ഡിപ്പാർട്ടുമെൻറ് മേലദ്ധ്യക്ഷന്മാർക്കു ജാതിസ്നേഹം കാണിക്കുവാനുള്ള സൌകര്യമുള്ളതുകൊണ്ടുമാണു ഈ വിധം വന്നുചേരുന്നതു്. ഇൻറർമീഡിയററുഡിവിഷനിൽ ൪൩ പേരെനിയമിച്ചിട്ടുണ്ടു്. ഈ നിയമനങ്ങൾ കാര്യക്ഷമത നോക്കിയാണെന്നും ഗവൺമെൻറു പറയുന്നു. കാര്യക്ഷമതാ പരീക്ഷയിൽ ആ സ്ഥിതിക്ക് ൧൨-ാമതു പാസായ ഒരീഴവൻ കുറച്ചുദിവസത്തെ സേവനവും കഴിഞ്ഞു സർവീസിനുവെളിയിൽ നിൽക്കുമ്പോൾ ൨൦൦-ാമതു പാസായ നായരും ൩൦൦-ാമതു പാസായ ബ്രാഹ്മണനും ൪൧൭-ാമതു പാസായ ജേക്കബൈററും സർവീസിൽ ഇരിക്കുന്നുഎങ്കിൽ

[Mr. K. R. Narayanan]

അങ്ങിനെയുള്ള പബ്ളിക്കസർവീസു പരീക്ഷകൊണ്ടെന്താണു പ്രയോജനം. ൧,൬൦൦ ആളുകളെച്ചേർത്ത് കമ്മീഷണർ ഒരു പരീക്ഷ നടത്തിഎന്നു വിചാരിക്കുക. അതിൽ ൫൦൦ പേർ പാസായിഎന്നും വിചാരിക്കുക. ൨൦൦ പേർ പ്രാതിനിധ്യം കുറഞ്ഞസമുദായത്തിൽ പെട്ടവരാണ്. ഈ ൨൦൦ പേരിൽ ൧൦൦ പേരെപ്പോലും നിയമിക്കുന്നതിനുമുമ്പ് രണ്ടാമതൊരു പരീക്ഷ നടത്തി കുറെപ്പേരെഎടുക്കുന്നു. ഒന്നാംബാച്ചിൽ പാസായ ഈഴവരും അവരെപ്പോലെയുള്ളവരും വെളിയിൽനിൽക്കുമ്പോൾ രണ്ടാംബാച്ചിൽ പാസായവർ സർവീസിലിരിക്കുന്നു. ഇതെല്ലാം കഴിഞ്ഞകാര്യങ്ങളാണ്. ഇപ്പോഴത്തെ നിയമനത്തിലും ഞങ്ങളെസംബന്ധിച്ചിടത്തോളം വെറും പൂജ്യംതന്നെയാണ് ഫലം. പോലീസ്ഡിപ്പാർട്ടുമെന്റിൽ നടത്തിയ നിയമനത്തിൽ ഞങ്ങളോടു കാണിച്ച നഗ്നമായ പക്ഷപാതം-ഞങ്ങളോടു കാണിച്ച അക്ഷന്തവ്യമായ അനീതി-എത്രയുംഭീമമാകുന്നു. ആറുപേർക്ക് സബ്ഇൻസ്പെക്ടറന്മാരായി പ്രമോഷൻകൊടുത്തു അതിൽ ഈഴവനില്ല. നാലുപേരെ വെളിയിൽനിന്നും എടുത്തു. അതിലും ഈഴവനില്ല. നൂറ്റിൽ പരം കാൺസ്റ്റബിൾമാരെ എടുത്തതിൽ ഈഴവർക്കു കിട്ടിയിരിക്കുന്നത് ൧൪ ഉദ്യോഗങ്ങൾ മാത്രമാണ്. അതേഅവസരത്തിൽ പ്രാതിനിധ്യം വളരെയുള്ള ചില സമുദായങ്ങളിൽനിന്നും ഇൻസ്പെക്ടർ ജനറൽ വളരെ ആളുകളെ എടുത്തു. ഒരു ഇൻസ്പെക്ടർ ഒരുപരീക്ഷയും പാസാകാത്ത ഒരു നായരാണ്. നാലു സബ്ഇൻസ്പെക്ടറന്മാരിൽ ൨ പേർ മുഹമ്മദീയരായിപ്പോയതു പ്രത്യക്ഷത്തിൽ പക്ഷപാതമായിതോന്നും. എന്നാലും ആ സമുദായംപ്രാതിനിധ്യം കുറഞ്ഞതാണെന്നു സമാധാനിക്കാം. ആ സമുദായത്തോടു ഇൻസ്പെക്ടർ ജനറൽ കാണിച്ച നീതിബോധം ഞങ്ങളെ സംബന്ധിച്ച് കേവലം ശൂന്യമായതാണ് ഗവൺമെന്റിനു ശ്രദ്ധിക്കേണ്ടതു്. ഈ കണക്കുകൾ എല്ലാംകൊണ്ടു് ഞങ്ങളുടെ നില പരിതാപകരമാണെന്നു് കാണാവുന്നതാണ്. അനവധിലക്ഷങ്ങളുടെ ന്യായമായ ഈ ഉദ്യോഗവാദങ്ങൾ സങ്കുചിതങ്ങളാണെന്നും ദേശീയവിരുദ്ധമാണെന്നും ചിലർ പറയുന്നു. ഇവിടെ ൫൧ ലക്ഷം ജനങ്ങളുണ്ട്. ഇതിൽ അമിതപ്രാതിനിധ്യമുള്ളവർ ൧൧ ലക്ഷം മാത്രമേയുള്ളൂ. ഈ പതിനൊന്നു ലക്ഷത്തിന്റെ വാദം നാഷണലിസമാണെന്നും ബാക്കിയുള്ള ൪൧ ലക്ഷത്തിന്റെകാര്യം നാഷണലിസത്തിനു എതിരാണെന്നും പറയുന്നതു് വളരെ

കഷ്ടമാണ്. അതു സത്യവിരുദ്ധവുമാണ്. നാഷണലിസത്തിന്റെ ചരിത്രപരമായ വളർച്ചയും ആ പേരിന്റെ അർത്ഥമനുസരിച്ചുള്ള വ്യാഖ്യാനവും പറയുകയാണെങ്കിൽ ഏക പക്ഷത്തിന്റെ അവകാശങ്ങളെ സംരക്ഷിക്കുന്നതാണ് യഥാർത്ഥത്തിലുള്ള നാഷണലിസം. അല്ലാതെ ഏക പക്ഷത്തിന്റെ അവകാശങ്ങളെമാത്രം സംരക്ഷിക്കുന്നതല്ല. എല്ലാവർക്കും കൊടുക്കാനുള്ളതു് എല്ലാവർക്കുംകൊടുക്കണം. ദൈവത്തിനുകൊടുക്കാനുള്ളതു് ദൈവത്തിനും സീസറിനു കൊടുക്കാനുള്ളതു് സീസറിനും കൊടുക്കുക. അതാണ് വിശാലവിശാലമായ നാഷണലിസം. ഈഅവസരത്തിൽ ഒരുകാര്യംകൂടി പറയാം. നായർസമുദായത്തിന്റെ ഇവിടത്തെ നില ഞങ്ങൾക്കറിയാം. അവരുടെ ചരിത്രം എങ്ങിനെയുള്ളതാണെന്നു ഞങ്ങൾക്കറിയാം. അവർക്കു രാഷ്ട്രത്തിൽ ഇന്നു എത്രമാത്രം ശക്തിയുണ്ടെന്നും ഞങ്ങൾക്കറിയാം. ഇതെല്ലാംഅറിയുന്ന ഞങ്ങൾക്കു ഒരുകാര്യംകൂടിയറിയാം. ഞങ്ങളെ സമുദായവാദം പഠിപ്പിച്ചതു് നായന്മാരാണെന്നുള്ളതാണ് ആ ഒരുകാര്യം. പരദേശബ്രാഹ്മണർ അമിതപ്രാതിനിധ്യം കൈവശംവച്ചുകൊണ്ടിരുന്ന അവസരത്തിൽ മലയാളി മെമ്മോറിയൽ വഴി അവരുടെ അവകാശങ്ങളെപ്പററി വാദിച്ച നായർ നേതാക്കന്മാരുടെ കാലടികൾതന്നെയാണ് ഇന്നു് ഞങ്ങൾ തുടരുന്നതു്. അന്നു ഞങ്ങളെ ഈ ന്യായവാദംപഠിപ്പിച്ച നായർസമുദായം അന്നത്തെ പരദേശബ്രാഹ്മണർ പറഞ്ഞ ന്യായങ്ങൾ ആവർത്തിക്കുന്നതു് ശരിയല്ലാ ഒരു കാര്യംകൂടി പറഞ്ഞുകൊള്ളട്ടെ. രണ്ടുമൂന്നു ദിവസത്തിനുമുമ്പു നടന്ന ബഡ്ജററു പ്രസംഗത്തിൽ സ്റ്റേററുകാൺഗ്രസ്സ് ഇവിടെ ഉൽഭവിക്കാൻ കാരണമായിട്ടുള്ളതു സമുദായപ്രാതിനിധ്യവാദം അനുവദിച്ചതുകൊണ്ടാണെന്നും അതുകൊണ്ടു് സമുദായപ്രാതിനിധ്യവാദം അനുവദിക്കുന്നതു ശരിയല്ലെന്നും ഒരു മാന്യൻ പ്രസ്താവിക്കയുണ്ടായി. ഇവിടത്തെ സ്റ്റേററുകാൺഗ്രസ്സ് ഞാൻ അറിയുന്നിടത്തോളം സമുദായപ്രാതിനിധ്യവാദം അംഗീകരിച്ചിട്ടില്ല. സമുദായപ്രാതിനിധ്യമെന്നു കേട്ടാൽ ശക്തിയായി എതിർക്കുന്ന മി. പട്ടം താണുപിള്ള, സമുദായപ്രാതിനിധ്യമെന്നു കേട്ടാൽ ശക്തിയായി എതിരഭിപ്രായം എഴുതിക്കൊണ്ടിരുന്ന മി. എ. നാരായണപിള്ള, സമുദായപ്രാതിനിധ്യവാദമെന്നു കേട്ടാൽ കഠിനകഠിനം എതിർക്കുന്ന മി. കെ. പി. നീലകണ്ഠപ്പിള്ള, ആ പദശ്രവണമാത്രയിൽ വാസവദത്തയുടെ സന്ദേശംകേട്ട ഉപഗുപ്തനെപ്പോലെ കാതുകൾപൊത്തും മി. രാമചന്ദ്രൻ, ഇവരെല്ലാം സമുദായപ്രാതിനിധ്യവാദികളുടെ കൂട്ടത്തിൽപ്പെട്ടവരാണോ? ഒരിക്കലും അല്ല. അവരും സമുദായപ്രാതിനിധ്യവാദികളും ഉത്തരക്ഷി

[Mr. K. R. Narayanan.]

ണസ്രുവങ്ങളിലാണിരിക്കുന്നതു. അതുകൊണ്ടു സമുദായപ്രാതിനിധ്യവാദം അനുവദിച്ചതുകൊണ്ടു സ്റ്റേററു കാൺഗ്രസ്സ് ശക്തിപ്പെട്ടു എന്നു പറയുന്നതു ശരിയല്ല. നായന്മാൎക്കും മാൎത്തോമ്മാ ക്രിസ്ത്യാനികൾക്കും ബ്രാഹ്മണൎക്കും പബ്ലിക്കസൎവീസിൽ വലിയ നില വന്നുചേൎന്നിട്ടുണ്ടെങ്കിൽ അവൎക്കു അമിതമായ പ്രാതിനിധ്യം കിട്ടിയിട്ടുണ്ടെങ്കിൽ അവരെയെല്ലാം ഹിററ്ലറിസം എടുത്തു പിരിച്ചയക്കണമെന്നു ആരും അഭിപ്രായപ്പെടുന്നില്ല. അവർ അവിടെ ഇരിക്കട്ടെ. അവരെ ആരും കുററപ്പെടുത്തുന്നുമില്ല. എന്നാൽ ഇനി ഉണ്ടാകുന്ന നിയമനങ്ങളിലെങ്കിലും പ്രാതിനിധ്യംകുറഞ്ഞ സമുദായക്കാരുടെ അവകാശങ്ങൾക്കു കൂടുതൽ മുൻഗണനകൊടുക്കുവാൻ ശ്രമിക്കണമെന്നേയുള്ളു. സമുദായ പ്രാതിനിധ്യത്തിനു വേണ്ടി വാദിച്ച മി. ജപമണിനാടാരുടെ ഒരു ചോദ്യത്തിനു മി. സി. വി. ചന്ദ്രശേഖരൻ മറുപടിപറഞ്ഞപ്പോൾ മറെറവിടെയെങ്കിലും ഈ സമുദായപ്രാതിനിധ്യവാദം ഉണ്ടോ എന്നു എന്റെ സ്നേഹിതൻ ചോദിക്കയുണ്ടായി. ഇതു ഇഞ്ചിനീയറിംഗ കാളേജിനെ സംബന്ധിച്ചാണ്. ഇൻഡ്യയിലും, ലോകത്തെങ്ങും കാളേജുസമുദായ പ്രാതിനിധ്യവാദം അംഗീകരിച്ചിട്ടില്ലെന്നു അദ്ദേഹം സമൎത്ഥമായി മറുപടിയുംപറഞ്ഞു. യൂറോപ്പിൽ സമുദായ പ്രാതിനിധ്യവാദമില്ല. എന്തുകൊണ്ടു? അവിടെ സമുദായമില്ല. സമുദായമില്ലാത്തതുകൊണ്ടു അവിടെ സമുദായപ്രാതിനിധ്യവാദവുമില്ല. സമുദായങ്ങളും അവ തമ്മിലുള്ള വ്യത്യാസങ്ങളും ഹിമാലയംപോലെ നില്ക്കയും അവർതമ്മിൽ കീരിയുംപാമ്പുംപോലെ ജീവിക്കുകയും ചെയ്യുന്ന നാട്ടിൽ സമുദായവും സമുദായവ്യത്യാസവും ഇല്ലാത്ത രാജ്യങ്ങളിലെ കാൎയ്യങ്ങൾ പറഞ്ഞും പഴുതടയ്ക്കുന്നതു ന്യായീകരിക്കാവുന്നതല്ല. മദ്രാസ്സ മെഡിക്കൽ കാളേജിലും, ഇഞ്ചിനീയറിംഗ കാളേജിലും മുസ്ലീങ്ങൾക്കും മററും സീററുകൾ റിസൎവുചെയ്തിട്ടുള്ള കാൎയ്യംകൂടി പ്രത്യേകം സ്മരണീയമാണ്.

MR. P. SIVARAMA PILLAI : Sir, the question that I asked was whether the principle of communal representation was followed with regard to the admission of students in any Engineering college in India.

MR. K. R. NARAYANAN : ഒരു രാജ്യത്തു് പാമ്പു് ഇല്ലെങ്കിൽ അവിടെ വിഷവൈദ്യശാലയും വേണ്ട. പാമ്പില്ലാത്ത സ്ഥലത്തു് വിഷവൈദ്യശാല വേണ്ടെന്നു പറഞ്ഞതുകൊണ്ടു പാമ്പുള്ള സ്ഥലത്തു് വിഷവൈദ്യശാല വേണ്ടെന്നു പറയുന്നതു് എങ്ങിനെയാണ്. ഇവിടെ ബ്രാഹ്മണർ,

നായന്മാർ, ഈഴവർ, ക്രിസ്ത്യാനികൾ, മഹമ്മദീയർ, പുലയർ, പറയർ തുടങ്ങിയ അനേകം സമുദായങ്ങൾ, സമുദായങ്ങളായിത്തന്നെ ജീവിക്കമ്പോൾ ഇവിടെ സമുദായപ്രാതിനിധ്യവാദം വേണ്ടെന്നു പറയുന്നതു് എങ്ങിനെയാണ്. ഈ കാര്യത്തിൽ ഉത്തരഇൻഡ്യയെ മാതൃകയാക്കി പല കാര്യത്തിലും, എടുക്കുന്നപക്ഷം നാം ബങ്കാളിലും പഞ്ചാബിലും സിംഡിലും മഹമ്മദീയക്ക് അമിതപ്രാതിനിധ്യമുണ്ടെന്നു പറഞ്ഞുകൊണ്ടു ഹിന്തുക്കൾ പ്രക്ഷോഭണം നടത്തുന്നില്ലാ. അവിടത്തെ നില 3 @ മുസ്ലീമിനു, ര് @ ഹിന്തു എന്നതാകുന്നു. അതുപോലും ഹിന്തുക്കൾക്ക അസഹ്യം അതുകൊണ്ടു് ഡാക്ടർ മൂൺജി, സവേർക്കർ മുതലായവർ ഹിന്ദുമഹാസഭ സ്ഥാപിച്ചു്, പ്രാതിനിധ്യം മാത്രംപോരാ ചില സ്ഥലങ്ങളിൽ ശരിയായ വെയിറ്റേജും കൂടിവേണമെന്നു് ശക്തിയായി വാദിക്കുന്നുണ്ടു്. എന്തിനു് ഇതിലേക്കുവേണ്ടി ഉത്തരഇൻഡ്യയിൽ പോകുന്നു. നമുക്ക ഇവിടെത്തന്നെ നോക്കാം. രണ്ടോ മൂന്നോ മുൻസിപ്പന്മാരെ നിയമിച്ചപ്പോൾ ചില സമുദായത്തിൽ പെട്ടവക്ക് കിട്ടാത്തതുകൊണ്ടു് അതിനെപ്പററി ചോദ്യങ്ങൾ ചോദിക്കുന്നു. ഈ "എൻ പിള്ള നയവും" ദേശീയമാണോ.

MR. KANNANTHODATH JANARDHANAN NAIR : സമുദായപ്രാതിനിധ്യവാദം ദേശീയമാണോ?

MR. K. R. NARAYANAN · Yes, it is scientific nationalism,

PRESIDENT: The honourable member must address the Chair and he must have no dialogues with another honourable member.

MR. M. SIVATHANU PILLAI : May I know from the member whether it is not a fact that during the early period of this Assembly a party by name Samyukta Party without giving any previous information to the public metamorphosed into the State Congress Party?

PRESIDENT : Order. Order.

MR. M. SIVATHANU PILLAI : Sir, the member was saying that the State Congress do not stand for communal representation. I want to know whether it is not a fact that the State Congress Party is not the outcome of the former Samyukta Party?

PRESIDENT : It is a matter of history and is not relevant here.

MR. N. JOHN JOSEPH : സർ, സമുദായപ്രാതിനിധ്യത്തെപ്പററിയുള്ള വാദംകോലാഹലങ്ങളിൽ വീണ്ടും പങ്കെടുക്കേണ്ടിവന്നതിൽ അതിയായ സങ്കടമുണ്ടു്. ബഹുമാനപ്പെട്ട എന്റെ സ്നേഹിതൻ മി. ജോസഫ് കന്ത്യു് സർവ കണക്കുകളും എടുത്തിവിടെ കാണിച്ചു. അതുസ്ലിംതന്,

[Mr. N. John Joseph.]

മാർത്തോമ്മാ മുതലായ സമുദായങ്ങൾക്ക് ജനസംഖ്യാനുപാതികമായി കിട്ടേണ്ട ഉദ്യോഗങ്ങളിൽ കൂടുതൽ പങ്ക് ഇന്നവർ കൈവശം വച്ചുകൊണ്ടിരിക്കുന്നു എന്ന് ഇവിടെ പറയുകയുണ്ടായി. ക്രിസ്ത്യാനികളുടെ സമുദായവിഭജനം തന്നെ ശരിയല്ലെന്നുള്ള സംഗതി ഞാൻ പലപ്പോഴും ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചിട്ടുണ്ട്. അവശസമുദായങ്ങളുടെ സംഖ്യകൂടി കൂട്ടിച്ചേർത്തുകൊണ്ടാണ ഇത്ര വലിയ സംഖ്യയുണ്ടെന്ന് ഇവർ വാദിക്കുന്നത്. ആ സംഖ്യ അനുസരിച്ചുള്ള ഉദ്യോഗങ്ങൾ മുഴുവനും അവൎക്കു കിട്ടണമെന്നു വാദിക്കുന്നതല്ലാതെ അവശക്രിസ്ത്യാനികൾക്കു ജനസംഖ്യാനുപാതികമായി കിട്ടേണ്ട ഉദ്യോഗങ്ങൾ കിട്ടുന്നതിന് അവർ തീരെ താല്പര്യം കാണിക്കുന്നില്ല. ഒരുലക്ഷത്തിനാല്പത്തിഒരായിരം പേരുള്ള മാർത്തോമ്മാ സമുദായത്തെ ഒരു സമുദായമായി വിഭജിക്കാൻ ദയവുണ്ടായ ഗവണ്മെൻറിന് ൧,൭൬,൦൦൦ പേരുള്ള ചേരമർ സമുദായത്തെ ഒരു സമുദായമായി തിരിക്കുന്നതിന് ദയവുണ്ടായില്ല. സമുദായപ്രാതിനിധ്യമനുസരിച്ച് ഉദ്യോഗം വേണമെന്നു പറയുന്നത് ന്യായം തന്നെ. എന്നാൽ ശരിയായ വിധത്തിലുള്ള സമുദായവിഭജനം ലഭിക്കാതിരിക്കുന്ന കാലത്തോളം അതിനെപ്പററി എന്തെങ്കിലും ഒരു അഭിപ്രായം പറയുവാൻ എനിക്കു നിവൃത്തിയില്ല. മാർത്തോമ്മാ, ജേക്കബൈററ്, ലത്തീൻ, സിറിയൻ, ആംഗ്ലിക്കൻ, മററു ക്രിസ്ത്യാനികൾ എന്നീ സമുദായങ്ങളിലെല്ലാംകൂടിയാണ് അവശസമുദായത്തിലെ ക്രിസ്ത്യാനികൾ ഉൾപ്പെട്ടിരിക്കുന്നത്. അവരുടെയിടയിൽ വിദ്യാഭ്യാസം വളരെ കുറവാണ്. അദർ ക്രിസ്ത്യൻസ് എന്ന് പറഞ്ഞിരിക്കുന്നവരിൽ അധികം പേരും സവൎണ്ണക്രിസ്ത്യാനികളാണ്. ഇങ്ങിനെ മററു ക്രിസ്ത്യാനികളോടുകൂടി ഞങ്ങളെ ചേർത്തു വിഭജിച്ചിരിക്കുന്നത് അവശസമുദായത്തോടുകാണിക്കുന്ന ഒരു കടുംകൈ ആണ്. അവശസമുദായക്കാർ ചേർന്നിരിക്കുന്ന സംഘങ്ങളിൽനിന്നും അവൎക്കു വിട്ടുപോകണമെന്നു ആഗ്രഹമില്ല. ഞങ്ങളുടെ എണ്ണത്തിനെ കൂടിച്ചേർത്തു കണക്കു പറഞ്ഞു അവർ ശരിയായ പ്രാതിനിധ്യം കരസ്ഥമാക്കുന്നു. ഇങ്ങിനെ ചെയ്യുന്ന കാലത്തോളം അവശസമുദായക്കാരുടെ അവകാശങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതല്ലാതെ രക്ഷ കിട്ടാൻ യാതൊരു മാർഗ്ഗവുമില്ല. അതുകൊണ്ട് അവശസമുദായക്കാരെ ക്രിസ്ത്യാനികളിൽ നിന്നും പ്രത്യേകം വേർതിരിച്ച് അവൎക്കു ജനസംഖ്യാനുപാതികമായി കിട്ടേണ്ട ഉദ്യോഗങ്ങൾ എല്ലാഡിപ്പാർട്ടുമെൻറുകളിലും ശരിയായി കിട്ടത്തക്കവണ്ണം വേണ്ട വ്യവസ്ഥ ചെയ്യണം.

MR. PADIYARA JOSEPH KUNJU : സർ, അവശസമുദായക്രിസ്ത്യാനികളെ പ്രത്യേകം തിരിച്ചുള്ള ഒരു കണക്കുണ്ടോ?

MR. N. JOHN JOSEPH : അവശസമുദായക്രിസ്ത്യാനികളെ പ്രത്യേകമായി തിരിച്ച ഒരു കണക്ക സാമുദായികമായുണ്ടെങ്കിലും ഓരോ സഭയിലും ഇത്രയുണ്ടെന്നു വ്യവസ്ഥ ചെയ്തിട്ടില്ല. അടുത്ത സെൻസസിലെങ്കിലും അവശസമുദായക്രിസ്ത്യാനികൾ ഓരോ സഭാവിഭാഗങ്ങളിലും ഇത്രയുണ്ടെന്നു കണ്ടെത്തു അതനുസരിച്ച് ജനസംഖ്യാനുപാതികമായ സർവ്വ ആനുകൂല്യങ്ങളും ഞങ്ങൾക്ക നൽകണമെന്നു ഞാൻ അപേക്ഷിക്കുന്നു.

MR. PADIYARA JOSEPH KUNJU : മെമ്പർ ഉൾപ്പെട്ട സമുദായത്തിൽ എത്രയാളുകൾ ഉണ്ട്.

MR. N. JOHN JOSEPH : ഞാൻ ചേരമർ സമുദായത്തിൽപ്പെട്ടയാളാണ്. സഭ ഒരു സമുദായമായി പരിഗണിക്കാൻ പാടില്ല. മിശ്രഭോജനം മിശ്രവിവാഹം മുതലായവ നടപ്പിൽവന്ന് സഭയിലുള്ള ആളുകൾക്ക തമ്മിൽ യാതൊരു വ്യത്യാസവുമില്ലാതെയാകുന്നകാലത്തു മാത്രമേ ഒരു സഭയെ ഒരു സമുദായമായി പരിഗണിക്കാൻ പാടുള്ളൂ. അല്ലാതെ തീണ്ടലും തൊടീലും നിലനിൽക്കുന്ന കാലത്തോളം ഒരു സഭ പല സമുദായങ്ങളും അടങ്ങിയ ഒന്നു തന്നെയാണ്. ക്രിസ്തു ഏശുവിൽ വിശ്വസിച്ചുകൊണ്ട് രാഷ്ട്രീയവും സാമുദായികവുമായ ഞങ്ങളുടെ സകല അവകാശങ്ങളും മററുള്ളവർ തട്ടിക്കൊണ്ടുപോകുന്നതു് ഞങ്ങൾക്ക വലിയ സങ്കടമാണ്. മി. ആസ്ററിൻ ദിവാൻജിയായിരുന്നകാലത്തു് ഞങ്ങളെ പ്രത്യേകമായി തിരിക്കയും അതുനിമിത്തം ഇംഗ്ലണ്ടിൽ പാർലിമെൻറിൽ പോലും ചോദ്യത്തിനിടവരുത്തുകയും ചെയ്തകഥ ഇവിടെ വിസ്മരിക്കത്തക്കതല്ല. ഞങ്ങളെ പ്രത്യേകം വേർതിരിച്ചാൽ സവർണ്ണക്രിസ്ത്യാനികൾക്ക കിട്ടുന്ന അംശം കുറഞ്ഞുപോകും. അതുകൊണ്ടാണ് അവർ ഞങ്ങളെ വേർതിരിക്കുന്നതിൽ വൈമനസ്യം കാണിക്കുന്നതു്. അതുകൊണ്ടു തന്നെയാണ് ക്രിസ്ത്യാനികളുടെ വർഗ്ഗീയപ്രാതിനിധ്യവാദം ഞാൻ എതിർക്കുന്നതും. അതുപോലെ തന്നെ ഹിന്ദുക്കളുടെ സ്ഥിതിനോക്കിയാലും ഹിന്ദു പുലയൻ തുടങ്ങിയുള്ളവരുടെ അവകാശങ്ങളെല്ലാം മററു ഹിന്ദുക്കൾ കൊണ്ടുപോകുന്നു. ആംഗ്ലിക്കൻ സഭയിൽ ൯൦,൦൦൦ അവശസമുദായക്രിസ്ത്യാനികളുണ്ട്. ൪൦,൦൦൦ പേർ മററു ക്രിസ്ത്യാനികളായും ഉണ്ട്. ഇതിൽ ൯൦,൦൦൦ പേരുടെ അവകാശംകൂടി ൪൦,൦൦൦ പേരുള്ള സവർണ്ണക്രിസ്ത്യാനികൾ കൊണ്ടുപോകയാണ്.

[Mr. N. John Joseph.]

ഇന്നു ചെയ്യുന്നതു്. അതുപോലെ തന്നെ ൩ ലക്ഷത്തിൽപരം വരുന്ന ലത്തീൻകത്തോലിക്കരിലും ഒരു നല്ല സംഖ്യ അവശസമുദായക്രിസ്ത്യാനികളാണു്. അതുകൊണ്ടു് ഞങ്ങളെ പ്രത്യേകം തിരിച്ചു് ഞങ്ങളുടെ സംഖ്യാനുപാതികമായ ഉദ്യോഗങ്ങളോ മററു പ്രാതിനിധ്യങ്ങളോ ഞങ്ങൾക്കു കിട്ടത്തക്കവിധത്തിൽ വേണ്ട വ്യവസ്ഥ ചെയ്യില്ലെങ്കിൽ ഞങ്ങൾക്കു വളരെ സങ്കടമാണെന്നറിയിച്ചുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ സംബന്ധിച്ചിടത്തോളം നിഷ്പക്ഷനില അവലംബിക്കുന്നു.

MR. M. SIVATHANU PILLAI: Sir, why not we know the opinion of the Travancore National Congress Party?

MR. KAINIKKARA M. PADMANABHA PILLAI: Sir, I have not heard the question.

PRESIDENT: The honorable member wants to know the opinion of the National Congress Party on this question. I am going to call two members. The next is Mr. P. Kunjukrishnan. After that I shall call upon some member from this side.

MR. P. KUNJUKRISHNAN: Sir, it was said here that about 75 per cent. questions answered related to caste-war statements. I have felt it along with many other members of this House that it looks a little awkward for honorable members of this House to be asking at every stage for caste-war statements of appointments in the various grades of the public service. I have also heard the honorable members on the Government side feeling somewhat awkward over this question. But I may submit that there is nothing to feel awkward. I am one with the Chief Secretary to the Government when he says that it is due to the historical causes that the communal representation problem has a risen.

PRESIDENT: I now find that it is practically impossible to enforce what I stated a few minutes ago because there is one more gentleman to speak on this side and two more on the other. I shall therefore extend the time by ten or fifteen minutes. It means that the time allotted should be rigorously......

MR. PADIYARA JOSEPH KUNJU: അവർ സംസാരിച്ചുകഴിഞ്ഞു മററെ പാർട്ടിയിലുള്ളതിൽ രണ്ടുപേരെക്കൂടി സംസാരിക്കാൻ സമയം കൊടുത്താൽ കൊള്ളാം.

PRESIDENT: The honorable member cannot dictate to the Chair. It means a very rigorous enforcement of the five-minutes allotted to each member.

PRESIDENT: I may correct the honourable member. The amount represented by the allotment for this department is only one of the various items of money expended by Government for the uplift of the backward communities.

MR. P. C. ADICHAN: കഴിഞ്ഞ കൊല്ലത്തേക്കാൾ ൭൪¼ ശതമാനം കുറവായിട്ടാണ് ഇക്കൊല്ലത്തെ ബഡ്ജററിൽ കാണുന്ന സംഖ്യ. കൂടാതെ, വിശ്വവിഖ്യാതമായ ക്ഷേത്രപ്രവേശനവിളംബരത്തിനുശേഷം ഹൈന്ദവ അവശസമുദായങ്ങൾക്കു ഹിന്ദുമതആചാരങ്ങൾ നടത്തിക്കൊണ്ടുപോകു

[Mr. P. C. Adichan.]

വാൻ വേണ്ട പ്രചരണങ്ങൾ വളരെ സ്ഥലങ്ങളിൽ ആവശ്യമായിട്ടുണ്ട്. ഒരു കാലത്ത്, മഹാരാജാവു് തിരുമനസ്സുകൊണ്ടുമാത്രമല്ല ഇവിടെ നാടുവാണിരുന്ന മഹാരാജാക്കന്മാർ എല്ലാവരും ഇവിടത്തെ ക്രിസ്ത്യൻസമുദായത്തിനു പള്ളികൾ വയ്ക്കുന്നതിനും മററും സ്ഥലം പണം ഇവ കൊടുത്തു സഹായിച്ചിട്ടുള്ളതായി അറിയുന്നുണ്ട്. അതിൻെറ ഫലമായിട്ടാണ് ഇന്ന് അവക്കു തിരുവിതാംകൂറിൽ ഇത്ര പ്രാബല്യം കാണുന്നത്. അതുപോലെ ഇവിടത്തെ അവശസമുദായങ്ങൾ പ്രബല സമുദായങ്ങളായി രൂപാന്തരപ്പെടണമെങ്കിൽ വിദ്യാഭ്യാസവിഷയത്തിലും സാമ്പത്തികവിഷയത്തിലും അവക്കു ഉന്നതമായ ഒരു നിലയുണ്ടാകുവാൻ ഗവണ്മെൻറു പലവിധത്തിലും സഹായിക്കുകതന്നെ വേണം. സാമുദായികസംഘടന ബലപ്പെടുത്തുന്നതിനും ഗവണ്മെൻറിൻെറ സഹായം ആവശ്യമാണ്. പലവിധ അന്ധവിശ്വാസങ്ങളും അവശസമുദായങ്ങളുടെ ഇടയിലുണ്ട്. അതിനാൽ ഹിന്ദുമതസംസ്കാരത്തെ ശരിയായി നിലനിറുത്തിക്കൊണ്ടുപോകാൻ സാധിക്കാതെവരുന്നു. ഇങ്ങിനെ പലവിധത്തിൽ നോക്കുമ്പോൾ കഴിഞ്ഞകൊല്ലത്തേക്കാൾ ഇക്കൊല്ലം തുക കുറഞ്ഞുപോയതിൽ പരിതാപപ്പെടേണ്ടിയിരിക്കുന്നു. ആ തുക കുറേക്കൂടി കൂട്ടിവയ്ക്കുവാൻ ഗവണ്മെൻറിനു ദയയുണ്ടാകണമെന്നും ഇപ്പോൾ കുറഞ്ഞുപോയിട്ടുണ്ടെങ്കിൽ ഒരു സപ്ലിമെൻററിഗ്രാൻറു കൊണ്ടുവന്നിട്ടെങ്കിലും കൂടുതൽതുക അനുവദിക്കണമെന്നും അപേക്ഷിച്ചുകൊള്ളുന്നു.

MR. KAVIYOOR KOCHUKUNJU: Sir, ...

PRESIDENT: I do not want to curtail discussion on this matter. But, there seems to be some misconception. I am therefore calling upon the Pro-Vice-Chancellor now, to explain the position fully. Other honourable members can speak afterwards.

MR. C. V. CHANDRASEKHARAN: Sir, as you have indicated, our total expenditure for the uplift of backward communities is several times in excess of the allotment for this department. The report of this department is in the hands of the honourable members; they will see in its closing paragraph, a detailed statement showing the various items of expenditure incurred by Government, under this head, during 1113. On the whole, Sir, we spend nearly Rs. 2 lakhs, although the budget allotment for the department of Protection of Backward communities is only about Rs. 30,000. Under educational concessions, fee concessions, we spend more than a lakh, both in the shape of loss of revenue under fee income and by actual compensation paid by Government to grant-in-aid schools, towards such fee concessions. Similarly, a considerable sum is being spent, though not directly, under Land Revenue, by way of concessional registry of land in favour o

backward communities The Department of Public Health is also assisting us by sinking wells in certain localities. The Department of Industries is assisting us by training members of the Backward Communities in weaving; that department sends round its itinerant weaving parties for the purpose.

Now, Sir, adding all these items together it will be found that the total amount expended by Government for the benefit of the Backward Communities is nearly Rs. 2 lakhs per annum. Taking the allotment for the department, by itself, I agree with Mr. Adichan that the allotment for 1115 is a little less than for 1114. In 1114, there was a big item of expenditure, namely, the establishment of the Kurichi Colony for which a special allotment of Rs. 10,000 had been made. That Colony has now been established; and the running expenditure for the Colony for 1115 will be very much less than the original expenditure which we had to incur during 1114.

I may inform the House, Sir, that we have now taken up the Harijan Hostel, the big hostel, which was being run by the Harijan Sevak Sangh for which we were giving a small grant in previous years. That institution has now become the Sri Chitra Hostel, run by the Department for the Protection of Backward Communities; and a sum of Rs. 4,000 has been allotted for the purpose, in the budget for 1115.

During the last 3 years, under the inspiring guidance of the Dewan-President, a new programme, for the uplift of the backward communities, has been formulated as the result of a conference held in the Secretariat under the Chairmanship of the Dewan-President. The main feature of the new programme is intensive work in two or three selected centres, along with the more extensive work of sinking wells and providing burial grounds and other amenities, throughout the country.

During the last 3 years, quite apart from the great spiritual change as a result of the Temple Entry Proclamation which has almost effected a revolution in the mental outlook of these backward communities, quite apart from the great momentum of psychological value produced by the Proclamation, not only in Travancore but throughout South India, quite apart from all those spiritual aspects of the matter, on the material, the economic side, there has been very remarkable improvement indicative of great solicitude of the Government of His Highness the Maharaja, for the welfare of the Backward communities. We now have three field officers, one for each division, to whom the representatives of the backward communities can go for the reddress of their definite grievances. During 1115 three colonies will start working; the land has been acquired. In one of the colonies we have already begun building houses.

Then again, Sir, if you look at the record of the number of wells sunk during 1113 and 1114, or the number of burial grounds provided for these communities, or the various forms of educational concessions, granted directly by the department for the Protection of Backward

[Mr. C. V. Chandrasekharan.]

communities in addition to those granted by the Education Department or instance, there are 25 Harijan girls in the Mahilamandiram for each of whom we pay Rs. 4 a month, we supply books free; we present text-books to all Harijan pupils in the 3rd and 4th classes of all Primary Schools, which alone costs us about Rs. 4,000 a year—you will see that, compared with the previous years, during the last three years, this department has been getting more funds from Government. And, I can assure the honourable House that if this department embarks upon any new programme, Government will ungrudgingly afford the necessary financial assistance,. The deep sympathy and the great consideration of Government for this movement for the uplift of the backward communities is assured.

MR. P. C. ADICHAN : കഴിഞ്ഞകൊല്ലം കുറിച്ചി കാളനിക്കുള്ള തുക ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടായിരുന്നതുപോലെ ഇക്കൊല്ലത്തെ ബഡ്ജററിൽ ഏനാദിമംഗലം കാളനിക്കുള്ള തുക കൊള്ളിച്ചിട്ടുണ്ടോ?

MR. C. V. CHANDRASEKHARAN; One of the proposals, at that conference I spoke of was the opening of a colony at Enadimangalam. On further investigation it was found that it was not possible to get suitable land, in one block. That proposal had therefore to be dropped.

MR. KAVIYOOR K. K. KOCHUKUNJU : വർണ്ണവസമുദായത്തെ പിന്നോക്കസമുദായത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

MR. C. V. CHANDRASEKHARAN: Technically, the Varnavar Community does not come under "Backward Communities" eligible for concessional registry of lands and other such concessions, enjoyed by communities like Pulayas, Parayas and Kuravas. The various branches of the Varnavar community are eligible for half-fee concession in schools. They do not strictly come under the term "Backward communities."

MR. KAVIYOOR K. K. KOCHUKUNJU : ഹരിജന ഹോസ്റ്റലിൽ വർണ്ണവസമുദായത്തിൽപ്പെട്ട വിദ്യാർത്ഥികളെ സ്വീകരിച്ചിരിക്കുന്നതു എന്തിനെ അടിസ്ഥാനപ്പെടുത്തിയാണു്?

MR. C. V. CHANDRASEKHARAN: Fee concessions granted by the Education Department are based, as the honourable member ought to know, upon the percentage of literacy among the various communities.

MR. KAVIYOOR K. K. KOCHUKUNJU : സമുദായത്തിന്റെ എന്തെല്ലാം അവസ്ഥാഭേദങ്ങൾ കൊണ്ടാണു് പിന്നാക്കസമുദായമായി പരിഗണിക്കുന്നതു എന്നുപറയുമോ?

MR. C. V. CHANDRASEKHARAN: There are degrees of poverty, and degrees of economic backwardness. Government have decided that

Pulayas, Parayas and Kuravas are the most backward of all communities and therefore more puduval concessions have been given to them than to other backward communities.

MR. KAVIYOOR K. K. KOCHUKUNJU : ഈ ഉപക്ഷേപത്തിന്റെ തത്വത്തോടു മാത്രം ഞാൻ യോജിച്ചുകൊണ്ട് ഇന്നു അവശസമുദായക്കാരായി പരിഗണിച്ചു പ്രസ്തുതവകുപ്പിൽ ഉൾപ്പെടുത്തീട്ടുള്ള പല പിന്നോക്കസമുദായങ്ങളേയുംകാൾ അവശതയനുഭവിക്കുന്ന ചില സമുദായങ്ങളുടെ ശോചനീയാവസ്ഥയെപ്പററി ചില സംഗതികൾ ബഹുമാനപ്പെട്ട ഗവൺമെൻറിൻെറ കരുണക്കു വിധേയമാക്കണമെന്നുള്ളതാണെൻെറ ഉദ്ദേശം. ഒരു സമുദായം മുന്നോക്കമോ പിന്നോക്കമോയെന്ന് നിശ്ചയിക്കേണ്ടതും ആ സമുദായത്തിൻെറ വിദ്യാഭ്യാസം ഭൂസ്വത്തുടമസ്ഥത സാമുദായികസ്ഥിതി മുതലായതുകളെ മാനദണ്ഡമാക്കിത്തന്നെ ആയിരിക്കണമെന്നാണെങ്കിൽ ചില സമുദായങ്ങൾ ഈ വകയെല്ലാകാര്യങ്ങളിലും കേവലം അവശതയനുഭവിച്ചുപോരുന്നവരായിട്ടുണ്ട്. യഥാർത്ഥത്തിൽ പിന്നോക്കംനില്ക്കുന്ന ഒട്ടനേകം സമുദായങ്ങൾ ഇന്നു പിന്നോക്കസമുദായങ്ങൾക്കായി മാററിവച്ചിരിക്കുന്ന യാതൊരാനുകൂല്യങ്ങൾക്കും വിധേയരാകാതെ കേവലം അവശതയനുഭവിക്കുന്നവരായിട്ടുണ്ടെന്നുള്ള പരമാർത്ഥം ബ: ഗവൺമെൻറിൻെറ വിലയേറിയ വിചിന്തനത്തിനു വിധേയമാകണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

ഞാനുൾപ്പെട്ട വണ്ണവസമുദായത്തിൽപ്പെട്ടവർ വിദ്യാഭ്യാസവിഷയത്തിൽ വളരെ പിന്നോക്കം നില്ക്കുന്നവരാണ്. ഉന്നത വിദ്യാഭ്യാസം ചെയ്യുന്ന ഒററ വിദ്യാർത്ഥിപോലും ഞാനുൾപ്പെട്ട സമുദായത്തിൽ ഇന്നുണ്ടോ എന്നു സംശയമാണു. അതു ഉന്നതവിദ്യാഭ്യാസം ചെയ്യുന്നതിനു ആഗ്രഹമുള്ള വിദ്യാർത്ഥികളുടെ കുറവുകൊണ്ടല്ല അവരുടെ കഴിവില്ലായ്മ ഒന്നുകൊണ്ടുമാത്രമാണ് ഇപ്രകാരം ഒരവസ്ഥ നേരിട്ടിരിക്കുന്നതു്. അതുകൊണ്ടു ഞങ്ങളുടെ വിദ്യാഭ്യാസവിഷയത്തിൽ ഗവൺമെൻറിൻെറ സവിശേഷമായ കരുണയുണ്ടാകണമെന്നപേക്ഷിക്കുന്നു. വർണ്ണവസമുദായത്തിൻെറ ഭൂസ്വത്തുടമസ്ഥത നോക്കിയാൽ അന്യരുടെ പുരയിടങ്ങളിൽ കുടിലുകൾകെട്ടി അന്യാധീനതയിൽ കഴിച്ചുകൂട്ടുന്നവരാണ് പ്രസ്തുത സമുദായത്തിലുള്ള ൯൦ ശതമാനം ആളുകളും എന്നുള്ള പരമാർത്ഥത്തോടു എതിർക്കുവാൻ ഇന്ന് ഇവിടെ സന്നിഹിതരായിട്ടുള്ള മഹാജനങ്ങളും വരാതെയിരുന്നിട്ടുള്ള മഹാജനബഹുക്കളും ഒരുനാളും സന്നദ്ധരാകയില്ലെന്നാണെൻെറ വിശ്വാസം. ഇങ്ങനെ ഭൂസ്വത്തുടമസ്ഥതയിലും വി

[Mr. Kaviyoor K. K. Kochukunju.]

ദ്യാഭ്യാസവിഷയത്തിലും കേവലം അവശരായിട്ടാണ് വർണ്ണവസമുദായം കഴിഞ്ഞുകൂടുന്നതു്. വർണ്ണവസമുദായത്തിന്റെ നാനാമുഖങ്ങളായ അവശതകളെ പരാമർശിച്ചു ബഹുമാനപ്പെട്ട ഗവണ്മെന്റിൽ മെമ്മോറിയലുകൾ സമർപ്പിച്ചാൽ ത്യാജ്യകോടിയിൽ തള്ളിയിരിക്കുകയുമാണ് ചെയ്തിരിക്കുന്നതു്.

MR. T. T. KESAVAN SASTRI : മെമ്പറിന്റെ ഏതെങ്കിലും സമുദായവിഭാഗത്തിൽപ്പെട്ടവർ പിന്നോക്കസമുദായത്തിൽപ്പെട്ടിട്ടുണ്ടോ?

MR. KAVIYOOR K. K. KOCHUKUNJU : ഉണ്ടു്. ഞങ്ങളുടെ സമുദായവിഭാഗത്തിൽപെട്ട വേലന്മാർ അതിനു് വിധേയരായിട്ടുണ്ടു്. ഞങ്ങളുടെ സമുദായത്തിൽപ്പെട്ടവരെ എല്ലാം ഏകസമുദായമായി ഗണിച്ചു് ഞങ്ങളുടെ ഉന്നമനത്തിനു അനുയോജ്യമായ എല്ലാ ആനുകൂല്യങ്ങളും ചെയ്തുതരുന്നതിനു ദയവുണ്ടാകണമെന്നു ബ: ഗവണ്മെന്റിനോടു ഞാൻ അപേക്ഷിക്കുന്നു. അങ്ങിനെ ചെയ്തില്ലെങ്കിൽ ഒരുകാലത്തും ഈ അധഃകൃതവാദം തീരുകയില്ല. അവരുടെ ദീനസ്വരം എപ്പോഴും ബഹുമാനപ്പെട്ട ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടുകൊണ്ടുതന്നെയിരിക്കും. അവരുടെ അന്വേഷണത്തിനു താഴെവരുമ്പോൾ അതിലധികാരപ്പെട്ടത്തെപ്പെട്ടിട്ടുള്ളവർ അതിനെക്കുറിച്ചുള്ള യഥാർത്ഥാവസ്ഥ ഗവണ്മെന്റിനെ ധരിപ്പിക്കാതെ ഞങ്ങളെ കേവലം ത്യാജ്യകോടിയിൽ പരിഗണിച്ചിരിക്കുയാണു ചെയ്തിരിക്കുന്നതു്. ഒട്ടനേകം ന്യൂനപക്ഷഹിന്ദുസമുദായങ്ങളെ ഒന്നായിഗണിച്ചു് ഏകദേശം പതിന്നാലുലക്ഷത്തോളം വരുന്ന ഒരുവൻപിച്ചജനസമൂഹത്തെയാണ് മററുഹിന്ദുക്കൾ വകുപ്പായിവേർതിരിച്ചിരിക്കുന്നതു്. അവരിൽതന്നെ സംസ്കാരം ഉള്ളവരും ഇല്ലാത്തവരും ഉണ്ടു്. മററുഹിന്ദുക്കൾ എന്ന വിഭാഗത്തിൽ സംസ്കാരവിഹീനരായ അനേകം ന്യൂനപക്ഷഹിന്ദുസമുദായങ്ങൾകിടന്നു വളരെ വിഷമിക്കുന്നുണ്ടു് എന്നുള്ള സംഗതി ഗവണ്മെന്റു കാര്യമായി ശ്രദ്ധിക്കണം, പിന്നോക്കസമുദായത്തിൽ വർണ്ണവസമുദായത്തേക്കൂടി ഉൾപ്പെടുത്തുന്നതിനു ദയവുണ്ടാകണം. അല്ലെങ്കിൽ പിന്നോക്കസമുദായവിഭാഗത്തിനു് മററുഹിന്ദുക്കൾ വകുപ്പിന്റെ ആവശ്യങ്ങളും അവശതകളും ബ: ഗവണ്മെന്റിനെ ധരിപ്പിച്ചു നിവാരണം ഉണ്ടാക്കുവാൻ മററുഹിന്ദുക്കൾ വിഭാഗത്തിനുകൂടി ഒരു അഡ്വൈസറി ബോർഡ് പിന്നോക്കസമുദായ വിഭാഗത്തിനു കൊടുത്തിരിക്കുന്നതുപോലെ ഞങ്ങൾക്കും അനുവദിച്ചുതരുന്നതിനു ബ: ഗവണ്മെന്റിനു ദയവുണ്ടാകണം. അങ്ങിനെ ചെയ്തില്ലെങ്കിൽ യഥാർത്ഥ ഹിന്ദു

മതവിശ്വാസികളായ അനേകലക്ഷം ന്യൂനപക്ഷഹിന്ദുക്കൾ ഒരുകാലത്ത് അധഃകൃതരിൽ അധഃകൃതരായി സ്ഥിതിചെയ്യുകയും അവരുടെ ദീനസ്വരങ്ങൾ കരുണയുള്ള ഗവൎമ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടുകൊണ്ടിരിക്കയും ചെയ്യുന്നതായിരിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ആകയാൽ കരുണയേറിയ ഗവണ്മെന്റ് ഈ രാജ്യത്തെ ന്യൂനപക്ഷക്കാരും കേവലം അവശത അനുഭവിക്കുന്നവരുമായ അവശലക്ഷങ്ങളിൽ കരുണതോന്നി അവരുടെ നാനാപ്രകാരത്തിലുള്ള അവശതകൾക്കു പരിഹാരമുണ്ടാക്കണമെന്നുള്ള അപേക്ഷയോടുകൂടി ഈ ഉപക്ഷേപത്തിന്റെ തത്വത്തോടു മാത്രം ഞാൻ അനുകൂലിക്കുന്നു.

MR. T. T. KESAVAN SASTRI : ഗവൎമ്മെന്റിൽനിന്നും അധഃകൃതശബ്ദം ഉപയോഗിച്ചുകൂടായെന്ന് പരസ്യംചെയ്തിട്ടുള്ളതായി അറിയാമോ?

MR. KAVIYOOR K. K. KOCHUKUNJU : അറിയാം. പക്ഷേ ഞാൻ ഉൾപ്പെട്ട സമുദായത്തിന്റെ അവശതക്ക് അധഃകൃതശബ്ദത്തേക്കാൾ മികച്ചപദം ഉപയോഗിച്ചാൽ അതിന്റെ ശക്തി കുറയുമെന്നുദ്ദേശിച്ചാണു ഇപ്രകാരം പറഞ്ഞത്.

MR. N. VELU ACHARI : സർ, റിസർവ്വുസ്ഥലങ്ങളിൽ വലിയ ആദായമില്ലാത്ത സ്ഥലങ്ങൾ നീക്കി ഇട്ടു ഈ രാജ്യവാസികളായ സാധുക്കൾക്കു പതിച്ചുകൊടുത്തു സഹായിക്കണമെന്നുള്ള ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. തിരുമനസ്സിലെ ഗവണ്മെന്റും പൊതുജനങ്ങളും അവശജനങ്ങളെ വിദ്യാഭ്യാസവിഷയത്തിലും ധനസ്ഥിതിയിലും പരിപോഷിപ്പിക്കുന്നതിനാണല്ലോ ശ്രമിച്ചുവരുന്നത്. ഈ രാജ്യത്തെ എല്ലാ ജാതിക്കാരുടെ ഇടയിലും അവശജനങ്ങളുണ്ട്. അവരെ എല്ലാപേരേയും ഗവണ്മെന്റു ഒരുപോലെ കരുതണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു. കേറികിടക്കാൻ ഒരുസെന്റു സ്ഥലംപോലുമില്ലാത്ത അനേകലക്ഷം ആളുകൾ ഈ രാജ്യത്തുണ്ട്. അങ്ങിനെയുള്ള എത്രയോ കുടുംബങ്ങൾ ഞാനുൾപ്പെട്ട സമുദായത്തിലുണ്ട്. അതിന്റെ ഒരു കണക്കെടുത്താൽ പതിനായിരക്കണക്കിന് വിശ്വകൎമ്മസമുദായത്തിൽ ഒരുസെന്റു സ്ഥലമോ ഒരു കുടിലോ ഇല്ലാത്തവരായി ഉണ്ടെന്നു കാണാവുന്നതാണ്. ഈ പരമാൎത്ഥത്തെ സംബന്ധിച്ച് ഉദ്യോഗസ്ഥന്മാരുടെയിടയിലും ഈ മഹാസഭയിലും എന്നുമാത്രമല്ല പൊതുജനങ്ങളുടെയിടയിലും ഒരു വലിയ തെറ്റിദ്ധാരണ കാണുന്നുണ്ട്. അവശർ എന്നുപറയുന്നത് കുറവർ, ചേരമർ, സാമ്പവർ എന്നിവരാണെന്നാണ് ഇവരത്രപേരും മനസി

[Mr. N. Velu Achari.]

ലാക്കിയിരിക്കുന്നതു്. പരമാൎത്ഥംപറഞ്ഞാൽ അവരുടെയിടയിലും പല ധനികന്മാരുമുണ്ടു്,

MR. T. T. KESAVAN SASTRI : കുറവർ, പുലയർ, പറയർ മുതലായവരുടെയിടയിൽ എത്ര ധനികന്മാരുണ്ടെന്നു പറയാമോ?

MR. N. VELU ACHARI : അവരുടെയിടയിലുള്ള ധനികന്മാരെ നിങ്ങൾക്കറിയാവുന്നതിൽ കുറച്ചെങ്കിലും എനിക്കറിയാം.

വിശ്വകൎമ്മസമുദായത്തിൽ അവരുടെ കൈത്തൊഴിൽ ചെയ്യാതെ വസ്തുക്കളുടെ ആദായംകൊണ്ടുമാത്രം ജീവിക്കുന്ന ഒരൊററ കുഡുംബം എങ്കിലും തിരുവിതാംകൂറിൽ ഉണ്ടോ എന്നു സംശയമാണ്. കൃഷികൊണ്ടുജീവിക്കുന്നവർക്കു പണമില്ലാത്തതിനാൽ ഇവൎക്കു തൊഴിലുമില്ല. എന്നാൽ വിശ്വകൎമ്മസമുദായത്തിന്റെ വാസ്തവസ്ഥിതിയെക്കുറിച്ചു് നേരെമറിച്ചാണു ഈ ബഹുമാനപ്പെട്ട സദസിൽ ധരിച്ചിരിക്കുന്നതു്. അതിനു കാരണമുണ്ടു്. ഈ രാജ്യത്തു് എന്നല്ല ഏതുരാജ്യത്തും അവർ ജാതിതൊഴിലായി സ്വീകരിച്ചിരിക്കുന്നതു് ക്ഷേത്രംപണി, വിഗ്രഹംപണി ഗൃഹോപകരണങ്ങളുടെ പണി കാൎഷികോപകരണപണി മുതലായവയാണ്. കരകൌശലത്തിലുള്ള അവരുടെ സാമൎത്ഥ്യംകൊണ്ടാണ് അവരുടെ നിലയെ മററുള്ളവർ തെററിദ്ധരിച്ചിരിക്കുന്നതു്. കരകൌശലം ഒരു രാജ്യത്തിന്റെ അഭിവൃദ്ധിക്കും മേന്മക്കും എത്രമാത്രം അത്യന്താപേക്ഷിതമായിട്ടുള്ളതാണെന്നു എല്ലാവൎക്കും അറിയാവുന്നതാണ്. അതുകൊണ്ടു അവൎക്കു ചുരുങ്ങിയ കിടക്കാനെങ്കിലും ഒരു സെൻറുസ്ഥലം കൊടുത്താൽ അവർ സ്വസ്ഥരായി രാജ്യാഭിവൃദ്ധിക്കുള്ള തൊഴിലെങ്കിലും ചെയ്യുന്നതാണ്.

MR. C. V. CHANDRASEKHARAN: On a point of order Sir. The honourable member is speaking at length on the needs of the Viswakarma communities which is not classified as one of the backward communities. Is that in order?

PRESIDENT: Apparently, he brings that under the heading "the policy of expanding the system..."

MR. C. V. CHANDRASEKHARAN: What is to prevent me, Sir, from classifying the Brahmins among the backward communities and asking certain concessions for them.

PRESIDENT: If the Pro-Vice-Chancellor wishes to do so, I shall not stand in his way.

MR. N. VELU ACHARI : കരകൌശലത്തിലുള്ള സാമൎത്ഥ്യംകൊണ്ടു വിശ്വകൎമ്മജർ നല്ലനിലയിൽ കഴിയുന്നവരാണെന്നു് മററുള്ളവർ ധരിച്ചുപോകുന്നു,

PRESIDENT: I have allowed the honourable member to deal with what may be called the helplessness of most communities. But the point is that, at present, we are concerned with the grant of Rs. 36, 029 to certain communities and it would conduce to convenience and also in the matter of time if the honourable member will abbreviate his remarks.

MR. N. VELU ACHARI : രാജ്യത്തിന്റെ അഭിവൃദ്ധിക്കുതകുന്ന തൊഴിൽക്കാരായ ഇവരെ സംസ്കാരത്തിലും പരിഷ്കാരത്തിലും എത്തിച്ചേക്കേണ്ടതു തിരുമനസ്സിലെ ഗവണ്മെന്റിനു വളരെ യുക്തമായിട്ടുള്ള ഒരു സംഗതിയാണ്. അതുകൊണ്ട് വിശ്വകർമ്മജരുടെ നിലയെന്തെന്ന് ഗവണ്മെന്റും ഉദ്യോഗസ്ഥന്മാരും മനസ്സിലാക്കി വിശ്വകർമ്മജരെക്കൂടി പിന്നോക്ക സമുദായത്തിൽ ചേർത്ത് കയറികിടക്കാൻ സ്ഥലമില്ലാത്തവർക്ക് ആവശ്യമുള്ള സ്ഥലങ്ങൾകൊടുത്ത് അവരെ കുറേക്കൂടി വിശാലമായ നിലയിൽ ഗവണ്മെന്റിൽനിന്നും സഹായിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊണ്ട് ഈ ഉപക്ഷേപത്തെ ബലമായി പിന്താങ്ങുന്നു.

MR. M. SIVATHANU PILLAI: Sir, I wish to congratulate Government for making it possible in our State for other communities who are not backward, to come forward and claim that they also should be classed among 'backward communities', so that they may also come under the paternal care of the Government.

PRESIDENT: It is not peculiar here. It has happened elsewhere also.

MR. M. SIVATHANU PILLAI: Then I withdraw my congratulation. But, nobody can dispute this, our State bestows great attention to this question in our State. The question of uplifting backward communities has been given its due importance. In fact, its importance here is more than what is obtaining in the whole of the British Empire; and is in the lead that Our State gave to others in the matter of Temple Entry Proclamation. That is what it has come to. There is one other point to be noted. A most popular officer in the official heirarchy, an officer in the person of the Pro Vice Chancellor, the foremost educationist, has been appointed to take up the responsibility of guiding the destinies of the backward communities. Of course it may be true that in other places also, some officers may be entrusted with the task of looking after the upliftment of the so-called backward communities. But, the status of the officer who is called upon to do that here is certainly high; and that shows how earnest and sincere our Government intend to lift the backward community from their lowliness and poverty.

Sir, I wish to sound a note of warning in the matter of choosing persons for field work or for entrusting work in this connection. I have come across very many persons who go about professing that they are also equally interested in the matter of uplifting the backward communities and act as intermediaries. Sometimes they successfully

[Mr. M. Sivathanu Pillai.]

impose upon themselves that work of upliftment and then approach the necessary quarters for certain concessions on their behalf all the while taking such concessions and advantages to themselves. I have to warn the Government that they should not give credence to such pretenders. And, South Travancore is certainly a place which is fully infested with such imposters. They style themselves as their true guardians and make the majority of the people believe that they are really interested in the matter of uplifting the backward communities but in the end it will be found they fatten themselves at the expense of the poor people of the backward class. For example, in a place called Mangamalai and its suburbs, in Tovala Taluq persons belonging to Sambavar denomination of the backward community had in their possession a large tract of jungle land, cleared the jungle and raised cultivations such as cocoanuts, limes, tapioca, and plantains. They had spent considerable sweat and labour to raise that cultivation. Now it is reported that one of their class who goes about making people believe that he is also one interested in their uplift, that imposter, saviour, attempts ousting these poor people from their cultivation and securing the cultivated area for himself and for himself alone. Invariably, such people manage to get certain puduval lands fit for cultivation registered in their name for purposes of distribution. But afterwards they take them for themselves. One such particular instance has come up to my notice. One of the men in the Salvation Army is found to possess about 15 to 20 acres of land on the pretext that he is the fittest person to look after the distribution and registry of lands to the poor backward class. To what extent, such a gentleman has qualifications of character and antecedents to have the authority of himself distributing concessions to these poor people. I am not able to realise. But the land enjoyed at present by that particular man represents the registry on behalf of many depressed class fellow-men of his place. By the side of Balamore in Tovala taluk there is a place called Valayathu Vayal (വളയത്തു വയൽ). About 30 to 40 members of the depressed classes chanced to get there some piece of land for cultivation. As a result, they grew cocoanut, lime etc. in those places. Three months back, a complaint was brought to me saying that those people were to be driven away from the places on the pretext that the lands were registered in the name of another person. So, what I wish to point out is, no matter howsoever big may be the amount allotted year after year in the matter of uplifting the backward classes, Government should take extreme care to find out the real men who can deliver the goods in the way of bringing up the backward communities and then entrust with them special concessions in that behalf.

MR. T. T. KESAVAN SASTRI: സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. അവശസമുദായോദ്ധാരണവിഷയത്തിൽ ഗവണ്മെന്റു കൈക്കൊണ്ടിട്ടുള്ള നയത്തെ എത്രതന്നെ അഭിനന്ദിച്ചാലും മതിയാകു

ന്നതല്ല. പ്രജാക്ഷേമൈകദീക്ഷിതനായ ശ്രീചിത്തിരതിരുനാൾ പൊന്നുതമ്പുരാൻ തിരുമനസ്സിലെയും അവിടത്തെ ഗവണ്മെൻറിൻേറയും നേരെ ഇവക്കുള്ള പ്രകടമായ കൃതജ്ഞതയെ സബഹുമാനം രേഖപ്പെടുത്തുവാൻ കൂടി ഈ അവസരം ഞാൻ ഉപയോഗപ്പെടുത്തിക്കൊള്ളുന്നു.

സർ, ഇവർ കാലഗതിക്കു വിധേയരായി ധനമില്ലാതെയും വിദ്യയില്ലാതെയും സാമൂഹികാഭിവൃദ്ധിയില്ലാതെയും വളരെ പിന്നോക്കം നിലനിൽക്കുകയാകുന്നു. പുലയർ, പറയർ, കുറവർ മുതലായവരുടെ അതിദയനീയമായ ജീവിതരീതിക്കു ക്രമേണ മാററംവരുവാൻ തുടങ്ങിയതേയുള്ളു. നാട്ടിൻപുറങ്ങളിൽ ഇവർ ഇന്നും വളരെ ഒതുങ്ങിക്കഴിയുകയാകുന്നു. അന്യരെ ആശ്രയിച്ചും അവരുടെ പുരയിടങ്ങളിൽ അടകുടിക്കാരായും നിത്യം കൂലിവേലകൊണ്ട് അരിഷ്ടിച്ച് ജീവസന്ധാരണം ചെയ്യുകയാകുന്നു. ഗവണ്മെൻറു ദയാപൂർവം ഇവരുടെ കാര്യത്തിൽ ശ്രദ്ധിക്കാതിരുന്നെങ്കിൽ ചിരകാലം ഇവർ അധഃസ്ഥിതരായിത്തന്നെ കഴിയേണ്ടതായി വരുമായിരുന്നു. ഭൂലോകപ്രസിദ്ധവും അനുഗ്രഹീതവുമായ ക്ഷേത്രപ്രവേശനവിളംബരം ഇവരെ സമുദ്ധരിക്കാൻ സംഗതിയാക്കിയിരിക്കുന്നു. മനുഷ്യരിൽനിന്നും അകന്ന് ഒരു നാരകീയജീവിതത്തിന് വിധേയരായിരുന്ന അവശജനങ്ങളെ ഇപ്രകാരം അനുഗ്രഹിച്ച ശ്രീചിത്തിരതിരുനാൾ തിരുമനസ്സിലെ പരിപാവനമായ തിരുനാമം ആലോകാന്തം നിലനില്ക്കുന്നതാണല്ലോ. അവശസമുദായോദ്ധാരണവിഷയത്തിൽ ഗവണ്മെൻറു ചെയ്യുന്ന വിദ്യാഭ്യാസ പ്രോത്സാഹനം, കാളനിസ്ഥാപനം, പബ്ളിക്ക് സർവീസ് പ്രാതിനിധ്യം ആദിയായവയ്ക്കു കൂടുതൽ പ്രത്യേകത നൽകണമെന്നുള്ളതുമാത്രമേ ഇപ്പോൾ എനിക്കു പ്രസ്താവിക്കുവാനുള്ളു. പൊതുവേ സമാരംഭിച്ചിട്ടുള്ള കാളനികളുടെ അഭയം അവശസമുദായാംഗങ്ങൾക്കു അനുഗ്രഹപ്രദങ്ങളാണ്. കുറിച്ചിയിൽ പ്രശസ്തമായി നടന്നുവരുന്ന "സചിവോത്തമപുരം" കാളനി ദക്ഷിണേന്ത്യയിലെ അവശസമുദായോദ്ധാരണകേന്ദ്രങ്ങളുടെ മുന്നണിയിൽ നിലകൊള്ളാനുള്ള ലക്ഷണങ്ങളാണുള്ളത്. കുഴിത്തുറയും ഇലന്തൂരും തുടങ്ങിയിട്ടുള്ള കാളനികളും മററു കേന്ദ്രങ്ങളും സംരക്ഷണവകുപ്പിലെ സഹായങ്ങൾക്കു മാതൃകകളാണ്. കാളനിസമ്പ്രദായത്തിൻെറ രീതിയിൽ എതിരഭിപ്രായമുള്ളവർ പോലും ഈ സ്ഥാപനങ്ങൾ സാധുക്കൾക്ക് ഉപകാരപ്രദമാകുന്ന കാഴ്ചയിൽ സന്തോഷിക്കാതിരിക്കുന്നതല്ല. അവശജനങ്ങളുടെ സമുദ്ധരണത്തിനു വേണ്ടി ഗവണ്മെൻറു വിവിധ ഇനങ്ങളിലായി രണ്ടുലക്ഷത്തോളം രൂപാ വ്യയം ചെയ്യുന്ന വിവരം ആണറബിൾ മെംബർ പ്രൊവൈസ്ചാൻസ

ലർ ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞു. മഹാഭാഗനായ ദിവാൻ സർ സി. പി. രാമസ്വാമി അയ്യർ, തിരുമനസ്സിലെ എളിയപ്രജകളായ പിന്നോക്ക സമുദായാംഗങ്ങളുടെ സമുന്നമനവിഷയത്തിൽ കാണിച്ചിട്ടുള്ള താല്പര്യവും ഈ അവസരത്തിൽ അനുസ്മരിക്കാതിരിക്കുന്നില്ല. ഉദ്യോഗസ്ഥന്മാരെ പ്രശംസിക്കുകയോ പരസ്യമായി അഭിനന്ദിക്കുകയോ ചെയ്യുന്നതാശാസ്യമല്ലെന്നു ഗവമ്മെൻറു പ്രഖ്യാപനം ചെയ്തിട്ടുള്ള വസ്തുത എനിക്കറിയാവുന്നതാണെങ്കിലും പിന്നോക്കസമുദായസംരക്ഷണജോലികൾ ആജ്ഞാനുസരണം നടത്തിപ്പോരുന്ന ബഹുമാനപ്പെട്ട പ്രൊ വൈസ് ചാൻസലർ മി. സി. വി. ചന്ദ്രശേഖരനേയും പ്രൊട്ടക്ററർ മി. സി. ഒ. ദാമോദരനേയും മററു ജീവനക്കാരെയും പരസ്യമായി അഭിനന്ദിക്കാതിരിക്കാൻ നിവൃത്തിയില്ല. ആണറബിൾ മെംബർ ഗവമ്മെൻറു ചീഫ് സെക്രട്ടറി എം. കെ. നീലകണ്ഠയ്യർ അവർകൾ കുറച്ചി കാളനി സംസ്ഥാപനവിഷയത്തിൽ ദയാപൂർവ്വം ചെയ്ത എല്ലാ സേവനങ്ങളും പ്രശംസനീയങ്ങളാണ്. കാളനി ഉൽഘാടനംചെയ്തുകൊണ്ട് ഒരു യഥാർത്ഥ സാധുജനോന്നമനതല്പരനായ അദ്ദേഹംചെയ്ത അതിശ്രദ്ധേയമായ പ്രസംഗവും ആശംസയും ഹൃദാകർഷണീയവും അനുസ്മരണീയവും തന്നെയായിരുന്നു.

സർ, തിരുവനന്തപുരത്തു ഗവമ്മെൻറിൽനിന്നും നടത്തിപ്പോരുന്ന ശ്രീചിത്രാ ഹരിജനഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് ഈ വർഷം പുസ്തകങ്ങളും വസ്ത്രങ്ങളും ഒന്നും ലഭിച്ചിട്ടില്ലെന്നും തന്നിമിത്തം വിദ്യാർത്ഥികൾ വളരെ സങ്കടപ്പെടുന്നു എന്നും ഉള്ളതു് ആണറബിൾ മെംബർ പ്രൊ വൈസ് ചാൻസലരുടെയും ഗവമ്മെൻറിന്റെയും ദയവേറിയ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഗവമ്മെൻറു പ്രതിവർഷം ഒരു ഗണ്യമായ സംഖ്യ ചെലവുചെയ്തു് ഈ ഹോസ്റ്റൽ നടത്തുകയാണല്ലോ. ഇവിടത്തെ താമസക്കാരായ വിദ്യാർത്ഥികൾക്ക് എല്ലാസഹായങ്ങളും സദയം നൽകാൻ ശ്രദ്ധിക്കണം. ആഹാരംമാത്രം നൽകിയാൽ പോരാ. പുസ്തകങ്ങളും വസ്ത്രങ്ങളും മററാവശ്യങ്ങളുംകൂടി ലഭിക്കുന്നതു വലിയ സഹായമായിരിക്കും. ഈ സ്കൂൾ വർഷത്തേക്കാവശ്യമുള്ള പുസ്തകങ്ങളും മററും എത്രയും വേഗത്തിൽ നൽകുന്നതിലേക്കു വേണ്ടതു ചെയ്യണമെന്നു പ്രത്യേകം അഭ്യർത്ഥിക്കുകയും ചെയ്യുന്നു. കൂടാതെ ഒരു സംഗതി കൂടെ പ്രസ്താവിക്കാതിരിക്കാൻ നിവൃത്തിയില്ലാത്തതിൽ വ്യസനിക്കുന്നു. ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് പുസ്തകങ്ങളുംമററും നൽകാ

തിരിക്കുന്നതു് കേശവൻശാസ്ത്രി പറഞ്ഞിട്ടാണെന്ന് വിദ്യാർത്ഥികളുടെയിടയിൽ ഒരു ദുഷ്പ്രചരണം നടത്തിയിരിക്കുന്നു. വിദ്യാർത്ഥികളെ ക്ഷോഭിപ്പിക്കാൻ ഏതോ വ്യക്തികൾ ചെയ്ത ഒരു നികൃഷ്ട സംഭവമാണതു്. ഇതൊരുതരത്തിലും സഹ്യമോ ക്ഷന്തവ്യമോ അല്ല. അസംഭവ്യവും അവിചാരിതവുമായ ഒരു സംഗതി വിദ്യാർത്ഥികളുടെ ഇടയിൽ ഉണർത്തിച്ച ആ നീചമനോഭാവത്തെ ഇങ്ങനെ പരസ്യമായി അറിയിക്കുവാൻ സംഗതിയായതിൽ സമാധാനമുണ്ടു്. ഈമാതിരി കാര്യങ്ങളിൽ അറിയാതെ ചെയ്യുന്ന ആരോപണങ്ങൾ ക്ഷന്തവ്യങ്ങളാണോ? സർക്കാരിൻെറ ആനുകൂല്യങ്ങൾക്കും ഉദ്ധാരണത്തിനും നിയമങ്ങൾക്കു വിധേയരായ വിദ്യാർത്ഥികളുടെ ഇടയിൽ ഉണ്ടായ തെററിദ്ധാരണകൾ ഇല്ലാതാക്കേണ്ട ചുമതല അധികാരികൾക്കുള്ളതാകയാൽ സന്ദർഭവശാൽ ഇക്കാര്യംകൂടി പറയുന്നതാകുന്നു. പഠിച്ചു സാമാന്യപരീക്ഷകളിൽ വിജയികളായിട്ടുള്ളവരും സാമാന്യജ്ഞാനം സിദ്ധിച്ചിട്ടുള്ളവരും ഈ വർഗ്ഗക്കാരുടെ ഇടയിൽ ഉണ്ടു്. സർവീസ് ചട്ടപ്രകാരം പ്രത്യേക സൌജന്യവ്യവസ്ഥനൾകിയിട്ടുണ്ടെങ്കിലും ജോലികൾ ലഭിക്കുന്നില്ല. കാസ്ററുവാർസ്റ്റേററുമെൻറുകൾ ഈ സംഗതി വെളിവാക്കികഴിഞ്ഞിട്ടുണ്ടു്. അതിനാൽ അവശസമുദായസംരക്ഷണവിഷയത്തിൽ ഇവരെ പബ്ളിക്ക് സർവീസ് റിക്രൂട്ടുമെൻറു റൂൾസിൽനിന്നും ഒഴിവാക്കി ഒരു നിശ്ചിതകാലത്തേക്കെങ്കിലും ഉദ്യോഗങ്ങൾകൂടി നൾകാൻ ഉത്തരവു കൂടി ഉണ്ടാക്കണമെന്നുള്ളതാണു് എൻെറ വിനീതമായ അപേക്ഷ.

PRESIDENT: Pro-Vice-Chancellor.

MR. C. V. CHANDRASEKHARAN: Sir, the fact is that we have a library in the Harijan Hostel where we provide the more important text-books that the boys need. But it is only fair, Sir, that the small amount of money available as grant for buying books should be used more for the benefit of harijan boys who are not in the Hostel. The boys in the Hostel are fed free. They do not have to pay room rent. They do not have to pay any boarding fee. So, whatever money is available would be spent more equitably if I gave grants for the purchase of books to Harijan students who are not in the Hostel.

Sir, I have very little to add. I have to thank Mr. Kesavan Sastri for the very appreciative terms in which he has spoken about the work of the department. Mr. Kochukunju, complains, Sir, that he has a serious grievance because the various branches of the Varnava community such as Mannans, Pathiyans, etc., are not included among the communities to whom land is given on concessional terms. It is for him as the leader of that community, and for others of his community,

[Mr. C. V. Chandrasekharan.]

to convince the Government that their economic condition is as backward and as bad as the condition of the Pulayas, Parayas, Kuravas, etc. If the Government and the department are convinced that their condition is equally bad, I see no reason why they should not get the same concessions and the same treatment. There will soon be a census taken and the Census Report will deal authoritatively with the economic conditions of all classes of the population. The department and the Government will be guided by the Census Report in these matters.

As regards Mr. Sivathanu Pillai's very welcome warning which he has given to the Government regarding the assignment of lands under concessional terms, I have to state, that this work is not undertaken by the department which is under my control. That matter rests entirely with the Land Revenue Commissioner and I am quite sure, the Revenue Commissioner will look into the matter. If there are any such confidence tricksters who go about and try to get hold of lands in the name of uplifting the backward classes, Government will certainly be able to stop it.

MR. T. C. KESAVA PILLAI: May I know what the department has done to help the Kanikkars in the reserve forests?

MR. C. V. CHANDRASEKHARAN: The Education department has allowed some concessions to the Kanikkars.

MR. T. C. KESAVA PILLAI: May I know what has been done for them towards these sinking of wells and providing other sanitary arrangements?

MR. C. V. CHANDRASEKHARAN: What I said about the Varnavas will equally apply to Kanikkars.

MR K. KUNJU PANICKAR: Sir, I withdraw the motion.

The motion was by leave withdrawn.

The following motion was not moved.

614. To reduce the allotment of Rs. 36,029 under Demand XVIII by Re. 1.

Motion No. 615.

MR. C. JEBAMONY NADAR: Sir, I move the following motion:

"To reduce the total allotment of Rs. 36,029 under Demand XVIII by Re. 1".

My object is to discuss the need for introducing appropriate legislation so as to declare permanent rights of occupancy over house sites occupied by members of the backward communities. It is a matter known to all that mostly, members belonging to backward communities have no house sites of their own. They occupy either the lands belonging to the Government or other registerd owners. In certain cases, they occupy lands under mortgages and leases granted by the owners. So far as the lands under this category are concerned since it is a matter of contract, nothing could be done. Then, Sir, in the case of poramboke lands occupied by them, Government of their own accord—apart from the Puthuval Rules—can afford certain further concessions to these poor people for occupation. They can register those

lands in their favour, either at a nominal value or even free. Then, there remains the next class of house sites that were enjoyed by these people for generations. Probably that arose like this. The ancestors of these people might have been the domestic servants of a big land owner, who in his own interest might have invited them to take up their residence there or these ancestors might have been taken there to take care of those lands..........

PRESIDENT: The time allotted for the discussion of Demands has expired. All the remaining motions lapse.

Demand No. XVIII—Uplift of Backward Communities—for Rs. 36,029 was put and carried and the grant was made.

PRESIDENT: I put Demand XIX—Ayurveda—for Rs. 83,728 to the vote of the House. The Demand was carried and the grant was made.

PRESIDENT: I put Demand XX—Forests—for Rs. 8,75,595 to the vote of the House. The Demand was carried and the grant was made.

PRESIDENT: I put Demand XXI—Registration—for Rs. 3,24,970 to the vote of the House. The Demand was carried and the grant was made.

PRESIDENT: I put Demand XXII—Stamps—for Rs. 88,368 to the vote of the House. The Demand was carried and the grant was made.

PRESIDENT: I put Demand XXIII—Currency and Mint—for Rs. 6,219 to the vote of the House. The Demand was carried and the grant was made.

PRESIDENT: I put Demand XXIV—Ports—for Rs. 27,764 to the vote of the House. The Demand was carried and the grant was made.

PRESIDENT: I put Demand XXV—Jails—for Rs. 1,17,874 to the vote of the House. The Demand was carried and the grant was made.

PRESIDENT: I put Demand XXVI—State Charities—for Rs. 9,541 to the vote of the House—The Demand was carried and the grant was made.

PRESIDENT: I put Demand XXVII—Stationery and Printing—for Rs. 2,49,836 to the vote of the House. The Demand was carried and the grant was made.

PRESIDENT: I put Demand XXVIII—Scientific and Miscellaneous Departments—for Rs. 91,110 to the vote of the House. The Demand was carried and the grant was made.

PRESIDENT: I put Demand XXIX—Miscellaneous charges—for Rs. 1,47,676 to the vote of the House. The Demand was carried and the grant was made.

PRESIDENT: I put Demand XXX—Anchal Department—for Rs. 3,93,882 to the vote of the House. The Demand was carried and the grant was made.

PRESIDENT: I put Demand XXXI—Capital Expenditure not charged to revenue—Railways,—for Rs. 36,580 to the vote of the House. The Demand was carried and the grant was made.

PRESIDENT: I put Demand XXXII Agricultural Loans—for Rs. 50,000 to the vote of the House. The Demand was carried and the grant was made.

PRESIDENT: I put Demand XXXIII—Industrial Loans—for Rs. 10,000 to the vote of the House. The Demand was carried and the grant was made.

PRESIDENT. I put Demand XXXIV—Other Loans and Advances—fer Rs. 65,000 to the vote of the House. The Demand was carried and the grant was made.

PRESIDENT: I put Demand XXXV—Loans to the Port Conservancy Board, Cochin, for Harbour works etc.—for Rs. 2,00,000 to the vote of the House. The Demand was carried and the grant was made.

PRESIDENT: I put Demand XXXVI—Debt Head— for Rs. 86,500 to the vote of the House. The Demand was carried and the grant was made.

PRESIDENT: I put Demand XXXVII—Debt Head, Coinage account—for Rs. 1,55,000 to the vote of the House. The Demand was carried and the grant was made.

The House adjourned at 5-4 P. M. to meet again at 11 A. M. the next day.

A. GUNAMONY,

Secretary to the Sri Mulam Assembly.

PROCEEDINGS
of
THE TRAVANCORE SRI MULAM ASSEMBLY.

(OFFICIAL REPORT)

SECOND ASSEMBLY.

FIFTH SESSION, 1939/1114

Thursday, the 3rd August 1939/18th Karkadakam 1114.

The Assembly met in the Legislative Chamber at eleven of the clock with Sachivottama Sir. C. P. Ramaswami Aiyar, K. C. I. E., Dewan-President, in the Chair.

MEMBERS SWORN.

The following members took their oath and signed the rolls :—

1. Khan Bahadur G. S. Abdul Karim Sahib Suhrawardy *(Inspector General of Police)*
2. Mr. A. Gopala Menon *(Director of Public Instruction)*
3. Mr. M. P. Joseph *(Excise Commissioner)*
4. G. D. Nokes *(Public Service Commissioner)*
5. V. R. Sankaranarayana Pillai *(Ag. Secretary to Government)*
6. Mr. S. Sesha Aiyar *(Deputy Chief Engineer)*

QUESTIONS AND ANSWERS.

Measures taken against State Congress and Youth League activities.

330 ***MR. K. P. KOCHUKORA THARAKAN** *(Kunnatnad cum Parur)*. Will the Government be pleased to state :

(*a*) the number of persons arrested and kept in lock-ups till Kanni 1114 for offences such as civil disobedience etc., due to the activities of organisations like the State Congress, Youth League etc , and the total number of persons convicted for such offences till the above date;

(*b*) whether they will be pleased to lay on the table a statement containing the names of places at which firing had to be resorted to consequent on the activities of the above-said organisations, the number of shots fired at each place, and the number of persons who died or were wounded at each place as a result of the firing ; and

[Mr. K. P. Kochukora Tharakan]

(c) the names of places at which lathi charge had to be resorted to consequent on the activities of the above organisations and the number of times lathi charge had to be made at each place?

KHAN BAHADUR G. SAIYID ABDUL KARIM SAHIB SUHRAWARDY (*Inspector General of Police*): (a) Number of persons arrested and kept in the lock-up till Kanni 1114—605;

Number of persons convicted—277.

(b) & (c) A *statement containing the information required is placed on the table.

MR. K. P. KOCHUKORA THARAKAN: വലിയതുറ ബീച്ചിലും നെയ്യാററിൻകര ബസ്സ്റ്റാൻഡിലും ആററങ്ങൽ ററി. ബി.യുടെ മുൻവശത്തും വച്ച് എത്ര വെടി വച്ചു എന്നുള്ളതു് ഇതിൽ പറഞ്ഞു കാണുന്നില്ല. അതിലേയ്ക്കുള്ള കാരണം എന്താണെന്നു പറയാൻ ദയവുണ്ടാകുമോ?

KHAN BAHADUR G. SAIYID ABDUL KARIM SAHIB SUHRAWARDY: It is not always possible to note the number of shots fired.

MR. K. P. KOCHUKORA THARAKAN: തോട്ടാ കൊണ്ടല്ലേ വെടി വക്കുന്നതു്?

KHAN BAHADUR G. SAIYID ABDUL KARIM SAHIB SUHRAWARDY: I am afraid the honourable member is aiming the shots at a wrong range. The firing was done by the Military. So it is not possible for me to give the number,

MR. K. P. KOCHUKORA THARAKAN: മററുള്ള സ്ഥലങ്ങളിൽ ഇത്ര വെടി വച്ചു എന്നറിയാമെന്നിരിക്കേ ഈ സ്ഥലങ്ങളിൽ മാത്രം ഇതറിയാതിരിക്കാനുള്ള കാരണമെന്താണെന്നു പറയാമോ?

KHAN BAHADUR G. SAIYID ABDUL KARIM SAHIB SUHRAWARDY: I don't know. It is the only possible explanation that I have just given you.

Arrest of Mr. C. Narayana Pillai.

331 ***MR. K. NARAYANAPERUMAL NADAR** (*Torala cum Agastisvaram*): Will the Government be pleased to state:

(a) whether one Mr. C. Narayana Pillai B. A., B. L., Advocate and a State Congress worker was arrested in March 1938;

(b) the reasons for his arrest; and

(c) whether he was convicted?

KHAN BAHADUR G. SAIYID ABDUL KARIM SAHIB SUHRAWARDY:

(a) He was arrested in September 1938 and again in March 1939.

(b) In September 1938 for offences under parts 1 and 2 of Section 4 of Act I of 1114 and in March 1939 for offences under Sections 135, 137 and 104 of the Travancore Penal Code.

(c) Yes.

---

*Vide Appendix I, page 956.

MR. K. NARAYANAPERUMAL NADAR: May I know whether Mr. C. Narayana Pillai was convicted on both the occasions he was arrested?

KHAN BAHADUR G. SAIYID ABDUL KARIM SAHIB SUHRAWARDY: Yes, Sir. The answer is there.

MR. K. NARAYANAPERUMAL NADAR: May I know the particular charge......

PRESIDENT: Order, order. I take it that a judgment is pending in the court in this case.

MR. K. NARAYANAPERUMAL NADAR: May I know whether he is still in the prison?

KHAN BAHADUR G. SAIYID ABDUL KARIM SAHIB SUHRAWARDY: He is.

Physical Training class at Alwaye.

332 ***MR. K. P. KOCHUKORA THARAKAN**: Will the Government be pleased to state:

(*a*) whether the Government and the Education Department have recognised the examination qualification of those who come out successful from the Physical Training class held under the auspices of the Y. M. C. A. at Alwaye;

(*b*) if so, up to what all classes in the English and Vernacular Schools have they been given licenses to teach;

(*c*) (i) if license has thus been given, whether they are being appointed in Government schools (Malayalam as well as English schools); and

(ii) if so, the number of persons so appointed, the number in English schools and the number in Malayalam schools;

(*d*) whether the above said examination qualification is accepted by the Public Service Commissioner as qualification for appointment as Drill-masters; and

(*e*) whether the Public Service Commissioner has included candidates having this examination qualification among those invited for Drill-masters' posts till now; if so when, and the number of persons appointed from among them?

MR. A. GOPALA MENON (*Director of Public Instruction*): (*a*) Yes.

(*b*) Up to Form III in an English School and Class VII in a Malayalam or a Tamil School.

(*c*) (i) Yes.

(ii) English Schools—None. Malayalam Schools—10.

(*d*) Yes.

(*e*) The information is not available.

Lady clerks in the office of the Excise Commissioner.

333 ***MR. K. P. KOCHUKORA THARAKAN**: Will the Government be pleased to lay on the table a statement, by caste, of the lady clerks appointed before 30th Meenom 1114 in the Office of the Excise Commissioner?

MR. M. P. JOSEPH (*Excise Commissiuner*): A *statement is laid on the table.

Offices of the Assistant Excise Commissioners.

331 ✻ **MR. T. T. KESAVAN SASTRI** (*Nominated*): Will the Government be pleased to lay on the table a statement, by caste, of the staff in each of the Offices of the Assistant Excise Commissioners of Trivandrum, Quilon and Mavelikara?

MR. M. P. JOSEPH: A † statement is laid on the table.

MR. T. T. KESAVAN SASTRI. തിരുവനന്തപുരം, കൊല്ലം, മാവേലിക്കര ഈ സ്ഥലങ്ങളിലുള്ള അസിസ്റ്റൻറു എക്സൈസ് കമ്മീഷണരന്മാരുടെ ആഫീസുകളിൽ ഉള്ള സ്റ്റാഫിൽ പുലയസമുദായത്തിലൊ ചേരമർ സമുദായത്തിലോ ഉള്ള ഒരാളും ഉള്ളതായി കാണുന്നില്ല. ഇതിനുള്ള കാരണം എന്താണെന്നു പറയാമോ?

MR. M. P. JOSEPH: Perhaps there were no qualified applicants:

MR. T. T KESAVAN SASTRI: പ്യൂൺസ് ജോലിക്കു നിശ്ചയിച്ചിട്ടുള്ള പരീക്ഷായോഗ്യത ഉള്ളവർ പോലും അപേക്ഷകന്മാരായി ഇല്ലായിരുന്നോ?

MR. M. P. JOSEPH: At present peons are ordinarily recruited from those caudidates who have passed the School Final Examination.

MR. T. T. KESAVAN SASTRI പകരമായിട്ടെങ്കിലും നിയമിക്കുന്നുണ്ടോ?

MR. M P. JOSEPH: The List given gives the answer.

PRESIDENT: The honourable member is entitled to speak in Malayalam.

Lady clerks in the office of the Anchal Superintendent.

335 ✻ **MR. K. P. KOCHUKORA THARAKAN**: Will the Government be pleased to lay on the table a statement, by caste, of the lady clerks appointed before 30th Meenam 1114 in the Office of the Anchal Superintendent?

MR. V. R. SANKARANARAYANA PILLAI (*Ag. Secretary to Government*): The ‡statement is laid on the table.

Ratio between graduates and undergraduates in promotions in the Anchal Department.

336 ✻ **MR. KANNANTHODATH JANARDANAN NAIR** (*Kurunagapally cum Kartikapally*): Will the Government be pleased to state:

(*a*) whether the present Anchal Superintendent is adhering to the standardisation G. O. in regard to the ratio between graduates and undergraduates in the matter of promotions; and

(*b*) if the answer to part (*a*) is in the affirmative whether he has given due promotions to the graduate subordinates who have been confirmed since their Anchal Test Examination?

---

*Vide appendix II page 957

†Vide appendix III page 958

‡Vide appendix IV page 960

MR. V. R. SANKARANARAYANA PILLAI: (*a*) Yes.

(*b*) Yes.

Malayalam typist in the Anchal Office.

337. *MR. KANNANTHODATH JANARDANAN NAIR : Will the Government be pleased to state :

(*a*) whether the Anchal Superintendent has appointed a Malayalam typist of his Office as clerk in the same office;

(*b*) if so whether it was done at the request of that subordinate;

(*c*) the name of the substitute appointed in the place of the Malayalam typist;

(*d*) whether that substitute was recruited by the Public Service Commissioner : and

(*e*) if the answer to part (*d*) is in the negative whether Government have accorded sanction to the Superintendent to make the appointment?

MR. V. R. SANKARANARAYANA PILLAI : (*a*) Yes.

(*b*) Yes.

(*c*) K. Hariharakrishna Aiyar.

(*d*) and (*e*) Yes.

Government V. M. School, Colachel.

338. *MR. C. JEBAMONY NADAR (*Kalkulam* cum *Vilavankod*) : Will the Government be pleased to state :

(*a*) the percentage of Tamilian pupils in the V. M. School, Colachel;

(*b*) whether Tamil is the medium of instruction in any and if so, in which of the classes;

(*c*) whether the public of that locality have moved the authorities for introducing Tamil in classes V to VII; and

(*d*) whether the same has been disposed of?

MR. A. GOPALA MENON : (*a*) 69 per cent of the pupils that study in the school are Tamilians.

(*b*) Tamil is the medium of instruction in the Tamil parallel divisions of Classes I to IV.

(*c*) Yes.

(*d*) The matter is under investigation.

Supervision of Middle Schools for Girls.

339. *MR. C. JEBAMONY NADAR : Will the Government be pleased to state :

(*a*) whether the Middle Schools for Girls now under the control and supervision of the Inspectress of Girls' Schools are to be placed under Division Inspectors;

(*b*) whether there is any saving likely to be effected by the change;

(*c*) whether it was not because the supervision of Girls' Schools by male Inspectors was found to be not satisfactory that the Girls' Schools were placed under an Inspectress of Girls' Schools;

[Mr. C. Jebamony Nadar.]

(*d*) whether the Statham Committee Report approves of this contemplated change;

(*e*) whether the male Inspectors will be able to effectively supervise physical instruction in Girls' Schools or be of any help in subjects such as needle work and domestic science peculiar to Girls' Schools;

(*f*) in the event of the Vernacular Middle Schools for Girls being placed under the Division Inspectors, is a separate Inspecting Officer to be appointed to supervise the subjects above referred to;

(*g*) whether the Division Inspectors will be able to satisfactorily discharge their duties if this additional work of supervising the Vernacular Middle Schools for Girls is also entrusted to them; and

(*h*) whether this arrangement will involve the creation of additional Assistant Inspectors?

MR. A. GOPALA MENON: (*a*) Yes.

(*b*) Yes.

(*c*) No.

(*d*) The report has not proposed any alteration above the primary stage.

(*e*) Yes.

(*f*) No.

(*g*) Yes.

(*h*) No.

MR. P. KUNJUKRISHNAN (*Quilon* cum *Kottarakara*): May I know from Government why supervision of Middle Schools for Girls was transferred to the Divisional Inspectors?

MR. A. GOPALA MENON: It was done 30 years ago and now there is nothing to show on record why it was done.

Appointments made since the entertainment of the Public Service Commissioner.

340. ***MR. K. R. NARAYANAN** (*Vaikom* cum *Kottayam*): Will the Government be pleased to lay on the table:—

(*a*) a statement, by caste, of the appointments made since the entertainment of the Public Service Commissioner, till the end of Medom 1114; and

(*b*) a statement, by caste, of those in service who were recruited by the Public Service Commissioner till the 30th Medom 1114?

DR. G. D. NOKES (*Public Service Commissioner*): The time and labour involved in collecting the information is out of all proportion to its possible utility.

Appointments made by the Public Service Commissioner.

341 ***MR. N. NARAYANA KURUP** (*Ambalapuzha* cum *Shertala*): Will the Government be pleased to state:

(*a*) whether persons who have been given endorsement as having been registered in any division in 1937 have not been appointed yet, while those who have been given endorsement as having registered in 1938 have been appointed by the Public Service Commissioner; and

(*b*) if the answer to part (a) is in the affirmative, the reason for such a state of affairs?

DR. G. D. NOKES: (*a*) Yes.

(*b*) In the Lower Division, the early candidates in some cases did not apply for the same posts as the later candidates, and did not belong to the same community. Within the same community seniority according to acting service and not earlier registration of application, is the criterion for the selection.

In the Intermediate Division, endorsement of registration has no relation to selection.

Appointments made by the Public Service Commissioner.

342 ✻**MR. PADIYARA JOSEPH KUNJU** (*Changanachery cum Peermade*): Will the Government be pleased to state:

(*a*) the total number of appointments made in the lower, intermediate and the higher divisions of the Public Service by the Public Service Commissioner since his appointment as such; and

(*b*) whether the Government will be pleased to lay on the table a statement, by caste, of the persons appointed till now by the Public Service Commissioner?

DR. G. D. NOKES:

(*a*) Recruitments advised in the Lower Division	...	3753
Recruitments advised in the Intermediate Division.		1807
Recruitments advised in the Higher Division	...	6

(*b*) Statements by caste of the persons advised by the Public Service Commissioner in the Intermediate and the Lower Division, during 1112 are published on pages 30 to 32 and 37 and 38 respectively of the Administration Report of the Public Service Department for 1112 M. E.

Those for 1113 are published on pages 20 to 23 and 27 and 28 respectively of the Report for 1113 M. E.

Those for 1114 have been placed on the table as answer to Assembly Interpellation No. 78 answered on 28-7-39.

The Statement in respect of the Higher Division appointments is subjoined:—

Nair	...	1
Syriac Catholic	...	1
Brahmin	...	1
Other Christian	...	1
Muslim	...	1
Other Hindu	...	1

MR. PADIYARA JOSEPH KUNJU: ഇന്റർ മീഡിയററ് ഡിവിഷനിലും ലോവർ ഡിവിഷനിലും ൫൫൦൦ പേരെ ആകപ്പാടെ നിയമിച്ചതായി കാണുന്നു. ഇതിൽ എത്ര പേർ ഇപ്പോഴും ഉദ്യോഗത്തിലിരിക്കുന്നുണ്ടെന്നു പറയാൻ ദയവുണ്ടാകുമോ?

MR. G. D. NOKES: I don't think that it will assist the member in any way if I try to collect the figures for his information. It is well-known that many of the postings are temporary or acting. Certain posts terminate very shortly, and the dates of termination are in the possession of the several Departments, and subsequently not reported to my office Immediately.

Appointments in the Public Service.

343 ***MR. PADIYARA JOSEPH KUNJU**: Will the Government be pleased to state whether it is on the basis of caste, race or religion that the sections of people are classified for appointments in the Public Service?

DR. G. D. NOKES: The member is referred to the G. O. on Public Service Recruitment dated the 25th June 1935 and printed in the Travancore Service Recruitment Manual.

MR. PADIYARA JOSEPH KUNJU: ഉത്തരത്തിൽ പറയുന്ന ൧൯൩൫ ജൂൺ ൨൫-ാംനു-യിലെ ജി. ഒ. ഞാൻ വായിച്ചു നോക്കിയതിൽ എന്റെ ചോദ്യത്തിന് യാതൊരു മറുപടിയും കാണുന്നില്ല. അതിന്റെ കാരണം എന്താണെന്നു പറയാൻ ദയവുണ്ടാകുമോ?

DR. G. D. NOKES: The Government order in question sets out the recognised communities, and also states that the basis for the recognition of a community is partly numerical. So the honourable member can discover for himself whether the basis of recognition for a community is "caste, race or religion".

MR. PADIYARA JOSEPH KUNJU: കമ്മ്യൂണിററി അല്ലെങ്കിൽ സമുദായം എന്നു വച്ചാൽ മെമ്പർ എന്താണ് അർത്ഥമാക്കുന്നതെന്നു പ്രസ്താവിക്കാൻ ദയവുണ്ടാകുമോ ?

DR. G. D. NOKES Sir, the member is asking me for a definition of religion, which I am not prepared to give. You find that Government have classified communities as Hindu, Christain and Muslim, and those main divisions do not require a definition. The sub-divisions, being on a numericel basis, follow in the main the nomenclature in the Census Report.

MR. PADIYARA JOSEPH KUNJU ആചാരം, മര്യാദ, വേഷം, ഭാഷ എന്നിവയിൽ ഐകരൂപ്യമുള്ള ജനസമൂഹത്തെയാണോ സമുദായം എന്നു വിളിക്കുന്നതെന്നു പറയുവാൻ ദയവുണ്ടാകുമോ?

യത്തിൽ നിസ്സീമസങ്കടങ്ങൾ അനുഭവിക്കുന്നുണ്ട്. വിലകൊടുത്തു ഭൂമി വാങ്ങാൻ കഴിവില്ലാത്തവരും ഉണ്ട്. ഗവണ്മെൻറിലേക്ക് ഗണ്യമായി ആദായമില്ലാത്ത സ്മാൾവുഡ് ലാൻറുകൾ റിസർവുകളിൽ നിന്നും ഒഴിവാക്കി പതിച്ചുകൊടുക്കുന്നതായാൽ ഇങ്ങനെ സങ്കടപ്പെടുന്ന അനേകായിരങ്ങൾക്ക് ആശ്വാസമായിരിക്കും. പിന്നോക്ക സമുദായക്കാർ മാത്രമല്ല ഈ വിധത്തിൽ ഭൂമിയില്ലാതെ വിഷമപ്പെടുന്നതു. അതുകൊണ്ട് സ്മാൾവുഡ് ലാൻറുകൾ റിസർവുകളിൽ നിന്നും ഒഴിച്ചു തിരുവിതാംകൂർ പ്രജകളാരായാലും അവരുടെ ആവശ്യമറിഞ്ഞ് നൽകണമെന്നാണ് എൻെറ അഭിപ്രായം. ഈ ഇനത്തിലും മുൻഗണന ലഭിക്കേണ്ട സമുദായങ്ങൾ ഉണ്ട്. ഇവരുടെ കാര്യത്തിൽ പ്രത്യേകം ഗൗനിച്ചാൽ മതിയാകുന്നതാണ്. മിക്ക താലൂക്കുകളിലും പതിച്ചുനൽകുന്നതിനുവേണ്ടി ഭൂമികൾ കുറേശ ഒഴിച്ചിടപ്പെട്ടിട്ടുണ്ട്. ഈവിധം ഒഴിച്ചിടപ്പെട്ടിട്ടുള്ള ഭൂമികൾ മിക്കവാറും ഊഷരഭൂവിഭാഗങ്ങളാണ്. പത്തനാപുരം, പത്തനംതിട്ട, വിളവംകോട് എന്നീ താലൂക്കുകളിൽ ഒഴിച്ചിടപ്പെട്ടിട്ടുള്ള ഭൂമികളെക്കുറിച്ച് എനിക്കു നേരിട്ടു പരിചയമുണ്ട്. പ്രസ്തുത സ്ഥലങ്ങൾ വെറും പാറക്കെട്ടുകളും ഉപയോഗശൂന്യങ്ങളുമാണ്. മരച്ചീനി, ഏത്തവാഴ, മററു കിഴങ്ങു വർഗ്ഗങ്ങൾഎന്നിവ കൃഷിചെയ്യുന്നതിനു കൊള്ളാവുന്ന ഭൂമികൾ കിട്ടിയില്ലെങ്കിൽ ഉപയോഗമില്ല. സ്മാൾവുഡ് ലാൻറുകൾ പതിച്ചുകൊടുത്താൽ നികുതി ഇനത്തിൽ ഒരു വലിയ വരുമാനം ലഭിക്കുന്നു. ഭൂമികൾ ലഭിക്കുന്നവർക്ക് ഉപയോഗയോഗ്യമായിത്തീരുന്നതുമാകയാൽ രണ്ടു തരത്തിലും പ്രയോജനമുള്ള ഈ കാര്യത്തിൽ ഗവണ്മെൻറും ഡിപ്പാർട്ടുമെൻറ് അധികാരികളും പ്രത്യേകം ശ്രദ്ധിച്ച് വേണ്ടതു ചെയ്യണമെന്നാണ് ഞാൻ പറയുന്നതു്. റിസർവുകളുടെ ഒഴിവുകളിലും പതിവുകളിലും ഗവണ്മെൻറ് പ്രത്യേകം ശ്രദ്ധിക്കുന്നതാണെന്ന് ഒരുനൂററിപ്പതിമൂന്നിലെ തിരുവിതാംകൂർ രാജ്യഭരണ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതുകൊണ്ടും ഈ പ്രമേയം അവതരിപ്പിക്കുവാൻ എനിക്ക് താല്പര്യമുണ്ടായിട്ടുള്ളതാണ്. അധഃസ്ഥിതരായ പിന്നോക്കസമുദായക്കാരുടെ കാര്യം ഈ സന്ദർഭത്തിൽ എടുത്തു പറയേണ്ടതായിട്ടാണിരിക്കുന്നതു്. അടകുടികളിൽ നിന്നും ബലാൽ ഇറക്കിവിട്ടും സ്വന്തമായി കിടപ്പാടം ലഭിക്കാതെയും പാരതന്ത്ര്യപ്പെടുന്ന സാധുക്കളെ എനിക്ക് അനവധി അറിയാം. ഗവണ്മെൻറിൽ നിന്നും കാളനികൾ ആരംഭിച്ചും ഭൂമികൾ പതിച്ചുനൽകിയും അഭയം ലഭിച്ചിട്ടുള്ളവർക്കു ഈ വിഷമതയില്ല. അതിനാൽ ഭൂമിയില്ലാതെ പരാധീനപ്പെട്ടും കഷ്ടിച്ചും ദുഃഖിതരായി കഴിയുന്നവരെ സം

[Mr. T. T. Kesavan Sastri.]

ബന്ധിച്ചിടത്തോളം ഒരു ഗണ്യമായ സൗജന്യം അനുവദിക്കേണ്ടതായിട്ടാണിരിക്കുന്നതു്. മലം പ്രദേശങ്ങൾ ചേർന്ന പല താലൂക്കുകളിലും കുട്ടിവനങ്ങൾ ഉണ്ടു്. വിളവംകോട്ട താലൂക്കിൽ കളിയിൽ പകുതിയിലുള്ള കുട്ടിവനങ്ങൾ ഒഴിച്ചു പതിച്ചുകിട്ടുന്നതിനായി ജനങ്ങൾ ചേർന്നു് അപേക്ഷകൾ അയച്ചിട്ടുള്ളതായി അറിയുന്നു. നെയ്യാററിൻകര താലൂക്കിൽ ഒററശേഖരമംഗലം പകുതിയിൽ ചേർന്ന ചേമ്പൂർകരിക്കം. കോലിയക്കോട്ട എന്നീ കുട്ടിവനങ്ങളും റിസർവയിൽ നിന്നും വിടാവുന്നതാണു്. അതുപോലെതന്നെ നെടുമങ്ങാട്ട താലൂക്കിൽ ഉഴമലയ്ക്കൽ പകുതിയിൽ ചേർന്ന വലിയ മലയും ആര്യനാട്ട പകുതിയിൽ ചേർന്ന വയലിൽ കരിക്കം, പാലോട്ട പകുതിയിൽ ചേർന്ന പേത്തലകരിക്കം, മീനാൻകരിക്കം എന്നീ സ്മാൾവുഡ്ലാൻറുകളും പതിച്ചുകൊടുക്കാവുന്നതാണു്. പിന്നീട്ട പത്തനാപുരം താലൂക്കിൽ പത്തനാപുരം പകുതിയിൽചേർന്ന കരിയോട്ട റിസർവയും ഒഴിച്ചു പതിച്ചുകൊടുക്കാൻ പററിയ സ്ഥലമാണു്. വേറെ പത്തനംതിട്ട താലൂക്കിൽച്ചേർന്ന കരിക്കളം, നൂറോക്കാട്ട് അരീക്കക്കാവു്, വലിയകാവു്, എന്നീ കുട്ടിവനങ്ങളും ചങ്ങനാശേരി താലൂക്കിൽ മണിമല പകുതിയിൽ ചേർന്ന ധൂവക്കാവു മുതലായ കുട്ടിവനങ്ങളും കാഞ്ഞിരപ്പള്ളി പകുതിയിൽ ചേർന്ന കാളവനവും ഗണ്യമായ ആദായങ്ങളില്ലാത്തതാണു്. ദയവായി ഈ കുട്ടിവനങ്ങൾ ഒഴിച്ചു് പതിച്ചുനൽകാൻ അനുവാദം നൽകണം. മാന്യ സാമാജികന്മാരുടെ സഹായമർത്ഥിച്ചുകൊണ്ടു് ഈ പ്രമേയം അവതരിപ്പിച്ചുകൊള്ളുന്നു.

> "ധർമ്മ സചിവോത്തമ കൃപാസരണിമൂലം-
> നന്മ പലതും പല വഴിക്കിഹ ലഭിച്ചു."

എന്നു് ആശംസിച്ചിരിക്കുന്ന ജനസഞ്ചയത്തിനു് വേണ്ട ആനുകൂല്യങ്ങൾ ഉണ്ടാകുന്നതിൽ ദയവായി ശ്രദ്ധിക്കുമാറാകുവാൻ താല്പര്യപ്പെട്ടുകൊള്ളുന്നു.

MR. P. C. ADICHAN: സർ, ഈ പ്രമേയത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു. ബഹുമാനപ്പെട്ട ഗവണ്മെൻറിൽ നിന്നും റിസർവു വനത്തിൽ നിന്നും പലതവണ അനേകം ഏക്കർ സ്ഥലങ്ങൾ സാധുക്കൾക്കായി ഒഴിച്ചുകൊടുത്തിട്ടുണ്ടു്. പക്ഷെ അവയെല്ലാം, സാധുക്കളുടെ പേരും പറഞ്ഞു അന്യ സമുദായത്തിലുള്ളവർ കൈക്കലാക്കുകയാണു ചെയ്തിട്ടുള്ളതു്. ഇപ്പോൾ അവനവൻെറ കാര്യം മററാരും കൈവശപ്പെടുത്താതെ അനുഭവിക്കാൻതക്ക സൗകര്യം വന്നപ്പോൾ തരുവാൻ അ

ളില്ലാതെ വന്നതിലുള്ള വ്യസനമേയുള്ളൂ. റിസർവ്വവനമല്ലാതെ കിടന്ന മററു പുതുവൽ സ്ഥലങ്ങളും മിഷനറിമാർ, മററു തന്ത്രമുള്ളവർ മുതലായവർ അവശസമുദായങ്ങളുടെ പേരുപറഞ്ഞു് കൈക്കലാക്കി, അവർ ധനികന്മാരായി കഴിഞ്ഞുകൂടുന്നു. ഇതുപോലെ ഇപ്പോഴും തിരുവിതാംകൂറിന്റെ പലഭാഗത്തും നടക്കുന്നുണ്ടു്. നെടുമങ്ങാട്ടു താലൂക്കിന്റെ ചില ഭാഗങ്ങളിൽ സിദ്ധന്മാർ എന്നു് പേരു സ്വീകരിച്ചിട്ടു് ചിലർ ചെറിയ റിസർവ്വവനങ്ങളും മററും പതിക്കുന്നതിനു് ഏതാനും മഹമ്മദീയരുടെ നേതൃത്വത്തിൽ സ്ഥലത്തു പ്രവേശിച്ചതായി അറിയുന്നു. എന്നാൽ ഈ മഹമ്മദീയർ ഇതിൽ പങ്കു കൂടുന്നതിന്റെ അത്ഥം തീർച്ചയായിട്ടും അവർക്കു കൈക്കലാക്കാനായിട്ടാണെന്നും അല്ലാതെ അതു സാധുക്കൾക്കായിട്ടൊരു പ്രയോജനത്തിനല്ലെന്നും കൂടി തീർച്ചയാണു്.

ഇനി മററൊരുകാര്യം കൂടി വിശദമാക്കേണ്ടിയിരിക്കുന്നു. അവശസമുദായ ഡിപ്പാർട്ടുമെൻറിൽ നിന്നും തിരുവിതാംകൂറിന്റെ തെക്കും വടക്കും മദ്ധ്യത്തിലുമായി മൂന്നു പ്രധാന കാളനികളും കൂടാതെ കുളത്തൂർ, മീനംകുളം അഞ്ചാമട, വെങ്ങാനൂർ, വെളിയത്തുനാട്ട് എന്നീ ചെറിയ കാളനികളും സ്ഥാപിച്ചു നടത്തിവരുന്നുണ്ടു്. ഈ കാളനികൊണ്ടൊന്നും കുറവർ സമുദായത്തിനു് പ്രയോജനമെത്രമാത്രമുണ്ടെന്നു് നോക്കാം. ആദ്യമായി ചങ്ങനാശേരി കാളനിയെപ്പററി നോക്കാം. എന്നാൽ ചങ്ങനാശേരി താലൂക്കിൽ കുറവരുടെ ജനസംഖ്യ ആകെ വെറും ൨൩ മാത്രമാണു്. അതു ജനസംഖ്യ ചുരുക്കമുള്ളതിനാൽ കുറിച്ചി കാളനിയിൽ ആകെ ൪൦ കുടുംബങ്ങൾ ഉണ്ടെങ്കിലും ഒരൊററ കുറവ കുടുംബം അതിൽ ഇല്ല. ഇതുപോലെ മററല്ലാ കാളനികളും കുറവർക്കു് പ്രയോജനമില്ല. ഓരോ താലൂക്കിലെ കുറവരുടെ ജനസംഖ്യ പരിഗണിക്കയാണെങ്കിൽ ൧൩൦൦൦-ൽ പരം ജനസംഖ്യവരെ വരുന്നതു് കുന്നത്തൂർ താലൂക്കിലാണു്. അടുത്തതായി കൊട്ടാരക്കര താലൂക്കാണു് ജനസംഖ്യയിൽ വരുന്നതു്.

ബഹുമാനപ്പെട്ട ഗവണ്മെൻറിൽ നിന്നും കുന്നത്തൂർ താലൂക്കിൽ ഏനാദിമംഗലത്തു ഒരു കാളനി പരീക്ഷണാത്ഥം തുടങ്ങുന്നതിനായി ൧൧൨൨-ൽ ൩൦൦൦ രൂപാ ബഡ്ജററിൽ കൊള്ളിച്ചിരുന്നു. ൧൧൮-ലെ ബഡ്ജററിലും ൧൧൯-ലെ ബഡ്ജററിലും ഏനാദിമംഗലം കാളനിയുടെ കാര്യം പറഞ്ഞിട്ടുണ്ടു്. ഇതിൽ നിന്നും ഞാൻ പ്രതീക്ഷിക്കുന്നതു തീർച്ചയായിട്ടും ബഹുമാനപ്പെട്ട ഗവണ്മെൻറിൽ നിന്നും ഒരു കാളനി ഏനാദിമംഗലത്തു തുടങ്ങുമെന്നുള്ളതാണു. നർ, ൫൦൦ ഏക്കർ സ്ഥലം വേണമെന്നാണു് അവശസമുദായസംരക്ഷകൻ പറയുന്നതു്.

[Mr. P. C. Adichan.]

അങ്ങിനെയാണെങ്കിൽ ൫൦൦ ഏക്കർ സ്ഥലം റിസർവ്വ വനത്തിൽനിന്നേ എടുക്കാനുള്ളു. അതിനാൽ ബഹുമാനപ്പെട്ട ഗവൺമെൻറിൻെറ പര്യാലോചനയിൽ ഇരിക്കുന്ന ഏനാദിമംഗലം കളനി തുടങ്ങുന്നതിനായി ൫൦൦ ഏക്കർ സ്ഥലം ഏനാദിമംഗലം റിസർവ്വവനത്തിൽനിന്നും വനത്തിനു ദോഷം വരാത്തവിധത്തിൽ എടുക്കാൻ ദയവുണ്ടായാൽ ഒരു അനുഗ്രഹമായിരിക്കും. എന്നുതന്നെയല്ല, ൫൦൦ ഏക്കർ സ്ഥലത്തു് വനവൃക്ഷങ്ങൾ ഉണ്ടെങ്കിൽ തന്നെയും അവിടെ വേണ്ട കെട്ടിടങ്ങൾക്കു വേണ്ടി ചിലവഴിക്കാം. ബാക്കിയുള്ള തടി ഗവൺമെൻറിലേക്കു തന്നെ എടുത്തുകൊള്ളാം.

ഇനിയും ഒരു കാര്യംകൂടി പറയേണ്ടിയിരിക്കുന്നു. ഓരോ സമുദായത്തിലും പാവപ്പെട്ടവരുണ്ടു്, സാധുക്കളുണ്ടു്. അവരെയെല്ലാം രക്ഷിക്കേണ്ടതു ഗവൺമെൻറിൻെറ കടമയാണു്. അതായതു് സാധുക്കളായ അവശത അനുഭവിക്കുന്ന എല്ലാ സമുദായക്കാക്കും പ്രയോജനപ്പെടത്തക്കവണ്ണം റിസർവ്വ വനത്തിൽ നിന്നും കുറെ സ്ഥലം ഒഴിച്ചു തരണമെന്നു വീണ്ടും അപേക്ഷിക്കുന്നു. ഇത്രയും പറഞ്ഞുകൊണ്ടു് ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

At this stage the Dewan President left the house and the Deputy President took the chair.

MR. THARIYATHU KUNJITHOMMEN: സർ ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. നമ്മുടെ രാജ്യത്തിൻെറ മൂന്നിൽ ഒരു ഭാഗം റിസർവ്വ വനമാണു്. ൨൪ ലക്ഷത്തിൽ ശിഷ്ടം ഏക്കർ സ്ഥലം മാത്രമെ ജനങ്ങൾക്കു കൃഷിക്കായുള്ളു. ആളൊന്നിനു അര ഏക്കർ സ്ഥലം പോലുമില്ല. കൃഷിയല്ലാതെ മററു തൊഴിലുകൾ ഇവിടെ ജനങ്ങൾക്കു സുലഭമല്ല. കൃഷിയ്ക്കു സ്ഥലവുമില്ല. ജനങ്ങൾ എങ്ങിനെ കാലക്ഷേപം ചെയ്യും. വിവിധ പ്രശ്നങ്ങളുടെ ഇടയിൽ നമ്മെ അഭിമുഖീകരിച്ചിരിക്കുന്ന പ്രധാന രാഷ്ട്രീയ പ്രശ്നം സാമ്പത്തികമാണു്. റോഡുകളുടേയും ആറുകളുടേയും ജനവാസസ്ഥലങ്ങളുടേയും സമീപത്തായുള്ള സമതലങ്ങളേയും റിസർവ്വുകളിൽ ൨൫ ഏക്കറിൽ കൂടുതൽ വിസ്തീർണ്ണത്തിൽ കിടക്കുന്ന ചതുപ്പുനിലങ്ങളേയും ജനങ്ങൾക്കു കൃഷിയ്ക്കായി കൊടുത്തിരുന്നു എങ്കിൽ ഗവൺമെൻറിനു ആദായവും ജനങ്ങൾക്കു തൊഴിലും ഐശ്വര്യവും ഉണ്ടാകുമായിരുന്നു. എന്നാൽ ഇക്കാര്യത്തിൽ പ്രഥമാവകാശം തീരെ ഭൂമിയില്ലാത്ത പൌരന്മാർക്കാണു്. അതിൽ പ്രത്യേകിച്ചു മുമ്പു

ഭൂമിയൊ മററു സ്വത്തുക്കളൊ സമ്പാദിക്കുവാൻ സ്വാതന്ത്ര്യമില്ലാതിരുന്നവരും മററുള്ളവരുടെ ഐശ്വര്യത്തിനായി തലമുറ തലമുറയായി കേവലം അടിമവേലകഠം ചെയ്തിരുന്നവരും ആയ അവശസമുദായാംഗങ്ങഠംക്കു നല്കണം. ഇവരുടെ പരിശ്രമക്കുറവോ മററു തെററുകളൊകൊണ്ടല്ല അവർ ഇപ്പോഠം ഭൂമിയില്ലാത്തവരായി കാണപ്പെടുന്നതു്. അടിമത്വ ശൃംഖലയിൽ ഇവരുടെ പൂർവ്വികന്മാർ ബന്ധിതരായിരുന്നതുകൊണ്ടാണു അവർ ഈ ശോച്യനിലയിൽ എത്തിയിട്ടുള്ളതു്. അതിനാൽ അവരെകൊണ്ടു് അനേക തലമുറകളായി വേല ചെയ്യിച്ചിട്ടുള്ളവരായ ഭൂസ്വത്തുള്ള സമുദായങ്ങളിലെ അംഗങ്ങളും ഗവൺമെൻറും അവശസമുദായങ്ങളുടെ ഉയർച്ചയ്ക്കായി വേണ്ടതെല്ലാം ചെയ്യേണ്ടതാണു്. ജനവാസ സ്ഥലത്തോടടുത്തുള്ള റിസർവുകളിൽ നിന്നും ചെറിയചെറിയ അംശങ്ങളായി ഭൂമി തിരിച്ചു് തറവിലക്കൂടാതെ ഇവർക്കു പതിച്ചുകൊടുക്കണം. എല്ലാതരിശു ഭൂമികളും പതിച്ചുകൊടുക്കുന്ന കാര്യത്തിൽ ഗവൺമെൻറു ഇവക്കു പ്രഥമാവകാശം നഠംകണം.

പരിശ്രമശീലന്മാരായ ഇവക്കു ഭൂമി നഠംകിയാൽ നിശ്ചയമായും അവർ അവിടെ കൃഷിചെയ്യും. അത്രമാത്രം ആഹാരസാധനങ്ങഠംക്കുള്ള വില നമ്മുടെ രാജ്യത്തിനും പുറത്തുപോകാതെ കഴിക്കാം. പക്ഷികഠംക്കു വൃക്ഷകോടരങ്ങളിലും, ദുഷ്ടമൃഗങ്ങഠംക്കു വനങ്ങളിലെ ഗുഹകളിലും നിവസിക്കാം. ധർമ്മ രാജ്യത്തെ ചിലപ്രജാ വിഭാഗങ്ങഠംക്കു കൃഷിചെയ്യുന്നതിനു മാത്രമല്ല, കിടക്കുന്നതിനുപോലും സ്ഥലമില്ല. പരഭൂമിയിൽ കിടക്കുന്ന ഇവരെ യഥേഷ്ടം വെളിക്കിറക്കുകയും കഷ്ടപ്പെടുത്തുകയും ചെയ്യുന്ന ഭൂസ്വത്തുടമസ്ഥന്മാരും ഉണ്ടു്. അവരുടെ ആജ്ഞയെനുസരിച്ചു ഒരുവിധം അടിമകളെപ്പോലെ ജീവിക്കാനെ ഇവക്കു നിവാഹമുള്ളു എന്നുവരുന്നു. അതിനാൽ ഈ ശോച്യനിലയ്ക്കു പരിഹാരം ഉണ്ടാക്കത്തക്കവണ്ണം റോഡിനരികിലും ജനവാസ സ്ഥലത്തോടടുത്തുമുള്ള റിസർവുകളിൽ നിന്നും ഇവക്കു താമസിക്കാനുള്ള സ്ഥലങ്ങഠം, തറവിലക്കൂടാതെ പതിച്ചുകൊടുത്തു ഇവരുടെ കഷ്ടതയ്ക്കു പരിഹാരമുണ്ടാക്കണമെന്നു ഉൽബോധിപ്പിച്ചുകൊണ്ടു പ്രമേയത്തെ ബലമായി പിൻതാങ്ങുന്നു.

MR. T. T. KESAVAN SASTRI: മെമ്പറുടെ ഭൂമിയിൽ അവശസമുദായക്കാർ കയറികിടപ്പുണ്ടോ?

MR. THARIYATHU KUNJITHOMMEN: എൻെറ തോട്ടങ്ങളിലെ കെട്ടിടങ്ങളിലും പുരയിടങ്ങളിലുമായി പല അവശസമുദായ കുടുംബങ്ങളും താമസിക്കുന്നുണ്ടു്.

MR. T. C. KESAVA PILLAI : Sir, the resolution is an important one and I have to place before this House one important point. The disafforestation of swampy areas from the reserved forests was once proposed. There was a committee appointed in connection with that and it sent up a report wherein Valia Ela in Kalial pakuthy adjoining the Kodayar Reservoir was included. It contains nearly 1,000 acres of paddy land. The remains of an old Brahmin village, with its temples and so on, are visible in the said area. I hope the Conservator of Forests will take special note of it and see that disafforestation would no way affect the irrigational facilities below the Kodayar catchment a rea.

Another point that I want to press on the attention of Government is that though Survey Number 2997 was registered to the depressed classes, it was allowed to be sold in Government for arrears of tax. Unfortunately there is no use in giving these lands to these people in scattered areas. I would therefore strongly request Government to give them a compact area of say 500 or 600 acres to be registered in some place under something like a colonisation scheme. Otherwise, there is no use of giving any land to the backward communities in scattered places.

About the kanipat lands in Neyyattinkara and Vilavancod Taluks, that is, in the pakuthies of Ottasekharamangalam, Kunnathukal and Kalial, whenever registry is asked for, Government always say that there is a civil case pending. But the civil case refers only to a particular survey number. I hope that Government will get a very good revenue also if they register the land under the Puduval Rules and not to persons who have fraudulently obtained documents from the kanikars of the locality.

I am extremely happy to hear the honourable member Mr. Kesavan Sastri extending the privilege of the registry to the members belonging to other communities also. That the representative of one of the backward communities should request Government to extend the privilege of registry to members of other communites who on account of partition have lost their properties and who are without any property at the present time, is a new state of affairs.

With these words I support the motion.

MR. N. VELU ACHARI : ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു. മഹാരാജാവുതിരുമനസ്സുകൊണ്ടു് ഇവിടത്തെ അവശർ എല്ലാവരും നന്നാകണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഇവിടെ പലതും ചെയ്യുന്നുണ്ടു്. എന്നാൽ അവയെല്ലാം അതർഹിക്കുന്നവക്കു ലഭിക്കുന്നുണ്ടോ എന്നു സംശയമാണു്. മി. കേശവശാസ്ത്രി അവശർ എന്നു പറയുമ്പോൾ അതു പൊതുവെ വർഗ്ഗമായിട്ടിരിക്കേണ്ട ആവശ്യമില്ലെന്നു പറയുന്നു. തന്നെയുമല്ലാ, അവശസമുദായങ്ങൾ എന്നപേരിൽ ചില സമുദായങ്ങളുണ്ടെന്നും അദ്ദേഹം

പറയുന്നു. അതു് ഈ നാട്ടിലെ അനേകം സമുദായങ്ങളുടെ സ്ഥിതിഗതികളെപ്പററി അദ്ദേഹത്തിനു നല്ലവണ്ണം അറിയാൻ കഴിയാത്തതുകൊണ്ടാണെന്നു് ഞാൻ വിചാരിക്കുന്നു. അവശർ എന്നുപറഞ്ഞാൽ ഒന്നോ രണ്ടോ വർഗ്ഗങ്ങളെന്നാണു് ഇവിടെ സാധാരണ ധരിക്കുന്നതു്. ആ ധാരണ ശരിയാണെന്നു് രാജ്യഭരണ റിപ്പോർട്ടിൽ ൧൫-ാം വശത്തു് ൧൩-ാം ഖണ്ഡികയിൽ അവശരെ നിർവചിക്കുന്നകൂട്ടത്തിൽ ഭൂമികൾ ഇല്ലാത്തവർഗ്ഗം എന്നു വിളിച്ചുപറഞ്ഞിരിക്കുന്നതിൽനിന്നു് അനുമാനിക്കാൻ കഴിയും. ഭൂമികൾ ഇല്ലാത്ത വർഗ്ഗക്കാർ ആരെല്ലാമാണെന്നു ചോദിച്ചാൽ ഈ ഇരിക്കുന്നബഹുമാനപ്പെട്ട മെമ്പറന്മാരാരുംതന്നെ ഉത്തരം പറയുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഭൂമിയില്ലാത്ത ആളുകളെ കണ്ടേക്കാം. അതു് എല്ലാവർഗ്ഗത്തിലുമുണ്ടു്. നായർ സമുദായത്തിനു, ഭൂമിയുടമസ്ഥതയിൽ വളരെ ഉന്നതമായ ഒരു നിലയുണ്ടു്. എന്നാൽ അവരുടെയിടയിൽത്തന്നെ ഒരു തുണ്ടുസ്ഥലംപോലുമില്ലാത്തവരായി അനേകംപേരെ കാണാൻകഴിയും. അതുപോലെ ബ്രാഹ്മണസമുദായത്തിലും കാണാം. എന്റെ സമുദായത്തിൽ ൧൦൦൦ൽ ഒരാൾക്കുപോലും ഭൂസ്വത്തു് കാണുകയില്ല. ഇവിടെ ഇരിക്കുന്ന അംഗങ്ങളുടെയെല്ലാം സമുദായങ്ങളിലും ധാരാളംപേർ ഒരു തുണ്ടുഭൂമിപോലും ഇല്ലാത്തവരായികാണും. അതുകൊണ്ടു് ഭൂമിപതിച്ചുകൊടുക്കുമ്പോൾ എല്ലാസമുദായത്തിൽപെട്ട അവശരായ ആളുകൾക്കു ഭൂമിപതിച്ചുകൊടുക്കണം. അവശസമുദായമെന്നു പറഞ്ഞാൽ പുലയർ, കുറവർ, പറയർ എന്നിങ്ങനെ രണ്ടോ മൂന്നോ വർഗ്ഗക്കാർമാത്രമെയുള്ളുവെന്നു് ഗവണ്മെന്റു ധരിക്കയില്ലെന്നും അതുകൊണ്ടു എല്ലാവർക്കും ഭൂമി പതിച്ചുകൊടുക്കുവാൻ ഗവണ്മെന്റു തയ്യാറാകുമെന്നും ഞാൻ വിശ്വസിക്കുന്നു.

MR. P. RAMAN PILLAI (*Conservator of Forests*): Sir, the resolution before the House is that:—

"This Assembly recommends to the Government that small woodlands which do not yield much income be exempted from the reserves and assigned to the public." Mr. Kasavan Sastri in commending this resolution to the House has explained to the House what he meant by this resolution. He was enumerating the number of small reserves from the south to the north and requested the House to allow the disafforestation of these lands to be registered in the name of the backward communities. This is not the first time that this question of disafforestation has come up for discussion. This has been the subject matter of representation in the old Sri Mulam Popular Assembly and has appeared again in the reformed Legislative Councils. Unfortunately, the assumption made by the member is based on two wrong

[Mr. P. Raman Pillai.]

notions. He has not considered how much we have disafforested and how much we should reserve for our own safety.

I have also heard Mr. Kunjithommen telling us that the department is keeping one-third of the area as reserve forests.

As far as the area is concerned, it is more or less true. I will pause for a moment and see how far this area which is said to be useful for other purposes is really useful for the purposes which they can be put to. Out of 2400 Sq. miles of the reserve forests, not even 1500 Sq. miles are available for the growth of timber. In the year 1907, Government took up this question very seriously and consulted the Heads of Departments at the time. Then a conference of officers was convened at Quilon and the whole question of reservation and disafforestation of lands was discussed thoroughly in all its aspects. It was decided that at least 1500 Sq. miles of forest would be absolutely required to meet the demands of timber and other requirements of the people in the State. That was decided as long ago as 1907.

We all know, how much our country has progressed and the population has increased since then. The population of our State is just 6 millions. Considering the alarming increase of population at the rate of 1 lakh per year, we will be able to know that the land at our disposal is quite insufficient for meeting our own demand such as timber, fuel, fodder, etc. Government have decided that ne more land should be disafforested out of the 1500 Sq. miles of forest that is reserved for future use. Whenever and wherever Government have found lands within the forests which could be safely brought under cultivation to the benefit of the people such land has been disafforested and thrown open for cultivation from time to time. I shall presently read a list of the disafforested areas from the year 1907 to 1937. The honourable members will then realise how far Government have been magnanimous enough in acceding to the requests of the people on different occasions.

(i) As per G. O. No. 1444 F & M. R. dated 18-4-1917 Government have sanctioned the disafforestation of all swampy areas available in blocks of more than 100 acres. The total area thus disafforested would come to about 2100 acres.

(ii) The demand for land became more and more clamorous and in consequence Government thereupon appointed committees in 10 taluqs consisting of officials and non-officials to inspect and select all the swampy areas available in the reserves which could be disafforested for assignment to the public for cultivation. I have myself served in two of these committees and accompanied the members to various portions of the distant and different reserves situated even far away from inhabited areas. As per the recommendation of this committee about 2900 acres ot swampy areas were disafforested and made available for registry.

(iii) Along the Trivandrum-Shencotta road about 200 acres were disafforested and handed over to the Revenue Department for assignment to the public. Besides the disafforestation of these swampy areas, large areas for formation of village sites for occupation and cultivation have also been disafforested and made available to the public.

(iv) To make the western-outlet road popular an area of 1200 acres at Kuttampuzha, 550 acres at Pooyamkutty and 6000 acres at Perumpazhuthur were disafforested. Even lemon grass is not properly cultivated in this locality.

(v) The village site at Kulathupuzha in the Yerur Reserve approximating to about 1111 acres was also made available for registry.

(vi) In the Mannankandom valley along the Neriamangalom-Pallivasal road about 2800 acres of land were disafforested for paddy cultivation.

(vii) Very recently Government have sanctioned the disafforestation of 140 acres of wet and dry lands in the Karimannoor pakuthy for assignment to the public.

(viii) Another 2000 acres have now been proposed to be thrown out of the reserve along the Kumili-Devicolam road for cultivation. Thus it would be seen that the Department has allowed the disafforestation of more than 13,800 acres to make them available for occupation and cultivation. The administration report for last year will show that the area of the reserved forests was reduced by 1 sq. mile and 41 acres.

From the above instances it is abundantly clear and sufficiently convincing that the Government and the Department are fully cognisant of the needs of the increasing population of the State by adopting the policy of *judicious disafforestation.*

I am sorry that I have to point out in this connection that several extensive blocks of land already assigned are lying uncultivated and uncared for. For instance, the land disafforested along the railway line between Aryankavu and Kalduritty remain still uncultivated on account of the indifference of the absentee landlords. A cursory inspection of the lands lying along the M. C. road in the taluqs of Nedumangad, Kottarakkara, Kunnathur, Mavelikara, Muvattupuzha and Kunnathunad. will show that extensive areas are still lying fallow for want of proper cultivation. The evil lies in the accumulation of extensive areas in the hands of the capitalists who seldom care to cultivate lands in their possession. Instead of asking for more and more lands, I would request the honourable members to induce the people who keep their lands idle to cultivate them or make facilities for others to cultivate them. In my opinion, it is therefore necessary that legislation should be introduced making it penal to allow lands to lie idle.

I think I have sufficiently explained the position in regard to this question. We have had a lot of applications from several individuals for registry of land within the reserves. If extensive areas are available and if Government consider them fit for registry, the department would not raise any objection to their registry. With these observations, I oppose the motion.

MR. T. T. KESAVAN SASTRI: റിസർവുകളിലുള്ള ചെറിയ ചെറിയ സ്ഥലങ്ങൾ ഒഴിച്ചുപതിച്ചു കൊടുക്കുന്നതിനു ഡിപ്പാർട്ടുമെൻറിനു വിരോധമുണ്ടോ?

MR. P. RAMAN PILLAI: ആ സ്ഥലങ്ങളെപ്പററി ശരിയായി നോക്കിയെങ്കിൽമാത്രമെ പറയാൻ നിവൃത്തിയുള്ളു.

MR. T. T. KESAVAN SASTRI: ഗണ്യമായ ആദായമില്ലാത്ത സ്ഥലങ്ങൾ ബോദ്ധ്യപ്പെട്ടാൽ പതിച്ചുകൊടുക്കുവാൻ ഗവണ്മെൻറിലേക്കു സദയം ശുപാർശചെയ്യുമൊ?

MR. P. RAMAN PILLAI: ഒരു സ്ഥലം ആദായകരമല്ലെന്ന്, ആ സ്ഥലം നോക്കാതെ എങ്ങനെ പറയാൻകഴിയും. അഥവാ ആദായമില്ലാത്ത സ്ഥലമാണെങ്കിൽത്തന്നെയും റിസർവിൽ അവിടവിടെയായി കിടക്കുന്ന അത്തരംസ്ഥലങ്ങളെ പതിച്ചുകൊടുക്കുന്നതു് ബുദ്ധിപൂർവകമാണെന്നും തോന്നുന്നില്ല.

MR. T. T. KESAVAN SASTRI: ചങ്ങനാശേരി താലൂക്കിൽ മണിമല പകുതിയിൽ ചേന്ന് ക്രുവക്കാവു എന്നസ്ഥലം പതിച്ചുകൊടുക്കുന്നതിൽ വിഷമമുണ്ടോ?

MR. P. RAMAN PILLAI: ഞാൻ മുൻപൊരിക്കൽ പറഞ്ഞതുപോലെ ആ സ്ഥലം പതിച്ചുകൊടുക്കുവാനായി ലാൻഡ്റവന്യൂ ഡിപ്പാർട്ടുമെൻറിനെ ഏല്പിച്ചിട്ടുണ്ടു്.

MR. T. T. KESAVAN SASTRI: സർ, ബഹുമാനപ്പെട്ട കൺസർവേററർ അവർകൾ ചിന്തനീയമായ ഒരു മറുപടിയാണു് ഇവിടെ പറഞ്ഞിരിക്കുന്നതു്. ഏതു സമുദായത്തിൽപ്പെട്ട ആളുകളായിരുന്നാലും ശരി, കിടപ്പാടമില്ലാതെ അവശത അനുഭവിക്കുന്നവരുടെ മേൽ ന്യായമായും വേണ്ട ദാക്ഷിണ്യം ചെയ്യുതന്നെ വേണം. മററുവിധത്തിൽ കാരുണ്യം പ്രകടിപ്പിക്കുന്നതിൽ ഗവണ്മെൻറിന്റെ നേരേ നന്ദിയും അഭിനന്ദനവും രേഖപ്പെടുത്തിക്കൊള്ളുന്നു. ഇപ്പോൾ കൺസർവേററർ അവർകൾ നൽകിയ മറുപടിയെ അതിലംഘിച്ചു മുൻപോട്ടുപോകുവാൻ നിവൃത്തിയില്ല. ഈ മറുപടി ഭൂമിയില്ലാത്തവക്ക് ഒരു തരത്തിലും സമാധാനം നൽകുകയില്ല. അതിനാൽ ഗവണ്മെൻറു ഈ കാര്യത്തിൽ യഥാകാലം വേണ്ടതു ചെയ്യണമെന്നു് അഭ്യർത്ഥിച്ചു് നിർബന്ധിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയം പിൻവലിക്കുന്നതിന് സഭയുടെ അനുവാദം അപേക്ഷിച്ചുകൊള്ളുന്നു.

RECRUITMENT OF TEACHERS FROM PRIVATE SCHOOL

MR. P. NARAYANA PILLAI: I move the following resolution:

"This Assembly recommends to the Government that in making fresh appointments of teachers in Government schools not less than 50 per cent. be recruited from among those in private schools."

In making fresh appointment of teachers to departmental schools I would request the Government to make it a principle to recruit a fixed proportion from among teachers in private schools. Tuition given in private schools is not in any way inferior to that of the departmental schools. Since private school teachers have to satisfy the departmental authorities as well as the public, I trust that they will be doing their work with a certain amount of earnestness which cannot always be found in the case of departmental school teachers. The private school teachers, especially teachers of the vernacular primary schools deserve every sympathy and consideration at the hands of Government with a remuneration of Rs. 8 per mensem their work is not far from being an onerous one and it is in no way inferior to the work turned out by the departmental school teachers.

MR. P. SIVARAMA PILLAI: May I know whether their absorption in Government schools will not prove beneficial both in the interest of the students and the teachers concerned?

MR. P. NARAYANA PILLAI: Their absorption will be most advantageous to the students as well as teachers. These people are now leading a miserable life without any chance of promotion or any prospect whatever. Their recruitment in Government schools, besides giving them enhancement in pay, will enable the department to raise the standard of efficiency of the teaching staff in Government schools, because, people of 15 or 20 years of teaching experience will come forward as against persons who are fresh and who have no such teaching experience. Apart from giving encouragement to the private school teachers, this measure would enable the department to provide better staff in Government schools. Considered in all aspects of the matter I am of opinion that this proposal will not only be beneficial to the department, but to the private school teachers as well. With these observations I commend my resolution far the kind acceptance of the House.

MR. THARIATHU KUNJITHOMMEN: സർ, ഞാൻ പ്രമേയത്തെ ബലമായി പിൻതാങ്ങുന്നു. എഡ്യുക്കേഷൻ ഡിപ്പാർട്ടുമെൻറിലെ വാദ്ധ്യാന്മാരുടെ നിയമനങ്ങളിൽ ൫൦ ശതമാനം എയിഡെഡ് സ്കൂളുകളിലെ വാദ്ധ്യാന്മാരിൽ നിന്നും നടത്തണമെന്നുള്ള പ്രമേയം എത്രയും നീതിയുക്തമായിട്ടുള്ളതാകുന്നു.

MR. P. S. MUHMMED: ഈ നിയമനങ്ങൾ വർഗ്ഗീയ പ്രാതിനിദ്ധ്യമനുസരിച്ചാണോ നടത്തേണ്ടതു്?

MR. THARIATHU KUNJITHOMMEN: മറുപടികൂട്ടവിൽ പറയാം.

എയിഡഡ് സ്കൂളുകളിൽ കയററത്തിനുവഴിയില്ലാതെ നിരാശയോടു കൂടിയിരിക്കുന്ന അദ്ധ്യാപകന്മാക്ക ഈ വിധം കയററം കിട്ടുന്നതു് സംതൃപ്തിജനകവും, പ്രോത്സാഹനകരവുമാണു്. അതിൻെറ ഫലം വിദ്യാർത്ഥികൾക്കാകുന്നു. നിരാശയോടും അസംതൃപ്തിയോടും കൂടിയിരിക്കുന്ന വാദ്ധ്യാന്മാർ ശരിയായവിധം പഠിപ്പിക്കുന്നതിനു പ്രാപ്തന്മാരായിരിക്കയില്ല. വിദ്യാർത്ഥികൾക്കു സമാധാനത്തോടും സംതൃപ്തിയോടും കൂടിയിരിക്കുന്ന ഗുരുക്കന്മാരിൽ നിന്നേ നല്ല അഭ്യസനം ലഭിക്കുവാൻ വഴിയുള്ളൂ. അതിനാൽ ഈ വിധം ഒരു പ്രോത്സാഹനം നൽകുന്നതു് അദ്ധ്യാപകന്മാക്കും അദ്ധ്യേതാക്കൾക്കും ഒരു പോലെ ഗുണപ്രദമായിരിക്കും. എന്നാൽ എയിഡെഡ് സ്കൂളുകളിൽ ഏറക്കുറെ എല്ലാസമുദായങ്ങളിലും പെട്ട വാദ്ധ്യാന്മാരുമുണ്ടു്. അതിൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിൽ പ്രാതിനിധ്യം കുറഞ്ഞ സമുദായങ്ങളിലെ വാദ്ധ്യന്മാക്കു് ഈ നിയമനങ്ങളിൽ പ്രാഥമ്യം നൽകേണ്ടതാവശ്യമാകുന്നു.

MR. P. S. MUHAMMED: എങ്ങനെയാണു് പ്രാഥമ്യം നൽകേണ്ടതു്.

MR. THARIATHU KUNJITHOMMEN: അതു സ്പഷ്ടമാണു്.

എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിലെ വാർഷിക റിപ്പോർട്ടു ๑ ೦ ๓-ാം പേജിൽ എയിഡെഡ് സ്കൂൾ അദ്ധ്യാപകന്മാരുടെ സമുദായം തിരിച്ചുള്ള ഒരു പട്ടിക കൊടുത്തിട്ടുണ്ടു്. എന്നാൽ ഗവർണ്മെൻറു വിദ്യാലയങ്ങളിലെ വാദ്ധ്യാന്മാരുടെ സമുദായം തിരിച്ചുള്ള പട്ടിക ആവശ്യപ്പെട്ടതിൽ അതിലേക്കു ചിലവാകുന്ന സമയത്തിനടുത്തഗുണമില്ലെന്നു പറഞ്ഞു ഡയറക്ടർ ഒഴിയുകയാണു ചെയ്തതു. ഏതായാലും എയിഡെഡ് സ്കൂൾ അദ്ധ്യാപകന്മാരുടെ സമുദായം തിരിച്ചുള്ള ഒരു പട്ടിക റിപ്പോർട്ടിൽ ചേത്തതിൽനിന്നും ജനങ്ങളുടെയിടയിലുണ്ടായിരുന്ന പല തെററിധാരണകളും ദൂരികരിക്കുവാൻ സാധിച്ചിട്ടുണ്ടു്. എയിഡെഡ് സ്കൂളുകൾ ചില സമുദായക്കാരാണു് അധികം നടത്തുന്നതു്; അതിനാൽ എയിഡെഡ് സ്കൂൾവാദ്ധ്യാന്മാരിലധികവും ആ സമുദായങ്ങളിൽപെട്ടവരാണെന്നാണു് ചിലരുടെ ധാരണ. എന്നാൽ അങ്ങിനെയല്ലെന്നും എല്ലാസമുദായക്കാക്കും ഡിപ്പാർട്ടുമെൻറുസ്കൂളുകളിൽ നൽകിയിട്ടുള്ളതിനെക്കാൾ വളരെ ന്യായമായ വിധത്തിലുള്ള പങ്കു ഇവിടെ ലഭിച്ചിട്ടുണ്ടെന്നും റിപ്പോർട്ടിൽനിന്നു വ്യക്തമാകുന്നു. അടുത്തവർഷത്തിലെങ്കിലും റിപ്പോർട്ടിൽ ഡിപ്പാർട്ടുമെൻറൽസ്കൂൾ അദ്ധ്യാപകന്മാരുടെ സമുദായം തിരിച്ചുള്ള പട്ടികകൂടി ചേക്കുവാൻ ഡയറക്ടർ ശ്രമിക്കുമെന്നു വിശ്വസിക്കുന്നു.

എയിഡെഡ്സ്കൂളുകളിലെ മാനേജർമാരിൽ നിന്നും കണക്ക വരുത്തി എയിഡെഡ്സ്കൂൾ വാദ്ധ്യാന്മാരുടെ പട്ടിക ചേർത്തിട്ടുള്ളതിനേക്കാൾ വളരെ എളുപ്പത്തിൽ ഡിപ്പാർട്ടുമെൻറിലെ കീഴുദ്യോഗസ്ഥന്മാക്കാജ്ഞ കൊടുത്തു ഡിപ്പാർട്ടുമെൻറസ്കൂൾ വാദ്ധ്യാന്മാരുടെ സമുദായം തരിച്ചുള്ള ഒരു പട്ടിക ചേക്കാൻ കഴിയുമായിരുന്നു. അങ്ങിനെ ചേർത്തിരുന്നുവെങ്കിൽ ഡിപ്പാർട്ടുമെൻറസ്കൂളുകളിൽ ചില വമ്പിച്ച സമുദായങ്ങൾക്കു നേരിട്ടിട്ടുള്ള പ്രാതിനിധ്യരാഹിത്യം വെളിപ്പെട്ടുമായിരുന്നു

ഗ്രാൻറു വിദ്യാലയങ്ങളിലധികവും നടത്തുന്നതു് ക്രിസ്ത്യാനികളാണല്ലോ. അതിലൊരു വലിയഭാഗം സിറിയൻ കത്തോലിക്കർ നടത്തുന്നതുമാണ്. നായന്മാരും കുറെ എയിഡെഡ് സ്കൂളുകൾ നടത്തുന്നുണ്ടെങ്കിലും അവ സംഖ്യയിൽ വളരെ കുറവാണ്. നാട്ടുഭാഷാവിദ്യാലയങ്ങളിൽ ൧൧൦൯൬-വാദ്ധ്യാന്മാരുള്ളതിൽ ൧൭൮൬ സിറിയർ കത്തോലിക്കരും ൩൨൮൩, നായന്മാരും, ൬൩൧-ഈഴവരും ഉണ്ടു്.

MR. KAINIKKARA M. PADMANABHA PILLAI : നായന്മാർ ഇംഗ്ലീഷ് സ്കൂളുകളിൽ എത്രയുണ്ടു്?

MR. THARIATHU KUNJITHOMMEN : ൨൪൪൭ ഇംഗ്ലീഷ്സ്കൂൾ അദ്ധ്യാപകന്മാരുള്ളതിൽ ൭൮൨ സിറിയൻ കാത്തലിക്സും, ൪൩൩ നായന്മാരും, ൧൨൦ ഈഴവരും ഉണ്ടു്.

MR. P. S. MUHAMMED : മുസ്ലീം എത്രയുണ്ടു്?

MR. THARIATHU KUNJITHOMMEN: മുസ്ലീംസ് മലയാളം പള്ളിക്കൂടങ്ങളിൽ ൧൯൧-ം ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ ആറും ഉണ്ടു്. നാടാന്മാർ നാട്ടുഭാഷാവകുപ്പിൽ ൧൨൮-ം ഇംഗ്ലീഷ് വകുപ്പിൽ ഏഴും ഉണ്ടു്.

MR. T. T. KASAVAN SASTRI : പിന്നോക്ക സമുദായത്തിൽപെട്ടവർ എത്രയുണ്ടു്?

MR. THARIATHU KUNJITHOMMEN : "പിന്നോക്കസമുദായക്കാർ" എന്നു ഈ പട്ടികയിൽ കാണുന്നില്ല. "ചേരമർ അല്ലെങ്കിൽ പുലയ" എന്നു കാണുന്നുണ്ടു്. അവരുടെ സംഖ്യ ൪൮ ആണെന്നാണു കാണുന്നതു്. കമ്മാളർ മലയാളം വകുപ്പിൽ ൭൮-ം ഇംഗ്ലീഷ് വകുപ്പിൽ എട്ടും ഉണ്ടു്.

ഈ വിധത്തിൽ ഏറക്കുറെ എല്ലാ സമുദായങ്ങൾക്കും ഡിപ്പാർട്ടുമെൻറൽ സ്കൂളുകളെ അപേക്ഷിച്ചു വളരെ ന്യായമായ വിധത്തിലുള്ള പ്രാതിനിധ്യം എയിഡെഡ് സ്കൂളുകളിൽ കിട്ടിയിട്ടുണ്ടു്. കത്തോലിക്കർ ആകെ ൮ ലക്ഷത്തിലധികം ഉണ്ടെങ്കിലും അവരാണ് എയിഡഡ് സ്കൂളുകൾ അധികം നടത്തുന്നതെങ്കിലും അവക്കു എയിഡഡ് സ്കൂളുകളിൽ

[Mr. Thariathu Kunjithommen.]

ആകെ ൩൦൦൦ ഉദ്യോഗങ്ങളെ ഒള്ളൂ. ൫൧൦൦ ഓളം നായന്മാൎക്കുണ്ടു്. ഈഴവൎക്കു ൨൪൦-ം ഉണ്ടു.

MR. KAINIKKARA M. PADMANABHA PILLAI: കാത്തലിക്സ് വ്യലക്ഷത്തിലധികമുണ്ടെന്നു പറഞ്ഞതു് സിറിയൻ കാത്തലിക്സും, ലാററിൻ കാത്തലിക്സുംകൂടി ചേൎത്തിട്ടാണോ ?

MR. THARIATHU KUNJITHOMMEN: അതേ; രണ്ടും ചേൎത്താണു് പറഞ്ഞതു്. എന്നാൽ സിറിയൻ കാത്തലിക്സും ലാററിൻകത്തലിക്സും കൂടി ചേൎത്തു കണക്കാക്കിയാലും എയിഡെഡ് സ്കൂളുകളിൽ നായന്മാൎക്കുള്ളിടത്തോളം ഉദ്യോഗം അവൎക്കില്ല. എങ്കിലും പബ്ലിക്സൎവ്വീസിൽ ആകെ കത്തോലിക്കർക്കുള്ള ഉദ്യോഗങ്ങളുടെ മൂന്നിരട്ടിയിലധികം എയിഡഡ് സ്കൂളുകളിൽ കത്തോലിക്കൎക്കു ഉദ്യോഗം ഉണ്ടു്.

MR. KAINIKKARA M. PADMANABHA PILLAI: ഇംഗ്ലീഷ് സ്കൂളുകളിൽ നായന്മാൎക്കു ൫൦൦ ഉദ്യോഗങ്ങളുള്ളപ്പോൾ സിറിയൻ കത്തോലിക്കൎക്കു ൪൦൦-ൽ അധികം ഉദ്യോഗങ്ങളില്ലേ ?

MR. THARIATHU KUNJITHOMMEN: നായന്മാരെ അപേക്ഷിച്ചു വളരെ കൂടുതൽ ഹൈസ്കൂളുകളും മിഡിൽസ്ക്കൂളുകളും സിറിയൻ കത്തോലിക്കർ നടത്തുന്നുണ്ടെങ്കിലും ൫൬൬ വാദ്ധ്യാന്മാർ നായന്മാരിലനിന്നും ഇംഗ്ലീഷ് സ്കൂളുകളിൽ ഉള്ളപ്പോൾ ൪൨൭ മാത്രമെ സിറിയൻ കത്തോലിക്സിൽനിന്നുമൊള്ളൂ. ഇതു തുച്ഛമായ ഒരു വ്യത്യാസമാണല്ലോ. എന്നാൽ സിറിയൻ കത്തോലിക്കൎക്കു് എഡ്യൂക്കേഷൻ വകുപ്പുൾപ്പെടെയുള്ള സകല വകുപ്പുകളിലുംകൂടി ആകെ ൪൦൦ സൎക്കാർ ഉദ്യോഗങ്ങൾ പോലുമില്ല. നായന്മാരുടെ പബ്ലിക് സൎവീസിലെ സ്ഥിതിയെന്താണെന്നു എന്റെ മാന്യസ്നേഹിതനു തന്നെ അറിയാമായിരിക്കെ ഈ വിധം ചോദ്യം ചോദിക്കുന്നതു് ശരിയാണോ എന്നാലോചിക്കേണ്ടതാണു്.

ഈഴവസമുദായത്തിൽനിന്നും നാട്ടുഭാഷാ വിഭാഗത്തിൽ ൬൨൮-ം ഇംഗ്ലീഷ് വിഭാഗത്തിൽ ൮൭൦-ം ഉൾപ്പെടെ ൨൪൮ വാദ്ധ്യാന്മാർ ഉണ്ടെങ്കിലും പബ്ലിക്ക സൎവ്വീസിൽ എഡ്യൂക്കേഷനൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലുംകൂടി ഈഴവസമുദായത്തിനു ൩൦൦ ഉദ്യോഗങ്ങൾപോലുമില്ലെന്നു പബ്ളിക്ക്സൎവ്വീസ് റിക്രൂട്ടമെൻറുകമ്മിററി റിപ്പോർട്ടിലെ പട്ടികയിൽനിന്നു കാണാം. ഈ സ്ഥിതിക്കു എയിഡഡ് സ്കൂളുകളിൽനിന്നും എല്ലാ സമുദായങ്ങൾക്കും ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം കിട്ടത്തക്കവണ്ണം ൪൦ ശതമാനം വാദ്ധ്യാന്മാരെ ഗവണ്മെൻറു

എഡ്യൂക്കേഷൻവകുപ്പിലേക്കു കയററംകൊടുത്തു നിയമിക്കുന്നതിൽ ഒരു സമുദായക്കാർക്കും ന്യായമായ ആക്ഷേപത്തിനു അവകാശമില്ലാത്തതാണ്.

അർദ്ധപട്ടിണിയോടും ഉയച്ചുക്കു വഴിയില്ലല്ലോ എന്നുള്ള ഖേദത്തോടും കുഡുംബത്തിലെഅവശതയെപ്പററി സന്തപിച്ചുകൊണ്ടു കഴിഞ്ഞുകൂടേണ്ട വാദ്ധ്യാന്മാരിൽനിന്നും കുട്ടികൾക്കു ഉത്തമരീതിയിലുള്ള അഭ്യസനമോ ശരിയായ മനസംസ്കാരമോ സിദ്ധിക്കുവാൻ പ്രയാസമാണ്. ഈ സ്ഥിതിയെമാറേറണ്ടതു് രാജ്യത്തിന്റെ ക്ഷേമശ്രേയസ്സിനുതന്നെ ആവശ്യമാണ്. വാദ്ധ്യാന്മാക്കു യോഗ്യതാനുസരണം ഉയച്ചു് ലഭിക്കുന്നതിനു പര്യാപ്തമായ ഈ പ്രമേയത്തെ എല്ലാവരും അനുകൂലിക്കേണ്ടതാണ്.

MR. M. SIVATHANU PILLAI : മററു സമുദായക്കാരുടെ കണക്കു പറഞ്ഞല്ലോ. എയിഡഡ് സ്കൂളുകളിൽ വെള്ളാളർ എത്രയുണ്ട്.

MR. THARIATU KUNJITHOMMEN : അതു പട്ടികയിൽ പ്രത്യേകമായി കാണുന്നില്ല. "അദർ കാസ്റ്റ് ഹിന്ദൂസ്" എന്നുള്ളതിൽ ഉൾപ്പെടുത്തിയിരിക്കുമോ എന്തോ? അദർകാസ്റ്റ് ഹിന്ദൂസിൽനിന്നു എയിഡഡ് സ്കൂളുകളിൽ ൪൦൦-ൽ അധികം വാദ്ധ്യാന്മാരുണ്ടെന്നു പട്ടികയിൽ കാണുന്നു. ബ്രാഹ്മണരുടെ എണ്ണം പ്രത്യേകം കൊടുത്തിട്ടുണ്ട്. അതു് ൧൬൯ ആണ്.

MR. KANNANTHODATHU JANRDHANAN NAIR : എയിഡഡ് സ്കൂളുകളിൽനിന്നും ൫൦ ശതമാനം നിയമനം നടത്തിയാൽ അധികവും ചില സമുദായക്കാർ തന്നെയായിരിക്കയില്ലേ ?

MR. THARIATHU KUNJITHOMMEN: ജനസംഖ്യാനുപാതികമായി എല്ലാ സമുദായങ്ങളിൽനിന്നും എടുത്താൽ അങ്ങിനെ വരുന്നതല്ല.

MR. K. R. NARAYANAN : ഇവിടത്തെ ഗ്രാൻറുസ്കൂളുകളുടെ മാനേജുമെൻറിന്റെ സ്ഥിതിയെപ്പററി നോക്കിയാൽ കൂടുതൽ മാനേജുമെൻറുസ്കൂളുകൾ നടത്തുന്നതു് ക്രിസ്ത്യാനികളും അതിൽകുറച്ചു് നായന്മാരും ആണുള്ളതു്. ഈഴവരുടെ മാനേജുമെൻറിൽ നടത്തുന്ന ഇംഗ്ലീഷ് സ്കൂളുകൾ മൂന്നെണ്ണമാണ്. മലയാളം സ്കൂളുകളുടെ സംഖ്യ എന്റെ അറിവുവച്ചുകൊണ്ടു് നോക്കിയാൽ മററുള്ളവരെ അപേക്ഷിച്ചു വളരെ വളരെ കുറഞ്ഞതോതിലാണ് ഭാഗ്യദോഷംകൊണ്ടു് ഈഴവരുടെ മാനേജുമെൻറിലുള്ളതു്. ഇവിടത്തെ ചുററുപാടു് അനുസരിച്ചു നോക്കിയാൽ പ്രായേണ നായർ സമുദായത്തിന്റെ സ്കൂളുകളിൽ അധികവും നായന്മാരേയും ക്രിസ്ത്യാനികൾ നടത്തുന്ന സ്കൂളുകളിൽ അധികവും ക്രിസ്ത്യാനികളേയുമാണ് നിയമിച്ചിരിക്കുന്നതു് എന്നുള്ളതു് ഒരു പരമാർത്ഥമാണ്. നായ

[Mr. K. R Narayanan]

ന്മാരുടെ സ്കൂളുകളിൽ നായന്മാരെ അധികം നിയമിച്ചിരിക്കുന്നതുകൊണ്ടു് അവരെ കുററം പറയുന്നില്ല. ക്രിസ്ത്യാനികളുടെ സ്കൂളുകളിൽ ക്രിസ്ത്യാനികളെ അധികം നിയമിച്ചിരിക്കുന്നതുകൊണ്ടു് അവരേയും കുററം പറയുന്നില്ല. അതു് മനുഷ്യസ്വഭാവം മാത്രമാണു്. ഇങ്ങിനെ ഗ്രാൻറുസ്കൂളുകളുടെ മാനേജുമെൻറിൻെറ സ്വഭാവം അനുസരിച്ചു് നിയമനം നടത്തിയിരിക്കുന്ന സ്ഥിതിക്കു്

MR. N. VELU ACHARY: ഇപ്പോഴത്തെ സമുദായ വിഭജനം അനുസരിച്ചു് നിയമനം നടത്തുന്നതിനെ അനുകൂലിക്കാൻ മെമ്പർ തയാറാണോ?

MR. K. R. NARAYANAN: അങ്ങിനെ ഒരു ഭേദഗതി വരുമ്പോൾ അതിനെപ്പററി ആലോചിക്കാം.* ഇപ്പോൾ ഇരിക്കുന്ന നിലയിലാണെങ്കിൽ അതിനോടു യോജിക്കാൻ നിവൃത്തിയില്ല.

അതിൻെറ മററൊരു വശംകൂടി ഗവൺമെൻറു് ആലോചിക്കേണ്ടതാണു്. ഗവൺമെൻറു് ഇപ്പോൾ ഗ്രാൻറുകൊടുക്കുന്ന വിഷയത്തിൽ കടിഞ്ഞാൺകൂട്ടി പിടിച്ചിരിക്കുകയാണു് ചെയ്യുന്നതു്. അതിനെ അയച്ചുവിടുന്നപക്ഷം ഞങ്ങൾക്കു കൂടുതൽ കിട്ടണം. എങ്ങിനെ എങ്കിലും ഗ്രാൻറു കിട്ടിയാൽ മതിയെന്ന വിചാരത്തോടുകൂടി ഗവൺമെൻറിനെ സമീപിക്കുമ്പോൾ ഗ്രാൻറു കിട്ടാതിരിക്കുകയും ഗ്രാൻറുസ്കൂൾ അദ്ധ്യാപകന്മാരെ സർവീസിൽ എടുക്കുമ്പോൾ സമുദായ പ്രാതിനിധ്യം അംഗീകരിക്കാതിരിക്കുകയും ചെയ്യുന്ന ഈ അവസരത്തിൽ ഞങ്ങളുടെ നില വളരെ പരിതാപകരമെന്നേ പറയാനുള്ളു. ഇതു് ൧൧൧൨-ലെ അസംബ്ളിയിൽ ആലോചിച്ചതാണു്.

MR. KANNANTHODATHU JANARDHANAN NAIR: ഇപ്പോഴത്തെ ഗ്രാൻറുസ്കൂൾ മാനേജുമെൻറുകൊണ്ടു് പൊതുജനങ്ങൾക്കു് ഗുണമാണോ ദോഷമാണോ ഉള്ളതു്?

MR. K. R. NARAYANAN: വിദ്യാഭ്യാസംകൊണ്ടു് ഗുണമല്ലാതെ ദോഷമുണ്ടാകയില്ലെന്നുള്ളതു് എന്നപോലെ മെമ്പർക്കും അറിയാമെന്നു വിശ്വസിക്കുന്നു.

ഇപ്പോഴത്തെ ഗ്രാൻറ്സ്കൂൾ അദ്ധ്യാപകന്മാർക്കു് എത്ര ചുരുങ്ങിയാലും ൮-അരരൂപാ മലയാളം സ്കൂളുകളിൽ കിട്ടുന്നുണ്ടു്. ഇംഗ്ലീഷ്സ്കൂളുകളിൽ അതിൽകൂടുതൽ കിട്ടുന്നുണ്ടു്. എട്ടര രൂപായും അതിൽകൂടുതലും കിട്ടുന്ന ആളുകൾക്കു് കൂടുതൽ പ്രോത്സാഹനം കൊടുക്കുന്നതാണോ നല്ലതു് അതല്ല യാതൊരു ഗതിയുമില്ലാതെ പരീക്ഷയും പാസായി വെറുതെ

ഓടിനടക്കുന്നവക്ക് ഉപജീവനത്തിന് വഴിയുണ്ടാക്കിക്കൊടുക്കുന്നതാണോ നല്ലതെന്ന് ഗവണ്മെൻറ് ആലോചിക്കേണ്ടതാണ്. ബഹുമാനപ്പെട്ട മെമ്പർ മി. കുഞ്ഞിത്തൊമ്മൻ സാധാരണ പറയുന്നതുപോലെ ആഹാരം കഴിച്ചവക്ക് കുറെ പലഹാരംകൂടി കൊടുക്കുന്നതാണോ ആവശ്യം അതല്ല കഞ്ഞിവെള്ളം പോലും കുടിക്കാനില്ലാത്ത പട്ടിണിക്കാരുടെ ഉപജീവനത്തിന് മാർഗ്ഗം ഉണ്ടാക്കിക്കൊടുക്കുന്നതാണോ ആവശ്യം.

MR. THARIATHU KUNJITHOMMEN: എ വ. ഒ ഇംഗ്ലീഷ് സ്കൂളുകളിലും ഒന്നാം മലയാളം സ്കൂളുകളിലും ഉള്ളവക്ക് ഗവണ്മെൻറു സ്കൂളുകളിൽ പ്രവേശനം കൊടുക്കുമ്പോൾ ഇപ്പോഴവക്കും അതു ലഭിക്കാൻ സൗകര്യമില്ലേ?

MR. K. R. NARAYANAN: ഡിപ്പാർട്ടുമെൻറു സ്കൂളുകളിൽ കാണിച്ച അബദ്ധത്തെ മാനേജുമെൻറ് സ്കൂളുകളിലുള്ള അബദ്ധംകൊണ്ട് തിരുത്താൻ സാധിക്കുകയില്ല. രണ്ടു തെറ്റുകൂടിയാലും ഒരു ശരിയാകയില്ല. ഇവിടത്തെ തെററിനെ അവിടത്തെ തെററുകൊണ്ടു തിരുത്തുകയല്ല വേണ്ടതു്. പുതിയ നിയമനങ്ങൾ നടത്തുമ്പോൾ ഞങ്ങളുടെ കാര്യംകൂടി പരിഗണിക്കണമെന്നേ പറയുന്നുള്ളൂ.

MR. THARIATHU KUNJITHOMMEN: ഇപ്പോൾ അങ്ങിനെ ചെയ്യാതിരിക്കുകയാണോ?

MR. K. R. NARAYANAN: ഇപ്പോഴും അങ്ങനെ ചെയ്യാതിരിക്കുകയാണ്. ഗവണ്മെൻറു അതിനു പരിഹാരമാഗ്ഗം ഉണ്ടാക്കുമ്പോൾ അതിനു തടസ്സമായി നില്ക്കാൻപാടില്ല. ഈ പ്രശ്നത്തെപ്പററി പറയുമ്പോൾ സിദ്ധവൈദ്യന്മാരുടെ കാര്യവും സിലോണിലേയും മദ്രാസിലേയും കാര്യവും മററുമാണ് എടുത്തു പറയുന്നതു്. മൈസൂരിലെ കാര്യത്തെ എപ്പോഴും എടുത്തു ഉദാഹരണം കാണിക്കുന്ന മി. കുഞ്ഞിത്തൊമ്മൻ ഈ തവണ അതൊന്നും പറഞ്ഞതേയില്ല.

MR. THARIATHU KUNJITHOMMEN: പബ്ലിക് സർവ്വീസിൽ സമുദായപ്രാതിനിധ്യം വേണമെന്നുതന്നെയാണ് ഞാൻ എപ്പോഴും പറയുന്നതു്. മൈസൂരിലെ നിയമനത്തെ സംബന്ധിച്ച് പറയേണ്ടതൊക്കെ പറയുന്നുണ്ട്.

MR. K. R. NARAYANAN: പബ്ളിക്സർവീസ് കമ്മീഷണരുടെ നിയമനവിഷയത്തെപ്പററി പറയുമ്പോൾ പുറരാജ്യങ്ങളിലെ നിയമനങ്ങളെ ഉദാഹരണമായി എടുത്തു പറയുന്ന മി. കുഞ്ഞിത്തൊമ്മൻ ഗ്രാൻറ് സ്കൂൾ അദ്ധ്യാപകന്മാരുടെ കാര്യം പറഞ്ഞപ്പോൾ മദ്രാസിലേയും മൈസൂരിലേയും സിലോണിലേയും രീതി എങ്ങിനെയാണെന്നു പറഞ്ഞില്ല. സിലോണിലെ രീതിനോക്കിയാൽ ഗ്രാൻറ് സ്കൂൾ മാനേജരന്മാർ പിരിച്ചു കൊടുക്കുന്ന പണവുംകൂട്ടിവച്ചതു് ഗവണ്മെൻറിൽനിന്നും ശമ്പളം കൊടു

[Mr. K. R. Narayanan.]

ക്കുന്നു. മദ്രാസിൽ തിരുവിതാംകൂറിൽ കൊടുക്കുന്നതുപോലെതന്നെ കൊടുത്തുവരുന്നു. അതും മി. കുഞ്ഞിത്തൊമ്മൻ പറയുന്നില്ല. മിക്ക രാജ്യങ്ങളുടേയും നില ഇതാണ്. ഈ നിലയ്ക്ക് വ്യത്യസ്തമായി ഗ്രാൻറ് സ്ക്കൂളുകളിലിരിക്കുന്ന അദ്ധ്യാപകന്മാർക്കുമാത്രം സർക്കാർസ്ക്കൂളുകളിൽ പ്രവേശിക്കുന്നതിനുള്ള സൗകര്യം കൊടുക്കണമെന്നുള്ള വാദശകലത്തെ ആശങ്കയോടുകൂടി മാത്രമെ വീക്ഷിക്കാൻ സാധിക്കുകയുള്ളു. ഈ പ്രശ്നത്തെ സമുദായബുദ്ധിയോടുകൂടിയാണ് വീക്ഷിക്കുന്നത്. മഴ പെയ്താലും കൊള്ളാം ഇല്ലെങ്കിലും കൊള്ളാം, ജനനമരണഃറററവ് കൂടിയാലും കൊള്ളാം കൊറഞ്ഞാലും കൊള്ളാം, നിർഭാഗ്യനായ കെ. ആർ. നാരായണന്റെ സമുദായത്തോട് ഉദ്യോഗനിയമനവിഷയത്തിൽ അക്ഷന്തവ്യമായ അന്യായമാണ് കാണിക്കുന്നത്. ഗ്രാൻറ്സ്ക്കൂളുകളിൽ പ്രവേശനം കൊടുക്കുകയാണെങ്കിൽ എന്റെ സമുദായത്തെ സംബന്ധിച്ചിടത്തോളം ഫലം വളരെ വളരെ ശോച്യമായി വരുമെന്നുള്ള ആശങ്കകൊണ്ടാണ് ഇങ്ങനെ പറയുന്നത്. അതുകൊണ്ട് വളരെ ഉൽക്കണ്ഠയോടുകൂടി ഈ പ്രമേയത്തെ എതൃക്കുന്നു.

MR. N. NARAYANA KURUP: ആശുപത്രികളിൽ രോഗികളെ പ്രവേശിപ്പിക്കുന്നതും ജനസാഖ്യാനുപാതികമനുസരിച്ചാണോ വേണ്ടതു?

MR. K. R. NARAYANAN: ആശുപത്രിക്കാര്യം ഒരിക്കലും വയററിന്റെ പ്രശ്നമായി വരുന്നില്ല. അവിടെ സുഖക്കേടിന്റെ കാര്യത്തെപ്പററിയാണ് നോക്കുന്നത്. അന്തസ്സ് പരിപാലിക്കേണ്ട ആവശ്യം എവിടെയെല്ലാം ഉണ്ടോ അവിടെയൊക്കെ പ്രാതിനിധ്യം വേണം.

MR. T. C. KESAVA PILLAI: മരണവിഷയത്തിൽ സമുദായപ്രാതിനിധ്യം വേണമെന്നില്ലേ?

MR. K. R. NARAYANAN: അന്തസ്സും ആഭിജാത്യവും ആദായവും വേണ്ടിടത്തെല്ലാം സമുദായ പ്രാതിനിധ്യം വേണം. മലയാളിമെമ്മോറിയൽ കാലത്തു നിങ്ങൾ എങ്ങിനെ ചെയ്തു?

MR. KAINIKKARA M. PADMANABHA PILLAI: I support the principle of the motion that has been moved by Mr. Narayana Pillai. There is an admitted disparity between the remuneration paid to teachers of Government schools and those in private schools. That disparity is not due to the nature of the work done by the two sets of the people. This matter has very often been brought to the notice of the Government and one of the arguments put forward was that some encouragements will be given to them by recruiting them to Government school

wherever possible. Therefore, without placing any special emphasis on the percentage fixed, I also support the principle of the motion and recommend the Government that, as far as possible, this principle must be accepted in the matter of future recruitments.

I think one point that has been raised during the course of discussion deserves a word of reply from me also. Mr. Kunjithommen who is the most famous protagonist in these days has been unable to satisfy me that the representation in private schools is according to the basis of communal representation.

Sir, I do not deny the fact, that the Catholics must be employed more in numbers than Nairs or, for that matter the Anglicans must also be employed more than Nairs. But the statistics read by Mr. Kunjithommen is the proportion of Nairs and not the Syrian Catholics.

MR. THARIATHU KUNJITHOMMEN: ഏതു ഫിഗർ ആണു് ഞാൻ ഉച്ചരിച്ചതെന്നു പറയാമോ?

MR. M. SIVATHANU PILLAI: May I know whether the honourable member is aware that he was not prepared to answer me when I put a question to him with regard to this even in Malayalam.

MR. KAINIKKARA M. PADMANABHA PILLAI: Because I am not asked to be a bilinqual creature in the Assembly I would speak in English ?

The number is referred to be 2083 Nairs. That is a strange number as far as Nairs are concerned As Primary School teachers Nairs might have been employed in larger numbers. But so far as appointments in English Schools are concerned what has Mr. Kunjithommen to say? What he told us is that they are more than the Roman Catholics not Syrian Catholics.

MR. THARIATHU KUNJITHOMMEN: ഇംഗ്ലീഷ് സ്ക്കൂളുകളിൽ ൪ നൂറു പേർ ഉണ്ടായിരുന്നു എന്നു ഞാൻ പറഞ്ഞല്ലോ?

MR. KAINIKKARA M. PADMANABHA PILLAI: After a cross examination from me Sir. Sir, I ask the question whether you can call communal representation fair where 466 Nairs and 5:2 Catholics are appointed. He told me that Catholics and Nairs are more or less equal in number.

MR. THARIATHU KUNJITHOMMEN: ഈ താരതമ്യം ഡിപ്പാർട്ടുമെൻറൽ സ്ക്കൂളുകളിലും അംഗീകരിക്കാമോ?

MR. KAINIKKARA M. PADMANABHA PILLAI: That is in the Department Schools and it is for the Government to answer that. I must be a big fool to believe that the Syrian Catholics should be appointed in equal numbers as that of Nairs. But the Ezhavas form double their population. Are they not to get a proportionate number. Mr. Kunjithommen lays the emphasis when the balance of statistical advantage is in favour of him by a comparison with the number of Nairs. When it is a question of Nairs and Syrian Catholics he says that Nairs are disproportionately appointed. But in a question where his community

[Mr. Kainikkara M. Padmanabha Pillai.]

tops the list to the detriment of others he comes with the argument by saying that the Roman Catholics are not represented in adequate numbers and thus bring forward a different formula. He was finding fault with the official members and asking them to give the number of Syrian Catholics. When I asked for a comparison of the numbers regarding Syrian Catholics and Nairs he gave the figure of Roman Catholics. This kind of manipulation from Mr. Kunjithommen has become an ordinary practice with regard to him in his arguments for fair and impartial communal representation.

MR. THARIATHU KUNJITHOMMEN : ഹിന്ദു എന്നു് മൊത്തത്തിൽ പറയുന്നതുപോലെ കത്തോലിക്കർ എന്നു് മൊത്തത്തിൽ പറയാൻ പാടില്ലേ?

MR. KAINIKKARA M. PADMANABHA PILLAI: Not when I asked the question Sir. Sir, I must say that this speech had but one advantage. We have been able to understand the way in which Mr. Kunjithommen interpreted communal representation. And we must thank Mr. P. Narayana Pillai for bringing forward a resolution like this which let the cat out of the bag so far as Mr. Kunjithommen is concerned.

MR. THARIATHU KUNJITHOMMEN : ചിലപ്പോൾ നായർ എന്നും ചിലപ്പോൾ ഹിന്ദു എന്നും പറയുന്നതു് മെമ്പർ ഉൾപ്പെട്ട സമുദായത്തിന്റെ ഗുണത്തിനു വേണ്ടിയല്ലേ?

MR. KAINIKKARA M. PADMANABHA PILLAI: ഹിന്ദു എന്നും നായർ എന്നും പറയുന്നതു് ഞങ്ങളുടെ ഗുണത്തിനുതന്നെ.

MR. THARIATHU KUNJITHOMMEN : ഹിന്ദു എന്നു് പറയുന്നതു് ഗുണത്തിനുവേണ്ടിയല്ലേ?

MR. KAINIKKARA M. PADMANABHA PILLAI : ഞാൻ പറയുന്നതെല്ലാം ഞങ്ങളുടെ ഗുണത്തിനുവേണ്ടിയാണു്.

MR THARIATHU KUNJITHOMMEN : ഹിന്ദുക്കൾക്കു് മററുസമുദായക്കാരേക്കാൾ കൂടുതൽ പങ്കു് ഉദ്യോഗങ്ങൾ ഉള്ളതുകൊണ്ടു മൊത്തത്തിൽ ഹിന്ദു എന്നു പറയുന്നതു് കൂടുതൽ ഗുണത്തിനുവേണ്ടിയല്ലേ?

MR. KAINIKKARA M. PADMANABHA PILLAI : ഇപ്പോഴത്തെ വാദവിഷയം അതല്ല.

MR. THARIATHU KUNJITHOMMEN : മുമ്പു് പറഞ്ഞതൊക്കെ വാദവിഷയമായിരുന്നോ?

MR. KAINIKKARA M. PADMANABHA PILLAI : ആയിരുന്നു.

MR. M. SIVATHANU PILLAI : ഈ ചോദ്യംകൊണ്ടു് മെമ്പർ അതു് സമ്മതിക്കുകയല്ലേ ചെയ്യുന്നതു് ?

MR. KAINIKKARA M. PADMANABHA PILLAI : അതെ സമ്മതിച്ചു. സിറിയൻ കത്തോലിക്കരുടെ പങ്കിനെപ്പററി പറയുമ്പോഴും റോമൻകത്തോലിക്കരുടെ പങ്കേ ഉള്ളു എന്നു പറയുന്നു.

MR. THARIATHU KUNJITHOMMEN : രണ്ടുകൂട്ടരും ജനസംഖ്യയിൽ തുല്യമാണെന്നല്ലേ ഞാൻ പറഞ്ഞതു്.

MR. T. C. KESAVA PILLAI : Sir, I raise a point of order. The discussion between the honourable members gives rise to a sort of sensation to other honourable members and we fear that it may result in some unpleasant sequance.

DEPUTY PRESIDENT : That is not a point of order.

MR. KAINIKKARA M. PADMANABHA PILLAI : Sir, Mr. K. R. Narayanan suggested that recruitments in private schools also should be made on a communal basis. And I may say Sir, that this resolution does not preclude the possibility of communal representation. Certainly Government can insist that. In private schools recruitments are made in an indifferent manner and so I support the principle of the motion and recommend to Government that they should have an eye on the recruitments made in private schools. In almost all these private schools cheapness is the criterion in the matter of recruitment.

MR. M. SIVATHANU PILLAI : Will the honourable member please give the statistics about the Vellalas ?

MR. KAINIKKARA M. PADMANABHA PILLAI There are 5 other Hindus in English Schools and 150 other Hindus in Vernacnlar Schools.

MR. P. S. MUHAMMED: ഇവിടെ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തിന്റെ തത്വത്തെ ഞാൻ എതിർക്കുന്നില്ല. ചരിത്രപരമായോ മററുവിധത്തിലൊ ഉള്ള കാരണംകൊണ്ടു് മാനേജുമെൻറ് സ്ക്കൂളുകളിൽ അധികഭാഗവും ക്രിസ്ത്യാനികളുടെ കയ്യിലും പബ്ലിക്ക് സർവീസിലെ നിയമനങ്ങളിൽ അധികഭാഗവും അനേകവർഷത്തെ പ്രവൃത്തിയുടെ ഫലമായി ഇവിടത്തെ ജാതി ഹിന്ദുക്കളുടെ കൈവശവും വന്നിട്ടുണ്ടെന്നുള്ളതു് ഒരു പരമാർത്ഥമാണു്. അതിൽ ആരും പരിഭവിക്കേണ്ട ആവശ്യമില്ല. പബ്ലിക്ക് സർവീസിൽ കൂടുതൽ പ്രവേശനം ലഭിക്കാത്തവർ അതു വേണമെന്നാഗ്രഹിക്കുകയും അതുപോലെ കൂടുതൽ പ്രാതിനിധ്യം വച്ചുകൊണ്ടിരിക്കുന്ന ഗ്രാൻറ് സ്ക്കൂളുകളിലെ മാന്യസ്നേഹിതന്മാരായ മി. കുഞ്ഞിത്തൊമ്മന്റെ സമുദായത്തിൽപ്പെട്ടവർ പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ നിയമനവിഷയത്തിൽ സമുദായപ്രാതിനിധ്യവാദം വേണമെന്നു് ശക്തിമത്തായി വാദിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ പ്രാദേശിക

[Mr. P. S. Muhammed.]

പ്രാതിനിധ്യംക്രടി കൊണ്ടുവന്ന് അതിനെ തടയാൻ ശ്രമിക്കുന്നു. ഗ്രാൻറ്സ്ക്കൂളിലെ അദ്ധ്യാപകന്മാക്ക് ഇതു പ്രസൻേറജ് പ്രവേശനം ഗവമെന്റ് സ്കൂളുകളിൽ കൊടുക്കണമെന്നാണ് ഇവരുടെ വാദം. സമുദായപ്രാതിനിധ്യതത്വം സ്വീകരിച്ച് നിയമനം നടത്താമെന്ന് സമ്മതിച്ച മുന്നോട്ടു വന്നിട്ടുള്ള ഈ സന്ദർഭത്തിൽ അതിലേക്കുദ്യമിക്കുമെന്ന് ഞാൻ വിചാരിക്കുന്നില്ല. മി. കുഞ്ഞിത്തൊമ്മന്റെ പ്രസംഗം ആരംഭിച്ചപ്പോഠം തന്നെ സമുദായത്തോടുള്ള സ്നേഹംകൊണ്ട് സംഗതികഠം മറന്നുപോകരുതെന്ന് വിചാരിച്ച ഞാൻ ഒരു ചോദ്യം ചോദിച്ചു. സമുദായപ്രാതിനിധ്യതത്വത്തെപ്പററി ശക്തിമത്തായി വാദിച്ചുകൊണ്ടിരിക്കുന്ന മി. കുഞ്ഞിത്തൊമ്മനെ കണ്ടുപഠിച്ചാണ് ഞങ്ങളും അതിനെപ്പററി വാദിച്ചു തുടങ്ങിയിട്ടുള്ളതു. നായർ സമുദായത്തിലെ ചിലരും അതിനെ എതൃത്തപ്പോഠം എനിക്കു വളരെ അസുഖം ഉണ്ടാകാതിരുന്നില്ല. പക്ഷെ ഇന്ന് ആ അസുഖം തോന്നുന്നില്ല. കിട്ടിയ അവകാശങ്ങഠള ഇവിടെ കൊടുക്കുന്നതിനു ആക്ഷം സുഖം തോന്നുകയില്ല. അതുകൊണ്ട് മേലാൽ അതിനെപ്പററി വഴക്കുപിടിക്കുകയും വൈരാഗ്യം ഉണ്ടാക്കുകയും ചെയ്യേണ്ട ആവശ്യമില്ല. ഞാനും അങ്ങിനെയുള്ള ഒരു ചരിതസ്ഥിതിയിലായിരുന്നു എങ്കിൽ അങ്ങിനെതന്നെ ചെയ്യും. നിർഭാഗ്യവശാൽ അതിനുള്ള സന്ദർഭം ഇതല്ല. പാവപ്പെട്ട ഗ്രാൻറ്സ്കൂളുകളിലെ വാദ്ധ്യാന്മാരിൽ യോഗ്യന്മാക്ക് ഗവമെന്റ് സ്കൂളുകളിൽ പ്രവേശനം കൊടുക്കുന്നതു കൊണ്ട് ഞങ്ങഠക്ക് വിരോധമല്ല. പക്ഷെ മാനേജുമെന്റ് സ്കൂളുകളിലുള്ള പ്രാതിനിധ്യം നോക്കിയിട്ട് ഒരു സമുദായത്തിനും ഉപദ്രവമില്ലാത്തവിധത്തിൽ നിയന്ത്രിച്ചുകൊണ്ട് പോകണമെന്നേയുള്ളു." ഇതു പ്രസൻേറജ് കൊടുക്കണമെന്ന് നിശ്ചയിക്കുന്നതു് അനീതിയാണെന്നു പറയാതെ നിവൃത്തിയില്ല.

MR. M. SIVATHANU PILLAI: ഗവമെന്റു സ്കൂളുകളിൽ എല്ലാ സമുദായക്കാക്കും ഉള്ള അവകാശം കൊടുക്കുന്നില്ലേ ?

MR. P. S. MUHAMMED: എന്നെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ മററുള്ളവക്ക് അതു് കൊടുക്കാൻ പാടില്ല എന്നു പറയാൻപാടില്ല.

MR. THARIATHU KUNJITHOMMEN: ധനം കൊടുത്തു സഹായിക്കുന്ന സ്കൂളുകഠം അല്ലാതെ മററുസ്കൂളുകളും ഉണ്ടെന്നുള്ള വിവരം അറിയാമോ?

MR. P S MUHAMMED: രാജ്യത്തിനുവേണ്ടി പൊതുവെ പ്രവത്തിക്കുന്ന ഒരാളിന്റെ ധനം എല്ലാവക്കും വേണ്ടിയുള്ളതാണ്.

MR. M. SIVATHANU PILLAI : പണമില്ലാത്തവരെ അല്ലേ സഹായിക്കേണ്ടതു് ?

MR. KAINIKKARA M. PADMANABHA PILLAI : ഗവണ്മെൻറസ്കൂളു നടത്തുന്നതു് ഗവണ്മെൻറിൻെറ പണവും ഫീസ്പിരിവും കൊണ്ടല്ലേ?

MR. P. S. MUHAMMED : അതെ.

DEPUTY PRESIDENT : The House will now adjourn sine die.

The House adjourned sine die at 5 P. M.

A. GUNAMONY,
Secretary to the Sri Mulam Assembly.

Annexure.

MINUTES OF THE MEETING OF THE STANDING FINANCE COMMITTEE, HELD ON THURSDAY, THE 6TH JULY 1939/22ND MITHUNAM 1114.

The third meeting of the Standing Finance Committee of the Sri Chitra State Council and the Sri Mulam Assembly was held at 11 A. M. on Thursday, the 6th July, 1939/22nd Mithunam 1114, in the Dewan's room, Public Offices. Sachivottama Sir C. P. Ramaswami Aiyar, K. C, I. E., Dewan, presided.

The following members were present :—

(1) A. Easwara Pillai Esq., B. A., B. L., Member, Sri Chitra State Council.

(2) M. Sivathanu Pillai Esq., Member Sri Mulam Assemby.

(3) P. Sivarama Pillai Esq., M. A., LL. B., Member, Sri Mulam Assembly.

(4) M. K. Nilakanta Aiyar Esq., B. A., B. L., Chief Secretary to Government.

(5) M. Govinda Pillai Esq., B. A., Einancial Secretary to Government.

The new proposals of the various departments for the year 1115 M. E. were taken up for scrutiny.

GENERAL ADMINISTRATION.

1. *General and Revenue Secretariat.* The Committee allowed the provision of Rs. 535 for the continuance of a clerk on Rs. 40-70 on a temporary basis in the General Section of the Secretariat for dealing with the papers relating to the Pulbic Service department.

2. A sum of Rs. 240 for an additional chauffeur at Bhaktivilas on Rs. 20-25 was allowed to be provided for in the budget.

3. The proposed provision of Rs. 231 for the continuance of the temporary clerk-typist in the Huzur Central Records on Rs. 20-1-25 was passed.

4. The provision of Rs. 828 for the continuance of three Malayalam typists on Rs. 20-1-25 was approved by the Committee.

5. A sum of Rs. 1,195 for payment of honorarium to the Honorary Director of the Huzur Central Records from the 2nd Vrischikam 1115 till the close of the year was allowed to stand.

